1986
1987



തേവര
സേക്രഡ് ഹാർട്ട്
കലാലയത്തിന്റെ
എൺപത്തിയാറ്
എൺപത്തിയേഴ്
വർഷത്തെ
സ്മരണിക

editorial board
prasad, mohan lal, s. rooth

ex — officio members
rev. fr. george kallarackal, shabu paul, roy akkara

staff advisors
pro. augustine kommattom, t. t. joseph, tom varghese

feature unit
geevarghese, manoj arookutty, vinod kumar, a. j. varghese, mini

photo feature unit
k. k. suresh, richmon k. a., jose paul, sajeev, radhakrishnan

editor
manoj kumar c. m.

statement of ownership form IV (rule VIII)

| | |
|---|---|
| place of publication | thevara |
| periodicity | annual |
| printers name | rev. fr. george kallarackal |
| nationality | indian |
| address | principal, s. h. college, thevara |
| publishers name | same as above... |
| nationality | indian |
| editor's name | manoj kumar. c. m. |
| nationality | indian |
| address | editor, s. h. college, thevara |
| owner ship | s. h. college, thevara |

i, fr. george kallarackal hereby declare that the particulars given above are true to the best of my knowledge and belief.

s/d

rev: fr: george kallarackal



Rev. Fr. George Kallarackal
Principal



മനുഷ്യനും പ്രകൃതിയും പ്രതികരണശേഷി നഷ്ടപ്പെട്ട്
നിയതമായ കാലത്തിനുമുമ്പിൽ നോക്കുകുത്തികളാകുന്നു.
ആർദ്രത നഷ്ടപ്പെട്ട ഭൂമി നമുക്കുമുമ്പിൽ ഒരു ചോദ്യചിഹ്നമാകുന്നു.
പുതിയ അന്വേഷണങ്ങൾക്കായി നമുക്ക്
യാത്ര തുടരാം......

എഡിറ്റർ.




"During my lifetime I have dedicated myself to the struggle of the African people. I have fought against white domination, and I have fought against black domination. I have always cherished the ideal of a democratic and free society in which all persons live together in harmony and with equal opportunities. It is an ideal which I hope to live for and achieve. But if need be, it is an ideal for which I am prepared to die.

Nelson Mandela.

Cover : Graphic by Hartmurt Schroter
West Germany

# ആധുനിക ഇന്ത്യൻ ചിത്രകലയുടെ മുഖം

ആധുനിക ഇന്ത്യൻ ചിത്രകല പരിശോധിക്കുമ്പോൾ നാം കണ്ടെത്തുന്ന ഒരു വസ്തുതയുണ്ട്. നിർജ്ജീവമായ ആംഗ്ലോ ഇന്ത്യൻ കലാസിദ്ധാന്തങ്ങളുടെ അക്കാദമികതയും ബംഗാളിലെ നവോത്ഥാന കലാകാരന്മാരുടെ ഷോവനിസ (Chuavinism) ത്തിനുമെതിരെ 1930 കളുടെ മദ്ധ്യത്തോടെ കുറെ കലാകാരന്മാർ ആഞ്ഞടിക്കാൻ ശ്രമിക്കുന്നു എന്നുള്ളതാണ് ആ വസ്തുത. ഈ കലാകാരന്മാരാണ് ഇന്ത്യയ്ക്ക് ഒരാത്മാവത്ത നൽകാൻ ശ്രമിച്ചത്. ഭാരതീയ തനിമയും സ്വത്വത്തിനും വേണ്ടിയുള്ള അന്വേഷണം ഇവരുടെ ചിത്രങ്ങളിൽ നാം കണ്ടെത്തുന്നു.

അച്ഛൻ വഴി ഇന്ത്യക്കാരിയും അമ്മ വഴി ഹംഗറിക്കാരിയുമായ, പാരീസിൽ പരിശീലനം ലഭിച്ച അമൃതാഷേർഗിൽ (1913-1941) ഇന്ത്യയിലെ ദരിദ്രരുമായി താദാത്മ്യം പ്രാപിക്കുന്നത് നാം കാണുന്നു. ഗോഗിന്റെ (Gaugin) സ്വാധീനം ഏറെക്കുറെ അവരുടെ ചിത്രങ്ങളിൽ നാം കാണുന്നുണ്ട്. കൃഷിക്കാർ ഷേർഗിലിന്റെ യഥാർത്ഥ പൂർവ്വീക ദൈവങ്ങളായി. ഇന്ത്യൻ കൃഷിക്കാരൻ വളരെ വേഗം ഒരു രക്തസാക്ഷിയായേക്കാവുന്ന അവരുടെ ഇന്ത്യയുമായുള്ള കാൽപനികമായ അവ്യക്തത അസാധാരണമായ ബുദ്ധിചാതുര്യത്തോടെ തീരുമാനിക്കപ്പെടുന്നുണ്ട്. അടുത്ത മൂന്ന് ദശകങ്ങളിൽ വികാരത്തിലും ശൈലിയിലും ഇന്ത്യയിൽ വന്നുചേരുന്ന പ്രതിസന്ധി ഷേർഗിൽ മുൻകൂട്ടിക്കണ്ടു. ചിലവു കുറഞ്ഞതും എന്നാൽ ശൈലീവൽകൃതവുമായ ആവിഷ്കാരത്തിനുവേണ്ടി തന്റെ അക്കാദമിക് സാമർത്ഥ്യം ഷേർഗിൽ ഉപേക്ഷിക്കുന്നു. രജപുത്രമിനിയേച്ചറുകളുടെ വിവരണാത്മകരൂപം, സെമിന്ദാരി കുടുംബങ്ങളിലെ സ്ത്രീകളുടെ ഏകാന്തമായ പകൽകിനാവുകൾ അനുസ്മരിക്കുവാൻ ഷേർഗിൽ ഉപയോഗിച്ചു തുടങ്ങുന്നു. ഷേർഗിൽ 28-ാം മത്തെ വയസ്സിൽ അന്തരിച്ചു.

ഷേർഗിലുമായി താരതമ്യപ്പെടുത്തുമ്പോൾ ബിനോദ് ബിഹാരി മുഖർജിക്ക് (ജനനം 1904) ഇന്ത്യയുമായുള്ള ബന്ധം കൂടുതൽ പ്രായോഗികവും കൂടുതൽ ധാരണകളുള്ളതുമായിരുന്നു. മധ്യകാല ഭക്തകവികളുടെ ജീവിതങ്ങൾ ആവിഷ്കരിക്കുന്ന ശാന്തിനികേതനിലെ ചുവർചിത്രത്തിൽ ഇന്ത്യൻ പാരമ്പര്യത്തെക്കുറിച്ചുള്ള മുഖർജിയുടെ അഗാധമായ ജനാധിപത്യവീക്ഷണം പ്രകടമാണ്. ഇന്ത്യൻ മെറ്റാഫിസിക്സിന്റെ ചട്ടക്കൂട്ടിൽ നിരന്തരമായ മാറ്റങ്ങളുടേയും സ്വാതന്ത്ര്യത്തിന്റെയും മൂല്യത്തിനു രൂപം കൊടുക്കുന്നതോടൊപ്പം കലാ പാരമ്പര്യത്തെ സമകാലിക സാഹചര്യത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു. മുഗൾമിനിയേച്ചറുകളിലെ ആവിഷ്കരണരീതിയും സാഞ്ചിയിലെ കല്ലിൽ കൊത്തിവെച്ച പുരാതന റിലീഫ് ചിത്രങ്ങളുടെ സ്വാധീനവും മുഖർജിയിലുണ്ട്. ഈ ചുമർ ചിത്രം ഒരു മഹാഘോഷയാത്രയായാണ് അവതരിപ്പിക്കുന്നത് പാരമ്പര്യത്തിൽനിന്ന് എടുത്തു കൊണ്ട് സമകാലിക ചരിത്രപ്രാധാന്യമുള്ള പ്രതിപാദനത്തിന് വിശാലമായ മനോന്തരവും അത് സ്ഥാപിക്കുന്നു.

അടുത്ത മൂന്ന് പതിറ്റാണ്ടുകളിൽ മക്ബൂൽ ഫിദാ ഹുസൈൻ (ജനനം 1915) ഒരു നവഭാരതത്തിന്റെ സേവനത്തിനായി തന്റെ വൈവിധ്യമാർന്ന ഭാവന കൂടുതൽ പ്രത്യക്ഷമായി പ്രയോഗിക്കുന്നത് നാം കാണുന്നു. സാമൂഹിക പരിവർത്തനത്തിന്റെ നിമിഷത്തിൽ പ്രതാപൈശ്വര്യങ്ങളുമായി എത്തുന്ന ഇന്ത്യൻ ഗ്രാമീണൻ അദ്ദേഹത്തിന്റെ ഉദാത്തമായ പ്രതീകമാണ്. അവന്റെ നാടൻ പാട്ടുകളും ദൈവങ്ങളും ആചാരാനുഷ്ഠാനങ്ങളും ഹുസൈന്റെ വിഷയങ്ങളാണ്. എക്സ്പ്രഷനിസത്തിന്റെയും ഇന്ത്യൻ ക്ലാസ്സിക്കൽ ശില്പവേലയുടെയും മനോഹാരിത ഹുസൈനിൽ നാം കാണുന്നു. ഇന്ത്യൻ ഗ്രാമീണന്റെ ഒരു ടൈപ്പ് തന്നെ സൃഷ്ടിച്ച അദ്ദേഹത്തിന്റെ ധീരത അസൂയാർഹമാണ്. ഒരു പിൽക്കാല കലാകാരനും അദ്ദേഹത്തെ അവഗണിച്ച് കടന്നു പോവുക വയ്യ.

ഇന്ത്യൻ പ്രതിരൂപങ്ങളുടെ ഈ പശ്ചാത്തലത്തിൽ അന്തർമുഖികളായ കുറെ കലാകാരൻമാരെയും നാം കണ്ടെത്തുന്നു, രവീന്ദ്രനാ



അമൃതാ ഷേർഗിൽ - "Bride's Toilet - 1937"

ഥ് ടാഗോർ (1861-1941) ചിത്രകലയിലേക്ക് തിരിയുന്നത് തന്റെ വാർദ്ധക്യത്തിലാണ്. ശവകുടീരത്തിനപ്പുറം നിന്ന് വീക്ഷിക്കപ്പെടുന്നത് പോലെ തോന്നിക്കുന്ന ഉദാത്തമായ ജീവിതത്തിന്റെ അവശിഷ്ടമായി അദ്ദേഹത്തിന്റെ രൂപരേഖകൾ വാർന്ന് വീണു. ഒരു കലാകാരൻ എന്ന നിലയിൽ ടാഗോറിന് അസാധാരണമായ ഉൾക്കാഴ്ച ഉണ്ടായിരുന്നു. ഇതിനാകട്ടെ സിമ്പോളിസത്തോട് കുറെ സാദൃശ്യവും ഉണ്ടായിരുന്നു. തനിക്കു പിന്നാലെ വരുന്ന തലമുറയിലെ ഇന്ത്യൻ ചിത്രകാരന്മാരുടെ വിഷാദ ചിത്രങ്ങളുടെ മുൻഗാമിയാണ് ടാഗോർ എന്നു പറഞ്ഞാൽ തെറ്റില്ല. ഈ തലമുറയാകട്ടെ ബോധപൂർവ്വം എക്സ്പ്രഷനിസവുമായി ഇണങ്ങിച്ചേരുകയും ചെയ്തു.

ഇന്ത്യൻ ചിത്രകലയെ അതിന്റെ ആധുനിക ഘട്ടത്തിലേക്ക് കൊണ്ടുവരുന്നത് ഫ്രാൻസിസ് ന്യൂട്ടൺ സൂസയാണ് (ജനനം 1924). ബോംബെ പ്രോഗ്രസീവ് ആർട്ടിസ്റ്റ്സ് ഗ്രൂപ്പ് 1948-ൽ നടത്തിയ ആദ്യത്തെ പ്രദർശനത്തോടെയാണ് ഇത്. പ്രക്ഷോഭത്തിന്റെ സ്പിരിറ്റുമായി രംഗത്തെ സ്ഫോടകമാക്കുന്ന അദ്ദേഹം. പിശാചും പിക്കാസോയുമാണ് അദ്ദേഹത്തിന്റെ മുഖ്യമാർഗ്ഗദർശികൾ. ഫലമോ? അതിസമർത്ഥമായി ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ദുഷ്ടകഥാപാത്രങ്ങളുടെ ഒരു നീണ്ട നിരതന്നെ. ഒരു ജന്തുവിന്റെ ശരീരം പോലെ രോമങ്ങൾ എഴുന്നുനില്ക്കുന്ന കട്ടത്തവരകൾ. ഈ മനുഷ്യലോകം എന്താണോ അത് അങ്ങിനെ തന്നെ അംഗീകരിക്കുന്നതാണ് കൂടുതൽ നല്ലത്. പുരോഹിതന്മാരുടേയും കുത്തകമുതലാളിമാരുടേയും വേശ്യകളുടേയും പേടിപ്പെടുത്തുന്ന ചിത്രങ്ങൾ സൂസ നമുക്കുനൽകുന്നു. അതേസമയം നമ്മെ എന്നും പിടിച്ചിരുത്തുന്ന പ്രവാചകന്റേയും ഇഷ്ടപ്പെടുന്നവരുടേയും ചിത്രങ്ങളുമായി അക്ബർ പദംസിയും (ജനനം - 1929) രംഗത്തുണ്ട്. ഈ രണ്ട് കലാകാരന്മാരേയും സ്വാധീനിക്കുന്നത് എക്സ്പ്രഷനിസ്റ്റ് ചട്ടക്കൂടാണെങ്കിലും അവരുടെ സൗന്ദര്യബോധം അഗാധമായി വ്യത്യസ്തമാണ്. സൂസയുടെ പൈശാചിക ഭാവനയും പദംസിയുടെ സൗന്ദര്യദൃഷ്ടിയും നിൽക്കുമ്പോൾ തന്നെ ഉത്കണ്ഠ ചേർത്തുകൊണ്ട് അസ്തിത്വത്തിന്റേതായ ത്രികോണം പൂർത്തിയാക്കുകയാണ് തയ്യബ് മേത്ത (ജനനം 1925). ജ്യാമതിക നിറക്കൂട്ടിൽ നി



കെ. സി. എസ്. പണിക്കർ - ''Crow''

ശൂലവും തലകീഴ്മറിഞ്ഞ് കിടക്കുന്നതും ഒരാർത്തനാദത്തിൽ സംവിധാനം ചെയ്തതുമായ അദ്ദേഹത്തിന്റെ രൂപങ്ങൾ ഭീകരതയുടെ വിഗ്രഹങ്ങളായി മാറുന്നു.

സമൂഹത്തിലെ അക്രമവാസനയെ ഇതേ തലമുറയിലെ മറ്റ് കലാകാരന്മാർ ആവിഷ്കരിക്കുന്നുണ്ട്. സതീഷ് ഗുജ്റാലും (ജനനം 1925) രാംകുമാറും (ജനനം 1924) ഇവരിൽ പ്രാധാന്യം അർഹിക്കുന്നു. ഗുജ്റാൽ രാഷ്ട്രീയ അഭയാർത്ഥികളുടെ തീവ്രവേദനകൾ ആവിഷ്കരിക്കുന്നു. നഗരത്തൊഴിലാളികളെ ചൂഴ്ന്ന് നില്ക്കുന്ന ഭീതി തന്റെ സോഷ്യലിസ്റ്റ് വിശ്വാസങ്ങൾക്ക് എക്സ്പ്രഷനിസ്റ്റ് രീതി നൽകുന്ന, രാംകുമാർ ആവിഷ്കരിക്കുന്നു. അവരുടെ ചിത്രങ്ങളിൽ പോരാട്ടങ്ങളുടെ അഗ്നിസ്ഫുലിംഗങ്ങൾ ഉണ്ട്. വിശാലമായ മോഡേണിസ്റ്റ് ചട്ടക്കൂട്ടിൽ ആശയപരമായ സൂചനകൾ അവ ഉൾക്കൊള്ളുന്നു. രാഷ്ട്രീയമായ പ്രതിബദ്ധതയും വൈയക്തികമായ രോഷവും അവയിൽ ഒത്തുചേരുന്നു.

'പുരോഗമന' തലമുറയിൽപ്പെട്ട പല ചിത്രകാരന്മാരും തങ്ങളുടെ ചിത്രങ്ങളെ പിന്തുടരുന്ന ദ്വന്ദാത്മകമായ സംഘർഷത്തിൽ നിന്ന് പിന്നീട് പുറത്ത് കടക്കുന്നത് കാണാം. പദംസിയും രാംകുമാറും സഹപ്രവർത്തകരായ റാസയും ഗൈതോണ്ടെയും ഇതിന് ഉദാഹരണം. 1960ആയപ്പോഴേക്കും പ്രകൃതിആസ്പദമാക്കിയുള്ള അമൂർത്തത വിഷയമാകുന്നത് നാം കാണുന്നു. മോഹൻ സാമന്ത്, അർപ്പിതാസിംഗ്, നസ്റീൻ മൊഹമ്മദി എന്നീകലാകാരന്മാരിൽ ഈ അമൂർത്തത തന്നെ മാധ്യമത്തിന് വേണ്ടിയുള്ള അന്വേഷണങ്ങൾക്കും അഭിനന്ദനീയമായ നിയന്ത്രണങ്ങൾക്കും വഴി നയിക്കുന്നത് കാണാം.

1960 - കളിൽ ഇന്ത്യൻ ചിത്രകല ഒരു പുതിയ ഘട്ടത്തിലേക്ക് പ്രവേശിക്കുന്നു. ഒരു സംഘം പുതിയ കലാകാരന്മാരുടെ ചിത്രങ്ങളുടെ പ്രദർശനം 1963-ൽ നെഹ്രു ഉത്ഘാടനം ചെയ്യുന്നു-ഗ്രൂപ്പ് 1890. പ്രശസ്തനായ സർറിയലിസ്റ്റ് കവിയും മു

നാം ലോക ബുദ്ധിജീവി വിഭാഗത്തിന്റെ പ്രതിനിധിയുമായ, അന്നത്തെ ഇന്ത്യയിലെ മെക്സിക്കൻ അംബാസിഡർ ഒക്‌ടേവിയോ പാസ് ആണ് അവരുടെ കാററലോഗിന് മുഖവുര എഴുതിയത്. ഇന്ത്യൻകലയുടെ ചക്രവാളങ്ങളെ സാമ്രാജ്യത്വ വിത്വവീക്ഷണങ്ങളിൽ നിന്ന് വികസിപ്പിച്ചെടുക്കേണ്ടതിന്റെ സാദ്ധ്യതയും ആവശ്യകതയും അന്നത്തെ ചരിത്രപരമായ അവസ്ഥ പ്രദാനം ചെയ്യുന്നു. ആധുനികതയുടെ മുഖമുദ്രകളായ പുരോഗതിയുടേയും സാർവ്വദേശീയതയുടേയും അവാന്ത് ഗാർഡിന്റെയും സങ്കൽപങ്ങൾ പുതിയ വിലയിരുത്തലിന് വിധേയമായി. പുതിയ കലാകാരൻമാരുടെ ഒരു തലമുറയെ തന്നെ 'ഗ്രൂപ്പ് 1890' മുന്നണിയിലേക്ക് കൊണ്ടുവന്നു. സ്വാമിനാഥൻ, ജെറാം പട്ടേൽ, ഗുലാം ഷെയ്ഖ് തുടങ്ങിയവർ ഇവരിൽ ഉൾപ്പെടും. അബോധ തലങ്ങളുടെ പ്രാധാന്യവും അവയുടെ നൈരന്തര്യവും കലയിലെ പുതുമയും; അതായിരുന്നു അടിസ്ഥാനപരമായ കാഴ്ചപ്പാട്. സർറിയലിസ്റ്റ് സിദ്ധാന്തങ്ങൾ മുഖ്യസ്ഥാനം കയ്യടക്കി, ആധുനിക കലയിലെ ഒരു മുഖ്യ ധാരയോടൊപ്പം തനതായ സ്രോതസ്സുകളിലേക്കും നയിക്കുന്നത് കൊണ്ട് പോൾക്ലിയുടെ സർറിയലിസമാണ് അവർ കൂടുതൽ ഇഷ്ടപ്പെട്ടത്.

സമകാലിക ഇന്ത്യൻ കലാകാരൻമാരെ പ്രത്യേകമാകർഷിച്ച ഒന്നാണ് താന്ത്രിക കല (Tantrik Art) സർറിയലും അമൂർത്തവുമായ ഇമേജറിയിലൂടെ നിഗൂഢവും പ്രകൃത്യാതീതവും മാന്ത്രികവുമായ പ്രവണതകളെ തൃപ്തിപ്പെടുത്താൻ ഇത് അവസരം നൽകുന്നു. 1970 കളുടെ ആദ്യമായപ്പോഴേക്കും നവതാന്ത്രികകല പ്രകൃത്യതീതയുടെ ഒരു നവോത്ഥാനത്തിന്റെ വ്യക്തമായ സ്വഭാവം പ്രകടിപ്പിച്ചു. ഒരു ചെറിയ വൃത്തത്തെ ഉദ്ദേശിച്ചുള്ള മോട്ടീവുകളുടെയും ലൈംഗിക ഫാന്റസികളുടെയും വിവേചന പൂർവ്വമല്ലാത്ത ഒരു നിരതന്നെ ഉയർന്നു വന്നു. K. C. S. പണിക്കരെപ്പോലുള്ള (1911–1977) സമകാലിക കലാകാരൻമാർ താന്ത്രിക കലയെ ഗുണപരമായി ഉപയോഗിച്ചിട്ടുണ്ട്. താന്ത്രിക കലയിൽ നിന്നും K. C. S അദ്ധ്യാത്മീയതയുടെ ദൃശ്യമായ ചുരുക്കെഴുത്ത് സ്വീകരിക്കുന്നു. എഴുത്തും മുദ്രകളുമായി ലേഖനം ചെയ്യപ്പെട്ടിട്ടുള്ള ജ്യോതിശാസ്ത്ര ചാർട്ടുകളും ജാതകങ്ങളും അദ്ദേഹം ഉപയോഗിക്കുന്നു. പക്ഷെ മദ്രാസിലെ അദ്ദേഹത്തിന്റെ അനുയായികൾ ഏറിയ കൂറും ഇതിനെ ആലങ്കാരികതയ്ക്ക് വേണ്ടി ഉപയോഗിക്കുകയാണ് ചെയ്തത്. ബാർവയെയും മൻജിത്, ഭവയെയും പോലുള്ള ചെറുപ്പക്കാരായ ചിത്രകാരൻമാർ താന്ത്രിക കലയുടെ അത്യാകർഷകതയെ ഫാന്റസിയുടെ വിശാലമായ ധാരയിലേക്ക് കൊണ്ടുവന്ന് സ്വപ്നാവിഷ്കാരത്തിലേക്ക് തിരിച്ചുവിട്ട് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുന്നു. പക്ഷെ അവർ ഒരു തരത്തിലും നവതാന്ത്രികരല്ല.

ലക്ഷ്മ ഗൗഡ് (ജനനം 1940) കലാപരമായ ഉത്ഗ്രഥനം അസാധാരണമായ രീതിയിൽ സാധിക്കുന്നുണ്ട്. ലിംഗരൂപങ്ങളെ ഏററവും തരളിതമായ അർത്ഥങ്ങളിൽ മാനുഷികമാക്കുന്നതിന് ഗൗഡിന് കഴിയുന്നു. രതിതൃഷ്ണകളുടെ രൂപങ്ങളെ വരച്ചെടുക്കുകയും കമിതാക്കളുടെ പ്രതികരണങ്ങളിൽ പക്വമായ തന്റെ സ്വത്വത്തെ നിർവ്വചിക്കുകയും ചെയ്യുന്നു. ഗുലാം മുഹമ്മദ് ഷെയ്ക്കിനെപ്പോലെ (ജനനം 1937) നേരിട്ട് മിനിയേച്ചർ ചിത്രങ്ങളെ ഉപയോഗിച്ച മറെറാരു കലാകാരനുമില്ല. ഇന്ത്യൻ ചിത്ര പാരമ്പര്യത്തെ വൈയക്തിക ഓർമ്മകൾ രൂപപ്പെടുത്തുന്നതിന് അദ്ദേഹം ഉപയോഗിക്കുന്നു. പ്രതീകങ്ങളിലൂടെ ഓർമ്മിക്കപ്പെടുന്ന ഒരു കഥയിലെ നിലവാരം അവയ്ക്ക് നൽകുന്നു. മുഗൾമിനിയേച്ചറുകളിൽ കാണുന്നതുപോലെ പടർന്നു കിടക്കുന്ന വൻമരങ്ങൾ സാരോപദേശകഥകളിലെ ജീവിയെപ്പോലെ ചൂഴ്ന്ന് നിൽക്കുന്നു. തന്റെ ശൈശവ ഗ്രാമത്തിലെ ഏകാന്തമായ കൊട്ടാരക്കെട്ടുകൾക്ക് മീതെ മാലാഖമാർ നിരന്ന് നിൽക്കുന്നു.

പ്രാക്തനവും അർദ്ധതാന്ത്രികവുമായ ഫോർമലിസത്തിന്റെ വ്യത്യസ്ഥമായ പാതയിൽ നിന്ന് വന്ന് പ്രകൃതിയിലെ മിസ്റ്റിസത്തിലെ



കെ. ജി. സുബ്രഹ്മണ്യൻ - "The Hunter and Trophy - 1970"
Terracotta 21 in × 24 in

ളുന്ന ഒരുകൂട്ടം ഇമേജുകളുമായാണ്. ജെ. സ്വാമിനാഥൻ (ജനനം 1928) നമ്മുടെ മുമ്പിൽനിൽക്കുന്നത് പ്രചോദിതമായ ഒരു പകൽകിനാവിലെ രൂപകങ്ങൾ പോലെ മരവും പക്ഷിയും ദീപ്തമായ സ്പേസിൽ ഒഴുകുന്ന മലയുമൊക്കെ സ്വാമിനാഥൻ ചിത്രീകരിക്കുന്നു. ഒരു പ്രതിഭാസത്തെ വർണ്ണശബളമായി സ്വാമിനാഥൻ ചിത്രീകരിക്കുമ്പോൾ അത് നമ്മുടെ അത്ഭുതവും പ്രശംസയും പിടിച്ചു പറ്റുന്നു.

1930-കളിൽ ജമിനിറോയ് (1887-1972) ഇന്ത്യൻ കലയിൽ നാടോടി കലകളിലൂടെ പൗരാണിക നിഷ്കളങ്കതയിലേക്ക് മടങ്ങുന്നതിനുള്ള ആഗ്രഹവും സാദ്ധ്യതയും ആവിഷ്കരിച്ചിരുന്നു. 1960 കളിൽ ക്ലീയുടെയും മിറോയുടെയും പ്രചോദനം ഉൾക്കൊണ്ട കലാകാരൻമാർ അബോധ തലങ്ങളുടെ പൗരാണിക അവശിഷ്ടങ്ങളെ മുറുകെ പിടിച്ച് ഇന്ത്യൻ ഗ്രാമീണരുടെ അനുഷ്ഠാന കലയുമായി വീണ്ടും ബന്ധിപ്പിക്കാൻ ശ്രമിക്കുന്നു. മാധവി പാരേഖ് (ജനനം 1942) ജന്മനാടായ ഗുജറാത്തിന്റെ നാടോടി കലാരൂപങ്ങളെയാണ് സ്വീകരിക്കുന്നത്. അതാതു പ്രദേശത്തെ ദേവതകളെ കുടിയിരുത്തുന്നതിന് വീടുകളിലും പാതവക്കിലും കൊച്ചു കൊച്ചു പൂജാമുറികൾ തീർക്കുന്നതുപോലെയാണ് ഹിമ്മത്ത് ഷാ തന്റെ ഉപരിതലങ്ങൾ സൃഷ്ടിച്ചെടുക്കുന്നത്.

K. G. സുബ്രഹ്മണ്യനെപോലുള്ള കലാകാരൻമാർ (ജനനം-1924) നാടൻ കലയുടെ പ്രവർത്യോന്മുഖ മഹിമയിലാണ് താത്പര്യം പ്രകടിപ്പിക്കുന്നത്. രൂപത്തിലെന്നപോലെ തന്നെ ഭാവത്തിനു വേണ്ടിയും അതിന്റെ സമർത്ഥമായ രീതിയെ അദ്ദേഹം ഉപയോഗിക്കുന്നു. വിഷാദപൂർണ്ണവും, ഹാസ്യംനിറഞ്ഞതും, ചോര ഇറ്റുന്നതുമായ കഥകൾ പറയുന്ന ടെറാക്കോട്ട റിലീഫുകൾ അദ്ദേഹം ഉണ്ടാക്കുന്നു. ധീരവും വേഗമാർന്നതും ആകർഷകവുമായ ഒരു പാട്രീതികൾ സ്ത്രീകളുടെ ചിത്രപാരമ്പര്യ്യ് അദ്ദേഹം ഉപയോഗിക്കുന്നു. ചിത്രമുദ്രകളുടെ അക്ഷരമാല എല്ലായിടത്തും കൊണ്ടുവരുന്നതിന് മാറ്റിസെയുടെ പാരമ്പര്യം അദ്ദേഹം സ്വീകരിക്കുന്നു. കലയെ വഴങ്ങുന്നതും ജീവത്തുമായ ഒരു ഭാഷയാക്കുകയാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. ഇന്നത്തെ ഇന്ത്യൻ കലയിലെ ഏറ്റവും അടിയന്തിരമായ ആവശ്യവും അതു തന്നെയാണ്.

ജോഗെൻ ചൗധരി ജനനം (1939) ജന്മനാടായ ബംഗാളിൽ നിന്ന് തനിക്കു വേണ്ട ടൈപ്പുകൾ സ്വീകരിക്കുന്നു. വന്ദ്യനായ ബാബുവും സുമുഖിയായ അഭിസാരിണിയും കാളിഘട്ട് ചിത്രങ്ങളിൽ ആവർത്തിക്കുന്ന രൂപങ്ങളാണ്. അവരുടെ ലൗകികമായ നർമ്മവും തിന്മക്കെതിരായ താക്കീതും കൂടുതൽ അവ്യക്തമായ ഐറണിയേയും ആധുനിക കലയുടെ സവിശേഷതയായ രോഗാതുരതയെ ഇഷ്ടപ്പെടുന്ന അവസ്ഥയ്ക്ക് അതിർ വരമ്പിട്ട് നിൽക്കുന്നു. മഷിയിലും ക്രയോണിലും അതിസൂക്ഷ്മമായി ആവിഷ്ക്കരിക്കുന്ന വരകൾ രൂപങ്ങൾക്ക് വിഷലിപ്തമായ ശരീരങ്ങൾ നൽകുകയും വൈകാരികവും രസകരവും പ്രകോപനപരവുമായ ചിത്രങ്ങൾ സാമൂഹിക അഴിമതിയുടെ നിഗൂഢപ്രക്രിയകളെ നമ്മെ അറിയിക്കുകയും ചെയ്യുന്നു. പക്ഷേ ഭൂപൻകാക്കറെ (ജനനം 1934) പ്പോലെ മറ്റൊരു കലാകാരനും നമ്മുടെ സങ്കര സംസ്കാരത്തെ ഇത്ര നന്നായി ചിത്രീകരിച്ചിട്ടില്ല കാക്കർ ആഭിജാതർക്കെതിരെ അധമരുടെ കൂടെ നിൽക്കുന്നകലാകാരനാണ്. ഭൂതനായ വീട്ടുകാരനും, മന്ദബുദ്ധിയായ നായകനും പഴയ പാപിയും - അദ്ദേഹം അവരുടെ കൂടെയാണ്. നഗരങ്ങളിലെ ഇന്ത്യയെക്കുറിച്ച് മറ്റൊരു കലാകാരനും ഇല്ലാത്തത്ര സത്യങ്ങൾ തുറന്ന് പറയാനുള്ള സാമൂഹികമായ ഉൾക്കാഴ്ച ചൗധരിക്കുണ്ട്.

സമൂഹത്തിലെ കൊള്ളക്കാരെയും അവർക്കിരയാവുന്നവരെയും ആവിഷ്കരിക്കുന്ന ചിത്ര പരമ്പരയിലൂടെ കൃഷ്ണൻ ഖന്ന (ജനനം 1925), രാംകുമാർ അടക്കമുള്ള തന്റെ തലമുറയിലെ കലാകാരൻമാരെ 1970 കളിലെ പുതിയ കലയുമായി ബന്ധിപ്പിക്കുകയാണ്. നന്മ തിന്മകളുടെ ധാർമ്മികമായ ചട്ടക്കൂടും കാരുണ്യത്തിന്റെ വൈകാരിക തലവും എക്സ്പ്രഷനിസ്റ്റ് സമകാലികരോട് അദ്ദേഹത്തെ അടുപ്പിക്കുകയും ചെയ്യുന്നു. മറിച്ച്, ജീവ് പട്ടേൽ (ജനനം 1940) അടക്കമുള്ള ചെറുപ്പക്കാരായ ചിത്രകാരൻമാർ മനുഷ്യ രൂപത്തിന്റെ കാൽപനികവൽക്കരണത്തെ ഒഴിവാക്കാൻ ശ്രമിക്കുകയും പൊതുവെ റിയലിസ്റ്റ് പാരമ്പര്യത്തോട് അടുക്കുകയും ചെയ്യുന്നു. വിപൻ സുന്ദരം (ജനനം 1943) രാഷ്ട്രീയതലത്തിൽനിന്ന് ഒരു സന്നദ്ധസേവകന്റെ തീവ്രതയോടെ ജനങ്ങളുടെ ജീവിത സീനോറിയോയിലിടപെടുകയും ചെയ്യുന്നു. അയഥാർത്ഥതികവും ദൃശ്യാത്ഭുതങ്ങൾ നിറഞ്ഞതുമാണ് അദ്ദേഹത്തിന്റെ മാർഗ്ഗങ്ങൾ. അദ്ദേഹം നൽകുന്ന ചിത്രമാകട്ടെ പ്രബോധനാത്മകവുമാണ്. ഒരു എക്സ്പ്രഷനിസ്റ്റായ നളിനി മലാനി (ജനനം 2946) വസ്തു നിഷ്ഠതയിൽ സ്വയം പരിശീലനം ചെയ്യുന്നത് നാം കാണുന്നു. ഇന്ത്യൻനഗരങ്ങളിലെ സ്ത്രീകളെ വിഭിന്നമായ ആത്മബോധങ്ങളുടെ അവസ്ഥകളിൽ കാണുകയും അവരുടെ അരക്ഷിതമായ ആത്മവത്ത നിലനിർത്തുന്ന സാന്ദ്രമായ ആത്മാവിന്റെ വല നെയ്തെടുക്കുകയും ചെയ്യുന്നു. ഇപ്പോൾ മലാനിക്കു കൂടുതൽ സങ്കീർണ്ണമായ ആവിഷ്കാരങ്ങളിലേക്ക് നീങ്ങുന്നുണ്ട്. സുധീർ പട്‌വർദ്ധൻ (ജനനം 1949) തന്റെ സമീപകാല ചിത്രങ്ങളിൽ പുതിയ റിയലിസ്റ്റ് ചിത്രങ്ങളുടെ അതിസൂക്ഷ്മതയും പ്രകടിപ്പിക്കുന്നു. സഹാനുഭൂതികൾ പ്രകടിപ്പിക്കുമ്പോൾ മലാനിയേക്കാൾ കൂടുതൽ പ്രത്യക്ഷമായി പട്‌വർദ്ധൻ അതു ചെയ്യുന്നുണ്ട്. തന്റെ ഭൗതിക സാന്നിദ്ധ്യത്തിന്റെ എല്ലാ ബോദ്ധ്യത്തോടും കൂടെ ഒരു തൊഴിലാളി വർഗ്ഗ പ്രതിനിധിയെ ചിത്രീകരിക്കാൻ കഴിയുന്നു.

വസ്തുനിഷ്ഠമായ ഒരു പുതിയ സമീപനവുമായി നിർണ്ണായകമായ ഒരു സാമൂഹികകലയും ഒരു സംഘം ചിത്രകാരൻമാരും നമുക്ക് ഉണ്ട്. ഇത്തരം ഒരു വസ്തുനിഷ്ഠ ധാർമ്മികവും രാഷ്ട്രീയവുമായ ധാരണതയുടെ ദിശയിലേക്കാണ് പ്രവർത്തിക്കേണ്ടത്. റിയലിസത്തെക്കുറിച്ചുള്ള മുൻകൂട്ടിയുള്ള ധാരണകൾ സ്വീകരിക്കലല്ല, മറിച്ച് ചരിത്രവസ്തുതകളെ സന്ദർഭങ്ങളുടെയും ജീവിതങ്ങളുടെയും വ്യക്തികളുടെയും ഭാവനാപരമായ സംഗ്രഹമായി ആദരവോടെ കാണുകയാണ് വസ്തുനിഷ്ഠത. ഘടനാപരമായ ഏതൊരു പുതുമയും പ്രകടമായും ഉപയോഗപ്രദമാകുന്നത് മനുഷ്യ ജീവികൾക്ക് ഉൾക്കൊള്ളാൻ കഴിയും വിധം യാഥാർത്ഥ്യത്തിന് രൂപം നൽകാൻ ശ്രമിക്കുമ്പോഴാണ്. സാമൂഹിക കല പ്രസക്തമാകുന്നത് പ്രയോഗത്തിന്റെ സാദ്ധ്യതയെ അതു സ്ഥിരീകരിക്കുമ്പോഴാണ്.

പ്രസാദ് രണ്ടാം വർഷം ഫിസിക്സ്

(ഈ ലേഖനത്തിൽ പ്രകടിപ്പിച്ചിട്ടുള്ള ആശയങ്ങൾക്ക് Contemporary Indian Artist, Indian Painting since 1935, Catalogves for Tata Gallery and Royal Academy of Arts എന്നീ ഗ്രന്ഥകൃതികൾ രചിച്ച ഇന്ത്യൻ, ചിത്രകലയുടെ പ്രമുഖ നിരൂപകയായ ഗീതാകപൂറിന്റെ '' Modern Indian Painting-A Sypreptic view '' എന്ന ലേഖനത്തോടും അതു പ്രസിദ്ധീകരിച്ച Journal of Arts & Ideas എന്ന പ്രസിദ്ധീകരണത്തോടും കടപ്പാടുണ്ട്)



ജോണിന് പലതുമാകാമായിരുന്നു. ... ... ...

പ്രകൃതത്തിലും ഭാവത്തിലും ക്രിസ്തുവിന്റെ അംശം പേറി
നാടോടി നടന്ന ജോൺ ഏബ്രഹാം സിനിമാക്കാരുടെ ജാടകരം നിറഞ്ഞ
ബുദ്ധിജീവി പരിവേഷങ്ങളിൽ നിന്നും ഒരു വഴി മാറിനില്പായിരുന്നു.
തന്നിൽ കല്പിക്കപ്പെടുന്ന മിശിഹായുടെ അംശം
ജോൺ സ്വയം അടിച്ചേല്പിച്ചതല്ല. മിത്തുകളിൽ നിന്ന് പ്രാപ്യത
നേടിയ മനസ്സിന്റെ ശാപവും ശക്തിയും നൽകിയ അറിവും ദർശനവും വേഷവും ഭാഷയും
കാലദേശഭേദമില്ലാതെ, വ്യാപരിപ്പിച്ചതിലൂടെ കൈവന്നതാണ്.
ഒരിടത്തൊരു ദിവസം തന്റെ പുതിയ ആശയങ്ങളുമായി ജോൺ പ്രത്യക്ഷപ്പെടുകയാണ്.
പിന്നെ അത് ആൾക്കൂട്ടത്തിന് പകർന്ന് അപ്രത്യക്ഷനാകുന്നു.
ബുദ്ധിജീവിപരിവേഷമോ നാട്യങ്ങളോ ഇല്ലാത്ത
വെറും സാധാരണക്കാരനായിരുന്നു ജോൺഏബ്രഹാം.
പാരീസിലെ ആരാധകരുടെ വലയത്തിലും 'കുട്ടനാടൻതനിമ'
കൈവിടാതിരിക്കുന്ന സ്വഭാവവും
സാധാരണക്കാരനുപോലും അസാധാരണമായി തോന്നുന്ന ' സാധാരണത്വ 'വും
ജോണിനെ ജനങ്ങളിലേക്ക് ഏറെ അടുപ്പിക്കുകയാണ് ചെയ്തത്.
ധാർഷ്ട്യതനിറഞ്ഞ സമൂഹത്തിന്റെ കാപട്യങ്ങളെ പരിഹസിച്ചും
തെരുവുകളിൽ ഉണ്ടും ഉണ്ണാതെയും മദ്യപാനം മുടക്കാതെയും
രാജകീയമായി ജീവിച്ചു കാണിച്ചു.
ഈലോകത്തിന്റെ യുക്തിയോടും നമ്മുടെ സദാചാരബോധത്തോടും അദ്ദേഹത്തിന്
പൊരുത്തപ്പെടാനായില്ല: നട്ടുച്ചയ്ക്ക് നടുറോഡിൽ തെരുവുവേശ്യയെ
പുണരാനും, കാണാൻ കൊള്ളാവുന്ന പെൺകുട്ടികളോട്
''നീ സുന്ദരിയാണല്ലോ'' എന്നുപറയാനുമുള്ള സദാചാരബോധമേ
അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. അതുൾക്കൊള്ളാൻ
മനസ്സുകാണിക്കാതിരുന്ന കേവലലോകത്തിനു നേരെ കലഹിച്ചു. ഭർത്സിച്ചു.
ഈ നിഷേധങ്ങൾക്കെല്ലാമുള്ളിൽ ബുദ്ധിപരവും പ്രതിഭാസാധ്യവുമായ ഒരു സാഹസികതയെ താങ്ങുവാൻ
കരുത്തുള്ള ഒരു മനസ്സുണ്ടായിരുന്നു അതുകൊണ്ടാണ്
ഒ. വി. വിജയൻ പറഞ്ഞത്, '' ജോണിന്
പലതുമാകാമായിരുന്നു, എന്നാൽ ഒന്നുമാകേണ്ട എന്നതീരുമാനിച്ചതുപോലെ ''

കെ. കെ. സുരേഷ്
രണ്ടാം വർഷ ബി.കോം.



ഓരോ സായാഹ്നത്തിലും
പകൽ പ്രദോഷം പ്രാപിക്കുന്നത്
വിട ചാർത്തിക്കൊണ്ടാണ്
ഓരോ പുലർവെട്ടത്തിലും
നമ്മുടെയോരോ മനസ്സും
നഷ്ടപ്പെടുന്നുവെന്നറിയുക.






പ്രൊഫ : എം. എൽ. ജോസ്, പ്രൊഫ : വി. കെ. ജോസഫ്, രണ്ടാം വർഷ ബി എസ് സി ബോട്ടണിയിലെ അബ്ദുൾ സലാം, അവസാന വർഷ ബി. കോമിലെ ബീന എന്നിവർ നമ്മളോട് വിട ചൊല്ലി. ഞങ്ങളുടെ ആദരാഞ്ജലികൾ



ഒരു കുരുവിയുടെ പതനം

എൺപത്തിയെട്ടാമത്തെ വയസ്സിൽ ഡോക്ടർ സലിം അലി അന്തരിച്ചപ്പോൾ പക്ഷിനിരീക്ഷണരംഗത്തെ ഒരുയുഗം അസ്തമിക്കുന്നു. ബാലനായിരിക്കുമ്പോൾ കേവലം ജിജ്ഞാസയാൽ പക്ഷികളുമായി അടുത്ത ഡോ : സലിം അലി പിന്നീട് പക്ഷികളുടെ ലോകത്തെ അക്ഷയഖനി ലോകത്തിന് സമ്മാനിച്ചു. ഒരു ജീവിതം മുഴുവൻ പക്ഷികൾക്കായി സമർപ്പിച്ച അദ്ദേഹത്തെ രാജ്യസഭയിലേക്ക് നോമിനേറ്റ് ചെയ്തു. ഇന്ത്യ പത്മഭൂഷൺ നൽകി ആദരിച്ചു. അദ്ദേഹത്തിന് സ്മരണാഞ്ജലികൾ.

## ഓരോ പുലരിയിലും നമ്മളിലൊരാൾ കരയുന്നു.

ചരൺസിംഗ്   ചുരുങ്ങിയകാലം പ്രധാനമന്ത്രിയായിരുന്ന നിലയ്ക്കായിരിക്കില്ല ചരൺസിംഗ് അറിയപ്പെടുക, ഇന്ത്യൻ കർഷകന്റെ ആത്മാവെന്ന നിലയ്ക്കായിരിക്കും. മണ്ണിനെയും കലപ്പയേയും സ്നേഹിച്ച ഈ മുൻപ്രധാനമന്ത്രി ഇന്ത്യൻ രാഷ്ട്രീയത്തിൽ പരക്കെ ചർച്ച ചെയ്യപ്പെട്ടയാളാണ്, ഒരു പക്ഷെ ഭരണമാററത്തിലൂടെ. ചരൺസിംഗിന് ഞങ്ങളുടെ ആദരാഞ്ജലികൾ

ജോർജ് ലൂയി ബോർഹസ്   ദൈവത്തിന്റെയും സർവ്വ മനുഷ്യരുടെയും രാപകലുകൾക്കും തുല്യമാണ് നിറവിലും ഇല്ലായ്മയിലുമുള്ള ദിനരാത്രങ്ങളെന്ന് വിശ്വസിച്ച അർജൻറീൻ കവി. അതിരുകൾക്കും ദേശങ്ങൾക്കും കാലങ്ങൾക്കും അതീതനായി അമേരിക്കയിലിരുന്ന് ഗംഗയുടെ തീരത്ത് നടക്കുന്ന കടുവയെ കാണുന്ന (The Other Tiger) ബോർഹസ്. Labrinths, Dream Tiger, Other Inquisition, Dr. Broodies Report, The Book of Imaginary Beings, A Universal History of Inflamy എന്നീ കൃതികളിലൂടെ ലോകമറിഞ്ഞ ബോർഹസ് ഇപ്പോൾ നമ്മോടൊപ്പമില്ല.

ജിദ്ദു കൃഷ്ണമൂർത്തി   മനുഷ്യാ നിന്നിൽത്തന്നെയാണ് നിന്റെ വെളിച്ചം. ഉള്ളിലേക്ക് സ്വയം നോക്കു. എന്നിട്ട് മോചനത്തിലേക്ക് പോകൂ. എന്നുപദേശിച്ച ഈ നൂററാണ്ടിന്റെ ബുദ്ധൻ ജെ. കെ. യും ഇനി സ്മരണകളിൽ.

ക്വാജാ അഹമ്മദ് അബ്ബാസ്   ഞാനൊരു ദ്വീപല്ല. അബ്ബാസ് എന്തായിരുന്നില്ല എന്നു ചോദിക്കുക. ഇന്ത്യനവസ്ഥയുടെ എല്ലാരംഗത്തും കാൽ ചവിട്ടിയ അബ്ബാസ് ഓരോ മണ്ഡലത്തിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ചാണ് കടന്നുപോയത്. കമ്മ്യൂണിസം, കവിത, കഥ, നോവൽ, പത്രപ്രവർത്തനം, തിരക്കഥാരചന, സംവിധാനം എന്നിവയെല്ലാം സമഞ്ജസമായി സമ്മേളിച്ച വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

സമർസെൻ   ഇനി നമുക്കാശ്വസിക്കാം. നമ്മുടെ കള്ളത്തരങ്ങളെ നോക്കി പരിഹസിച്ചുചിരിക്കാൻ ഒരാളില്ലല്ലൊ. സമർസെൻ അന്തരിച്ചപ്പോൾ ഒരു സുഹൃത്ത് പറഞ്ഞതങ്ങനെയാണ്. അടിയന്തരാവസ്ഥയുടെ ഇരുണ്ട ദിനങ്ങളെ ഫ്രോണ്ടിയറിന്റെ താളുകളിലൂടെ ഇന്ത്യയെ അറിയിച്ച സമർസെന്നിന്റെ മരണത്തോടെ ബംഗാളി സാഹിത്യത്തിന്റെയും പ്രതിഷേധത്തിന്റെയും ഒരു കാലഘട്ടം അവസാനിക്കുകയാണ്.



കർഷകന്റെ പ്രതിരൂപം



എത്ര വാക്കുകളുടെ രസം



മരണവ്യമായ്
ജീവിക്കുവാൻ ബാദ്ധ്യസ്ഥൻ

## ഓരോ പുലരിയിലും നമ്മളിലൊരാൾ കുറയുന്നു.

രമേശ് ഥാപർ  വിവേകത്തിന്റെയും പക്വതയുടെയും സന്തുലിതസ്വരത്തിലൂടെ നമ്മെ ഉപദേശിച്ച പത്രപ്രവർത്തകാചാര്യനായ, ഇന്ത്യയിലെ സമുന്നത രാഷ്ട്രീയ ചിന്തകനായിരുന്ന ഥാപർ പോയവർഷം വിട പറഞ്ഞു. പത്രപ്രവർത്തനരംഗത്ത് അവിസ്മരണീയനായ ജി. കെ. റെഡ്ഡിയും ഇല്ലാതെയാണ് നാമിപ്പോൾ.

മഹാദേവിവർമ്മ  ഹിന്ദി കവിതയിൽ ഛായാവാദത്തിന്റെ അവസാനത്തെ കണ്ണിയും അററു. പഴയ വ്രജ്ഭാഷയിൽ നിന്ന് ഹിന്ദി കവിതയെ 'ഖടിബോലി'യിലേക്ക് പറിച്ചുനട്ടത് മഹാദേവി വർമ്മയാണ്. സ്ത്രീകളുടെ ഉയർച്ചയ്ക്കായ് ശബ്ദമുയർത്തി, ഗാന്ധിജിയോടൊപ്പം സ്വാതന്ത്ര്യ സമരത്തിൽ. അലഹബാദ് കോളേജ് പ്രിൻസിപ്പലായി. 1959-ൽ പത്മഭൂഷൺ. 'യാമ'ക്ക് ജ്ഞാനപീഠ പുരസ്കാരം.

ലളിതാംബിക അന്തർജ്ജനം  ആത്മക്ഷോഭങ്ങളെ വാക്കുകളാക്കി ദുഃഖത്തിന്റെയും സ്നേഹത്തിന്റെയും സാന്ദ്രിമ നിറഞ്ഞ ലോകം മലയാണ്മയ്ക്ക് നൽകിയ മലയാളത്തിന്റെ അമ്മ ഓർമ്മയുടെ അഗ്നിസാക്ഷികളായ് നമ്മളിൽ നിറഞ്ഞുനിൽക്കും. അടിച്ചമർത്തപ്പെടലുകളുടെ വിഹ്വലതകളും വിഷാദങ്ങളും പ്രസന്ന മധുരഭാവങ്ങളാക്കിയ ലളിതാംബികയുടെ അഗ്നിസാക്ഷി കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും വയലാർ അവാർഡും കരസ്ഥമാക്കി.

ഭാരതീയ സാഹിത്യത്തിലേക്ക് പന്തലിച്ച ജ്ഞാനപീഠജേതാവ് കന്നഡ സാഹിത്യത്തിലെ ഭീഷ്മാചാര്യർ മസ്തിവെങ്കിടേശ്വരഅയ്യങ്കാറും ഹിന്ദിയിൽ നിന്ന് ജ്ഞാനപീഠം നേടിയ എസ് എച്ച് വാത്സ്യായനും ഭാരതീയ സാഹിത്യത്തിന് വേർപാട് നൽകി.

'ഏഷ്യൻ ഡ്രാമ' എന്ന കൃതിയിലൂടെ ലോകപ്രശസ്തിയിലേക്കുയർന്ന എഴുത്തുകാരനും ചിന്തകനും ധനതത്വ ശാസ്ത്രജ്ഞനുമായ ഡോ : ഗുർണാർ മിർദാൽ നമ്മളോട് വിടപറഞ്ഞു.

പുരോഗമന സാഹിത്യസാംസ്കാരികരംഗത്തെ ശ്രദ്ധേയനായ കവി പുനലൂർ ബാലനും തൊഴിലാളി വർഗ്ഗത്തിന്റെ വിമോചനപ്പോരാളി വി. പി. ചിന്തനും തകഴിയുടെ ചെമ്പൻകുഞ്ഞിലൂടെ എന്നുമോർക്കപ്പെടുന്ന കൊട്ടാരക്കരയും നാടകരംഗത്തുനിന്നും ചലച്ചിത്രരംഗത്തെത്തി തനിമയാർന്ന കഥാപാത്രങ്ങളെ അവതരിപ്പിച്ച അച്ചൻകുഞ്ഞും നമ്മെവിട്ടുപിരിഞ്ഞു.



ഞാനൊരു ദീപല്ല



മലയാളത്തിന്റെ അമ്മ



ഹിന്ദിയിലെ മീര

കക്കാട്  ബി. ഒ. എൽ. ബിരുദം നേടി അദ്ധ്യാപകനായി. കമ്മ്യൂണിസ്റ്റായതുകൊണ്ട് പുറത്തായി. ആധുനിക കവിതയുടെ ശക്തനായ വക്താവായി. ആധുനിക മുതലാളിത്തത്തിന്റെ ഇരുട്ടിനെ നോക്കി എഴുതിയ കവിതകൾ മാറിയ മനുഷ്യാവസ്ഥയിൽ നിന്നും ജീവിതാനുഭവങ്ങളിൽ നിന്നും രൂപം കൊണ്ടവയായിരുന്നു. താളബോധത്തിൽ പൗരാണിക ബിംബാവലികളും ഗൂഢബിംബങ്ങളും അലിയിച്ചെടുത്തു. സഫലമീയാത്രക്ക് വയലാർ അവാർഡ്. അമ്പത്തെട്ടാം വയസ്സിൽ സഫലമായ ജീവിതത്തോട് യാത്ര.

സ്മിതാപാട്ടിൽ  സ്മിതാപാട്ടീലിന്റെ മരണം മരവിപ്പായിരുന്നു, ഇന്ത്യൻ സിനിമയ്ക്ക്. ഗ്ലാമറും ജാടയുമില്ലാതെ ഹിന്ദിസിനിമയെ-ഇന്ത്യൻ സിനിമയെ - കീഴടക്കിയ സ്മിത തുടരെ ദേശീയാംഗീകാരം നേടിയെടുത്തു. പ്രമുഖ നടൻ രാജ്ബബ്ബറിന്റെ ഭാര്യയായി ഒരു കുഞ്ഞിന് പിറവി നൽകി ഇരുപത്തെട്ടാം നാൾ മരണമടഞ്ഞു. പാരീസ് നഗരം ആദ്യമായി ഇന്ത്യയിൽ നിന്ന് ഒരു റെക്ട്രോസ്പെക്ടീവ് അവതരിപ്പിച്ചത് സ്മിതയുടേതായിരുന്നു. സ്മിത ഇനി ജീവിക്കുന്നത് പ്രേക്ഷക മനസ്സുകളിൽ ചക്രയിലെ അമ്മയായി....,ചിദംബരത്തിലെ ശിവകാമിയായി...

ഹിലാരിയോടൊപ്പം എവറസ്റ്റ് കീഴടക്കിയ ഷേർപ്പാ ടെൻസിംഗിനെ പോയ വർഷം മരണം കീഴടക്കി.

തിരുവിതാംകൂറിൽ ദിവാൻ ഭരണത്തിന് വിരാമമിടാൻ സർ സി പിയെ വെട്ടി രാഷ്ട്രീയ ചരിത്രം കുറിച്ച സാഹസികനായ രാഷ്ട്രീയ പ്രവർത്തകനും പത്രപ്രവർത്തകനുമായ കെ സി എസ് മണിയും വിടപറഞ്ഞു.

റുഡോൾഫ് ഹെസ്സിന്റെ മരണത്തോടെ ലോകത്തെ ഭീതിതമാക്കിയ നാസിയുഗം അവസാനിക്കുന്നു ? മരണത്തോടനുബന്ധിച്ച് സ്പെൻഡാവോയിൽ ഉയർന്ന മുദ്രാവാക്യം നിയോ നാസികളുടെ ഉയിർത്തെഴുന്നേല്പിനെ സൂചിപ്പിക്കുന്നുവോ?



നിന്റെ തീരാവ്യഥയിലെനിക്കൊരു പങ്കുതരൂ
നിന്റെ തോരാക്കണ്ണീരെനിക്ക് പകർന്നുതരൂ.



സ്മരണകളിൽ

to retiring professors etc were some of the routine programmes executed by the PTA. On behalf of the management, staff and students I thank the Association for its signal services.

**Games and Sports:** In the field of sports and games this year has been a very significant one. We had the previlage of annexing two university championship trophies in basket ball and ball badminton. Congratulations to the teams and to the dept of Physical education. This year also we could make generous contributions to the university and state teams, as shown below.

**1 University Team–in Cricket**
1 Santhosh George III BSC
2 Ajay S Thampi III BSC

**2 University Team - in Vollyball**

| | | |
|---|---|---|
| 1 | Suuny K Joseph | I MA |
| 2 | Polly P S | II PDC |
| 3 | Ranjith | I PDC |
| 4 | Philip Jude Benny Cruz | II PDC |

**3 University Team - in Basketball**

| | | |
|---|---|---|
| 1 | Saleem K A | II PDC |
| 2 | Joseph C Joseph | II BCom |

**4 University Team in Kabaddi**

| | | |
|---|---|---|
| 1 | Prakash V Rao | II BCom |
| 2 | Ajith Kumar | III BA |

**5 University Team - Khokho and Tennis**

| | | |
|---|---|---|
| 1 | Ajithkumar | III BA |

**6 University and State Teams - in Ball badminton**

| | | |
|---|---|---|
| 1 | Remesh Kumar | II MCom |

**7 University Team - in Ball Badminton**

| | | |
|---|---|---|
| 1 | Sadique Hussein | I BSc |
| 2 | Sreekumar | I BCom |

**8 Junior State Team - in Basketball**

| | | |
|---|---|---|
| 1 | Joshy Varghese | II PDC |
| 2 | Manoj Naliath | II PDC |
| 3 | Venoi Abraham | I BCom |

**AICUF**: The AICUF unit of our college organised the following programmes. A speaker's forum was formed with regular coaching on Wednesday. Representatives of our college took part in competitions, seminars, and discussions held by the AICUF in Quilon, Trikkakara and Thoppumpady. A seminar on personality development was conducted on 7-2-87. Prof V J Antony from Cochin College spoke on the occasion. An inter-collegiate debate competition was conducted on 20-2-1987. The topic for the debate was " RELIGION BLOCKS FREEDOM OF EXPRESSION ".

**N C C** The NCC Army Wing started functioning in July 1986. Altogether 75 cadets were enrolled this year. The training was as per schedule which included drill, weapon training, map reading,

field craft, first aid, civil defence, etc. Weapons like rifle, LMG sten gun, etc were brought so that the cadets will have a first hand experience of handling them. Ten of our cadets attended annual training camp during the Onam vaction and a few cadets attended the camps during Christmas vacation.

Under Officer Mr. Gopikumar passed the 'C' grade examination with distinction and 3 of our cadets have passed the 'B' grade examination. This year's programmes were concluded with a social get - together in February.

In the Navel Wing, there are altogether 40 cadets. Cadets from our college participated in Independance day parade, NCC day parade and republic day parade. They also took part in cycle expedition, sea expeditions, sailing and boat pulling etc About 25 cadets attended the annual training camp and all the senior cadets participated in the advanced courses and camps at all India level.

**N S S**: The NSS unit in our college adopted Kumbalam Panchayat, conducted a social survey and distributed literacy kits among adult illiterates there. On Gandhi Jaynthi Day, a seminar was organised on Gandhian Thoughts. Prof P M Jussey spoke on the occasion On January 30, our students fasted from 9.00 am to 4.00 pm, conducted a peace rally in the city. This Programme was sponsored by Gandhi Peace Foundation.

A ten-day special camping programme was conductd at Adimali during Christmas Vacation. The campers constructed a two-kilometer road connecting Adimalli and Koompanpara. They could win the co-operation and appreciation of the local people.

**College Forestry Club:** The activities of the Club were inaugurated on Sept 5, 1986. Athapoovidal competition, orientation talk on forestry and preservation of wild life, wild life quiz and vanadarsan at Sholayar were some of the important programmes organised by the club.

**Conclusion:** It now remains for me to express my deep gratitude to the Sacred Hart of Jesus for all the blessings showered on us.

My heartfelt gratitude to the members of the teaching and non-teaching staff for their continued support and co-opeation to keep Sacred Heart what it should be. And now, to Dr Leelavathy the Cheif Guest of the day I extend my profound thanks for so kindly responding to our invitation, honouring us with her presence, and enlightening us with her wisdom. I am specially grateful to Mr Thomas Mathew for consenting to give away the prizes.

May the Sacred Heart of Jeaus, guide us, illumine our ways in the years to come.

Thank you.

PRINCIPAL

## I THINK IT RAINS

I think it rains
That tongues may loosen from the parch
Uncleave roof - tops of the mouth, hang
Heavy with knowledge.

I saw it raise
The sudden cloud, from ashes, settling
They joined in a ring of grey; within
The circling spirit.

O it must rain
These closures on the mind, binding us
In strange despairs, teaching
Purity of sadness.

And how it beats
Skeined transparencies on wings
Of our desires, searing dark longings
In cruel baptisms.

Rain - reeds, practised in
The grace of yielding, yet unbending
From afar, this, your conjugation with my earth
Bares crouching rocks.

—Wole Soyinka—
(Nigeria)

## മുഖവുര

ഹൃദയത്തിന്റെ നാമ്പിൽ നിന്ന്
അതു വീണു
ഞാനറിഞ്ഞില്ല.
അലയുന്ന കടൽത്തിരപ്പ്
അവസാന രേഖപോലും നൽകാതെ
യത്നത്തിന്റെ സാഹസികത.
ഭൂമിയെ അറിയിക്കാതെ
പാറക്കെട്ടിനടിയിലൂടെ
യാത്രികരെത്തേടിയെത്തിയ നൗകയെപ്പോലെ
എന്റെ പ്രകൃതീബന്ധമായ ഹൃദയത്തിൽനിന്ന്
അതൊലിച്ചു വന്നു-
ഒരു കവിത,
പക്ഷേ, ഞാനറിഞ്ഞില്ല !

മാക്സ് ജാക്കോബ്
(ഫ്രാൻസ്)

## A GIFT OF BLOOD

Searching for a garden in my world
You will find fiery winds, not spring.
No rainbow colours here, in this grey afternoon;
From one end to the other swings the noose.
Once again they go toward their gory end,
Those leaders who have lost their way so many times!

Behind the veil of their democracy
They build prisons, they make whips.
In the name of peace they conjure wars,
In the clamour for justice they produce disparity.
Fear guards the heart and lips are sealed;
Overhead, the tents of iron bars stretch out.

Yet, have they ever feared cruelty and oppression
Those ideas that have given strength to the imagination ?
No mercenary army can ever break the glass
That holds the people's wakened spirit.
At each step, life gives a gift of blood
To the lamps that grapple with the darkness.

Onward moves the caravan of human progress,
Shaking the hearts of tyrants.
All around the drums of revolt are sounding,
Young people walk about like lighted flames!
The whole earth is a boiling ocean,
The mountains and forests are alive!

It's easy to stifle my scream
But who will stop the challenge of life?
The wall of steel and fire may be high
But who will stop the force of changing times?
You who block the way of new ideas—
Who will stop the sword of mass uprising?

From the very place of darkness where you seek refuge
The armies of morning will emerge !
In the air unfurl the red flags,
East and West converge!

Sahir Ludhianvi
(Urdu)

## പുറംകവിതകൾ പുറംകവിതകൾ പുറംകവിതകൾ പുറംകവിതകൾ പുറംകവിതകൾ പുറംകവിതകൾ

### യാത്ര

ഓറഞ്ചുതോപ്പിന്റെ
താണ വീണ ചെരിവിലൂടെ
ദുഃഖമഗ്നരായ
നൂറിൽപ്പരം അശ്വാരൂഢന്മാർ
അവരെങ്ങോട്ട് പോകും?
കൊർസോബയിലോ, സെവില്ലിയിലോ
അവരെത്തുകയില്ല.
കടലിനുവേണ്ടി നെടുവീർപ്പിടുന്ന
ഗ്രനാഡയിലും അവരെത്തുകയില്ല.
ഗാനങ്ങൾ വീണവിറകൊള്ളും
വള്ളിപ്പടർപ്പിലേക്ക്
കരിശുകളുടെ മുൾപ്പടർപ്പിലേക്ക്
സ്വപ്നാടക വാജികൾ
അവരെകൊണ്ടുപോകും.
ഏഴ് മുള്ളാണിത്തിരുമുറിവുകളുടെ
ദുഃഖമെഴും അശ്വാരൂഢന്മാർ
ഓറഞ്ചു തോപ്പിന്റെ താണവീണ ചെരുവിലൂടെ
നൂറിൽപ്പരം അശ്വാരൂഢന്മാർ.
അവരെങ്ങോട്ടുപോകും?

—ഫെഡറീക്കോ ഗാർസിയ ലോക—
(സ്പെയിൻ)

### പതിനഞ്ച്കോടി

ഞങ്ങൾ പഴയ ലോകം നിർദ്ദയമായി അടിച്ചുടക്കും
ഭൂമിയുടെ ശിരസ്സിനുമുകളിൽ
ഞങ്ങൾ ഒരു പുതിയ ഇതിഹാസത്തിന്റെ ഇടിമുഴക്കം
ഞങ്ങൾ കാലത്തിന്റെ വേലികൾ ചവിട്ടിയരയ്ക്കും
മഴവില്ലിനെ ഞങ്ങൾ പുതിയൊരു സപ്തസ്വരമാക്കി മാറ്റും
ഞങ്ങൾ വലിയ കണ്ണുകൾ,
ഞങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ
കവികൾ മാനം കെടുത്തിയ സ്വപ്നവും പനിനീരും
പുതിയ വെളിച്ചത്തിൽ ആർത്തുണരും.
ഞങ്ങൾ പുതിയ പനിനീർപ്പൂക്കൾ കണ്ടുപിടിക്കും,
നാല്പവലകളുടെ ഇതൾ വിരിയുന്ന
തലസ്ഥാനങ്ങളുടെ പനിനീർപ്പൂക്കൾ.

മയക്കോവ്സ്കി
(റഷ്യ)

## വായിക്കുന്ന ഒരു തൊഴിലാളിയുടെ ചോദ്യങ്ങൾ

ഏഴുവാതിലുകളുള്ള തീബ്സ് ആരു നിർമ്മിച്ചു?
ഗ്രന്ഥങ്ങൾ പറയുന്നു : രാജാക്കന്മാർ.
കൽത്തറയിൽ നിന്നു കല്ലുചുമന്നതു രാജാക്കന്മാരോ?
വീണ്ടും വീണ്ടും തകർക്കപ്പെട്ട ബാബിലോൺ
വീണ്ടും വീണ്ടും 'പണിതുയർത്തിയതാര്?
സ്വർണ്ണം തിളങ്ങുന്ന 'ലിമ'യിലെ പണിക്കാർക്കുപുറം
എത്ര ഭിത്തികളുണ്ടായിരുന്നു?
ചീനയിലെ പണിതീർന്ന മതിലിൽ സായാഹ്നം പരന്നപ്പോൾ
കൽപ്പണിക്കാർ പോയതെവിടെ?
മഹത്തായ റോമിൽ എവിടെയും വിജയകമാനങ്ങൾ.
അവയുയർത്തിയതാര്?
സീസറന്മാർ വിജയം നേടിയതു് ആരുടെ മേൽ?
ബൈസാൻറിയത്തിൽ കൊട്ടാരങ്ങൾ മാത്രമോ,
ജനങ്ങൾ ജീവിച്ചതെവിടെ?
അററ്ലാൻറിസ് പോലും സമുദ്രത്താൽ ഗ്രസിക്കപ്പെട്ട
ഐതിഹാസിക രാത്രിയിൽ
മുങ്ങിത്താഴുന്നവർ അടിമകളെ വിളിച്ചലറുന്നതു കേട്ടു.
യുവാവായ അലക്സാണ്ടർ ഇന്ത്യ കീഴടക്കി-
തനിച്ചോ?
സീസർ ഗാൾജനതയെ കീഴ്പ്പെടുത്തി-
ഒരു വെപ്പുകാരൻ പോലും കൂടെയില്ലായിരുന്നോ?
സൈന്യം തകർന്നപ്പോൾ സ്പെയിനിലെ ഫിലിപ്പ് വിലപിച്ചു.
മററാരും കരഞ്ഞില്ലേ?
ഫ്രെഡറിക് രണ്ടാമൻ സപ്തവത്സരയുദ്ധം ജയിച്ചു.
അയാൾക്കൊപ്പം ജയം നേടിയതാര്?
ഓരോ പേജിലും ആരെങ്കിലും ജയിക്കുന്നു.
വിജയികളുടെ വിരുന്നൊരുക്കിയതാര്?
ഓരോ ദശകത്തിലും ഓരോ മഹാൻ, ആരുടെ ചെലവിൽ?
എത്രയോ പ്രസ്താവങ്ങൾ, എത്രയോ ചോദ്യങ്ങൾ

ബെർറോൾട് ബ്രെഹ്റ്റ് (ജർമ്മനി)



# WE ARE MARCHING TO THE 21ST CENTURY

അതെ, സർവ്വ മാലിന്യങ്ങളും ദുരാചാരങ്ങളും പേറി
നാം ഇരുപത്തിയൊന്നാം നൂററാണ്ടിലേക്ക് പറക്കുകയാണ്.



എങ്ങനെ മർത്ത്യാ നീ വന്നെത്തി, യിരുപത്തി-
യൊന്നാം ശതാബ്ദിതൻ ഗോപുര വാതിലിൽ ?



tate, in particular, direct its policy towards securing that children are given opportunities and facilities to velop in a healthy manner and in conditions of freedom and dignity and that childhood and youth are protected against exploitation and against moral and material abandment.

—Part IV, Article 39 (F), CONSTITUTION OF INDIA



The state shall endeavour to provide, within a period of 10 years from and commencement of this constitution for free and compulsory education for all children until they complete the age of 14 years

—Part IV—Article 45, CONSTITUTION OF INDIA.



പക്ഷെ നിങ്ങൾക്കതറിയില്ല, അറിയാവുന്നവർ ഉയർന്ന പടവുകളിലേക്ക് കയറുകയാണ്



The state shall endeavour to provide, within a period of 10 years from and commencement of this constitution for free and compulsory education for all children until they complete the age of 14 years

—Part IV—Article 45, CONSTITUTION OF INDIA.

പക്ഷേ നിങ്ങൾക്കറിയില്ല, അറിയാവുന്നവർ ഉയർന്ന പടവുകളിലേക്ക് കയറുകയാണ്

തൊഴിലന്വേഷണം ഒരു അഭ്യസ്തവിദ്യരുടെ ജീവിത ചര്യയായിത്തീർന്നിരിക്കുന്നു.
സ്വയം തൊഴിൽ കണ്ടെത്തിയവരെ തെരുവോരങ്ങളിൽ നിന്ന് പോലും കമ്പ്യൂട്ടർ എന്നാണ് പുറത്താക്കുക?





ഭരതീക വൃദ്ധി പതുറ്റിയാൽ നിന്നെയും
കൊട്ടിയടച്ചും കാക്കിക്കുരുക്കളാം...!

21



WHAT'S ON SALE
WOMEN OR......?

'The state, in particular, direct its policy towards securing that the citizens, men and women equally, have the right to an adequate means to livelihood'

—Part IV, Article, 39 (a) CONSTITUTION OF INDIA



The state shall regard the raising of the level of nutrition and the standard of living of its people and the improvement of public health as among its primary duties.

—Part IV, Article 47, CONSTITUTION OF INDIA




......Still they are ignorant that we are celebrating this year as an International Year for the homeless.



ദാഹജലം ലഹരിയായിത്തീർന്നവർക്ക്"
ഉറങ്ങുന്നതിനു മുമ്പിനിതാണ്ടുവാനെത്രയോ മൈലുകൾ!



ഇവരെന്നാണ്‌ ഇനി ഇരുപത്തിയൊന്നാം നൂററാണ്ടിലെത്തുക?



ജീവിത യാഥാർത്ഥ്യങ്ങൾ ഭീതിദമാകുമ്പോൾ
നൊമ്പരം ലഹരിയിൽ തീർക്കുന്ന തലമുറ



കടഞ്ഞിവരാനിനി കാലമെന്താവും പഞ്ചാബ്"...
ഇന്നു കിടക്കണി വാതിലിനാവരം ഇന്നു...?







SSSHHH ! SILENCE PLEASE


Because Her Spine Is Twisted
Because She Is Past Shouting
Because She Stinks
Because She Is Too Weak
To Go On Living
The System
That Is To Blame
Shall Also Not Go On
-Living
Adapted from ERICH FRIED ]



എങ്ങനെ മർത്ത്യാ നീയില്ലാതെ, യില്ലാതെ
മന്നിന്റെ ഗോപുര വാതിൽ തുറന്നിടും

2

സർക്കാർ ചിട്ടിയിലൂടെ, ചിട്ടയോടെ സമ്പാദിക്കുക

**സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കുന്നു.**

കേരള സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പദ്ധതിക്ക്
മൂലധനസമാഹരണത്തിന് സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ഗ്യാരണ്ടി നൽകുന്നു.

നിക്ഷേപങ്ങൾക്ക് ഉയർന്ന നിരക്കിൽ പലിശ നൽകുന്നു.

കമ്പനിയുടെ എല്ലാ ശാഖകളിലും ഫിക്സഡ് ഡെപ്പോസിറ്റ് സ്വീകരിക്കുന്നു.

**ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്**

ഒരു കേരള സർക്കാർ സ്ഥാപനം.
രജി. ഓഫീസ്, 'ഭദ്രത', തൃശ്ശൂർ-680 020.

കേരളത്തിലുടനീളം ശാഖകൾ


സർക്കാർ ചിട്ടിയിലൂടെ, ചിട്ടയോടെ സമ്പാദിക്കുക.

സർക്കാർ ചിട്ടിയിലൂടെ, ചിട്ടയോടെ സമ്പാദിക്കുക

സർക്കാർ ചിട്ടിയിലൂടെ, ചിട്ടയോടെ സമ്പാദിക്കുക.


*With best compliments from:*

**THE FEDERAL BANK**

LIMITED, REGD, OFFICE: ALWAYE.

BANKING EFFICIENCY AT ITS BEST.



# ഇനിയൊരു യുദ്ധമുണ്ടായാൽ...?

ഗബ്രിയേൽ ഗാർസിയാ മാർക്വേസ്

അവസാനത്തെ ആ സ്ഫോടനവും കഴിഞ്ഞാൽ ഒരു നിമിഷത്തിനകം ഈ ഭൂമിയിലെ പകുതിയിലധികം മനുഷ്യരും മരിച്ചുവീഴും. കത്തിയെരിയുന്ന ഭൂഖണ്ഡങ്ങളും, അതിന്റെ പുകയും പൊടിപടലവും സൂര്യപ്രകാശത്തെ തന്നെ മറയ്ക്കും. കൂരാക്കൂരിരുട്ടിൽ ലോകമാണ്ടുപോകും. ഓറഞ്ച് മഴയുടെയും ഹിമമണിഞ്ഞ കൊടുങ്കാറ്റുകളുടെയും ഒരു ഹേമന്തത്തിൽ, മഹാസമുദ്രങ്ങൾ ഗതിമാറിയൊഴുകും. അതിനൊപ്പിച്ച് പുഴകളുടെ പ്രയാണവും മാറി മറിയും. പ്രക്ഷുബ്ധമായ വെള്ളത്തിലുലഞ്ഞ് വലയുന്ന മത്സ്യങ്ങൾ ദാഹാർത്തരായി ചത്തടിയും. എന്നെന്നേക്കുമായി സഹാറാമരുഭൂമി മഞ്ഞിൽപൊതിഞ്ഞു പോവും. മഴചൊരിയുന്ന ആമസോണിലെ പടുകൂറ്റൻ കാടുകൾ ഹിമവർഷത്താൽ നശിഞ്ഞ്, ഈ ഭൂമുഖത്തുനിന്നുതന്നെ അപ്രത്യക്ഷമാകും. റോക്ക് സംഗീതത്തിന്റെയും ഹൃദയം മാററിവയ്ക്കൽ ശസ്ത്രക്രിയയുടേതുമായ ഈ യുഗം പഴയ ഹിമയുഗശൈശവത്തിലേക്ക് പിന്തിരിഞ്ഞുപോവും. ഭയത്തിന്റെ ആദ്യസംഭ്രമത്തെ അതിജീവിച്ചവരും, തിങ്കളാഴ്ചത്തെ മൂന്നുമണിയുടെ ആഫോസ്സിയൻ അത്യാഹിതത്തിൽനിന്നും രക്ഷനേടിയവരുമായ ഏതാനും മനുഷ്യർ, പേടിപ്പെടുത്തുന്ന അവരുടെ ഓർമകളിൽപ്പെട്ടുതന്നെ പിന്നീട് മരണമടയും. സൃഷ്ടി അതിന്റെ അന്ത്യം തന്നെ കണ്ടേക്കും.

ശൈത്യത്തിന്റെ വിഷാദാത്മകമായ അവസാനത്തെ സങ്കീർണ്ണതകൾ, എന്നെന്നേക്കുമായി ഉണ്ടാകുന്ന രാത്രികൾ, ജീവന്റെ അവശിഷ്ടമായി, പിന്നെ, ഭൂമിയിലുണ്ടാവുന്നത് പണ്ടൊരിക്കലെന്നപോലെ വെറും പാററകൾ മാത്രമായിരിക്കും.

ബഹുമാനപ്പെട്ട രാഷ്ട്രത്തലവന്മാരെ, സുഹൃത്തുക്കളെ,

ഇതു്, പാററ്മാസിലേക്കുള്ള നാടകടത്തലിനിടയിൽ ജോണിനുണ്ടായ അലസവർത്തമാനത്തിന്റെ താഴ്ന്ന ഒരനുകരണമല്ല. പക്ഷേ, ഈ തൊടിയിടയിൽതന്നെ സംഭവിക്കാവുന്ന ഒരു പ്രപഞ്ച നാശത്തിന്റെ മുൻകൂട്ടിയുള്ള കാഴ്ചയാണ്. ഒരു കണ്ണുകൊണ്ടുറങ്ങുകയും മറ്റേ കണ്ണുകൊണ്ടു നിരീക്ഷണം നടത്തുകയും ചെയ്യുന്ന ആയുധസംഭരണികളിലെ ആണവശേഖരങ്ങളുടെ ഒരു കൊച്ചുഭാഗം മനഃപൂർവ്വമായോ യാദൃശ്ചികമായോ പൊട്ടിത്തെറിച്ചാലുണ്ടാകാവുന്ന നാശം...

അതാണ് കാര്യം.

ഇന്നത്തെ ദിവസം അതായതു് 1986 ആഗസ്റ്റ് 6 വരെയുള്ള ആണവായുധ സംഭരണികളുടെ എണ്ണം അമ്പതിനായിരത്തിൽപ്പരമാണ്. ചുരുക്കത്തിൽ, ഓരോ മനുഷ്യനും (കുട്ടികളുടെ എണ്ണം അതിൽപ്പെടുന്നില്ല.) നാലുടൺ ഡൈനാമൈററ് നിറച്ച വീപ്പകളുടെ പുറത്താണിരിക്കുന്നതു്. അവമുഴുവനും പൊട്ടിത്തെറിച്ചാൽ, ഭൂമിയിലെ ജീവന്റെ സകല അവശിഷ്ടത്തെയും പന്ത്രണ്ടുമടങ്ങ് ഇല്ലായ്മ ചെയ്യുവാൻ കഴിയും.

കിരാതമായ ഭീഷണി ഉയർത്തിക്കൊണ്ട് ഈ കൊടിയ നാശം നമ്മുടെയൊക്കെ തലയ്ക്കുമീതേ ഒരു ഡെമോക്ലീയൻ വിപത്തായി തൂങ്ങുന്നു. സൂര്യനെ വലംവയ്ക്കുന്ന നാലുഗ്രഹങ്ങൾക്ക് പ്രവർത്തനക്ഷമത ഇല്ലാതാവുകയും സൗരയൂഥത്തിന്റെ തന്നെ സമനില തകരുകയും ചെയ്യുന്ന താത്വിക സാദ്ധ്യത ഇതുയർത്തുന്നു.

നാല്പത്തിയൊന്നു വർഷം മുമ്പ് ആണവവ്യവസായം ജന്മമെടുത്തു. ഒരു ശാസ്ത്രവും, ഒരു കലയും, ഒരു വ്യവസായവും ഇതുപോലെ രൂപാന്തരങ്ങളെടുത്തിട്ടില്ല. മനുഷ്യന്റെ സർഗ്ഗപരമായ കഴിവിന്റെ മറെറന്തെങ്കിലും സൃഷ്ടി, ലോകത്തിന്റെ വിധി നിർണ്ണയിക്കുന്ന കാര്യത്തിൽ ആണവശാസ്ത്രം പോലെ കഴിവ് നേടിയിട്ടില്ല.

ഇതൊരു പേടിയുടെ വീൺവാക്കല്ല. ആണവ വിഷൂചികയേക്കാറം ഭൂമിയിലെ മനുഷ്യജീവന്റെ സംരക്ഷണം വില കറഞ്ഞതായിട്ടുണ്ടെന്നുള്ള കാര്യം അതു് വെളിവാക്കുന്നു. നിലനില്പിനുവേണ്ടിമാത്രം വെളിപാടുകാർ ധനിക രാജ്യങ്ങളുടെ യുദ്ധ സംഭരണികളിൽ തടവുകാരായിരിക്കുന്നു. എല്ലാവർക്കും ഒരു നല്ല ജീവിതമൊരുക്കുന്ന സാദ്ധ്യതകളെ അവർ തുലച്ചിരിക്കുന്നു.

നമുക്ക് ശിശുസംരക്ഷണത്തിന്റെ കാര്യമെടുക്കാം ചെറിയൊരു കണക്കാണതു്. 1981-ൽ ഐക്യരാഷ്ട്രത്തിന്റെ യൂണിസെഫ്

---



1986 ആഗസ്റ്റ് 6-ന്റെ ഹിരോഷിമാ ദിനത്തിൽ മെക്സിക്കോയിലെ ഇക്സ്താപ്പായിൽ ഇന്ത്യയുംപ്പെടെ ആറുരാഷ്ട്രങ്ങളുടെ തലവന്മാരുടെ നേതൃത്വത്തിൽ ഒരു നിരായുധീകരണ സമ്മേളനം നടന്നു. അതിന്റെ പ്ലീനറിയോഗത്തെ അഭിസംബോധന ചെയ്ത് ഗബ്രിയേൽ ഗാർസിയാ മാർക്വസ് നടത്തിയ പ്രസംഗമാണ് ഇവിടെ കൊടുക്കുന്നതു്. നോബെൽ സമ്മാനം നേടിയ വിശ്വവിഖ്യാത നോവലിസ്റ്റായ ഗബ്രിയേൽമാർക്വസ് മാനവികതയുടേയും ലോകസമാധാനത്തിന്റെയും ശക്തനായൊരുവക്താവുകൂടിയാണ്. ഏകാന്തതയുടെ നൂറുവർഷങ്ങൾ, വംശാധിപതിയുടെ വീഴ്ച, പേരക്കയുടെ സൗരഭ്യം, കേണലിന് ആരുമെഴുതുന്നില്ല എന്നീ കൃതികളിലൂടെ അനശ്വരനായ മാർക്വസ് ലത്തീൻ അമേരിക്കയിലെ വിമോചന പ്രസ്ഥാനങ്ങളുടെ ബന്ധുവാണ്. ക്യൂബൻ പ്രധാനമന്ത്രിയും സമാധാനപ്രസ്ഥാനത്തിന്റെയും ചേരിചേരാസമുച്ചയത്തിന്റെയും നേതാവായ ഫിദൽ കാസ്ട്രോവിന്റെ ഉററചങ്ങാതിയും.

കാവ്യാത്മകമായ സ്ഥാനവിപര്യമാണ് നല്ല നോവലെന്ന് വിശ്വസിക്കുന്ന മാർക്വസിന്റെ കൃതികൾ മാനവസമൂഹത്തിന്റെയും വിശ്വപ്രകൃതിയുടേയും ഹൃദയമിടിപ്പുകൾ സൂക്ഷിക്കുന്നു. നോവലിന്റെ ആത്മാവിന് മാജിക്കൽ റിയലിസത്തിന്റെ ആഖ്യാനശൈലി കണ്ടെത്തിയ മാർക്വസ് ഈ നൂററാണ്ടിന്റെ ഒരപൂർവ്വപ്രതിഭതന്നെ. ഇവിടെ കൊടുക്കുന്ന മാർക്വസിന്റെ യുദ്ധവിരുദ്ധ പ്രസംഗം വർത്തമാനകാലത്തെ മനുഷ്യന്റെ സമസ്തഭാവങ്ങളും ഉൾക്കൊള്ളുന്നു. മുഖ്യമായിപ്പറഞ്ഞാൽ, കൊടിയ നാശത്തിന്റെ ഭീകരതക്കെതിരെ സടകുടഞ്ഞെഴുന്നേല്ക്കേണ്ട വിശ്വമാനവ ബോധത്തിന്റെയും.

ഒരു പകുതി ആവില്ലല്ലോ. ലോകത്തെ മറ്റുകളിൽ ഒരിടത്ത് 5 പേരും കണ്ടതുപോലെയും അമിതമായ അലങ്കാരങ്ങളും. അടിസ്ഥാനസൗകര്യം പാർപ്പിടങ്ങൾ, പ്രാഥമിക ആരോഗ്യരക്ഷയും, അടിസ്ഥാന വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം, ജലവിതരണം, ഭക്ഷണം എന്നീ പ്രധാന പരിപാടികൾക്ക് ഒരു ബില്ല്യൻ ഡോളറുകളുടെ പകുതി. പക്ഷേ അതൊക്കെ ആരും പാഴ്‌സ്വപ്നമായി. എന്നാൽ അതും ഇക ഒരു ന്യൂ ബി (ബി-2) ബോംബറുകളുടെ വില മാത്രമാണെന്നോർക്കുക. അമേരിക്കയിൽ അടുത്തിടെ തന്നെ നിർമ്മിക്കുന്ന 2000-ൽ തയ്യാറാകുന്ന ക്രൂയിസ് മിസൈലുകൾക്ക് ചെലവാകുന്ന 21.2 ബില്ല്യൻ ഡോളറുകളാണ് എത്രയോ വലിയ തുകയാണ്.

ആരോഗ്യ സംരക്ഷണമെടുക്കാം. അമേരിക്ക പതിനഞ്ച് നിമിഷ് അണ്വായുധ വിക്ഷേപിണികൾ 2000-ാമാണ്ടിനകം ചിലവിടും. അതിൽ 10 എണ്ണത്തിന് വരുന്ന ചെലവ് മതി അടുത്ത പതിനഞ്ചുവർഷത്തേക്ക് ഒരു ബില്ല്യൻ മനുഷ്യരെ മലമ്പനിയിൽ നിന്നൊഴിവാക്കാൻ, ഇതു തടയാനാവുമായിരുന്നു. (ആഫ്രിക്കയിൽ മാത്രം 14 ലക്ഷം കുഞ്ഞുങ്ങളെ മലമ്പനി ബാധിക്കുന്നു.)

ഇനി ഭക്ഷണത്തിന്റെ കാര്യമെടുക്കാം. കഴിഞ്ഞ വർഷം 575 കോടി ഡോളറുകൾ ലോകത്ത് പട്ടിണിക്കിടയായവരുടെ ഭക്ഷ്യ-കാർഷിക സഹായ പദ്ധതി. അവർക്കുവേണ്ട ഭക്ഷണത്തിന്റെ ശരാശരി കണക്കിലെടുക്കുകയാണെങ്കിൽ, 149 എം. എക്സ് മിസൈലുകൾക്ക് വേണ്ടിവരുന്ന ചെലവ് മതി. പശ്ചിമ യൂറോപ്പിൽ അമേരിക്ക വിന്യസിക്കുന്നത് 223 എം. എക്സ് മിസൈലുകളാണ്. അതുപോലെ നാലുവർഷത്തേക്ക്, കാർഷിക ഉപകരണങ്ങളുടെയും മറ്റും ഭക്ഷ്യകാര്യത്തിൽ മറ്റിടങ്ങൾക്ക് സ്വയംപര്യാപ്തത നേടാൻ 27 എം. എക്സ് മിസൈലുകൾക്കുവേണ്ട പണം മതിയാകും.

ഇനി വിദ്യാഭ്യാസത്തിന്റെ കാര്യമെടുക്കാം. അമേരിക്കൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്ന 61 അന്തർവാഹിനിക്കപ്പലുകളാണ് പണിയാൻ പോകുന്നത്. ഈ തുക മതി ലോകത്തിന് എണ്ണമറ്റ കേന്ദ്രങ്ങളിൽ ഇപ്പോഴത്തെ അതേപോലെ നമ്മുടെ സമ്പൂർണസാക്ഷരതയിലേക്ക്. 45 MX മിസൈലുകളുടെ തുകയാണ് മൂന്നാം ലോകത്ത് കുട്ടികൾക്ക് പള്ളിക്കൂടങ്ങളും പണിയാനും അദ്ധ്യാപകർക്ക് പരിശീലനം നൽകാനും കഴിയും. പിന്നെയും 419 മിസൈലുകൾ ബാക്കി വരും. അതിന്റെ തുകകൊണ്ട് വരുന്ന 15 വർഷത്തെ വിദ്യാഭ്യാസച്ചെലവുകളും നടത്താം.

കഴിഞ്ഞ പതിറ്റാണ്ടുകളിൽ മൂന്നാം ലോകരാജ്യങ്ങൾക്കുണ്ടായ വിദേശകടവും കടങ്ങളുടെ പലിശയും അതേ കാലയളവിൽ സൈനികാവശ്യങ്ങൾക്കായി ലോകം ചെലവിട്ട പണത്തിന്റെ നാലിലൊന്ന് മാത്രമാണ്. യുദ്ധാവശ്യങ്ങൾക്കായി ധൂർത്തടിക്കുന്ന സമ്പത്ത് നോക്കുക. എത്രയോ വേദനാജനകമാണിത്. ഭയങ്കരമായ ഈ ധൂർത്തിനേക്കാൾ വലുത് മനുഷ്യശക്തിയുടെതന്നെ ധൂർത്താണ്. മനുഷ്യസമുദായത്തിന്റെ ചരിത്രം പരിശോധിക്കുക. ശാസ്ത്രജ്ഞന്മാരുടെ ഏറ്റവും വലിയൊരു സമൂഹത്തെ യുദ്ധവ്യവസായം ഇന്ന് അടിമകളാക്കി വച്ചിരിക്കുന്നു. ചരിത്രത്തിൽ എത്ര മനുഷ്യരാശിക്ക് ഇത്രയും പേർ ചെയ്തിട്ടുണ്ട്? എന്നാൽ ഈ ശാസ്ത്രജ്ഞന്മാർ നമ്മുടെ ഭാഗത്തുള്ളവരാണ്. അവരുടെ ശരിയായ സ്ഥലം അവിടെയല്ല, പക്ഷേ, ഇവിടെ, ഈ ലബോറട്ടറിയിലാണ്. ജീവന്റെ ശാസ്ത്രങ്ങൾക്കുവേണ്ടിയുള്ള അവരുടെ മോചനം സൃഷ്ടിയുടെ ആവശ്യമാണ്. മനുഷ്യരുടെ വിമോചനത്തിനുവേണ്ടി, നീതിക്കുവേണ്ടി സമാധാനത്തിന്റെ സംസ്ഥാപനത്തിനുവേണ്ടിയുള്ള അവരുടെ മോചനം.

അറച്ചുകയറുന്ന ഈ തെളിവുകളെല്ലാമുണ്ടെങ്കിലും ആയുധപന്തയം ഒരു നിമിഷത്തിന്റെ ഇടവേളക്കുവേണ്ടിയല്ല. ഇപ്പോഴും തന്നെ, നമ്മുടെ ഉച്ചഭക്ഷണം കഴിഞ്ഞപ്പോഴേക്കും ഒരു പുതിയ അണ്വായുധ അവസാനം കൂടി പണിതുകഴിഞ്ഞു. നാളെ നമ്മളെല്ലാം ഉണർന്നെഴുന്നേൽക്കുമ്പോഴും ധനിക രാജ്യങ്ങളുടെ കയ്യിൽ

മരണക്കെണിതീർത്തുകൊണ്ട് ഒപ്പുതാവളംകൂടി പണിഞ്ഞേക്കാം. ഒരു അണുവായുധതാവളത്തിന്റെ വിലമതി, നയാഗ്രവെള്ളച്ചാട്ടത്തെപോലും ചന്ദനതൈലം പൂശാൻ. വസന്തത്തിലെ ഒരു ഞായറാഴ്ചയെങ്കിലും.

ജീവിച്ചിരിക്കുന്ന മഹാനായ ഒരു നോവലിസ്റ്റ് ഒരിക്കൽ പറഞ്ഞു, ഭൂമിമററുഗ്രഹങ്ങളുടെ ഒരു നരകമല്ലേയെന്ന്. എന്നാൽ ഇവിടം നരകത്തേക്കാൾ എത്രമോശമാണ്. മഹത്തായ പ്രപഞ്ചത്തറവാട്ടിലെ തന്റെ വിദൂരപ്രാന്തങ്ങളിൽ താന്താങ്ങളുടെ ദൈവങ്ങളുടെ കാരുണ്യത്തിനായി തള്ളപ്പെട്ടിരിക്കുന്ന ഓർമ്മകൾ നഷ്ടപ്പെട്ടൊരു ഗ്രാമമാണ് ഭൂമി.

ജീവനെന്ന പ്രതിഭാസത്തെ നിലനിർത്തുന്ന അത്ഭുതസാഹസം ഭൂമിയിലേയുള്ളു. ആയുധപന്തയം മനുഷ്യന്റെ സർഗ്ഗപരമായ ബുദ്ധിവൈഭവത്തിന് തന്നെ ഭീഷണിയുയർത്തുന്നു. വിനാശ സംബന്ധിയായ സംശയങ്ങൾ ഈ നിഗമനങ്ങളിലെല്ലാം നമ്മെയെത്തിക്കുന്നു.

പ്രകൃതിയ്ക്കുമുണ്ട് ബുദ്ധിവൈഭവം. മനുഷ്യനെഴുതുന്ന കവിതയുടെ സുതാര്യതയെ തട്ടിമാററിക്കൊണ്ട് മനുഷ്യന്റേതിനുപുറമേ പ്രകൃതിയുടേയും സർഗ്ഗാത്മകമായ ബുദ്ധിയും ഭീഷണാത്മകമാണ്. ഭൂമിയിൽ നാം കാണുന്ന ജീവൻ പ്രത്യക്ഷപ്പെട്ടശേഷം, നൂററിഎൺപത്ത് ലക്ഷം ദശവർഷം വേണ്ടിവന്നു ഒരു ചിത്രശലഭത്തിന് ചിറകടിച്ചുപറക്കാൻ, മനോഹാരിത വിടർത്തുകയെന്ന ധർമ്മം മാത്രമുള്ള ഒരു റോസാപുഷ്പത്തിന് അതിന്റെ ഇതൾ വിടർത്താൻ. കരങ്ങിന്റെയും മനുഷ്യന്റെയും പരിണാമത്തിലെ ഇടയ്ക്കുള്ള കണ്ണിയായ ജാവാ മനുഷ്യനു വിരുദ്ധമായി ഭംഗിയായി പാട്ടുപാടാനും സ്നേഹത്തിനുവേണ്ടി മരിക്കാനും പിന്നെയും നാലു ഭൗമികയുഗങ്ങൾ മനുഷ്യനുവേണ്ടിവന്നു.

ശാസ്ത്രത്തിന്റെ ഈ സുവർണ്ണ കാലഘട്ടത്തിൽ മനുഷ്യസമൂഹത്തിന്റെ സർഗ്ഗപരമായ കഴിവുകളോട് ഒരാദരവും ഇല്ലാതായിരിക്കുന്നു. ഒരു ബട്ടണമർത്തുകയെന്ന ലളിതമായ ക്രിയയിലൂടെ, എല്ലാററിന്റേയും തുടക്കത്തിനുമുമ്പുള്ള ശൂന്യതയുടെ അവസ്ഥയിലേക്ക് തിരിച്ചുപോകാനുള്ള കോടാനുകോടിയുടെ ഭയങ്കരമായ യുദ്ധസന്നാഹങ്ങൾക്ക് മനുഷ്യന്റെ സർഗ്ഗാത്മകതയോട്ട് എന്താദരവാണുണ്ടാവുക?

ഇതൊന്നും സംഭവിക്കാൻ പാടില്ല. നാമിവിടെ കൂടിയിരിക്കുന്നത് അതിനാണ്. എണ്ണമററ മനുഷ്യർ ആയുധങ്ങളില്ലാത്ത ഒരു ലോകത്തിനും സമാധാനത്തിനും നീതിക്കും വേണ്ടി ശബ്ദം മുഴക്കുന്നു. അതുമായി നമ്മുടെ ശബ്ദവും ലയിച്ചു ചേരണം.

നാശമാണ് സംഭവിക്കുന്നതെങ്കിൽ, നമ്മളിവിടെ കൂടിയിരിക്കുന്നതിൽ അർത്ഥമില്ല.

നാശമാണ് സംഭവിക്കുന്നതെങ്കിൽ, അവസാനത്തെ ആ സ്ഫോടനവും കഴിഞ്ഞ് സഹസ്രയുഗങ്ങൾ കഴിഞ്ഞാൽ ലോകസുന്ദരിയായി കിരീടം അണിയുന്നത് തീക്കട്ടക്കയിൽ ജീവിക്കുന്ന ഉറമ്പുപോലുള്ള ഒരു വിചിത്ര ജന്തുവായിരിക്കും. ഒരു സലമാണ്ടർ.

അത് സംഭവിക്കണമോ?

ഈ ചോദ്യത്തിനു മറുപടി ശാസ്ത്രത്തിന്റെ, കലയുടെ, സാഹിത്യത്തിന്റെ, സർഗ്ഗാത്മക വൈഭവത്തിന്റെ, സമാധാനത്തിന്റെ പതാക ഉയർത്തേണ്ട





സ്ത്രീ പുരുഷന്മാരായ നമ്മെ
ആശ്രയിച്ചിരിക്കുന്നു.

ഒരു അണുയുദ്ധം വേണ്ടേ വേണ്ട. വിനയത്തോടും അതേസമയം ദൃഢതയോടും നമുക്ക് പ്രതിജ്ഞയെടുക്കാം. ഒരു അണുദുരന്തത്തിൽ നിന്നു് രക്ഷപ്പെടാൻ നിതാന്ത ജാഗ്രതയുടെ ഒരു പേടകം നമുക്ക് തീർക്കാം.

ഈ ജാഗ്രതയും ദാർഢ്യവുമില്ലെങ്കിൽ കാലത്തിന്റെ മഹാസമുദ്രത്തിൽ നക്ഷത്രക്കൂട്ടങ്ങളിൽനിന്നു് കൂട്ടംതെററിയ ഒരു പേടകമായി അതു് തള്ളപ്പെടും. അനന്തകോടി കാലത്തിനുശേഷം ഒരു മാനവ സമൂഹം ഉണ്ടാവുകയാണെങ്കിൽ തന്നെ ഒരു കാലത്തു് ഇവിടെ ജീവൻ നിലനിന്നിരുന്നെന്നും ഇവിടെ യാതനകളും അനീതിയും കൊടികുത്തി വാണിരുന്നെന്നും നമ്മളൊക്കെ പരസ്പരം സ്നേഹിച്ചിരുന്നെന്നും സന്തോഷം സ്വപ്നം കണ്ടിരുന്നെന്നുമൊക്കെ മനസ്സിലാക്കിയേക്കാം, പാററകൾ പറഞ്ഞു കൊടുത്തില്ലെങ്കിലും.

ഈ ദുരന്തത്തിന്റെ കുററക്കാരെ അവർ മനസ്സിലാക്കും.

ദുരന്തം വിതച്ചവർ ചെകിടന്മാരായതുകൊണ്ടു് സമാധാനത്തിനുവേണ്ടിയുള്ള നമ്മുടെ ശബ്ദം ജീവന്റെ ഏററവും ഉൽകൃഷ്ടമായ സൃഷ്ടിക്കുവേണ്ടിയുള്ള ശബ്ദം. ഒരു വനരോദനമായെന്നും അവർ മനസ്സിലാക്കും. കിരാതമായ കണ്ടുപിടുത്തങ്ങൾ കൊണ്ടു് വെറും നിസ്സാരമായ കാര്യങ്ങൾക്കായി ഭൂമിയെ ഈ പ്രപഞ്ചത്തിൽ നിന്നും വഴി തെററിച്ചതിനെക്കുറിച്ചും.

കടപ്പാട് : പ്ളോട്ട് കൊച്ചി-ഒന്നു്

## സഡാക്കോ സസക്കി

ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തിയഞ്ചു് ആഗസ്റ്റ് ആറിനു് അമേരിക്ക ഹിരോഷിമയിൽ ആററം ബോംബിട്ടപ്പോൾ സഡാക്കോ സസക്കി രണ്ടു വയസ്സുള്ള ഒരു കൊച്ചുകുട്ടിയായിരുന്നു. വലിയ ഒരോട്ടക്കാരിയാവുകയായിരുന്നു ആ കൊച്ചുകുട്ടിയുടെ ഏററവും വലിയ സ്വപ്നം.

പത്തുവർഷങ്ങൾക്കുശേഷം തന്റെ ടീമിനെ വിജയത്തിലേക്കു് നയിച്ചതിന്റെ പിറേറന്നു്, ഒരു പരിശീലനത്തിനിടെ അവൾ ബോധമററു വീണു. ഹിരോഷിമയിലും നാഗസാക്കിയിലും വീണ അണുബോംബുകൾ വർഷിച്ച വിഷജ്വാലകൾ ആ കുട്ടിയിൽ രക്താർബുദത്തിന്റെ അണുക്കൾ വിതറിയ കാര്യം അന്നാരുമറിഞ്ഞതേയില്ല.

This place lies 19 miles north-west from Basti and 25 miles north-east from Ayodhyā and has been identified by Mr. Carlleyle[†] with Kapilavastu, the birth-place of Sakyamuni, which identification General Cunningham approves of. After

* The Oudh Gazetteer, Vol. I, page 6, gives the date of the completion of this Masjid as A. H. [illegible], or A. D. [illegible], the third figure in the inscription having probably been read [illegible]. But this is incorrect, as the [illegible] shows.

† [illegible] Archaeological Reports, Vol. XII, page [illegible]



ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ശ്രീരാമ ജന്മഭൂമി എല്ലാ നിലയ്ക്കും അതുല്യമത്രേ. ശ്രീരാമചന്ദ്രനെപ്പോലെ അതിന് ഹിന്ദുമനസ്സുകളിൽ അനുപമമായ ഒരു സ്ഥാനമാണുള്ളത്. രാഷ്ട്രത്തിന്റെ ചരിത്രത്തിന്റേയും സംസ്കാരത്തിന്റേയും സമ്പൂർണ്ണ ചൈതന്യത്തേയും അതു് പ്രതിനിധീകരിക്കുന്നു. ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ശ്രീരാമജന്മഭൂമി പ്രശ്നത്തിൽ വിലപേശലോ ഒത്തു തീർപ്പോ ഉണ്ടാകുന്നപ്രശ്നമില്ല. കാരണം അവിടെ ആരാധിക്കാൻ സ്വാതന്ത്ര്യമില്ലെങ്കിൽ ഒരു അർത്ഥത്തിലും തങ്ങൾ സ്വാതന്ത്ര്യരല്ല എന്നു ഹിന്ദുക്കൾ ഉറച്ചു വിശ്വസിക്കുന്നു. വിഭജനാനന്തര ഭാരതത്തിലും മുസ്ലീം മതമൗലിക വാദികളുടെ പീഢനങ്ങൾക്ക് വിധേയരാകേണ്ടവരാണ് ഹിന്ദുക്കളെങ്കിൽ എന്തർത്ഥത്തിലാണ് അവർക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടുള്ളത്? പള്ളിയേക്കാൾ ബാബറെ കൂടുതൽ പ്രധാനമായി കണക്കാക്കുന്നില്ലെങ്കിൽ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം ബാബറിമസ്ജിദ് ഇന്ത്യയിലെ എണ്ണമററ മുസ്ലീം പള്ളികളിൽ ഒന്നേ ആകുന്നുള്ളു.

ശ്രീരാമ ജന്മഭൂമിയുടെ പ്രശ്നം, ചരിത്രപരമായ പശ്ചാത്തലത്തിലും, അതിന്റെ നേക്ക് ജനകോടികൾക്കുള്ള സ്വാഭാവികമായ വൈകാരിക ബന്ധത്തിന്റെ കാഴ്ചപ്പാടിലും കണക്കിലെടുക്കേണ്ടതുണ്ട്. ഉപരിപ്ലവമായ ഇഷ്ടാനിഷ്ടങ്ങളേയോ മറുനാടൻ പ്രത്യേയ ശാസ്ത്രങ്ങളുടെ പുതൂൻ കണ്ണടകളെയോ മാത്രം കൈമുതലാക്കികൊണ്ടുള്ള സമീപനം പ്രശ്നപരിഹാരത്തിനു പരിഹാരമാവുകയില്ല. കാരണം, മനുഷ്യ മനഃശാസ്ത്രത്തെ അതു പാടെ അവഗണിക്കുന്നു, എന്നതു് തന്നെ.

സമാധാനത്തിനുവേണ്ടി ബലിയർപ്പിക്കാനുള്ളതല്ല സ്വാഭിമാനം. തത്വത്തെ മറന്നു കൊണ്ടുള്ള വിട്ടുവീഴ്ചകളിലാണ് അക്രമത്തിന്റെ വിഷവിത്ത് മുളയ്ക്കുന്നതു്. ചരിത്രം ഇതിനു സാക്ഷിയാണ്.

പി. പരമേശ്വരൻ

# ബാബറി മസ്ജിദും രാമജന്മഭൂമിയും

മുഴുവൻ മതാനുയായികളുടേയും ആരാധനാലയങ്ങളും ആദരണീയങ്ങളാണ്. അവ നിന്ദിക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ അരുത്. മുസ്ലീം പള്ളികൾ പോലെ ഇതരസമുദായങ്ങളുടെ ആരാധനാ കേന്ദ്രങ്ങളും സംരക്ഷിക്കപ്പെടണമെന്ന് ഇസ്ലാം അതിയായാഗ്രഹിക്കുന്നു. അവ തകർക്കപ്പെടുന്നതിലെ അസ്വസ്ഥത വിശുദ്ധ ഖുർആൻ ഇങ്ങനെ പ്രകടിപ്പിക്കുന്നു: 'ദൈവം ചിലരെ മറ്റു ചിലരാൽ പ്രതിരോധിക്കുന്ന പതിവില്ലായിരുന്നെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന ക്രൈസ്തവ ചർച്ചുകളും ജൂത പള്ളികളും സന്യാസി മഠങ്ങളും തകർക്കപ്പെടുമായിരുന്നു.' 22:40.

മുസ്ലീം ഭരണാധികാരികളും സമുദായ നേതാക്കളും അന്യമതസ്ഥരുടെ ആരാധനാലയങ്ങൾ പരിരക്ഷിക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണ്. അവിവേകികളും അമിതാവേശക്കാരുമായ മുസ്ലീംകൾ അവ പള്ളികളാക്കി പരിവർത്തനം ചെയ്യാനുള്ള പശ്ചാത്തലം പോലുമുണ്ടാവരുതെന്ന നിർബന്ധം പ്രമുഖരായ മുൻഗാമികൾക്കുണ്ടായിരുന്നു.

പാലസ്തീനിൽ നൂററാണ്ടുകളായി നിലനിന്നു പോന്നിരുന്ന സാമ്രാജ്യവാഴ്ചക്ക് വിരാമമിട്ടത് ഖലീഫാ ഉമറാണ്. ഹിറാക്ലിയസിന്റെ മർദ്ദക ഭരണമവസാനിപ്പിച്ച് തദ്ദേശവാസികൾക്ക് ആശ്വാസമേകിയ മഹാനാണദ്ദേഹം. അതുകൊണ്ടുതന്നെ അവിടം സന്ദർശിച്ച അദ്ദേഹത്തിന് നാട്ടുകാർ സ്നേഹാദരപൂർണ്ണമായ സ്വീകരണമാണ് നൽകിയത്. അവരുടെ മുൻനിരയിലുണ്ടായിരുന്നത് സ്ഥലത്തെ ക്രൈസ്തവ പുരോഹിതനായ പാത്രിയാക്കീസ് സ്വഫർ നിയൂസും പരിവാരങ്ങളുമാണ് അവരോടൊന്നിച്ച് അവിടം ചുററിക്കറങ്ങവേ മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്ക് സമയമായി. വിവരം പാത്രിയാക്കീസിനെ അറിയിച്ചപ്പോൾ അദ്ദേഹം ഖലീഫയോട് തങ്ങളുടെ ചർച്ചിൽ വെച്ച് നമസ്കരിക്കാനാവശ്യപ്പെട്ടു. എന്നാൽ ഖലീഫ അതു നന്ദിപൂർവ്വം തിരസ്കരിച്ചു. അതിനദ്ദേഹം പറഞ്ഞ കാരണം, താൻ അവിടെ വച്ച് നിസ്കരിച്ചാൽ പിൻകാലത്ത് മുസ്ലീങ്ങളാരെങ്കിലും അതിന്റെ പേരിൽ ചർച്ചിന്റെ മേൽ അവകാശവാദമുന്നയിക്കുകയും അതു പള്ളിയാക്കിമാററാൻ ശ്രമിക്കുകയും ചെയ്യാനിടയുണ്ടെന്നായിരുന്നു. അത്തരം ഒരു അവിവേകത്തിന് അവസരമുണ്ടാവരുതെന്ന നിർബന്ധമുണ്ടായിരുന്ന ഖലീഫാ ഉമർ ചർച്ചിന പുറത്ത് ഒഴിഞ്ഞ ഒരിടത്ത് വസ്ത്രം വിരിച്ച് നമസ്കരിക്കുകയാണുണ്ടായത്.

ക്ഷേത്രവും ചർച്ചും ഗുരുദ്വാരയും പള്ളിയാക്കുന്നതുമാത്രമല്ല ഇസ്ലാം വിലക്കിയത്. അന്യരുടെ സ്വത്തിന്റെ നന്നേ ചെറിയ അംശം പോലും അവരുടെ അനുവാദമില്ലാതെ പള്ളി നിർമ്മാണത്തിനുപയോഗിക്കരുത് എന്ന് കണിശമായി നിഷ്കർഷിച്ചിരുന്നു.

## രാമ ജന്മഭൂമിയോ?

ത്രേതായുഗത്തിലാണ് ശ്രീരാമചന്ദ്രജി ജീവിച്ചിരുന്നത് എന്ന് വിശ്വസിക്കുന്നവരുണ്ട്. എങ്കിലത് 1296000 വർഷങ്ങൾക്കപ്പുറമാണ്. വിവാദഭൂമിയുടെമേൽ അവകാശവാദമുന്നയിച്ചവരുടെ വീക്ഷണത്തിൽ അദ്ദേഹം ജീവിച്ചത് B. C. 2500 വർഷങ്ങൾക്കു മുമ്പാണ്. ശ്രീരാമചന്ദ്രജി ശംഗവേർപൂരിൽ ഗംഗമുറിച്ചു കടന്ന് ബരധ്വജ് ആശ്രമത്തിലെത്തിയെന്നാണ് വിശ്വസിക്കപ്പെടുന്നത്. എന്നാൽ B. C. 600ന് മുമ്പ് ഇന്ന് അയോദ്ധ്യ എന്ന പേരിലറിയപ്പെടുന്ന പ്രദേശത്ത് ഒരൊററ മനുഷ്യനും താമസിച്ചിരുന്നില്ലെന്ന് 'ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ'യുടെ ആഭിമുഖ്യത്തിൽ നടത്തിയ ഗവേഷണ പഠനം അസന്നിഗ്ദ്ധമായി തെളിയിച്ചിരിക്കുന്നു. പ്രസിദ്ധ ചരിത്രകാരൻ ബി. ബി. ലാൽ ആയിരുന്നു ഗവേഷണങ്ങൾക്കു നേതൃത്വം നൽകിയിരുന്നത്. നിരീക്ഷണഫലം അദ്ദേഹം തന്റെ 'ഇന്ത്യൻ ആർക്കിയോളജി എ റിവ്യൂ' എന്ന ഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡൽഹി സർവ്വകലാശാലയിലെ ചരിത്രാദ്ധ്യാപകനായ ഡോ: ആർ. എൻ. ശുക്ല, പ്രമുഖ ചരിത്ര പണ്ഡിതൻ കെ. എൻ. ദീക്ഷിത് ഡോ: ആനന്ദ് സദാശിവ പോലുള്ളവരും ഒട്ടേറെ ഗവേഷണ പഠനങ്ങൾക്കുശേഷം ബി. സി. 600ന് മുമ്പ് വിവാദഭൂമിയിൽ ജനവാസമുണ്ടായിരുന്നില്ലെന്ന് വ്യക്തമാക്കിയിരിക്കുന്നു.

വാല്മീകി രാമായണം നൽകുന്ന വിവരമനുസരിച്ച് ശ്രീരാമചന്ദ്രജി ജീവിച്ച അയോദ്ധ്യ സരയൂ നദിയുടെ തെക്കേകരയിൽ ഒന്ന

യോജന (പഴയ കാലത്തെ അളവുകോൽ. എതാണ്ട് 23 കി. മി.) അകലെയാണ്. മാത്രമല്ല വാല്മീകി മഹർഷി പരാമർശിച്ച സരയൂനദി കുറെ ദൂരം പടിഞ്ഞാറോട്ടൊഴുകി ഗംഗയിൽ പതിക്കുകയാണ് ചെയ്യുന്നത്. എന്നാൽ ബാബറി മസ്ജിദ് സ്ഥിതിചെയ്യുന്നത് സരയൂനദിയുടെ കരയിലാണ്. രാമായണത്തിൽ പറഞ്ഞ പ്രകാരം പടിഞ്ഞാറോട്ടല്ല ഒഴുകുന്നത്, പകരം കിഴക്കോട്ടാണ്. പതിക്കുന്നത് ഗംഗയിലല്ല, രപ്തി നദിയിലുമാണ്. ചുരുക്കത്തിൽ രാമായണത്തിൽ പറയുന്ന ശ്രീരാമജന്മഭൂമി ബാബറി മസ്ജിദ് സ്ഥിതിചെയ്യുന്ന സ്ഥലമല്ല. അയോദ്ധ്യ സരയൂ നദിയിൽ മുങ്ങിയതായി തുളസീദാസൻെറ രാമായണത്തിലുണ്ടെന്ന പ്രസ്താവവും ഓർക്കേണ്ടതുതന്നെ.

ആരോപണം:-

ചന്ദ്രഗുപ്തവിക്രമാദിത്യൻ പണിത ക്ഷേത്രം ബാബർ ചക്രവർത്തി തകർത്തു പള്ളിയാക്കിയെന്നും ഔറംഗസീബ് അതു പുതുക്കിപ്പണിതുവെന്നും 'രാമജന്മഭൂമി മുക്തിയ ജന സമിതി' സെക്രട്ടറി ദാവുദയാൽഖന്ന ആരോപിക്കുന്നു. അതിന് അദ്ദേഹം പറയുന്ന തെളിവ് ''പതിനായിരം ഹിന്ദുയോദ്ധാക്കളെ കൊന്നൊടുക്കി 1084 റംസാൻ 7ന് അയോദ്ധ്യ അവർ കീഴടക്കി'' എന്ന് 'ആലംഗീർ നാമ'യിലുണ്ടെന്നാണ്. ഇതു് തികച്ചും വാസ്തവ വിരുദ്ധമാണ്. 'ആലംഗീർ നാമ'യിൽ അത്തരം ഒരു പരാമർശമേയില്ല.

വിശ്വഹിന്ദു പരിഷത്തു് നേതാവ് ഗുൽബാരി ശ്രീ വാസ്തവ 'രാമജന്മഭൂമി മുക്തിയ ജനസമിതി' വൈസ് പ്രസിഡണ്ട് രാമചന്ദ്രദാസ് എന്നിവർ 'തുസ്കെ ബാബറിൽ' നിന്നു ചേർത്തു് എന്ന് അവകാശപ്പെടുന്ന ഉദ്ധരണിയിൽ 'ഹിന്ദുക്കളുടെ അത്യുന്നിബന്ധനകൾ അംഗീകരിച്ചശേഷം മാത്രമേ ബാബക്ക് പള്ളി നിർമ്മാക്കുവാൻ സാധിച്ചുള്ളൂ'വെന്നുണ്ട്. പള്ളിക്ക് 'സീതാപാക്ക്' എന്ന് നാമകരണം ചെയ്യുക, മിനാറുകൾ നിർമ്മിക്കാതിരിക്കുക, പ്രധാനകവാടം ചന്ദനത്തടി കൊണ്ടുണ്ടാക്കുക, ഹിന്ദുക്കൾക്ക് നിർബാധം പ്രവേശനാനുമതി നൽകുക, മുസ്ലീങ്ങൾ വെള്ളിയാഴ്ചമാത്രം പള്ളിയിൽ പ്രവേശിക്കുക എന്നിവയാണ് പ്രസ്തുത നിബന്ധനകളെന്നും വിവരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അത്തരം ഒരു പരാമർശം



'തുസ്കെ ബാബറി'ൽ ഇല്ല. അതു ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തതു് മിസ്സിസ്. എ. എസ്. ബീവി റിഡ്ജ് ആണ്. ഇത്തരം ഒരു പരാമർശം ഇല്ല എന്ന് അവരും 'സൺഡേ ഒബ്സർവർ' കറസ്പോണ്ടൻറ് കൽദിപ് കുമാറും വ്യക്തമാക്കിയിട്ടുണ്ട്.

ബാബറും മസ്ജിദും:-

യഥാർത്ഥത്തിൽ ബാബർ അയോദ്ധ്യയിൽ പോയിട്ടേ ഇല്ല. 1526-ൽ പാനിപ്പട്ട് യുദ്ധത്തിൽ ഇബ്രാഹിം ലോദിയെ പരാജയപ്പെടുത്തി മുഗളസാമ്രാജ്യം സ്ഥാപിച്ച സഹിറുദ്ദീൻ മുഹമ്മദ് ബാബർ ഘാഗ്രാനദി മുറിച്ചു കടന്ന് അയോദ്ധ്യയുടെ പത്തുനാഴിക അകലെയാണ് ക്യാമ്പ് ചെയ്തിരുന്നത്. ബായസീദ് എന്ന പടനായകൻ കലാപമുണ്ടാക്കിയപ്പോൾ അദ്ദേഹം അയോദ്ധ്യയിലേക്ക പുറപ്പെട്ടു എങ്കിലും 1528 - മാർച്ച് 28ന് പ്രശ്നം പരിഹരിച്ചതിനാൽ അവിടെ ചെല്ലാതെ ശാർദാ നദിയുടെ കരയിൽ വേട്ടയ്ക്കു പോവുകയാണുണ്ടായതു്. (വിശദവിവരങ്ങൾക്ക് 'തുസ്കെ ബാബർ' പേജ് 602 കാണുക)

1528-ൽ ബാബറുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിൻെറ സുബേദാർ മീർബാഖിയാണ്, തരിശായ നിലത്തു് പള്ളി നിർമ്മിച്ചതു്. അദ്ദേഹം പ്രധാന കവാടത്തിനടുത്തു് ചുമരിൽ ഒരു പേർഷ്യൻ കവിത കൊത്തി വെയ്ക്കുകയും വാതിലിനു മുകളിൽ 'അല്ലാഹ്' എന്ന രേഖപ്പെടുത്തുകയും ചെയ്തു. കൂടാതെ അന്നുതന്നെ ചുമരുകളിൽ ഖുർആൻ വാക്യങ്ങൾ എഴുതിവെക്കുകയും ചെയ്തിരുന്നു.

മുഗളന്മാരും മതസഹിഷ്ണുതയും:-

ബാബർ ചക്രവർത്തി ക്ഷേത്രധ്വംസകനോ പരമത ദ്രോഹിയോ ആയിരുന്നില്ല. എ



ന്നല്ല, ഏററവും വലിയ മതസഹിഷ്ണുവുമായിരുന്നു. ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി രാജേന്ദ്രപ്രസാദ്, പാററ്നാ യൂണിവേഴ്സിററിയിലെ ഹിസ്ററി പ്രൊഫസറായിരുന്ന ശ്രീ. രാമപ്രസാദ് ഖോസ്ല, പണ്ഡിററ് ജവഹർലാൽ നെഹ്റു, അലഹബാദ് യൂണി - ലെ ചരിത്രാദ്ധ്യാപകനായ ഡോ. രാമപ്രസാദ് ത്രിപാഠി തുടങ്ങിയവരെല്ലാം ഇക്കാര്യം സംശയരഹിതമായി വ്യക്തമാക്കിയിട്ടുണ്ട്. നാഷണൽ ആർക്കൈവ്സിൽ സൂക്ഷിക്കപ്പെട്ട രേഖകളിൽ ബാബർ തൻെറ മകന് നൽകിയ ഉപദേശങ്ങൾ കാണാം. ഗോമാംസം ഭക്ഷിക്കുന്നതും ആരാധനാലയങ്ങൾ നശിപ്പിക്കുന്നതും അദ്ദേഹമതിൽ ശക്തിയായി വിലക്കിയിരുന്നു.

ഹുമയൂൺ കബീറും അക്ബറുമെല്ലാം ഹിന്ദുസഹോദരന്മാരോട് പുലർത്തിയിരുന്ന സൗഹാർദ്ദവും സഹിഷ്ണതയും സുവിദിതമാണ്. അവരുടെ മുൻഗാമി ബാബർ ശ്രീരാമജന്മഭൂമിയിലെ ക്ഷേത്രം പള്ളിയാക്കി മാററിയിരുന്നെങ്കിൽ അക്ബറുടെ കാലത്തെങ്കിലും അതിനെതിരെ പരാതികൾ ഉയർന്നുവരികയും അദ്ദേഹം ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ 1884-വരെ അത്തരമൊരു പ്രശ്നം ആരെങ്കിലും ഉന്നയിച്ചതായി ഇന്നേവരെ തെളിയിക്കപ്പെട്ടിട്ടില്ല.

തർക്കത്തിൻെറ തുടക്കം:-

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം ബ്രിട്ടീഷുകാരെ പരിഭ്രാന്തരാക്കി. ഹിന്ദുക്കളും മുസ്ളീംങ്ങളും വളരെ ഐക്യത്തോടും ഏകമനസ്സോടും കൂടിയാണ് അതിൽ പങ്കെടുത്തിരുന്നത്. അതിനാൽ ബ്രിട്ടീഷുകാർ അവർക്കിടയിൽ അനൈക്യവും ശത്രുതയും വളർത്താൻ പരമാവധി ശ്രമിച്ചു. അതിൻെറ ഫലമായിരുന്നു എച്ച്. ആർ. നെവിലിൻെറ വിഷലിപ്തമായ കൃതി. ക്ഷേത്രം പൊളിച്ചു ബാബർ പള്ളി നിർമ്മിച്ചു എന്നും ബാബറി മസ്ജിദ് നിൽക്കുന്നത് സീതാദേവിയുടെ ഭോജനശാലയിലാണ് എന്നും ആദ്യമായി ആരോപിക്കപ്പെട്ടത് പ്രസ്തുത പുസ്തകത്തിലാണ്. അതോടൊപ്പം 1884 - 88 കാലത്ത് അവിടം ഭരിച്ച ലോർഡ് സെഫ്റിൻെറ പ്രേരണയാൽ അതിരൂക്ഷമായ വർഗ്ഗീയ കലാപവും പൊട്ടിപ്പുറപ്പെട്ടു. 1885 ലായിരുന്നു അത്. കലാപാന്ത്യത്തിലുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥയനുസരിച്ച് പള്ളിയുടെ സമീപം ഒരു ചബൂത്തറ (മണ്ഡപം) നിർമ്മിക്കാൻ മുസ്ളീംങ്ങൾ അനുവാദം നൽകി. എങ്കിലും അവിടെ ആരാധനകൾ നടന്നിരുന്നില്ല.

1885 ജനുവരി 29ന് രഘുബർദാസ് മഹന്ത്, ഫൈസാബാദ് സബ്ജഡ്ജി, പണ്ഡിററ് ഹരികിഷൻ മുമ്പാകെ ചബൂത്തറയിൽ മേലാപ്പ് കെട്ടി പൂജക്ക് അനുമതി നല്കണമെന്ന് ആവശ്യപ്പെട്ട് കേസുകൊടുത്തു. 1885 ഫെബ്രുവരി 24ന് ഹരികിഷൻ അതു തള്ളി. 1886 മാർച്ച് 26 ന് ഫൈസാബാദ് ജില്ലാ ജഡ്ജി കേണൽ ജെ. ഇ. എ. ചാമ്പ്യൻ മുമ്പാകെ രഘുബർ ദാസ് അപ്പീൽ സമർപ്പിച്ചു. 1886 മാർച്ച് 26 ന് തന്നെ അതും നിരസിക്കപ്പെട്ടു. 1886 മെയ് 25ന് അവധിയിലെ ജുഡീഷ്യൽ കമ്മീഷണറുടെ മുമ്പാകെ വീണ്ടും പെററീഷൻ നല്കി. 1886 നവംബർ 1 ന് കമ്മീഷണർ യംങ് അതും തള്ളിക്കളഞ്ഞു. അവധിയിലെ മഹന്ത് (പുരോഹിതൻ) എന്ന നിലയിൽ ചബൂത്തറയിൽ മേലാപ്പ് പണിത് പൂജ നടത്താൻ അനുമതിനേടുകയാണ് രഘുബർദാസ് ചെയ്തിരുന്നത്. അല്ലാതെ അന്നൊന്നും പള്ളിയുടെ മേൽ യാതൊരു അവകാശവും ഉന്നയിച്ചിരുന്നില്ല. കമ്മീഷണർ യങ്ങ് കൂടി അദ്ദേഹത്തിൻെറ അപേക്ഷ നിരസിച്ചതോടെ തല്ക്കാലം പ്രശ്നം കെട്ടടങ്ങി. 1949 വരെ പിന്നീട് പ്രശ്നങ്ങളൊന്നുമുണ്ടായില്ല.

പള്ളിപൂട്ടുന്നു;-

1949 ഡിസംബർ 29ന് അർദ്ധരാത്രി കലക്ടർ. കെ.ജെ. നായരുടെ പിന്തുണയോടെ മഹന്ത് അഭയറാം ശിഷ്യരോടൊത്ത് പള്ളിയിൽ വിഗ്രഹങ്ങൾ കൊണ്ടുപോയി പ്രതിഷ്ഠിച്ചു. അടുത്ത ദിവസം രാവിലെ പ്രഭാത പ്രാർത്ഥനക്കെത്തിയ മുസ്ലീംങ്ങൾ അതുകണ്ട് അത്ഭുതസ്ത

ബ്ബരായി. അവർ ജില്ലാ ഭരണാധികാരിയോട് പരാതി പറഞ്ഞു. എന്നാൽ സിററി മജിസ്ട്രേട്ട് 144 പാസാക്കുകയും 145-ാം വകുപ്പനുസരിച്ച് പള്ളിപൂട്ടി സീൽവയ്ക്കുകയുമാണുണ്ടായത്. അതോടെ 421 വർഷം മുസ്ലീംങ്ങൾ അവിരാമം ആരാധന നിർവ്വഹിച്ചു പോന്ന പള്ളിയിലവർക്ക് പ്രവേശനാനുമതി നിഷേധിക്കപ്പെട്ടു.



23-12-1949 ന് പോലീസ് കോൺസ്റ്റബിൾ ശ്രീ. മാതാപ്രസാദ് തയ്യാറാക്കിയ റിപ്പോർട്ടിലും എഫ്. ഐ. ആർ. ലും പള്ളി മുസ്ലിംങ്ങൾക്കവകാശപ്പെട്ടതാണ് എന്നു സംശയരഹിതമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഫൈസാബാദ് സിററി കോൺഗ്രസ് പ്രസിഡണ്ടായിരുന്ന ശ്രീ സിദ്ധേശ്വരി പ്രസാദ് പള്ളിപൂട്ടിയതിനെ നിശിതമായി വിമർശിക്കുകയും ഉണ്ടായി. സ്വാതന്ത്ര്യസമര സേനാനിയും UPSC അംഗവുമായിരുന്ന അക്ഷയ് ബ്രഹ്മചാരി പള്ളി മുസ്ലീംങ്ങൾക്ക് തുറന്നു കൊടുക്കണമെന്ന് ആവശ്യപ്പെട്ട് ഉപവാസമനുഷ്ടിച്ച കാര്യവും വിസ്മരിക്കാവുന്നതല്ല. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു യു. പി. മുഖ്യമന്ത്രി ജി. ബി. പാണ്ഡ്യവിനും ജില്ലാ കലക്ടർ കെ. ജെ. നായർക്കും പ്രശ്നം പരിഹരിക്കാൻ നിർദ്ദേശങ്ങൾ നൽകിയിരുന്നു. പക്ഷേ കെ. ജെ. നായർ അതിന് വഴങ്ങിയില്ല. അതോടൊപ്പം അദ്ദേഹം ഉദ്യോഗം രാജിവെക്കേണ്ടിവന്നു. എങ്കിലും ആത്യന്തിക വർഗ്ഗീയവാദികൾ അദ്ദേഹത്തിനും ഭാര്യ സുശീലക്കും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ടിക്കററു നൽകി അനുഗ്രഹിക്കുകയാണുണ്ടായത്.

1949-ൽ ജെ. എൽ. ഉഗ്ര സമർപ്പിച്ച സത്യവാങ്ങിലും പോലീസ് സൂപ്രണ്ട് കൃപാൽ സിങ്ങിന്റെ കൗണ്ടറിലും പള്ളിയുടെ മേലുള്ള മുസ്ലിംങ്ങളുടെ അവകാശം സംശയരഹിതമായി വ്യക്തമാക്കിയിട്ടുണ്ട്. 1950ൽ ഇരു വിഭാഗങ്ങളിൽ നിന്നും ലഭിച്ച പെററീഷനുകൾ ലീഡിംഗ് കേസായി ഫയലിൽ സ്വീകരിച്ചെങ്കിലും കഴിഞ്ഞ 37 വർഷമായി വിചാരണയോ തെളിവെടുപ്പോ നടക്കാതെ അത് ഫയലുകളിൽ പൊടികെട്ടിക്കിടക്കുന്നു.

**ക്ഷേത്രമാകുന്നു:-**

1986 ജനുവരി 25 ന് ഉമേഷ് ചന്ദ്രപാണ്ഡെ സദർ, മുൻസിഫ് കോടതിയിൽ പള്ളിയുടെ പൂട്ട് തുറന്ന് പൂജ നടത്താൻ അനുവാദം ആവശ്യപ്പെട്ടു. അവകാശത്തർക്കം സംബന്ധിച്ച അടിസ്ഥാന കേസ് അലഹബാദ് കോടതിയിൽ ആയതിനാൽ പ്രസ്തുത അപേക്ഷ കോടതി നിരസിച്ചു. അതോടെ ജനുവരി 27ന് ജില്ലാ ജഡ്ജി. കെ. എം. പാണ്ഡെയുടെ മുമ്പാകെ അപ്പീൽ നൽകുകയും 1986 ഫെബ്രുവരി 1 ന് കേവലം 20 മിനിററ് നേരത്തെ വിചാരണക്കുശേഷം പള്ളി പൂജക്ക് തുറന്നു കൊടുക്കാൻ കൃഷ്ണൻ മോഹൻ പാണ്ഡെ ഉത്തരവുപുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കേസിൽ കക്ഷി ചേരാനുള്ള മുഹമ്മദ് ഹാഷിമിന്റെ അപേക്ഷ പരിഗണിച്ചതേയില്ല. പിന്നീട് 1986 ഫെബ്രുവരി 3 ന് മുഹമ്മദ് ഹാഷിം വിധി സ്റ്റേ ചെയ്യാനായി അലഹബാദ് ഹൈക്കോടതിയുടെ ലഖ്നോ ബെഞ്ചിൽ നൽകിയ അപേക്ഷ ഇന്നോളം വിചാരണയ്ക്കുപോലും എടുത്തിട്ടില്ല.

ജില്ലാ ജഡ്ജിയുടെ വിധി മുപ്പതു മിനിററിനകം നടപ്പാക്കപ്പെട്ടു. പള്ളിയുടെ പൂട്ട് പൊളിച്ച് അതിനകത്തു പൂജ ആരംഭിച്ചു. ആ സംഭവം ദൂരദർശനിൽ പകർത്തുകയുണ്ടായെന്നത് മുഖ്യമന്ത്രി ബീർബഹാദൂർ സിംഗിന് ഈ ഗൂഢാലോചനയിലുള്ള പങ്കിന് വ്യക്തമായ തെളിവാണ്. ജനുവരി 11 ലെ "ടൈംസ് ഓഫ് ഇന്ത്യ "യിൽ പ്രമുഖ പത്രപ്രവർത്തകനായ നിഖിൽ ചക്രവർത്തി എഴുതിയ ലേഖനം പള്ളി ക്ഷേത്രമാക്കി മാററിയതിന്റെ പിന്നിലെ ഗൂഢാലോചന വ്യക്തമാക്കുന്നുണ്ട്.

421 വർഷം മുസ്ലീംങ്ങൾ നമസ്ക്കാരം നിർവ്വഹിച്ചു പോരുകയും പിന്നീട് 37 കൊല്ലക്കാലം പൂട്ടി കിടക്കുകയും ചെയ്ത പള്ളി മുന്നരപ്പതിററാണ്ടിലേറെയായി കെട്ടിക്കിടക്കുന്ന കേസ് തീർപ്പുകല്പിക്കാതെ ക്ഷേത്രമാക്കി മാററി



യത്ത് ഇന്ത്യയുടെ മതേതര സ്വഭാവത്തെ സംബന്ധിച്ച മുസ്ലീംങ്ങളിൽ അവിശ്വാസം വരുത്തിയതിൽ അത്ഭുതമില്ല.

റിപ്പബ്ലിക് ദിന ബഹിഷ്ക്കരണം:-

പള്ളി പൂജയ്ക്ക് തുറന്ന കൊടുത്ത നടപടി റദ്ദാക്കി അതിന്റെ യഥാർത്ഥ അവകാശികൾക്ക് വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1986 ഫെബ്രുവരി 6 ന് 17 മുസ്ലീം എം. എൽ. എ. മാർ മുഖ്യമന്ത്രിയെ കണ്ട് നിവേദനം നടത്തി. പിന്നീട് '86 മാർച്ച് 3 ന് 41 മുസ്ലീം എം. എൽ. എ. മാർ പ്രധാന മന്ത്രിക്കും നിവേദനം സമർപ്പിച്ചു. '86 ജൂലായ് മാസത്തിലും ഡിസംബറിലും ആഭ്യന്തര മന്ത്രിയെയും കണ്ടു. ഇങ്ങനെ ജനാധിപത്യപരമായ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോഴാണ് 1887 ജനവരി 26ന് റിപ്പബ്ലിക് ദിനം ബഹിഷ്ക്കരിക്കാൻ മുസ്ലീം സംഘടനകളുടെ പ്രതിനിധികൾ തീരുമാനിച്ചത്. അതോടൊപ്പം ഇന്ത്യയിലെ മതേതര രാഷ്ട്രീയ പാർട്ടികൾ വരെ മുസ്ലീംങ്ങളുടെമേൽ വിഘടനവാദവും രാജ്യദ്രോഹവും ആരോപിച്ചു. ഇത് കടുത്ത അനീതിയാണ്. നീതിന്യായ കോടതികൾ പക്ഷപാതപരമായി പെരുമാറുകയും ഭരണകൂടം ന്യൂനപക്ഷ സമുദായത്തിന്റെ ന്യായമായ അവകാശങ്ങളെ പൂർണ്ണമായും അവഗണിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ നിർബന്ധിതരായതിനാലാണ് മുസ്ലീം സംഘടനകൾ അത്തരം ഒരു നിലപാട് സ്വീകരിച്ചത്. അതിന് മുൻപ് പലരും റിപ്പബ്ലിക്ദിനം ബഹിഷ്ക്കരിച്ചിരുന്നു. എന്ന കാര്യവും വിസ്മരിക്കാവുന്നതല്ല. ഇന്ത്യയിലെ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി റിപ്പബ്ലിക് ദിനവും സ്വാതന്ത്ര്യ ദിനവും കരിദിനമായി ആചരിച്ചിരുന്നു. 1947 ലും 75ലും ജയപ്രകാശ് നാരായണൻ റിപ്പബ്ലിക് ദിനപരിപാടികൾ ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്തിരുന്നു. ആസ്സാമിലെ അഖില ആസ്സാം സ്റ്റുഡന്റ്സ് യൂണിയൻ '83 ൽ സ്വാതന്ത്ര്യ ദിനവും 84 ൽ റിപ്പബ്ലിക് ദിനവും ബഹിഷ്ക്കരിക്കുകയുണ്ടായി. തമിഴ് നാട്ടിൽ ഡി. എം. കെ. ഭരണഘടന കത്തിക്കുക കൂടി ചെയ്തു. അപ്പോഴൊന്നുമുണ്ടാകാത്ത ബഹളവും രാജ്യസ്നേഹം ചോദ്യംചെയ്യലും ദേശീയ വിരുദ്ധമെന്ന മുദ്രകുത്തലും മുസ്ലീം സംഘടനകളുടെ നീക്കത്തിൽ മാത്രമുണ്ടായത് ന്യൂനപക്ഷവിഭാഗങ്ങളിൽ കടുത്ത അസംതൃപ്തി വളർത്തുകയുണ്ടായി.

വിചിത്രവാദങ്ങൾ:-

വിവാദമുയർന്നതിനാൽ ബാബറി മസ്ജിദ് രണ്ടായി ഭാഗിക്കണമെന്ന മതവിരുദ്ധരുടെ വാദം നിരർത്ഥകമാണ്. കോൺഗ്രസ് ഓഫീസിനെയോ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫീസിനെയോ സംബന്ധിച്ച് തർക്കമുണ്ടായാൽ ഉടനെ ഭാഗിക്കണമെന്നോ ചരിത്ര വസ്തുവാക്കണമെന്നോ ആരും പറയില്ല. യഥാർത്ഥ അവകാശികൾക്ക് വിട്ടുകൊടുക്കണമെന്നേ ആരും പറയാറുള്ളൂ. ബാബറി മസ്ജിദിന്റെ കാര്യത്തിലും അതാണ് വേണ്ടത്.

നാട്ടിൽ രക്തചൊരിച്ചിലുണ്ടാവുന്നതെല്ലാം ദൈവത്തിന്റേയും മതത്തിന്റേയും പേരിലാണെന്ന പ്രചാരണവും വ്യാജമാണ്. ഇന്ത്യയിലും കേരളത്തിലും നടക്കുന്ന മനുഷ്യക്കുരുതിയുടെ കഥകൾ പരിശോധിക്കുന്ന ഏവർക്കുമിത് ബോധ്യമാകും. മതത്തെ ചില സ്വാർത്ഥമതികൾ തങ്ങളുടെ താൽപര്യങ്ങൾക്ക് മറയായുപയോഗിക്കുന്നതുപോലെയോ കൂടുതലായോ രാഷ്ട്രീയത്തേയും ഉപയോഗിക്കാറുണ്ട്. മതത്തിന്റെ പേരിൽ കലാപമുണ്ടാകുമ്പോൾ മതത്തെ ആക്ഷേപിക്കുന്നവർ രാഷ്ട്രീയത്തിന്റെ പേരിൽ രക്തച്ചൊരിച്ചിലുണ്ടാകുമ്പോൾ മൗനം പാലിക്കുന്നത് വിചിത്രം തന്നെ.

മനുഷ്യർക്കിടയിൽ വിദ്വേഷവും കലഹവും കലാപവും ഉണ്ടാക്കാൻ ഒരു മതവും ആഹ്വാനം ചെയ്യുന്നില്ല. മതത്തെ മറയായുപയോഗിക്കുന്ന രാഷ്ട്രീയക്കാരാണ് പലപ്പോഴും വർഗ്ഗീയ കലാപങ്ങൾക്കും സാമുദായിക സംഘർഷങ്ങൾക്കും കളമൊരുക്കാറുള്ളത്. വോട്ടിൽ കണ്ണുനട്ട് പ്രസ്താവനകൾ പുറപ്പെടുവിക്കുന്ന മതേതര പാർട്ടികൾക്കുവരെ രാജ്യത്തിന്റെ സാമുദായികാന്തരീക്ഷം വഷളാക്കുന്നതിൽ വലിയ പങ്കുണ്ട്.

ഡോക്ടർ എൻ. വി. പി. ഉണിത്തിരി

# മതവിശ്വാസത്തിൽ നിന്ന് വർഗീയ ലഹളകളിലേക്ക്?

ഉത്തർപ്രദേശിലെ ഒരു ചെറിയ സ്ഥലത്ത് ഒതുക്കി നിർത്തി പരിഹരിക്കേണ്ടുന്ന വിശ്വാസപരമായ ഒരു പ്രശ്നത്തെ കഴിഞ്ഞ ഒന്നര വർഷത്തിലേറെയായി ആ സംസ്ഥാനമൊട്ടുക്കെന്നല്ല ഇന്ത്യാമഹാരാജ്യമാകെ വ്യാപിപ്പിച്ചുകൊണ്ട് കൊടിയ വർഗ്ഗീയ ലഹളകളുടെ വക്കത്തെത്തിച്ചിരിക്കുകയാണ് ഇവിടെ മതമൗലികവാദികൾ. പ്രശ്നം, ഒരു വിധത്തിൽ ആലോചിച്ചാൽ, വളരെ ലളിതവും എളുപ്പത്തിൽ പരിഹരിക്കാവുന്നതുമാണ്. 1528-ൽ മുഗളചക്രവർത്തിയായ ബാബറുടെ മേൽനോട്ടത്തിൽ ഉത്തർപ്രദേശിലെ അയോദ്ധ്യയിൽ ഒരു കൂററൻ പള്ളി നിർമ്മിക്കുകയുണ്ടായി. ഇസ്ലാം മതവിശ്വാസികൾ നൂററാണ്ടുകളായി അവിടെ ആരാധന നടത്തിപ്പോന്നു. 1949-ൽ ആ ആരാധനാലയത്തെക്കുറിച്ച് തർക്കം പൊങ്ങിവന്നു. ആയിരത്താണ്ടുകളായി ഹിന്ദുക്കളുടെ ആരാധനാമൂർത്തിയായി ജനമനസ്സുകളിൽ ജീവിച്ചുപോന്ന ശ്രീരാമൻ ജനിച്ചിരുന്നത് പള്ളിനിൽക്കുന്ന അതേ സ്ഥലത്തായിരുന്നുവെന്നും അവിടെ രാമജന്മഭൂമി എന്നപേരിൽ ഒരു ക്ഷേത്രമുണ്ടായിരുന്നുവെന്നും അത് പൊളിച്ചാണ് ബാബറുടെ പള്ളി അവിടെ പണികഴിപ്പിച്ചതെന്നും മററുമാണ് പുതുതായി ഉയർന്നുവന്ന വാദഗതി. പ്രശ്നം കോടതിയിലെത്തി. പതിററാണ്ടുകളോളം പള്ളി പൂട്ടിയിട്ടു. 1986 വരെ അങ്ങനെ പോയി. 86 ജനുവരിയിൽ ഉണ്ടായ ഒരു കോടതി വിധിയിൽ പള്ളി തുറന്ന് ഹിന്ദുക്കൾക്ക് പൂജ നടത്താൻ അനുമതി നൽകുകയുണ്ടായി. അതേത്തുടർന്ന് ഹിന്ദുക്കളും മുസ്ലീംങ്ങളും രണ്ടു ചേരിയിലായി നിന്നുകൊണ്ട് പ്രശ്നം രൂക്ഷമാക്കി. ഇപ്പോഴും അത് തീരുന്ന മട്ട് കാണുന്നില്ല.

മുസ്ലീം വിഭാഗത്തിൻെറ പ്രധാന വാദഗതികൾ ഇവയാണ്: (1) മതേതര രാജ്യമായ ഇന്ത്യയിൽ ന്യൂനപക്ഷമായ മുസ്ലീംങ്ങൾക്ക്, ഹിന്ദുക്കൾ മുതലായ മററു മതവിഭാഗങ്ങൾക്കുള്ളപോലെ, ആരാധനാസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്. തങ്ങൾ വളരെക്കാലമായി ആരാധന നടത്തിപ്പോന്ന ഒരു ദേവാലയം ഒരു സുപ്രഭാതത്തിൽ തങ്ങളുടേതല്ലാതായി മാറുന്നത് ഈ സ്വാതന്ത്ര്യം നിഹനിക്കപ്പെടലാണ്. (2) ബാബർ പള്ളി പണിതത് ചരിത്ര വസ്തുതയാണ്; പള്ളി പണിതസ്ഥലത്ത് ഹിന്ദു ദേവാലയമുണ്ടായിരുന്നില്ല. ഉണ്ടായിരുന്നെങ്കിൽ ഒന്നുകിൽ അക്കാലത്തുതന്നെ, അല്ലെങ്കിൽ അക്ബറുടെ കാലത്തെങ്കിലും, അത് ചൂണ്ടിക്കാട്ടുകയും പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യുമായിരുന്നു. ബാബറടക്കമുള്ള മുസ്ലീം ഭരണാധികാരികൾ അന്യമതസഹിഷ്ണുക്കളായിരുന്നു; മററു മതക്കാർക്ക് വിശ്വാസസ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തവരായിരുന്നു. (3) ശ്രീരാമൻ ഒരു ചരിത്രപുരുഷനല്ല. കല്പിത കഥാപാത്രം മാത്രമായിരുന്നു. (4) ബ്രിട്ടീഷുകാർ, ഏകോദരസഹോദരങ്ങളെപ്പോലെ ഇന്ത്യയിൽ സഹവർത്തിച്ചിരുന്ന ഹിന്ദു മുസ്ലീം മതവിശ്വാസികളെ ഭിന്നിപ്പിക്കാൻ പടച്ചുണ്ടാക്കിയ കെട്ടുകഥയാണ് രാമജന്മഭൂമിയുടേത്. അതിന് അവർ പിന്നീട് ചരിത്രത്തിൻെറ ലേബലൊട്ടിച്ചതാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം, തകർന്നുപോയ മതമൈത്രിയുടേയും, പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയ ലഹളകളുടേയും, പശ്ചാത്തലത്തിൽ ഹിന്ദുവർഗ്ഗീയവാദികൾ ഭരണ സ്വാധീനമുപയോഗിച്ച് മസ്ജിദ് തർക്കം കത്തിപ്പാക്കുകയും മുസ്ലീംങ്ങൾക്കെതിരായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുകയാണുണ്ടായത്. (5) മുസ്ലീംങ്ങളായ ജനപ്രതിനിധികളുടെ ജനാധിപത്യപരമായ അഭ്യർത്ഥനകൾക്ക് സംസ്ഥാന കേന്ദ്രഗവർമ്മെണ്ടുകൾ തെല്ലും വില കല്പിക്കുന്നില്ലെന്ന് ഉത്തമബോധ്യം വന്നതിനുശേഷം 1987-ലെ റിപ്പബ്ളിക്കുദിനം ബഹിഷ്ക്കരിക്കാൻ ആഹ്വാനം ചെയ്തതിനെ ദേശദ്രോഹനടപടിയായി കാണുന്നത് ശരിയല്ല. പല വർഗ്ഗീയ-പ്രാദേശികകക്ഷികളും മുമ്പ് സ്വാതന്ത്ര്യദിന - റിപ്പബ്ലിക്കുദിന ബഹിഷ്ക്കരണങ്ങൾ നടത്തിയിട്ടുണ്ട്. മതനിരപേക്ഷകക്ഷികൾ പോലും അത്തരം ബഹിഷ്കരണങ്ങൾക്കാഹ്വാനം ചെയ്തിട്ടുണ്ട്. അതിനാൽ, അവർക്ക്, തങ്ങളുടെ, ബഹിഷ്കരണാഹ്വാനത്തെ ദേശദ്രോഹമെന്ന് മുദ്ര കുത്താൻ അവകാശമില്ല.

ഈ അഞ്ചുകാര്യങ്ങളെയും അടിമുടി എതിർക്കുന്നവരാണ് ഹിന്ദു ചേരിയിൽ അണിനിരന്നിരിക്കുന്നവർ. അവരുടെ ദൃഷ്ടിയിൽ (1) ഇന്ത്യയിലെ മുസ്ലീംങ്ങൾ ഭാരതീയ പാരമ്പര്യത്തിനനുസരിച്ച് ജീവിക്കാൻ ബാധ്യസ്ഥരാണ്. വിദേശീയ പാരമ്പര്യം തീർത്തും ഉപേക്ഷിക്കാൻ ഇനിയും അവർ വൈകിച്ചുകൂടാ.



(2) ബാബർ വിദേശത്തുനിന്നുവന്ന അക്രമിയാണ് എന്ന് ചരിത്രം പറയുന്നു. ഹിന്ദുക്കളുടെ ആരാധനാലയങ്ങൾ കൊള്ളചെയ്യുകയും തകർക്കുകയും ചെയ്യുന്നതിൽ മുസ്ലീം ഭരണാധികാരികൾ എന്നും ഒരു മതകർമ്മമനുഷ്ഠിക്കുന്നതിലെന്നപോലെ താൽപര്യം കാട്ടിയിരുന്നു. അക്കൂട്ടത്തിൽ മുന്നണിയിലാണ് ബാബറുടേയും സ്ഥാനം. തീർച്ചയായും അയോദ്ധ്യയിലെ രാമജന്മഭൂമി ക്ഷേത്രം തച്ചുതകർത്തുകൊണ്ടാണ് ബാബർ അവിടെ പള്ളി പണിതതു്. അതിനാൽ ഹിന്ദുക്കൾക്കവകാശപ്പെട്ടതാണ് ആ സ്ഥലം. രാമജന്മഭൂമി തർക്കവിഷയമേ അല്ല. മുസ്ലീംങ്ങൾക്ക് വേറെയെത്ര പള്ളികളുണ്ട് ഇന്ത്യയിൽ? ബാബർ പണിത ഈ പള്ളിയുടെ കാര്യത്തിലുള്ള അവരുടെ അത്യാവേശം അവരുടെ ഇന്നും നിലനില്ക്കുന്ന വിദേശീയ പാരമ്പര്യ വാദത്തിന്റെ ഒന്നാന്തരം തെളിവാണ്. (3), (4) ലോകമൊട്ടുക്കുമുള്ള ഹിന്ദുക്കൾ ആയിരത്താണ്ടുകളായി ആരാധിച്ചുപോരുന്ന അവതാരപുരുഷനാണ് ശ്രീരാമൻ. അദ്ദേഹത്തിന്റെ ജന്മഭൂമിയുടെ ചരിത്രപരത അനിഷേധ്യമാണ്. (5) റിപ്പബ്ലിക് ദിനബഹിഷ്കരണം രാജ്യദ്രോഹമാണ്. സ്വാതന്ത്ര്യദിനം ബഹിഷ്കരിച്ചുപാരമ്പര്യം സൃഷ്ടിച്ച, മറുനാടൻ പ്രത്യയശാസ്ത്രവുംപേറി നടക്കുന്ന, കമ്മ്യൂണിസ്റ്റുകാർ ഹിന്ദുക്കളുടെ അവകാശവാദത്തെ എതിർക്കുന്നതു് അവരുടെ ന്യൂനപക്ഷ വർഗ്ഗീയ പ്രീണനനയത്തിന്റെ ഏററവുമൊടുവിലത്തെ തെളിവാണ്.

അഭ്യസ്തവിദ്യരായ, ലോകരാഷ്ട്രീയ സാമൂഹിക വികാസങ്ങളെക്കുറിച്ച് സാമാന്യം ബോധവാന്മാരായ, ഏറെക്കുറെ മതനിരപേക്ഷ ചിന്താഗതി വെച്ചുപുലർത്തുന്ന, വിവിധ മതസ്ഥരായ ബഹുഭൂരിപക്ഷം ജനങ്ങൾക്കും മനശ്ചാഞ്ചല്യമുളവാക്കാനും ജന്മനാ ഏതു മതവുമായി ബന്ധപ്പെട്ടോ ആ മതത്തിന്റെ അരം-ഹിന്ദുവെങ്കിൽ ഹിന്ദു, മുസ്ലീംമെങ്കിൽ മുസ്ലീം-അനുസരിച്ചു രണ്ടിൽ ഏതെങ്കിലും ഒരു ചേരിയിൽ അണിനിരന്നുനില്ക്കാനും പ്രേരണ നൽകത്തക്ക ശക്തിയുള്ളവയാണ് ഈ വാദനിരകൾ രണ്ടും. അപ്പോൾ പിന്നെ, നിരക്ഷരകുക്ഷികളായ സാധാരണ ഹിന്ദു - മുസ്ലീം മതവിശ്വാസികൾ വർഗ്ഗീയമായി ഇരു ചേരികളിൽ വിഭജിച്ചുനിന്ന് ലഹള നടത്തുവാൻ ഇവ പ്രേരിപ്പിക്കുമെന്ന കാര്യത്തെക്കുറിച്ച് സംശയമുണ്ടോ ? അങ്ങനെ, തികച്ചും നിരുപദ്രവമായ സാധാരണക്കാരായ ബഹുജനങ്ങളുടെ മതവിശ്വാസങ്ങളെ വർഗ്ഗീയ ലഹളകൾക്കുള്ള വഴിമരുന്നായി മാററുകയാണ് രാമജന്മഭൂമിയുടെയും ബാബ്റി മസ്ജിദിന്റെയും പേരിൽ ഹിന്ദു മുസ്ലീം മതമൗലികവാദികളായ നിക്ഷിപ്തതാത്പര്യക്കാർ ഇന്ന് ഇന്ത്യയിൽ ചെയ്തുകൊണ്ടിരിക്കുന്നതു്. ഇതു് നല്ല പ്രവണതയല്ല.

യുക്തിപൂർവ്വം ചിന്തിച്ചുനോക്കിയാൽ, മേൽ ചേർത്ത രണ്ടു വാദഗതികളും പൊള്ളയാണെന്ന് കാണാം. ശകന്മാർ, ഹൂണന്മാർ, ഡച്ചുകാർ, പോർത്തുഗീസുകാർ, ഫ്രഞ്ചുകാർ, ബ്രിട്ടീഷുകാർ എന്നിവരെപ്പോലെ മുസ്ലീങ്ങളും ഇന്ത്യയെ ആക്രമിച്ചതു് മതപരമായ ഉദ്ദേശ്യങ്ങളാലല്ല; സാമ്പത്തികമായ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ്. ഇവർ മാത്രമല്ല, ഇന്ത്യൻ വംശജർ തന്നെയായ മൗര്യ-ഗുപ്ത ഭരണകർത്താക്കളും ഭരണീയരായ ബഹുഭൂരിപക്ഷം ഇന്ത്യക്കാരുടെ യഥാർത്ഥ താല്പര്യങ്ങൾക്കു വേണ്ടിയല്ല രാജ്യം ഭരിച്ചതു്. സാമ്പത്തിക ലക്ഷ്യങ്ങൾ അവർക്കും ഉണ്ടായിരുന്നു. വസ്തുനിഷ്ഠമായി പരാശോധിച്ചാൽ പണ്ടും ഇന്നും തൊണ്ണൂററൊമ്പതു ശതമാനം ആരാധനാലയകൊള്ളകളും നശീകരണങ്ങളും നടന്നിട്ടുള്ളതു് മതപരമായ പ്രേരണയാലല്ല, സാമ്പത്തിക പ്രേരണയാലാണ് എന്ന് കാണാൻ കഴിയും. ദരിദ്രമായ ക്ഷേത്രങ്ങളോ പള്ളികളോ തകർത്തതായുള്ള റിപ്പോർട്ടുകൾ അധികമൊന്നും കേൾക്കാറില്ലല്ലോ. ബാബർ വിദേശീയ അക്രമിയാണ് എന്നും ബാബർ പരമതസഹിഷ്ണുവാണ് എന്നുമുള്ള രണ്ടു വാദങ്ങളും ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ, നമുക്കിന്ന് പ്രസക്തമാകുന്നില്ല.

ശ്രീരാമൻ, വാല്മീകിയുടെ രാമായണ കാവ്യത്തിലെ പ്രധാന കഥാപാത്രമെന്ന നിലയിലാണ് ആദ്യമായി അറിയപ്പെടുന്നതു്. അദ്ദേഹം കേവലം മനുഷ്യനാണ്, ഈശ്വരനല്ല എന്ന് ദേശമംഗലത്തു രാമവാരിയർ, കുട്ടികൃഷ്ണമാരാർ തുടങ്ങിയ യാഥാസ്ഥിതിക പണ്ഡിതന്മാർ (അവരുടെ ഹിന്ദുമത വിശ്വാസത്തെപ്പററിയോ ആസ്തിക്യത്തെപ്പററിയോ ആർക്കും തർക്കമുണ്ടാവില്ല.) തന്നെ തങ്ങളുടെ പ്രൗഢ ലേഖനങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഭക്തിപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടെയാണ് രാമനെ

യും കൃഷ്ണനെയും ഹിന്ദുദേവന്മാരായും അവതാരപുരുഷന്മാരായും വാഴ്ത്തിക്കൊണ്ടുള്ള കൃതികളും പ്രാചീന കൃതികളിൽ തന്നെയുള്ള തിരുത്തലുകളും ഉണ്ടായിവന്നതു്. ആ നിലയ്ക്കു് രാമൻ കല്പിത കഥാപാത്രമാണെന്ന അഭിപ്രായം അസാധുവല്ല. ചരിത്രപരമായി വാല്മീകിരാമായണ കഥയ്ക്കു് വല്ല അടിസ്ഥാനവുമുണ്ടെങ്കിൽ, ശ്രീരാമൻ ആര്യനാണു് എന്നു് സമ്മതിക്കേണ്ടിവരും. ആര്യന്മാർ വിദേശത്തുനിന്നു് ഇന്ത്യയിലേക്കു് കടന്നു വന്ന പ്രാചീനന്മാരായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ലാത്ത സ്ഥിതിയ്ക്കു് ബാബർ വിദേശീയ അക്രമിയാണു് എന്ന അതേ ശൈലിയിൽ ശ്രീരാമൻ വിദേശീയ അക്രമിയാണു് എന്നു് പറയാവുന്നതുമാണു്. കൊല്ലങ്ങളുടെ വ്യത്യാസമേ അവർ തമ്മിലുള്ളൂ! ഇപ്രകാരം രാമന്റെ ചരിത്രപരത തന്നെ തർക്കവിഷയമായ നിലയ്ക്കു്, രാമജന്മഭൂമിയെപ്പററി ഉറപ്പിച്ചു പറയാൻ ആർക്കാണു് കഴിയുക? അപ്പോൾ രാമജന്മഭൂമിയുടേതും ബാബ്റി മസ്‌ജിദിന്റേതും ഒരു പോലെ വിശ്വാസത്തിന്റെ പ്രശ്നം മാത്രമാണു്. "ചരിത്രപരമായ തെളിവുകൾ" നിരത്തുന്നതിനൊന്നും വലിയ അർത്ഥം കല്പിക്കാനാവില്ല.

ഏതാണ്ടൊരു ദശകക്കാലമായി ഇന്ത്യ നേരിട്ടു കൊണ്ടിരിക്കുന്ന വർഗ്ഗീയതയുടെയും വിഘടന വാദത്തിന്റെയും പശ്ചാത്തലത്തിൽ രാജ്യത്തിന്റെ ഐക്യത്തെയും അഖണ്ഡതയെയും ശക്തിപ്പെടുത്തുന്നതിനു് തടസ്സം സൃഷ്ടിക്കുമെന്നു് സംശയിക്കാവുന്ന പ്രതീരൂപാത്മകം പോലുമായ ഏതു നീക്കത്തെയും നിരുത്സാഹപ്പെടുത്തേണ്ടതു്. ദേശസ്നേഹികളുടെ കടമയാണു്. ആ സ്ഥിതിയ്ക്കു് റിപ്പബ്ലിക്ക് ദിന ബഹിഷ്കരണാഹ്വാനത്തെ, അതിന്റെ പ്രേരകമെത്ര ഗൗരവപ്പെട്ടതായാലും, ദേശാഭിമാനികളൊന്നടങ്കം ദേശദ്രോഹപരമെന്നു തന്നെ മുദ്രകുത്തിയാൽ അതിൽ അത്ഭുതപ്പെടാനില്ല. പ്രസ്തുത ആഹ്വാനം അങ്ങേയററം ദൗർഭാഗ്യകരമായിപ്പോയി. പക്ഷേ ഇസ്‌ലാംമതവിശ്വാസികളായ എത്രയോ ബുദ്ധിജീവികളും സാംസ്കാരിക നായകന്മാരും രാഷ്ട്രീയ-സാമൂഹ്യ പ്രവർത്തകരും ലക്ഷക്കണക്കിനു് മുസ്‌ലീം ബഹുജനങ്ങളും ആ ആഹ്വാനം, അതിന്നടിസ്ഥാനമായ സംഭവത്തിൽ ആഹ്വാനക്കാരോടു് അനുഭാവമുള്ളവരായിട്ടും, ചെവിക്കൊണ്ടില്ല എന്ന വസ്തുത സൂചിപ്പിക്കുന്നതു് ഇന്ത്യയിലെ മുസ്ലീങ്ങൾ പ്രതിജ്ഞാബദ്ധരായ ദേശാഭിമാനികളാണെന്നു തന്നെയാണു്. അതിൽ ഇന്ത്യയിലെ മതനിരപേക്ഷ ദേശീയ കക്ഷികൾക്കു് - അക്കൂട്ടത്തിൽ "വൈദേശിക പ്രത്യയ ശാസ്‌ത്രത്തിന്റെ പുത്തൻ കണ്ണട ധരിക്കുന്നവരെ"ന്നു് ഹിന്ദു- മുസ്ലീം വർഗ്ഗീയ വാദികൾ രണ്ടു കൂട്ടരും ഒരു വിയോജിപ്പുമില്ലാതെ അധിക്ഷേപിക്കുന്ന കമ്മ്യൂണിസ്റ്റുകാർക്കു് ഉള്ള സ്ഥാനം ഇപ്പോൾ സർവ്വാംഗീകൃതമാണല്ലോ- അങ്ങേയററം ആഹ്ലാദവും അഭിമാനവും കൊള്ളാം.

ചുരുക്കത്തിൽ, രാമജന്മഭൂമി-ബാബ്റിമസ്‌ജിദ് പ്രശ്നത്തെ ഇത്രയേറെ വഷളാക്കിയതു്, നിസ്സാരപ്രശ്നങ്ങൾ ഊതി വീർപ്പിച്ചു് രാഷ്ട്രീയ മുതലെടുപ്പു നടത്താൻ കച്ചകെട്ടിയിറങ്ങിയ ഹിന്ദു മുസ്ലീം വർഗ്ഗീയ വാദികളുടെ അസഹിഷ്ണുതകളും ഇത്തരം പ്രശ്നങ്ങളെ തികച്ചും മതനിരപേക്ഷമായ സമീപനത്തോടെ സൗഹൃദചർച്ചയിലൂടെ പരിഹരിക്കുന്നതിനു് നേതൃത്വം വഹിക്കാൻ ബാധ്യസ്ഥമായ ഉത്തരപ്രദേശിലെയും കേന്ദ്രത്തിലെയും ഭരണകക്ഷി പുലർത്തിപ്പോരുന്ന ചാഞ്ചാട്ടങ്ങളുമാണു്. ഈ രണ്ടുകൂട്ടരെയും ഈ നിലപാടുകളെടുപ്പിക്കുന്നതിനു് പ്രേരിപ്പിക്കുന്നതാകട്ടെ, ഒരേയൊരു വികാരമാണു്, തർക്കവിഷയമായ സ്ഥലത്തിന്റെ പരിസര പ്രദേശങ്ങളിലും വടക്കേഇന്ത്യയിലും വിശേഷിച്ചു് ഇന്ത്യയിൽ പൊതുവിലും നിർദ്ധനരായി, നിരക്ഷരരായി, പട്ടിണിയിലും തൊഴിലില്ലായ്മയിലും വറുതിയിലും കഷ്ടപ്പാടിലും ആണ്ടുമുങ്ങിനില്ക്കുന്ന, തങ്ങളുടെ മോചനത്തിനുവേണ്ടി, സ്ഥാപിത താല്പര്യങ്ങൾക്കെതിരായി, സംഘടിതരായി മുന്നേറാൻ തുടങ്ങിയിട്ടുള്ള ബഹുഭൂരിപക്ഷം വരുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളെ, ആ മുന്നേററത്തിൽനിന്നു് തടഞ്ഞുനിർത്താൻ വേണ്ടി, നൂററാണ്ടുകളായി നിലനില്ക്കുന്ന നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങളായ ജാതിമത വിശ്വാസങ്ങളുടെ പേരിൽ ഭിന്നിപ്പിച്ചു നിർത്തിയാലേ തങ്ങൾക്കു് കുറച്ചുകാലം കൂടിയെങ്കിലും പിടിച്ചു നില്ക്കാൻ കഴിയൂ. ചില സന്ദർഭങ്ങളിൽ ചില പ്രത്യേക പ്രശ്നങ്ങളിൽ, പ്രത്യക്ഷത്തിൽ ഭിന്നിച്ചുനില്ക്കുകയാണെന്ന പ്രതീതിയുണ്ടാക്കുമെങ്കിലും സ്വന്തം വർഗ്ഗതാത്പര്യങ്ങളിൽ ഒററക്കെട്ടായി നില്ക്കാൻ വിധിക്കപ്പെട്ട ഇന്ത്യയിലെ ഭൂപ്രഭുക്കളുടേയും ബൂർഷ്വാസിയുടേയും ഭരണവർഗ്ഗക്കൂട്ടുകെട്ടിനെ നയിക്കുന്ന വികാരം, ഇതേക്കുറിച്ചു്, ആളുകൾ പതുക്കെപ്പതുക്കെയാണെങ്കിലും ബോധവാന്മാരായി വരുന്നുണ്ടു്. അത്രയ്ക്കത്രയ്ക്കു് ഇത്തരം പള്ളി-ക്ഷേത്ര പ്രശ്നങ്ങളുടെ പേരിൽ കത്തിപ്പൊങ്ങുന്ന കലാപങ്ങൾക്കു് വേരുപിടിക്കാതെ വരികയും ചെയ്യുന്നുണ്ടു്. ഈ ബോധവത്കരണം വ്യാപകമാക്കുകയാണു് ഇത്തരം പ്രശ്നങ്ങളുടെ ശാശ്വതപരിഹാരത്തിനുള്ള പോംവഴി. താത്കാലികമായി പ്രശ്നപരിഹാരത്തിനുള്ള മാർഗ്ഗമാകട്ടെ, ബന്ധപ്പെട്ട എല്ലാവരേയും ഒരു മേശയ്ക്കു് ചുററും വിളിച്ചിരുത്തി സമാധാനപരമായ ചർച്ചകളിലൂടെ പൊതുവിൽ അംഗീകാര്യമായ ഒത്തുതീർപ്പിലെത്തുക എന്നതുമാത്രമാണു്. അതിനു് മുൻകൈയ്യെടുക്കുവാൻ ഉത്തരപ്രദേശ് ഗവണ്മെന്റും കേന്ദ്ര ഗവണ്മെന്റും ഒട്ടും വൈകിച്ചു കൂടാ.

A woman should be dependant on her father as a child, on her husband as an adult, on her son when old: a women should never be independent. It seems true that this old dictum of Manu gains no ground in the modern society. But two thousand years later, in spite of all other vast changes the society has undergone women had not really become indpendant so that she is out of the bondage that she is destined to as envisaged in the dictum. New images, legislation and social movements since independance had its impact but overall picture is gloomy.



Indian-tradition of 'sreeshakthi' have its own patriarchal shaping to give to women's oppression, into legends of the goddesses their powers of destruction and creation. But the reality is the patriarchal caste-culture. This does not go unchallenged. Values of freedom, equality and self-realisation are not alien with no roots in the Indian society. They form the crux of social reforms and struggles for change. They have antecedents in more ancient, subordinate Indian resistance to vedic and brahmanic values. Sita in the orthodox version accepts Rama as her lord. But a folk-tale in U. P. depicts Sita as one who refuses the fire-test, rejects the idea of returing to Rama and carries her sons along with her father's name and not Rama's.

Women being an integral part of the society is to live with the society. She is at the mercy of the society and its whims and fancies; she to sustain through the sanctinos imposed upon, to stick on the righteous path that it proclaims, evolved through the ages. It is not the question of acceptability or suitability to the prevailing circumstances but the natural approval that is thrust upon. Indian society with its economic development caught up in the web of capitalism, women are put to an environment of limited job opportunities. As a result of the enclave type of modernisation, the gap between the men and women had only further widened. Not only that while dowry deaths once only heard in Delhi, now can be heard even from the remote village, as dowry rates mount higher, whatever be the assurances of the conferances and pledges, the rare demonstrations of the women are. If rape is unheard in 1974-75, it has now been revealed as violence affecting women at all level of society, a violence for which it is very difficult to get court convictions.

Indian men, who work in factories or mines and who is ill-paid, were successful mainly through the trade-union movement to win higher wages. They soon got encircled in a 'nuclear' family supporting the wife who is confined to house-work and child care. This combine the bourgeosis notions of the male supporting his women and the traditional purdah-values with the further worsening of the economic situation in the country, the family further gets strained, with women at all times at the losers end.

Family is patrilineal and patrilocal with inheritance through the male-line. All religious strictures, all multi-lingual population, varied regional or even tribal local social structures of India, do not affect this very much. Legal encroachments into the traditional values of inheritance and family had its impact, yet it is true that male have a dominant status in the newly emerged family. New circumstances and changing atmosphere do have its mark, but the old expect that their sons not their daughter, will support them. Marriage

---

## WOMEN: NEW CHALLENGES

Thara. K., I B.Com

today being an arranged one is within strict sphers of caste and subcaste. Boys especially the educated are looking forward for the benefits of dowry and status. To the girls 'dowry' it seems that more security in a well-off family. Noted sociologist Gail Omvedt sums up: with the growing feeling that sons, not their daughters, will support them, how can girl inherit the family land, if she is destined to move away to another home? How can she gain a status of her worth as an equal individual when even the language she speaks constantly embodies her subor. dination when she cannot utter her husband's name, when she is supposed to refer to him in the respectful, plural form while he addresses her in the familiar singular.

Women liberation movements in the U. S. and other western countries, had been an eye-opener to many other countries in the past. But it was caught up in a middle class box with its programmes being executed within the axis of frustration and, aspirations of the middle class. It failed to extend its roots to the working class and as much its endeavour lost sight and direction it could have gained. The movement was isolated as a white-middle class movement. With the onslaught of 'might is right' Reagan's America, that praises the traditional family as a haven of morality and emotional sustenance and defines prolife values in terms of the right of any foetus not to be aborted, the movement is now a non-existent.

But in India, of late woman organisations, with all its weakness, had been successful in building up a mass organisation. When their organisations focused their attention on agricultural labour struggle and in the anti-famine and anti-price movements, it ignored their role to focus the specific problem as women. When the fundamentalist muslims were given Muslim Women's (Rights on Divorce) Bill, these organisations though staged demonstrations and in-door seminars, it had not been able to awaken the nation to thwart the ruling class from its disastrous action. It had been so far ignorant of its weakness, as the fundamentalists were still be able to thrive on the pathetic situation in which women is now pushed to. Its failure to organise these sections and to build up a movement points to their lack of proper understanding. When the very existence of women is questioned, the priority in staging demonstrations against 'late night films' alleging its moral devaluation upon the family is self destructive.

In this background, it is noteworthy that democratic socialist women's organisations oriented both to struggles on class issues and women's issue have been more active and is emerging to provide right direction. Now along with the traditional women's fight against bride burning, dowry and sexual harrassment they projects the issues which relates to very existence of women.

Though in the past legislation paved way for the liberation of women from the shackles of traditional law now it had emerged to suppress women further in a male-dominated society. There can be no real-solution to poverty and backwardness until the fight against the male domination and economical oppression is further strengthened. True, with empty rice-bowls thev cannot ask for independance and democracy. But two aspects can be linked together and fought over for self-respect, survival and a full-stomach.

Rensan Photos

ANAND BAZAR
ERNAKULAM SOUTH

OUR SPECIALISTS :

COLOUR ENLARGEMENTS UPTO 24×20 INCHES
VEDIO COVERAGE, FOR ALL OCCASIONS,
COLOUR PRINTS, PLAN TRANSPERANCY,
NEGATIVES URGENT PASSPORT PHOTOS
WITHIN ONE HOUR.

# WRITINGS AND REFLECTIONS

Gunter Grass - nominated for Nobel Prize many times, yet rejected due to his political ideas, is one of the greatest writers of our times.

Following is his reflections on writers, India, Gandhi, peace movement............



Every writer is a product of his time. I grew up during the Nazi time. I was a soldier in the last half year of the war. I was a sculptor there and was shocked afterwards when the terrible Germans of the armies and of Fascism came out. It was common to describe Nazi times as dark times. But this was simply not there. Nazi party capitalised the confusion of the people and inaction of the left to provide a viable force after the world war I. No doubt they fell prey to Hitler. All there petit-bourgeois dreams were realised in his speeches and writings. It thus became necessary for me to write about it. A writer is an eye witness to his time.

My latest book 'The She Rat' had a very controversial reception in West Germany because it was a dark book. It was a surprise for me when my 'Tin Drum' concentrating on the history of a prormice, won much a world acclaim. Life and events of my home town Danzig interested someone in Osaka, Karsan or Calcutta. Reason is that the protrait of the petit-bourgeois and its weakness for ideology, a submission are essentially international problems.

At the age of 32 I saw myself as a famous young man. Fame has lived with me as a lodger hanging about everywhere, a nuisance, difficult to avoid. It is a boring affair dependant on repetitions. I was known in another field too. Politics. It began after I took active part in election campaign for the Social Democratic Party. Nevertheless fame never interfered with my work. I wrote what I had to write and I shall continue writing.

Latin American literature is persistantly more vital than all the others, since it always produce new great epic forms. We are not merely concerned with our inner lives and plain surface-bound actuality but also with imagination and fantasy. Later includes our dreams as well. Latin American novles are the depiction of essential many layered reality mosaiced with myths, history, legends and fairy tales. I find it so fascinating. In my books too Germen fairy tales such as Grimm's stories have played a significant role.

I was a member of the jury at the Venice Film Festival. There I saw few films which were technically perfect from Italy, France and other advanced countries. But they were inflated with some high strong idea, appearing as plain intellectual nonsense. Hard reality around us was terribly missing from these films. On the contary, I also saw two films from third world, one from Philipines and other from India. Indian film 'Paar' by Gautham Ghosh depicted reality, far more than his European colleagues could do. He did not include love. But he also didn't protray love as an unallocatably uncomprehensible, being faithful to a country plagued by hunger and oppression.

This was not the only field where humanity is left out. While I was in Calcutta, I was invited to a poetry reading session. A few upper class, fashionable Indian ladies read poems in English on blossoms and monsoon clouds while slums stared us from outside and Calcutta gasped around us. This is also literature which refuses to confront reality. From the writings of such writers, actuality is fast eroding.

I'm in Calcutta because the problems here are very open. Problems here are not Indian, Bengali or Calcuttian. They are world problems, which force me to reflect on my German position. Calcutta is a city that has changed me radically. My eye opened in India and I realised in what terrible, frightful circumstances we are living. Many of the Indian misery is home-made. It ranges from corruption to flagrant attacks on democracy. I believe that there are resources and strength in India, to arrive at a new political idea and practice which shuns the storing of pleasures and delights on one side, while majority suffer and suffer. Sure, India will find her strength.

Compare this situation of deep-rooted, dump acceptance of misery and a sea of aging poverty with that of Nicaraguans. There, religion is not confined to prayer, but militant in character rending its tremours down to the framing of social legislation. I do not know if similar message can be extracted from Budhism or Hinduism, a similar movement that would make Indians realise that all these miseries on earth are not sent by God but are man-made. Only a strong radical political movement that can bring reforms revolutionary in character which can change the face of India.

Gandhi has inspired us in a very big way. Gandhian idea, is one of the strongest ideas which has so fundamentally influenced the peace movement in Europe. But I find no Gandhi having been here. We launched a protest-action against the stationing of preshing and cruise missiles in West Europe. When it arrived, how they brought more security? We are much more in secure than ever before. I have seen Reagan on the Television. I regard this man as dangerous. His moral attitude, a plain childish division into black and whitet good and bad is dangerous because he imposes this on politics. It encourages negative trends like excessive nationalism. Americans under Reagan think that they are a special lot and their way of life plus ideology are the only panacea. Reagan is not Hitler and I cannot visualise a fascist Government in U. S. A. But still there is something in America now which makes me apprehensive and even afraid.

Human societies are on the way to destroy themselves. Not under the cover of darkness but in broad day - light and with full self-knowledge. There was life before us. If we choose, out of our sheer arrogance, to destroy ourselves, the process of creation will just enjoy a rest after the savagery. But there is still a chance. Let us find our ways back to essential humanity. This is my dream.

Adapted by
Philips Jaison Joseph K.
I BSc Physics

*With best compliments from :-*

**MANIKKANAMPARAMBIL CHIT FUNDS**
P. O. Nadakkavu, Udayamperoor,
Cochin - 682 307

## COLLEGE UNION



Chairman—Shabu Paul, Vice Chairman—Linda Job, Gen. Secretary—Roy Akkara
Editor—Manoj Kumar. C. M., Arts Club Secretary—Sash George,
Uni: Uni: Councillors—Asif- M.A., Jain John Perayil
Lady Representatives—Thara K., Bindumol. P. S.

## CLASS REPRESENTATIVES



Harish kumar (I. p. d. c.), Jacob (II p. d. c.), Philips Jaison Joseph K. (I. d. c.), Saju James (II. d. c.), Biju (III. d. c.), Simon (I. p. g.), Selvin (II. p. g.)
(Individual Champion)



Mohanachandran C. S.
(Gen. Captain)



Suresh Bhat
Second Rank
(p. d. c. 1985-'87 IVth group)





യൂണിയൻ ഉദ്ഘാടനം
ചെയർമാൻെറ സത്യപ്രതിജ്ഞ

ഉദ്ഘാടനം
ശ്രീ. കാക്കനാടൻ

ആശംസകം
പ്രൊഫ: സി ആർ ഓമനക്കുട്ടൻ
ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി











ആർട്സ് ക്ലബ്ബ് ഉദ്ഘാടനം
ശ്രീ. അശോകൻ

ഡ്രാമ ക്ലബ്ബ് ഉദ്ഘാടനം
ശ്രീ. സേവ്യർ പുൽപ്പാട്ട്

ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം
ശ്രീ. കെ എൻ. ശശിധരൻ





യൂണിയൻ ദിനം

മുഖ്യാതിഥി

പ്രൊഫ : എം. കെ. സാനു എം എൽ എ

സമ്മാനദാനം

സി. ഭാസ്കരൻ

റിപ്പോർട്ട് - ജനറൽ സെക്രട്ടറി

കൃതജ്ഞത - മനോജ് കുമാർ

പുസ്തകമേള






കോളേജ് ദിനം
മുഖ്യാതിഥി
പ്രൊഫ : എം. ലീലാവതി

മിമിക്രി. അച്ചുതൻ (മഹാരാജാസ്)



ഹാർമോണിയ
ശ്രീധർരാമസ്വാമി

തന്ത്രിവാദ്യം
കെ. ആർ. ഗണേഷ്







ഭരതനാട്യം
സിന്ധുനരേന്ദ്രൻ

ഗാനമേള
(സി.എ.സി.)





UNIVERSITY STATE WINNERS AND PLAYERS

Ist Row : Joseph. C. Joseph (Basket ball); Joshy Varghese (Basket ball); Saleem (Basket ball); Manoj Naliath (Basket ball)

IInd Row : Sreekumar R. (Wrestling II in University); Tomy (Wrestling II in University); Sadasivan (Wrestling Jr. State); Sunny K. Joseph (Volley ball)

IIIrd Row : Sadique Hussain (Ball badminton); Sreekumar (Ball badminton); Ajithkumar (Hattrick Tennis, Kabadi, Khokho); Ajay S. Thambi (Cricket)

കോളേജ് യൂണിയനുകൾ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾക്കും, ജനാധിപത്യവേദിയെന്ന നിലയിലും കേരളത്തിലെ വിദ്യാർത്ഥി സമൂഹം ഫലപ്രദമായി ഉപയോഗപ്പെടുത്തി വരുന്ന സാഹചര്യത്തിൽ, വർഷങ്ങളായിട്ടുള്ള നിർജ്ജീവവും ഭാവനാശൂന്യവുമായ നമ്മുടെ കോളേജ് യൂണിയൻ നേതൃത്വത്തെ തിരസ്കരിച്ചുകൊണ്ട്, ഒരു മാറ്റത്തിന്റെ പ്രതീകമെന്ന നിലയിലാണ് ഞങ്ങളെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും കണ്ടത്. പ്രീഡിഗ്രി ഫലപ്രഖ്യാപനം ഉയർത്തിവിട്ട സംഘർഷാവസ്ഥയിൽ നടന്ന യൂണിയൻ തിരഞ്ഞെടുപ്പ്, അതാണ് തെളിയിച്ചത്. വളരെ വൈകിയാണ് യൂണിയൻ നിലവിൽ വന്നതെങ്കിലും വിദ്യാർത്ഥികൾ ഞങ്ങളിൽ അർപ്പിച്ച പ്രതീക്ഷ പരിമിതമായ സമയമുപയോഗിച്ചും അതിലേറെ പ്രതികൂലമായ സാഹചര്യത്തെ നേരിട്ടും നിറവേറ്റിയെന്ന് തന്നെയാണ് ഞങ്ങൾ കരുതുന്നത്.

## 1986 നവംബർ 14 :

ആയിരത്തിതൊള്ളായിരത്തി എൺപത്തിയാറ് നവംബർ 14-ാം തീയതി നടന്ന 1986-87ലേയ്ക്കുള്ള കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | | |
|---|---|---|
| ചെയർമാൻ | : | ഷാബുപോൾ കെ. |
| വൈസ് ചെയർമാൻ | : | ലിൻഡാ ജോബ് |
| ജന : സെക്രട്ടറി | : | റോയി അക്കര |
| യു. യു. സി. | : | അസീഫ്. എം. എ. |
| | : | ജെയ്ജോൺ പെരയിൽ |
| എഡിറ്റർ | | മനോജ്കുമാർ സി. എം. |
| ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി | : | സാഷ് ജോർജ്ജ് കെ. |
| വനിതാ പ്രതിനിധികൾ | : | താരാ കെ. |
| | : | ബിന്ദുമോൾ പി. എസ്. |

## 1986 ഡിസംബർ 2 :

പ്രശസ്ത സാഹിത്യകാരനായ കാക്കനാടൻ 1986 ഡിസം: 2-ാം തീയതി യൂണിയൻ പ്രവർത്തനങ്ങൾക്ക് ഔപചാരികമായ തുടക്കം കുറിച്ചു. സമൂഹത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കും വ്യാപിക്കപ്പെട്ട വർഗ്ഗീയതയും അതുമൂലം സംഭവിച്ച മൂല്യതകർച്ചയേയും കുറിച്ചുള്ള ള്ള സമൂഹത്തിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരായ സാഹിത്യകാരൻമാരുടെ സഹജമായ ഉൽകണ്ഠ കാക്കനാടൻ പ്രകടിപ്പിച്ചു യൂണിയൻ ചെയർമാൻ ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ ശ്രീ. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, പ്രൊഫ: സി. ആർ. ഓമനക്കുട്ടൻ, പ്രിൻസിപ്പാൾ ഫാ: ജോർജ്ജ് കല്ലറയ്ക്കൽ എന്നിവർ ആശംസകൾ നേർന്നു. ജന: സെക്രട്ടറി സ്വാഗതവും വൈസ് ചെയർമാൻ കൃതജ്ഞതയും രേഖപ്പെടുത്തി. ഭോപ്പാൽ ദുരന്തത്തിന്റെ രണ്ടാം വാർഷിക ദിനത്തിൽ നടന്ന യൂണിയൻ ഉൽഘാടനത്തിൽ ദുരന്തത്തിൽപെട്ടവരെ സ്മരിക്കാനും യൂണിയൻ മറന്നില്ല. കഴിഞ്ഞകാലത്തെ, ഹൃദ്യമായ സ്മരണകൾ ഉണർത്തുന്ന ഇമ്പമാർന്ന ഈരടികൾ ആലപിച്ച 'ശ്രുതിലയ'ത്തിന്റെ ഗാനമേള, ചടങ്ങിന് തിലകക്കുറിയായി.

## 1986 ഡിസംബർ 10 :

സമൂഹത്തിൽ നടക്കുന്ന യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട് മാത്രമേ വിദ്യാർത്ഥികൾക്ക് പ്രതികരിക്കാനാവൂയെന്ന യാഥാർത്ഥ്യം മുന്നിൽ കണ്ട് കൊണ്ടായിരുന്നു തുടർന്നുള്ള യൂണിയൻ പ്രവർത്തനങ്ങൾ. താഴ്ന്ന തലങ്ങളിലോളം ശാസ്ത്രമെത്തിക്കുക, വിമർശനബുദ്ധികൊണ്ട് മാത്രം എല്ലാം കാണുകയെന്ന പ്രവർത്തനശൈലി സ്വീകരിച്ചിരിക്കുന്ന; ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പരിപാടി ഡിസംബർ 10 ന് യൂണിയൻ സംഘടിപ്പിച്ചു. അതോടനുബന്ധിച്ച് ഡിസംബർ 8—10വരെ നടത്തിയ 'പുസ്തകമേള'യുടെ വമ്പിച്ച വിജയത്തെ, ഈ യൂണിയന്റെ ആത്മാർത്ഥമായ സമീപനത്തിന്റെ അംഗീകാരമായി ഞങ്ങൾ കണക്കാക്കുന്നു.

## 1987 ജനുവരി 7 :

കഴിഞ്ഞ വർഷത്തെ ഓടക്കുഴൽ അവാർഡ് നേടിയ കടവനാട് കുട്ടിക്കൃഷ്ണൻ 1987-ജനുവരി 7 ന് നമ്മുടെ ആർട്ട്സ് ക്ലബ്ബ് ഉൽഘാടനം നിർവ്വഹിച്ചു. ഈ ചടങ്ങിൽ വച്ചു തന്നെ സിനിമാ നടൻ ശ്രീ. അശോകൻ ആർട്ട്സ് ഫെസ്റ്റിവലും, നാടക സംവിധായകൻ ശ്രീ സേവ്യർ പുൽപ്പാട്ട് ഡ്രാമാക്ലബ്ബും ഉൽഘാടനം ചെയ്തു. ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി നന്ദി രേഖപ്പെടുത്തി.

തുടർന്ന് ജന: 8 മുതൽ 10 വരെ ആർട്ട്സ് ഫെസ്റ്റിവൽ നടന്നു. നമ്മുടെ കോളേജ് കണ്ടെത്തിയ കലാപ്രതിഭകൾ യൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവെലിൽ പങ്കെടുക്കുവാനുള്ള സർവ്വവിധ പ്രോൽസാഹനങ്ങളും യൂണിയൻ ചെയ്തുകൊടുത്തു. യുവജനോൽസവത്തിൽ നമ്മുടെ കോളേജിന്റെ സ്ഥാനം വളരെ നിരാശാജനകമായിരുന്നു. പരിമിതമായ സംവിധാനങ്ങളാണ് നമുക്ക് ഉള്ളതെങ്കിലും തീർച്ചയായും ഇതിലും നല്ല പ്രകടനം നമുക്ക് കാഴ്ചവെയ്ക്കാൻ കഴിയുമായിരുന്നുയെന്ന തന്നെയാണ് ഞങ്ങളുടെ അഭിപ്രായം. ഭാവിയിൽ കൂടുതൽ സൗകര്യങ്ങളും പ്രോൽസാഹനങ്ങളും യുവജനോൽസവത്തിൽ പങ്കെടുക്കുന്നവർക്ക് നൽകാൻ കോളേജധികൃതർ കൂടി മുന്നോട്ട് വരണം.



## 1987 ജനുവരി 16 :

തിരുഹൃദയ കലാലയത്തിന്റെ ചരിത്രത്തിൽആദ്യമായി യൂണിയൻ പ്രവർത്തനങ്ങൾക്ക് പുതിയ മാനം പകർന്നുകൊണ്ട് ജനുവരി 16 മുതൽ 20 വരെ ഒരു ചലച്ചിത്രമേള യൂണിയൻ സംഘടിപ്പിച്ചു. ഒരു സാഹസിക സംരംഭമായിരുന്നു അതെന്ന് ഞാൻ വിശേഷിപ്പിച്ചാൽ, അത് നമ്മുടെ കോളേജിന്റെ പരിമിതമായ സാഹചര്യങ്ങളെ മുന്നിൽ കണ്ടു കൊണ്ടാണ്. ഓഡിറേറാറിയം തരാൻ കോളേജ് അധികൃതർ വിസമ്മതിച്ചിട്ടും വളരെ അദ്ധ്വാനവും ധനശേഷിയും ആവശ്യമായി വരുന്നതായിട്ടും, ഞങ്ങളുടെ പ്രതീക്ഷയ്ക്ക് അതീതമായി ഈ പരിപാടിയിൽ എല്ലാ വിദ്യാർത്ഥികളും പങ്കെടുത്തു. ചാമരം, കള്ളൻ പവിത്രൻ, കൂടെവിടെ? വിട പറയും മുമ്പേ..., ചെമ്മീൻ, എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ച ചലച്ചിത്ര മേള സിനിമാ സംവിധായകനായ ശ്രീ. കെ. എൻ. ശശിധരൻ ഉദ്ഘാടനം ചെയ്തു.

## 1987 ജന: 28:

1987 ജന: 28ന് ഒരു ക്വിസ് മത്സരം സംഘടിപ്പിക്കുകയും, ആ മത്സരത്തിലെ വിജയികളെ പങ്കെടുപ്പിച്ച് കൊണ്ട് ജന; 30-ന് ഇന്റർ കൊളേജിയേറ്റ് ക്വിസ് മത്സരം നടത്തുകയും ചെയ്തു. നമ്മുടെ കോളേജിന് ഒന്നാം സ്ഥാനവും, സെന്റ് ആൽബർട്ട്സ് കോളേജ്, മഹാരാജാസ് കോളേജ് എന്നിവർ രണ്ടും മൂന്നും സ്ഥാനവും കരസ്ഥമാക്കി.

## 1987 ഫെബ്രുവരി : 10-14

വരകളുടേയും വർണ്ണങ്ങളുടേയും ഭാവനാതലത്തിൽ ജീവിക്കുകയും 7 വയസ്സിനുള്ളിൽ 20,000 ചിത്രങ്ങൾ വരയ്ക്കുകയും, തദ്വാരാ താൻ ജീവിച്ച ഓരോ നിമിഷവും അർത്ഥവത്താക്കിയ ക്ലിന്റ്: തേവരയിൽ തന്റെ ഗൃഹത്തിൽ ഭാവനയുടെ കതിരു രൂപങ്ങൾ വരകളിലൂടെ അനശ്വരമാക്കിയ 'ക്ലിന്റ് ചിത്ര പ്രദർശനം' എല്ലാവരുടേയും മുക്തകണ്ഠമായ പ്രശംസനേടിയെടുത്തത്, വിദ്യാർത്ഥികളുടെ അകമഴിഞ്ഞ സഹകരണം കൊണ്ട് മാത്രമാണ്. ഈ എക്സിബിഷൻ കാണുവാനും, ക്ലിന്റിനെ അറിയുവാനുമുള്ള അവസരം എല്ലാവർക്കും ലഭ്യമാകുന്ന തരത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്ന രീതിയിലാണ് പ്രദർശനം സംഘടിപ്പിച്ചത്. നഗരത്തിലെ എല്ലാ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികൾ അകാലത്തിൽ പൊലിഞ്ഞ ആ പ്രതിഭയെ കണ്ടറിഞ്ഞു. 50,000ലേറെ പേർ ചിത്രപ്രദർശനം കാണുവാനെത്തിയെന്നത് ഞങ്ങൾക്കേറെ പ്രോത്സാഹ ജനകമായിരുന്നു.

## 1987 ഫെബ്രുവരി : 23-24 :

ഫെബ്രുവരി 23-24 തീയതികളിൽ നമ്മുടെ കോളേജിലെ വിദ്യാർത്ഥികളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ആർട്ട്സ് എക്സിബിഷൻ സംഘടിപ്പിച്ചു.

## 1987 : മാർച്ച് : 3 ;

1987 - മാർച്ച് - മൂന്നിന് 'കേരളത്തിലെ വിദ്യാഭ്യാസനയം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന 'വിദ്യാഭ്യാസ സെമിനാറിൽ' മുൻ കേരളാ യൂണിവേഴ്സിററി യൂണിയൻ ചെയർമാൻ ശ്രീ: പി. കെ. ഹരികുമാർ പ്രബന്ധം അവതരിപ്പിച്ചു. കേരളാസ്ററുഡൻസ് യൂണിയൻ മുൻ സംസ്ഥാന പ്രസി: ശ്രീ. പി. ടി. തോമസ്, കേരള വിദ്യാർത്ഥി ജനത സംസ്ഥാന സെക്രട്ടറി ശ്രീ തോമസ് കോയിക്കര, പ്രൊഫ; അഗസ്ററിൻ കൊമ്മറം എന്നിവർ സെമിനാറിൽ പങ്കെടുത്തു സംസാരിച്ചു. ഉച്ചയ്ക്കുശേഷം ഗാന്ധിജി യൂണിവേഴ്സിററി യൂണിയൻ യുവജനോൽസവത്തിൽ സമ്മാനാർഹരായ വിദ്യാർത്ഥികൾക്ക് സ്വീകരണം നല്കുകയും അവർ പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

## 1987 മാർച്ച് 4

ആയിരത്തിതൊള്ളായിരത്തിഎൺപത്തിയേഴ് മാർച്ച് 4ാം തീയതി യൂണിയൻ ദിനം പ്രൊഫ : M. K. സാനു മുഖ്യാതിഥിയായിരുന്ന ആ ചടങ്ങിൽ, ചിന്തയിലെ സി. ഭാസ്കരൻ സമ്മാനദാനംനിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം C. A. C. യുടെ ഗാനമേളയോടെ അന്നത്തെ പരിപാടികൾ അവസാനിച്ചു.

## 1986 : ഡിസംബർ : 2 മുതൽ 1987 മാർച്ച് വരെ

വളരെ ചെറിയ കാലയളവിൽ എല്ലാത്തരം പ്രതികൂല കാലാവസ്ഥയിലും, കോളേജ് അധികൃതരുടെ നിരുൽസാഹപ്പെടുത്തലുകളേയും അതിജീവിച്ച് പ്രതീക്ഷകൈമാറ്, ക്രിയാത്മകമായി പ്രവർത്തിച്ചു എന്നാണ് ഞങ്ങളുടെ വിശ്വാസം. നിങ്ങളുടെ പ്രതീക്ഷയുടെ എല്ലാ തലങ്ങളിലേയ്ക്കും ഉയരാൻ കഴിഞ്ഞില്ലെങ്കിലും ഒരു ചെറിയ കാലയളവിലെ, ഒരു വലിയ കാൽവയ്പായി ഞങ്ങൾ 1986 ഡിസം: 2 മുതൽ 1987 മാർച്ച് 4 വരെയുള്ള പ്രവർത്തനത്തെ കാണുന്നു. എല്ലായ്പ്പോഴും ഞങ്ങളെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്ത നിങ്ങളോരോരുത്തരോടും കൃതജ്ഞതയും കടപ്പാടും ഞാൻ രേഖപ്പെടുത്തുന്നു.

അഭിവാദനങ്ങളോടെ
റോയ് അക്കര
ജനറൽ സെക്രട്ടറി





# INCOME AND EXPENDITURE ACCOUNT OF THE SACRED HEART COLLEGE UNION '86-87'

| Sl. No. | Expenditure | Amount | Sl No. | Income | Amount |
|---|---|---|---|---|---|
| 1 | To Election | 1126.00 | 1 | By Union Fund | 6425.00 |
| 2 | ,, Inauguration | 3710.00 | 2 | ,, Advertisment | 350.00 |
| 3 | ,, Arts Club | 1250.00 | 3 | ,, Book Exhibition Commission | 400.00 |
| 4 | ,, Associations | 400.00 | 4 | ,, Youth Festival Donation | 405.00 |
| 5 | ,, Arts Exhibition | 50.00 | 5 | ,, Film Festival (Including Sponsership) | 7711.00 |
| 6 | ,, Shastra Kala Mela | 431.00 | 6 | ,, Clint Exhibition (Advt sponsership) | 6400.00 |
| 7 | ,, Film Festival | 4075.00 | 7 | ,, Excess of Expenditive Over Income | 4061.00 |
| 8 | ,, Quiz Competion | 260.00 | | | |
| 9 | ,, University youth Festival | 700.00 | | | |
| 10 | ,, Clint Exhibition | 8725.00 | | | |
| 11 | ,, Union Day | 4900.00 | | | |
| 12 | ,, Printing & Stationary | 125.00 | | | |
| | TOTAL | 25752.00 | | TOTAL | 25752.00 |

INCOME AND EXPENDITURES CHECKED AND APPROVED BY THE COLLEGE UNION.

THEVARA
3rd MARCH 1987

SD/-
GENERAL SECRETARY.



## ഞാനെന്ത് പറയാൻ......?

കെ. പി. കുര്യൻ
രണ്ടാം വർഷ ബി. എ. സാമ്പത്തികശാസ്ത്രം.

വിരസമായ കുറെ നിമിഷങ്ങളുടെ, നേർത്ത
മഞ്ഞുപാളികൾക്കപ്പുറത്തു നിന്നെന്റെ
സ്വകാര്യ ദുഃഖങ്ങൾ എന്നെ നോക്കി
പരിഹസിച്ചു ചിരിക്കുന്നു.
വസന്തകാലത്തിൽ, ഏതോ
പൂന്തോട്ടത്തിൽ നിന്നും സുഗന്ധം വഹിച്ചെത്തുന്ന
ഇളം കാറ്റ്, എന്നെ കടന്നുപോകുമ്പോൾ
എനിക്കായ് ഒരു ചോദ്യം നൽകുന്നു,
എന്തേ നീ തനിച്ച്.........?
മുറ്റത്ത് മുഴുവൻ തണൽ വിരിക്കുന്ന
പേരറിയാത്തേതോ വൻവൃക്ഷത്തിൽ
ഋതുക്കൾ മാറുമ്പോഴെത്തുന്ന പക്ഷികൾ
ദിനങ്ങൾക്കുശേഷം ഏതോ അകലങ്ങളിലേക്ക്
പറക്കുമ്പോൾ, നന്ദിയോടെ മുഖം തിരിച്ചെന്നോട്
ചോദിക്കുന്നു, നിന്റെ കൂട്ടിലിനിയുമിണക്കിളി എത്തി
യില്ലേ...?

എന്റെ മുറ്റത്തെ തണൽ വൃക്ഷത്തിന്റെ
ഇല മർമ്മരവും മറ്റൊന്നല്ല...
ആ മരത്തിന്റെ ഏതോ കൊമ്പത്തൊന്നിൽ
കൂടും കൂട്ടി, കുഞ്ഞുങ്ങളെ ഇരതേടാൻ
പഠിപ്പിക്കുന്ന അണ്ണാറക്കണ്ണനും
ചിലക്കുന്നെന്റെ നേർ,ക്കെന്തേ നിനക്കു—
ണ്ണികളില്ലേ, ഇര തേടാൻ പഠിപ്പിക്കാൻ
ഒരു കൊച്ചു കളിയൂഞ്ഞാലീ മരത്തിൻ
കൊമ്പിലിട്ടു കൊടുക്കുവാൻ?...... പാവം...
ഇവിടെ കായലിന്നോളങ്ങൾ തന്നാ—
ന്ദോളനം നോക്കിയിരിക്കെ ഒരു ചിരി-
യോടെ ഓളങ്ങൾ ചോദിക്കുന്നു, നിനക്ക്
കളിവഞ്ചിയിലേറിയീ കായലിൻ മാറത്ത്
കളിപറഞ്ഞിരിക്കുവാൻ ഒരു കാമുകി
ഇല്ലയെന്നോ......കഷ്ടം......!!
ഏതോ ദൂതുമായ് പറന്നകന്ന മേഘവും
കടന്നു പോകുന്ന പഥികനുമെന്നെ
തിരിഞ്ഞു നോക്കി സഹതപിക്കുന്നു, ഈ-
ഏകാന്തത തൻ വാത്മീകത്തിൽ നിന്നും
പുറത്തു വരുവാൻ എനിക്കാശംസകൾ നൽകുന്നു
പിന്നെ, ഞാനെന്തു പറയാൻ......?
പക്ഷേ... ഒന്നു ഞാൻ പറയട്ടെ, യീ-
ചോദ്യങ്ങളും ആശംസകളുമെന്റെ
സ്വകാര്യ ദുഃഖങ്ങൾക്കാക്കം കൂട്ടുന്നു, അത്രമാത്രം...!!

# Incredible Invitation

As I had just laid on the bed for a nap somebody knocked at the door.

'Who's that'? I asked with avidity and contempt.

The person who entered was my friend, Johny. There was something peculiar in his appearance as a whole. I couldn't mention what it was. There was brightness on his face, his eyes were shining and his disposition was, unlike before, of a soelmn looking person.

"What the hell happened to you, man? Won't you let me sleep"? I bantered him. But, even then, no smile on his lips.

"Come with me", he said, without losing his seriousness, and his voice was echoing.

"To where"? For my question he uttered the same three words : 'come with me.'

At last I went out with him to the unknown place. His movements were somwhat different from when he had spent his time with me before; it was neither too hasty nor too slow but just like a flow. I accompanied him like a somnambulist. He led me to the river bank. It was a moonlit night.

The moon stood in the sky with all her dignity and festooned light on the earth generously. There were stars, a few, hither and thither only. The ripples of the river created by the chilly breeze were phosphorescent with the moon.

In the river there were some country boats, two or three of them, tied to a coconut tree. Johny stepped in to one of the boats, sat on it and beckoned me; I did so and the boat began to move.

Suddenly I became aware of the fact that it was night. I was absent-minded till then. I remembered that it was only at 3 or 4 in the evening that I had started to sleep. But now it was night, fully silent like we were in an island where no human beings lived. I looked at Johny and knew that he was smiling.

"Johny, tell me, where are you taking me"? I asked him in panic.

"Wait and see", he said.

"Why can't you tell me now"? For this he smiled again; that's all.

As the boat was going to the centre part of the river, the degree of his smile gradually increased and culminated into a laughter.

Then I was really in the grip of fear.

"Johny, please, take me back. Come on, we can go back".

But he was, still, laughing and laughing with flaming eyes. The happiness on his face was like that of a man-eater who got his prey after a long time. I was in a predicament. I could hardly say anything more because voice was not coming out of my throat.

The speed of the chilly wind seemed to be increasing. Suddenly he shook the boat twice and it capsized; he and I were in the water. Ignoring him I started to swim, thinking of all gods, with all my might. But I couldn't, because two strong hands caught both my legs and pulled me to the bottom. Though I tried to free myself from the grip, I was drowing. I thought that I couldn't survive it.

"Amme"....................I screamed, at last.

........ ........ ........

"What happened to you"?

"Why did you scream loudly"?

I had been victimised to these questions when I looked around my bed. There were my mother, father, two brothers and sister standing around me and looking at me anxiously. I was gasping and sweating.



"What was it my boy"? My mother asked curiously.

"Did you have a nightmare"? It was from my father.

I simply smiled. My sister brought me a glass of water and I drank it.

"Now-a-days you don't take any interest in prayer. Did you go for the holy mass on last Sunday? No. That's why all these things are happening. First of all obey your mother".

They all went out of my room. But I could hear what they were talking in the adjoining room.

"Father, you know, his friend named Johny got drowned last week and the body was found only after two days. I forgot to tell you that because you were on tour. Johny was his great friend".

Mother was narrating, to my father the sad fate of my friend who got drowned when the country boat in which he was travelling capsized.

I am unable to control my fear, still now, after a week, while I am writing this. I know that all will laugh at me when they read it. But I don't mind.

After all, my belief in God has increased now. He is my only providence.

RICHMON K. A.
II ECONOMICS

□

**REGAL BEKERY**
South of S. H. College
Thevara, **COCHIN - 13**

phone :
Branch : Perumanur

*With best Compliments:-*

**STUDIO FOTEX**
COLOUR AND BLACK & WHITE

THEVARA
**COCHIN - 13.**

*With best Compliments:-*



## വിദ്യാഭ്യാസ സെമിനാറിനെപ്പററി ഒരു കുറിപ്പ്

കാലഘട്ടത്തോട് പ്രതികരിക്കാൻ കഴിവുള്ള, തൊഴിൽദായകമായ, ബുദ്ധി - വിജ്ഞാനങ്ങളെ വികസിപ്പിക്കുന്ന, സാംസ്കാരികതയിലൂന്നി നിൽക്കുന്ന, ശാസ്ത്ര - സാഹിത്യാദികളെ ഒരേപോലെ അനുഭവിപ്പിച്ച ഒരു വിദ്യാഭ്യാസ സമ്പ്രദായം സ്വപ്നം കണ്ടവരാണ് നാം! എന്നാൽ ഗോപുരമാക്ക് ബിരുദവും, താമര - ശംഖുമാർക്ക് ബിരുദവും, ഉല്പാദിപ്പിക്കാനല്ലാതെ കാര്യമായി യാതൊന്നും ചെയ്യാൻ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിഞ്ഞില്ല എന്നു വരുമ്പോഴും, ശൂന്യാകാശത്തിൽ റാകിപ്പറക്കുന്ന ഇന്നത്തെ വിദ്യാഭ്യാസം, സംസ്കാര രഹിതരായ, ദേശീയ മനോഭാവമില്ലാത്ത, ഉത്തരവാദബോധമില്ലാത്ത ഒരു കൂട്ടം സാമൂഹ്യദ്രോഹികളെയാണ് വാർത്തെടുക്കുന്നതെന്ന് വരുമ്പോഴും ആസ്വപ്നങ്ങളും ചീട്ടുകൊട്ടാരം പോലെ തകർന്ന് വീഴുന്നത് ഒരു ഞെട്ടലോടെ നാം മനസ്സിലാക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ രാജീവ് ഗാന്ധിയുടെ പുതിയ വിദ്യാഭ്യാസ നയത്തെയും ഇന്നത്തെ വിദ്യാഭ്യാസം നേരിടുന്ന പ്രശ്നങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് തേവര എസ്. എച്ച്. കോളേജ് യൂണിയൻ 1987 മാർച്ച് 3 ന് സംഘടിപ്പിച്ച ചർച്ച പ്രസക്തമായിരുന്നു എന്നു പറയാതെ നിവൃത്തിയില്ല.

''ഇന്നത്തെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രശ്നങ്ങളുമായി ബന്ധപ്പെടുവാൻ കഴിയുന്നില്ല. കേവലം പുസ്തകജ്ഞാനത്തിലൊതുങ്ങി നിൽക്കുന്ന അവർ, ഇത്തരമൊരു സ്ഥിതി ക്രമേണ വരുത്തിക്കൊണ്ട് കാലിക പ്രസക്തമായ പ്രശ്നങ്ങളെപ്പററി തങ്ങളുടെ നേതാക്കൾ എന്തു പറയുന്നു എന്നു മനസ്സിലാക്കുവാൻ ഓരോ വിദ്യാർത്ഥിക്കും അവസരം നൽകുക എന്നതാണ് യൂണിയൻ സംഘടിപ്പിച്ച ചർച്ചയുടെ ഉദ്ദേശ്യം'' എന്ന ചെയർമാൻ ഷാബു പോളിന്റെ വാക്കുകൾ ഈ സംരംഭത്തിന്റെ ഉദ്ദേശ്യ ശുദ്ധി വ്യക്തമാക്കുന്നു. ഈ ചർച്ചയിൽ പങ്കെടുത്ത ശ്രീ. പി. കെ. ഹരികുമാർ (മുൻ കേരള സർവ്വകലാശാല യൂണിയൻ ചെയർമാൻ) ശ്രീ. പി. ടി. തോമസ് (K. S. U. മുൻ പ്രസിഡണ്ട്) ശ്രീ. തോമസ് കോയിക്കര (K. V. J. സെക്രട്ടറി) പ്രൊഫ: അഗസ്റ്റിൻ കൊച്ചുമഠം (മലയാളം വിഭാഗം, എസ്. എച്ച്. കോളേജ് തേവര) എന്നിവർ ഈ വിഷയത്തെപ്പററി ആധികാരികമായി സംസാരിച്ചു.

പ്രാക്തന കാലം മുതൽ ഇന്നത്തെ കാലഘട്ടം വരെയുള്ള വിദ്യാഭ്യാസ സമ്പ്രദായം സമ്യക്കും നിരീക്ഷിച്ച പി. കെ. ഹരികുമാർ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഫ്യൂഡലിസ്ററ് ചിന്താഗതികളുടെ സ്വാധീനം മറെറന്നത്തെക്കാളും വർദ്ധിച്ചിട്ടുണ്ടെന്ന സമർത്ഥിച്ചു കൊണ്ട് പ്രബന്ധം അവതരിപ്പിച്ചു. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളും വിജ്ഞാന സമ്പാദനവും തൊഴിൽ ദാനവുമാണെന്ന വസ്തുത ഇന്നത്തെ സർക്കാർ മറന്നിരിക്കുന്നുവെന്നദ്ദേഹം കുററപ്പെടുത്തി. പ്രാഥമിക വിദ്യാഭ്യാസം ഇന്നപാടെ അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന മുൻതൂക്കം ഉപയോഗിക്കുന്ന കാര്യത്തിലും പരാജയമാണ് ദർശിക്കുവാൻ കഴിയുന്നത്. എന്നാൽ അടുത്തയിടെ വരെ കേരളത്തിൽ നില വിരിന്നതായിരുന്നുവെന്നദ്ദേഹം വാദിച്ചു. മലബാർ ഡിസ്ട്രിക് ബോർഡ്, ക്രിസ്ത്യൻ മിഷനറിമാർ ഇവരുടെ പ്രവർത്തനം കേരള വിദ്യാഭ്യാസ രംഗത്തെ ഒരു കാലത്ത് സ്വാധീനിച്ചിരുന്നു. എന്നാൽ പുതിയ വിദ്യാഭ്യാസ നയത്തിലൂടെ കേരളത്തിലും സ്ഥിതിഗതികൾ കലങ്ങി മറിഞ്ഞിരിക്കുന്നു. ഫ്യൂഡലിസത്തിന്റെ സ്മാരകങ്ങളായി നവോദയ സ്കൂളുകൾ ഉടലെടുക്കുന്നു. വിദ്യാഭ്യാസ രംഗം ഇന്ന് ഏതാനും മുതലാളിമാരുടെ സ്വകാര്യ സ്വത്തായിത്തീർന്നിരിക്കുന്നുവെന്നദ്ദേഹമാരോപിച്ചു. 'മമ്മി' 'ഡാഡി' സംസ്കാരത്തിന്റെ കറ ജീർണ്ണിച്ച ആർഷഭാരത സംസ്കാരത്തിനപമാനമായ, കേരളീയത തൊട്ടുതീണ്ടാത്ത ഇടിമിന്നലിന്റെ പടവാളുമായി ഷവില്ലിന്റെ മേഘ മാർഗ്ഗത്തിലൂടെ പായുന്ന എന്നഹങ്കരിക്കുന്ന 'നാടൻ വിദേശികളെ' സൃഷ്ടിക്കാനേ ഈ വിദ്യാഭ്യാസ സമ്പ്രദായത്തിനു കഴിയൂ എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. വിദ്യാഭ്യാസത്തിനു വേണ്ടി ഓരോ പദ്ധതിയിലും നീക്കിവയ്ക്കുന്ന തുകയിൽ ഉണ്ടാകുന്ന കുറവ് കണക്കുകളുദ്ധരിച്ച് ഹ



യിച്ച ശ്രീ. ഹരികുമാർ നിരക്ഷരത ഇന്ന് ഒരു പകർച്ച വ്യാധി ആവുകയാണെന്ന അഭിപ്രായപ്പെട്ടു. 1957 ലെ വിദ്യാഭ്യാസ ബില്ല് അനുസരിച്ച അദ്ദേഹം ''മ'' പ്രസിദ്ധീകരണങ്ങളോട് ആഭിമുഖ്യം വളർത്തുന്നത് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായമാണെന്ന പറഞ്ഞു.

പൊതുവെ മെച്ചപ്പെട്ട, ആകർഷകമായ ഒരു പ്രബന്ധമാണിതെന്നാണ് ലേഖകന്റെ അഭിപ്രായം. എന്നാൽ ഏകീകൃത വിദ്യാഭ്യാസ ഘടനയില്ല, ദേശീയ നിയമങ്ങളില്ല, ടെലിവിഷൻ-കമ്പ്യൂട്ടർ ഇവയുടെ പരാജയം മുതലായ വസ്തുതകളും അവതരിപ്പിക്കാമായിരുന്നു എന്നൊരഭിപ്രായം ഉചിതമാണെന്നു തോന്നുന്നു.

തുടർന്നു സംസാരിച്ച ശ്രീ. പി. ടി. തോമസ് പ്രബന്ധാവതാരകന്റെ വഴി പിന്തുടർന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ഇങ്ങനെ ക്രോഡീകരിക്കാം '' നികുതി ദായകനായ ഇന്ത്യൻ പൗരൻ വിദ്യാഭ്യാസത്തെപ്പററി അഭിപ്രായം പറയാനർഹനാണ്, അവനതുനൽകണം. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം പിന്തുടർന്നാൽ കൊഴിഞ്ഞു പോക്ക് എന്ന മാരകമായ പ്രശ്നം വിദ്യാഭ്യാസ രംഗത്ത് തുടരുമെന്നല്ലാതെ ഗുണകരമായ യാതൊന്നുമുണ്ടാവില്ല.'' വിദ്യാഭ്യാസത്തിലെ ജാതിപ്രശ്നം തീർച്ചയായും പരിഹൃതമാവണമെന്നദ്ദേഹം അഭിപ്രായപ്പെട്ടു. 1993ൽ 20% മാത്രം തൊഴിൽ ഉറപ്പുവരുത്തുന്ന, 800 കോടി മാത്രം (3200 കോടി ആവശ്യമായ സ്ഥാനത്ത്) വിദ്യാഭ്യാസത്തിനായി നീക്കി വച്ച പുതിയ പദ്ധതി പരിഷ്കാരങ്ങൾക്ക നൽകാൻ ഒരു പ്രത്യയ ശാസ്ത്രമോ, അതോ ആയിരങ്ങളുടെ കണ്ണുനീരിന്റെ കഥയോ നമുക്ക് നൽകുക എന്നദ്ദേഹം ചോദിച്ചു. പുതിയ നയത്തിലെ ദേശീയ പരീക്ഷനയം, ദേശീയ പരിശോധനാ സമിതി മുതലായ ആശയങ്ങളോട് യോജിപ്പുപ്രകടിപ്പിച്ച ഇദ്ദേഹം ഗ്രാമീണരെ വിദ്യാഭ്യാസമുള്ളവരാക്കുന്ന, ദേശത്തിന്റെ അഖണ്ഡതയ്ക്കൊത്ത, സമൂഹത്തോട് കടപ്പാടുള്ള ജനതയെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായത്തിനാഹ്വാനം ചെയ്തു.

പിന്നീട് സംസാരിച്ച പ്രൊഫ. അഗസ്റ്റിൻ കൊമ്മററാണ് ഈ ചർച്ചയിലെ ഏററവും ലളിതമായ, രസകരമായ ഹൃദയാവർജ്ജകമായ പ്രഭാഷണം കാഴ്ചവെച്ചത്. സുന്ദരമായ ശൈലിയിൽ ഒഴുക്കുള്ള ഭാഷയിൽ അദ്ദേഹം വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം സ്വഭാവ രൂപവൽക്കരണമാണെന്ന സ്ഥാപിച്ചു. ഇന്നത്തെ കലാലയാന്തരീക്ഷത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടദ്ദേഹം സംസാരിച്ചപ്പോൾ ആത്മാർത്ഥമായി തന്നെ പറയട്ടെ വിയോജിക്കാൻ കഴിഞ്ഞില്ല. തൊഴിലുള്ളവർ തന്നെ അതിനോട് ആത്മാർത്ഥത കാട്ടുന്നില്ലെന്നിരിക്കെ, അതാണ് വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം എന്ന പറയാനാവില്ലെന്ന അദ്ദേഹത്തിന്റെ പ്രസ്താവന കരഘോഷത്തോടെയാണ് സദസ്സ് സ്വീകരിച്ചത്. നമ്മുടെ ഉള്ളിൽ അന്തർലീനമായിരിക്കുന്ന, ചാരം മൂടികിടക്കുന്ന കനൽക്കട്ട പോലുള്ള പ്രതിഭയെ ഊതിത്തെളിയിക്കുകയാണ് വിദ്യാഭ്യാസ ലക്ഷ്യമെന്ന പ്രഖ്യാപിച്ച അദ്ദേഹം പുത്തൻ തലമുറയുടെ ആംഗലേയ സംസ്കാരമെന്ന വഴിപിഴച്ച രീതിക്കെതിരെ മുന്നറിയിപ്പ നൽകി.

കയ്യിൽ കരുതിയിരുന്ന അസ്ത്രങ്ങളാം മുഴുവൻ ഇന്നത്തെ വിദ്യാഭ്യാസ വകുപ്പിന്റെ കൊള്ളരുതായ്മകൾക്കെതിരെ കുസലെന്യേ ചൊരിഞ്ഞുകൊണ്ട് തോമസ് കോയിക്കര തുടർന്ന് സംസാരിച്ചു. മണ്ടൻ പരീക്ഷയിൽത്തുടങ്ങി യുവജനോത്സവ ട്രോഫി വിവാദം വരെ എത്തി നിൽക്കുന്ന നമ്മുടെ വിദ്യാഭ്യാസനയത്തെപ്പററി ആശങ്കപ്പെട്ട അദ്ദേഹം പ്രതികരണശേഷി വിദ്യാർത്ഥികളിൽ വളർന്ന വരേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു.

ചർച്ചകൾക്ക് ഉപസംഹരിച്ചുകൊണ്ട് ശ്രീ. പി. കെ. ഹരികുമാർ സംസാരിച്ചു. യൂണിയൻ സെക്രട്ടറി റോയ് അക്കര സ്വാഗതവും, യൂണിവേഴ്സിററി യൂണിയൻ കൗൺസിലർ ജെയ് ജോൺ നന്ദിയും രേഖപ്പെടുത്തി.

ഈ ചർച്ചയെപ്പററി പറയുമ്പോൾ വിദ്യാഭ്യാസ നയം പരാജയം എന്ന നിഗമനത്തിലാണ് എത്തിച്ചേരുന്നത്. കൺകറന്റ് ലിസ്റ്റിലെ അംഗത്വം മുതലായ അംഗുലീപരിമിതമായ നേട്ടങ്ങൾ ഇവിടെ ഉപേക്ഷിക്കപ്പെട്ടു എന്തുകൊണ്ട് എന്നു വ്യക്തമല്ലെങ്കിലും ഇത്തരമൊരു ചർച്ച തികച്ചും വിജ്ഞാനപ്രദം തന്നെ.

ഇന്നു ഭീതിയുടെ നിഴലിൽ രാഷ്ട്ര പുനർനിർമ്മാണം നിർവ്വഹിക്കുന്ന അപൂർവ്വം ചില രാജ്യങ്ങളിലൊന്നാണ് നിക്കരാഗ്വ. സ്പെയിനോടും ബ്രിട്ടനോടും പോരാടി പരിചയമുള്ള ആ കൊച്ചു രാഷ്ട്രം ലോകത്തിന്റെ പോലീസുകാരനാകാൻ വെമ്പുന്ന അമേരിക്ക എന്ന വൻ ശക്തിയുടെ അപ്രഖ്യാപിതയുദ്ധത്തെയും വാണിജ്യ ഉപരോധനത്തേയും നേരിട്ടുകൊണ്ടാണ് ഈ ഉയർത്തെഴുന്നേൽപ്പ് നടത്തുന്നതു്. വടക്കേ അമേരിക്കയുടെ തെക്കെ അററത്തു കരീബിയൻ കടലിനടുത്ത് സ്ഥിതി ചെയ്യുന്ന 1,30,000 ചതുരശ്ര കിലോ മീററും 27,38,000 ജനസംഖ്യയുമുള്ള ഈ രാഷ്ട്രശിശു ഏകാധിപത്യവാഴ്ചയിൽ നിന്നും മുക്തി നേടിയതു് 1979-ലാണ്.

ആഗോള മേധാവിത്വത്തിനു വേണ്ടി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നയങ്ങളാണ് മധ്യ അമേരിക്കയിലെയും, കരീബിയൻ മേഖലയിലേയും സ്ഥിതി കൂടുതൽ വഷളാക്കിക്കൊണ്ടിരിക്കുന്നതു്. അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗൻ നിക്കരാഗ്വയിലെ സാന്തിനിസ്റ്റ് ഗവണ്മെന്റിനെയും, അതിന്റെ സാമ്രാജ്യത്വവിരുദ്ധനയങ്ങളെയും ദഹിക്കാത്തതിനാൽ സാന്തിനിസ്റ്റ് ഗവണ്മെന്റിനെ അട്ടിമറിക്കാനുള്ള ഗൂഢശ്രമത്തിലാണ് റീഗനും കൂട്ടാളിയായ സി. ഐ. എ. യും.

ഏകാധിപതിയും വാഷിംഗ്ടന്റെ വിശ്വസ്തനുമായിരുന്ന സൊമോസയെ അധികാര ഭ്രഷ്ടനാക്കി നിക്കരാഗ്വയിലെ പ്രബുദ്ധരായ ജനങ്ങൾ സ്ഥാപിച്ച ഭരണകൂടമാണ് സാന്തിനിസ്റ്റ് ഭരണകൂടം (സൊമോസയുടെ ഏകാധിപത്യ ഭരണത്തിനെതിരെ ഗറില്ലാ യുദ്ധം നയിച്ചു കൊല്ലപ്പെട്ട നേതാവാണ് സാന്തിനൊ. ഇദ്ദേഹത്തിന്റെ പേരിൽ നിന്നാണ് സാന്തിനിസ്റ്റ് ഭരണം എന്ന പേരുണ്ടായതു്). വിപ്ലവ ഗവണ്മെന്റ് ജനകീയ ഭരണം സ്ഥാപിച്ചതോടൊപ്പം അമേരിക്ക പ്രതിവിപ്ലവ പ്രവർത്തനങ്ങൾക്കു രൂപം കൊടുത്തു. ഇതിനായി സി. ഐ. എ. യുടെ നേതൃത്വത്തിൽ സൊമോസയുടെ ചോററു പട്ടാളത്തെ പുന:സംഘടിപ്പിച്ചുകൊണ്ട് വടക്കൻ പ്രദേശങ്ങളിൽ ആകമാനം അമേരിക്കൻ ആയുധങ്ങളേന്തിയ പ്രതിവിപ്ലവകാരികളെ അഥവാ 'കോൺട്ര'കളെ അണിനിരത്തി. വിപ്ലവകാരികളുടെ ദൃഢനിശ്ചയത്തിന്റെയും ഐക്യത്തോടുള്ള ചെറുത്തു നിൽപ്പിന്റെയും മുന്നിൽ ഈ ചോററു പട്ടാളം തുന്നംപാടുകയും അയൽ രാജ്യങ്ങളിൽ അഭയം പ്രാപിക്കുകയും ചെയ്തു.



നിക്കരാഗ്വയുടെ അയൽ രാജ്യമായ ഹോണ്ടുറാസിൽ പ്രതിവിപ്ലവകാരികൾക്ക് പരിശീലനം നൽകുകയും ആധുനികായുധങ്ങളോടു കൂടി ഇവരെ നിക്കരാഗ്വക്കെതിരെ പടവെട്ടാൻ അണിനിരത്തുകയുമാണ് അമേരിക്ക ചെയ്യുന്നതു്. 1981-ൽ അമേരിക്കൻ പ്രസിഡണ്ട് റീഗൻ ദശലക്ഷം ഡോളറിന്റെ ആയുധ സഹായം നൽകാൻ രഹസ്യ സംഘടനയായ സി. ഐ. എയെ ഏല്പിച്ചു. സ്വാതന്ത്ര്യവും പരമാധികാരവുമുള്ള ഒരു രാജ്യത്തെ തങ്ങളുടെ സങ്കുചിത താല്പര്യങ്ങൾക്കുവേണ്ടി ധാർമ്മിക മൂല്യങ്ങളെ കാററിൽ പറത്തി തിരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റുകളെ അട്ടിമറിച്ചു കൊണ്ടു അസ്വസ്ഥതയും അരാജകത്വവും സൃഷ്ടിച്ചു അമേരിക്കൻ അനുകൂലികളെ അവിടങ്ങളിൽ ഭരണാധികാരികളാക്കാൻ അമേരിക്ക എന്നും ശ്രമിച്ചു പോന്നിട്ടുണ്ട്. അതിന്നും നിർബാധം തുടരുന്നു.

1982-ൽ 1500-ൽപരം സൈനികരടങ്ങുന്ന ഒരു വ്യൂഹത്തെ നിക്കരാഗ്വയിൽ നുഴഞ്ഞുകയററം നടത്തിക്കാനും രാജ്യത്തിന്റെ തന്ത്രപ്രധാനമായ സ്ഥലങ്ങൾ പിടിച്ചടക്കി തുടർന്നുള്ള ആക്രമണത്തിന്റെ തട്ടകമാക്കാനുമുള്ള ഒരു ദൗത്യം സി. ഐ. എ. 'കോൺട്ര'കൾക്ക് നൽകി. എന്നാൽ വിപ്ലവ ഗവൺമെന്റിന്റെ സന്ദർഭോചിതമായ പ്രവർത്തനം കൊണ്ടു് ഇവരെ തറപററിക്കാൻ കഴിഞ്ഞു. നിക്കരാഗ്വയുടെ അയൽരാജ്യമായ കൊച്ചു ഹോണ്ടുറാസിനെ അമേരിക്കയുടെ വലിയൊരു സൈനിക താവളമാക്കി മാററുകയും കൂടിയായിരുന്നു ഇതിന്റെ പ്രത്യക്ഷഫലം. ഹോണ്ടുറാസിൽ കോൺട്രാകൾക്ക് പരിശീലനം നൽകുന്നതു അമേരിക്കക്കാരും ഇസ്രായേലികളുമടങ്ങുന്ന സൈനികരാണ് (82-ഓടു കൂടി ഒരു സുരക്ഷിതസൈന്യം സൃഷ്ടിക്കാൻ സി. ഐ. എക്കു് കഴിഞ്ഞു.)

നിക്കരാഗ്വ അമേരിക്കൻ ഭീഷണിക്കെതിരെ അന്തരാഷ്ട്രീയ സഹകരണവും ലോകകോടതി വിധിയും അനുകൂലമായി നേടിക്കഴിഞ്ഞു. ലോക കോടതി അമേരിക്കൻ പ്രവൃത്തിയെ നിശിതമായി വിമർശിക്കുകയും നിക്കരാഗ്വയുടെ ആഭ്യന്തരകാര്യങ്ങളിൽ അനാവശ്യമായി ഇടപ്പെട്ടതിനും പരമാധികാരം ലംഘിച്ചതിനും 37 കോടി ഡോളർ നഷ്ടപരിഹാരം നൽകാൻ ആവശ്യപ്പെടുകയും ചെയ്തു. ലോകകോടതി വിധിയുണ്ടായതിനെ തുടർന്നുണ്ടായ പ്രതികരണങ്ങളെ അവഗണിക്കാനാവാത്തതിനാൽ അമേരിക്കൻ കോൺട്രാകൾക്കുള്ള സാമ്പത്തിക സഹായവും മററും നിർത്ത

# നിക്കരാഗ്വ: ഭീകരതയുടെ നിഴലിൽ

എം. ജെ. വർഗ്ഗീസ്
രണ്ടാം വർഷ ഡിഗ്രി സാമ്പത്തികശാസ്ത്രം

ലാക്കിയിരിക്കുകയാണ് പ്രത്യക്ഷത്തിൽ.

നിക്കരാഗ്വൻ പ്രസിഡണ്ട് ദാനിയേൽ ഒർട്ടേഗ് ചേരി ചേരാരാഷ്ട്രങ്ങളുടെയും പിന്തുണനേടിയെടുത്തും ക്യൂബയിൽ നിന്നും ഇതര സോഷ്യലിസ്റ്റു രാജ്യങ്ങളിൽ നിന്നും സൈനികസഹായം സ്വീകരിച്ചും കോൺട്രാകളുടെ നട്ടെല്ലൊടിക്കാനുള്ള ഭഗീരഥ പ്രയത്നത്തിലാണ്.

മദ്ധ്യ അമേരിക്കയിലും, കരീബിയൻ മേഖലയിലും, എൽസാൽവഡോറിലും, ഗ്വാട്ടിമാലയിലും ജനദ്രോഹികളായ ഭരണാധിപന്മാർക്ക് ആയുധം നല്കുന്നതും അമേരിക്കൻ സാമ്രാജ്യത്വമാണ്. ആറുവർഷമായി തുടർന്നു കൊണ്ടിരിക്കുന്ന ഇറാൻ ഇറാക്ക് യുദ്ധം അതിസങ്കീർണ്ണമാക്കിയതിനു പിന്നിൽ അമേരിക്കയുടെ സ്വാർത്ഥതാല്പര്യമുണ്ട്. ലോകകോടതിയുടെ വിധിയെ തുടർന്ന് ഉയർന്നുവന്ന പ്രതികരണങ്ങളും നിമിത്തമാണ് അമേരിക്കൻ കോൺഗ്രസ്സ് നിക്കരാഗ്വയിലെ പ്രതിവിപ്ലവകാരികൾക്ക് സഹായം നിർത്തലാക്കിയത്. ഇതിനെ മറികടക്കാനായിരുന്നു റീഗൻ ഇറാന് രഹസ്യമായി ആയുധം നല്കുകയും അതുവഴി ലഭിച്ച ലാഭം സ്വിസ്സ് ബാങ്കുകളിൽ നിക്ഷേപിച്ച് 'കോൺട്രാ'കൾക്ക് നല്കുകയും ചെയ്തത്. ഇറാനു ആയുധം വിററ 'ഇറാൻഗേററ്' സംഭവത്തെ തുടർന്ന് അമേരിക്കൻ ജനതയിൽ നിന്നു തന്നെയുണ്ടായ എതിർപ്പുകൾ കാരണം, ആയുധ ഇടപാടിന് കൂട്ട് നിന്ന പല ഉന്നത ഉദ്യോഗസ്ഥന്മാരുടേയും കസേരകൾ തെറിച്ചു പോയി.

1986-ഒക്ടോബർ 5-ന് തെക്കൻ നിക്കരാഗ്വയിൽ വച്ച് സാന്തിനിസ്റ്റ് സൈനികർ അമേരിക്കനായുധങ്ങളേന്തിയ ഒരു വിമാനം വെടിവെച്ചു വീഴ്ത്തി. നിക്കരാഗ്വൻ ഭടന്മാർ തടവുകാരനായി പിടിച്ച ആ ദുരത്ത അമേരിക്കക്കാരനായ യൂജിൻ ഹെസൻ-ഫസായിരുന്നു വെടി കൊണ്ട് വീണ വിമാനത്തിലെ പൈലററ്. ഹെസൻഫസിനെ 30 വർഷത്തെ തടവിന് നിക്കരാഗ്വൻ കോടതി വിധിച്ചെങ്കിലും നിക്കരാഗ്വൻ പ്രസിഡണ്ട് ദാനിയേൽ ഒർട്ടേഗ് അമേരിക്കയുമായി സൗഹൃദമാണ് തന്റെ രാജ്യം ആഗ്രഹിക്കുന്നതെന്നു പ്രഖ്യാപിച്ചുകൊണ്ട് ക്രിസ്തുമസ് സമാധാന സമ്മാനമെന്നനിലയ്ക്ക് ഫസിനെ വിട്ടയച്ചു. അമേരിക്കൻ പ്രസിഡണ്ട് റീഗനും ചാരസംഘടനയായ സി. ഐ. എയും നിക്കരാഗ്വയുമായി നടത്തുന്ന ഈ അപ്രഖ്യാപിതയുദ്ധം നിക്കരാഗ്വയെ മറെറാരു വിയത്നാമാക്കി തീർക്കുമോയെന്നു ലോകം ഉററു നോക്കുന്നു.

45 കൊല്ലക്കാലം കിരാതഭരണം നടത്തി ജനങ്ങളെയാകമാനം പീഡിപ്പിക്കുകയും രാജ്യത്തിൻെറ പുരോഗതിയെ പുറകോട്ടടിപ്പിക്കുകയും ചെയ്ത സൊമോസാ കുടുംബത്തിൻെറ വാഴ്ച അവസാനിപ്പിച്ചിട്ട് കേവലം 8 കൊല്ലക്കാലമേ ആയുള്ളു. ഭരണം കയ്യാളിയതിനു ശേഷം അമേരിക്കൻ ഗവൺമെൻറിനോട് പോരാടുകമാത്രമല്ല നിരക്ഷരരായ 62%ത്തെ 12% ആക്കികുറച്ച് സെക്കൻഡറി വിദ്യാഭ്യാസവും ഉന്നതവിദ്യാഭ്യാസവും സൗജന്യമാക്കി. പൊതുജനാരോഗ്യത്തിൻെറ കാര്യത്തിൽ കാര്യമായി ശ്രദ്ധിച്ചു. ആയിരകണക്കിന് കൃഷിക്കാർക്ക് ഭൂമി വിതരണം ചെയ്തു. നിക്കരാഗ്വയുടെ ഈ മാററങ്ങൾ അമേരിക്കൻ ഭരണകൂടത്തിന് കണ്ണിലെ കരടായി മാറിയിരിക്കുകയാണ്. മനുഷ്യാവകാശത്തേയും പുരോഗതിയേയും ഉയർത്തിക്കാണിക്കുന്ന അമേരിക്ക തങ്ങളുടെ ചൊൽപ്പടിയിൽ നിന്നു വഴുതി പോകുന്നവരെ നിസ്സഹായതയോടെ നോക്കിനിൽക്കുമെന്ന് അനുഭവങ്ങൾ തെളിയിക്കുന്നില്ല. അതിന് പ്രതിബന്ധമായി നില്ക്കുന്നതാകട്ടെ നിക്കരാഗ്വൻ ജനതയുടെ ഐക്യവും ധൈര്യവും മാത്രമല്ല ലാററിനമേരിക്കൻ രാജ്യങ്ങളും ചേരി ചേരാ രാഷ്ട്രങ്ങളും മഹാഭൂരിപക്ഷം വരുന്ന മാനവരാശിയും നിക്കരാഗ്വയോട് ഐക്യദാർഢ്യം പുലർത്തുന്നുവെന്നതും കൂടിയാണ്. കോണ്ടഡോറ ഗ്രൂപ്പിൻെറ സമാധാന ശ്രമങ്ങളും സോവ്യററ് യൂണിയൻെറ സാമ്രാജ്യത്വ വിരുദ്ധമായ ഉറച്ച നിലപാടും ഈ കൊച്ചു രാജ്യത്തിന് ആവേശവും ആത്മവീര്യവും വർദ്ധിപ്പിക്കുന്നു.





BEJI MATHEW
MEN INDIVIDUAL CHAMPION



SOBHA EAPEN
WOMEN INDIVIDUAL
CHAMPION



## GAMES AND SPORTS 1986 - 87

In the field of sports and games this has been a very significant year in the annals of our college. We had the previlage of annexing the two most coveted University Championship Trophies Basket Ball and Ball Badminton. Basket ball first time in the history of our college after joining the Gandhiji University and Ball Badminton 2nd year in succession. Congradula tions to the members of the respective college teams & Prof. M. K. Abraham & Peter Thomman.

This year also we made very generous contributions to the University and state teams as shown below.

1. Santhosh. G., III BSc, 2. Ajay S. Thambi; II PDC, (University in Cricket); 3. Sunny. K. Joseph I M. A., 4. Polly P. S. II PDC 5. Ranjit I PDC, 6. Philip Judi Benny Cruz II PDC (University in Volley ball); 7. Saleem. K. A. II PDC, 8. Joseph. C. Joseph II B Com. (University in Basket ball;) 9. Prakash. V Rao II BCom, 10 Ajith Kumar III B.A., (University in Kabaddi); 11. Ajith Kumar III B. A., (University in Khokho); 12. Ajith kumar III B. A. (University in Tennis); 13. Joshy Vargese II PDC, 14. Manoj Naliath II P. D. C., 15. Venoi Abraham I B Com: (Jr. State Basket ball) 16. Ramesh Kumar II M. Com., (University & State Ball Badminton); 17. Sadique Hussain I BSc (University in Ball Badminton); 18. Sreekumar I B. Com (University in Ball Badminton).

Of them Ajithkumar won a hattrick representing three University teams Tennis, Kabaddi and Khokho. Saleem K. A. also represented Kerala State in Hand ball.

## NCC ARMY WING

This Acadmic year our activities commenced on July 1987 with the enrollment of 70 cadets.

Ten of our cadets participated in the ATC, held at Ernakulam. Six of our cadets CSM. Varghese, A. J. Sgt. Ashok-Shenoy, Sgt. Suresh Bhat, Sgt. Harikumar, CPL Siby Joseph and L/CPI Shaji K. Jose were selected for the coming Pre-R. D. camp. At the Battalion level firin g competition during the camp, our cadets Pankaj. P. Varghese, A. J. Siby Joseph, Harikumar and Ashok Shenoy scored many points for 21 (k) Bn. One of our cadets Sgt. Ealias K. Y. got the 4th place in cross-country competition.

We are happy that all of our cadets taught basic foot drill and weapon drill. Our officer Lt. A. M. Chacko and P. I. staffs took theory classes about Field craft, civil defence, map-reading, first aid etc. We could send two cadets for the A. T. C. at Trichur on Christmas vacation.

Last year our senior under officer Gopikumar passed 'C' certificate examination and Sgt. Varghees. A. J., Sgt, Pankaj P. and Sgt. George. V. O. passed 'B' certificate examination.

This year nine of our cadets, Sgt. Ealias. K. Y., Sgt. John. M. V., Sgt. Ashok Shenoy, Sgt. Suresh Bhat, CPI Sunil Kumar, CPL Anilkumar, CPL Siby Joseph, and L/CPL Shaji K. Jose have appeard for the 'B' certificate examination. Senior under officer Pankj. P. has appeared for the 'C' certificate examination.

Varghese A. J.



Dr. Babu paul IAS. Chairman of Cochin Port Truts, formally inaugurated the seven day's Fauculty Improvement Programme in Commerce on 16th Feb, 1987, organised by the post-graduate dept of commerce for the Commerce Fauculty Members and its post-graduate students of Gandhiji University which was sponsered by U. G. C. Under the presidentship of Prof. C. J. George seminar director Principal Rev. Fr. George Kallarackal welcomed the gathering. On the same day, Rev. Fr. Dr. Daniel Thottakkara led the "Ice Breaking Session" and the session on "Effective Communication." On 17th Tuesday Sri. Jayaram.H., former Finance Manager, IAL conducted the first session on "Cost Control". Mr. T. N. Menon, Chairman and M. D, T. C. C. conducted the second session on "Financial Statement Analysis", in which he talked on "The Analysis of Balance Sheet and Other Fundamental Statements". The morning session of the third day was on "The Role of Management in Economic Development, Micro and Macro", led by prof. N. S. Ramaswami, Ex-Director, I. I. M. Bangalore and the afternoon session was on "Behavioural Organisation" by Sri. K. P. Joseph, Manager, Management Service, Cochin Shipyard. On 19th Feb '87, the preliminary session was on "HRD for HRM" by Prof. P. R. Poduval, School of Management, University of Cochin and on the topic "Productivity Concepts and Techniques" Sri. A. M. Salim, Chief of the Project Division K. S. P. B., talked in the second session. Sri. N. C. George. former D. G. M., FACT and Sri K. N. Valsan, Nikuthi Padana Kendram, Cochin, conducted the morning and afternoon session on "Management Concepts" and "Tax planning" respectively on 20th Friday. On 21st Saturday, Sri. Venugopal. C. Govind, FCA, Visiting Professor, I. I M., Bangalore pointed out the difference between "Internal Auditing and Statutory Auditing" in the only session of the day on, "Internal Auditing". The Penultimate session and the concluding session were on "Communication and Leadership" and "Computer Application" respectively. The former was led by Sri. Jose Mathew, Senior Manager. H. R. D., Keltron and the latter by Sri. T. R. S. Menon, Chief Manager Corporate Planning, FACT. The certificates of participation to the delegates were given away by Sri. T. R. S. Menon and with the vote of thanks by Seminar Director Prof. C. J. George the curtain came down to the function.

---

**Fauculty Improvement Programme In Commerce**

**Seminar on**

**Professional Management and Economic Development**

## National Service Scheme

The N. S. S. Programme for the year 1986-87 was formally inaugurated by our Principal, Rev. Fr. George Kallarakkal on 1st Oct 86. The volunteers conducted a survey on the Housing Loan Scheme of Govt. of Kerala on Oct 18th 1986. On 1st Nov 1986 a herbal garden near the retiring room for girls was constructed. Manoj Kumar C. M. and Richmon K. A. represented our unit in a two-days camp on the subject, "Workshop on Ecology and Environmental Studies," held in Basalious College, Kottayam on Nov 22nd and 23rd 1986. In a symposium, held in our college on Nov. 25th 1986, Retd. Justice. Chandrasekhara Menon gave an interesting speech on "National Unity and solidarity". The ten day annual camp held at Adimali, Idukki was inaugurated by Sri. M. Balachandran, Manager, SBI, Adimali on 20th Dec '86. Volunteers constructed a link road, about 2km, which connects Adimali-Kallarkkudi road to Alwaye-Moonnar road. The camp was also enriched with seminars and debates on different topics and variety-entertainments. The camp membess visited three tribal settlements viz, Kattamudi, Chattupara and Thattekkannan on the Christmas day. Manoj B and Joseph John represented our unit in the 'Seminar and Silpasala' on "Gandhian Vision of Development and Role of Khadi and Village Industries" held under the auspices of Gandhiji University in U. C. college, Alwaye on 16th, 17th and 18th Jan '87. Hundred kit bags were distributed in the rural areas of Kumbalam, Panangad and Piravam in connection with the Adult Education Programme of Gandhiji University. Our volunteers took part in the fasting and peace march held under the auspices of Gandhi Peace Fundation on 30th Jan '87. Sri Sukumaran Pottakkattu, Deputy Editor of Mathrubhumy daily inaugurated the study circle and spoke on Gandhian ideals. Sri Jacob Vadakkancherry talked on "Gandhism and Village Indurtries" in the same function. With the distribution of prizes to the winners of various competitions the valedictory function was conducted on 28 Feb 1987.

Volunteer Secretaries: George. P. V., III Sociology; Manoj Kumar. C. M., II Economics



George P. V Volunteer Secretary, Manoj B Best entertainer, Babu Thomas Best Worker, Lesly Louis Best Camper, Joseph John T Best Camper, Sreeja Best Worker.

# NCC NAVY















1. Sreekanth. V. N., 2. Rajasekharan, 3. Sridar Ramaswamy, 4' Jose Paul, 5. Shinod Karthikeyan, 6. Jose. C. Tharayil, 7. Sajan Lukose

The activities of N. C. C. Navel Wing of our college began on 4th August 1986. We have conducted regular parades and service lectures on boat works, ship modelling, communication, pulling and sailing of boats, rifle drill and ceremonial parade; and have also conducted a fund rising programme for "Anti - Leprosy Drive" by selling stamps. 15 cadets participated in the Independence Day Parade on August 15th 1986 at T. D. M. Hall ground. On Sept 6th 1986, a platoon containing 20 cadets attened the route march in Thrippunithura on the occasion of 'Athachamayam'. On Nov 23rd 1986 20 cadets took part in the N. C. C. Day Parade at T. D. M. Hall ground. 15 cadets attended the Republic Day Parade, which was also held at T. D. M. Hall ground, on 26th Jan '87. Cadets visited Cochin Naval Base and various Indian Naval warships during the Navy week. C/C Sreekanth V. N. won a gold medal in the Semaphore Communication Competition which was held at the INS NAU Sainik—All India Camp at Pune from June 3rd to July 2nd 1986, and was the leader of the All Kerala platoon in the same camp. PO/Cdt Jose Paul and PO/Cdt Jose. C. Tharayil attended the All India Trucking Camp at Goa and were the only cadets selected from Ernakulam. PO/Cdt Sridar Ramaswamy attended the All India Sea-attatchment Camp at Bombay. Our Naval Wing officer Sub. Lt. George Philip of Physics Dept was the officer-in-charge of the All Kerala platoon in this camp. C/C Sreekanth. V. N. attended the All India Advanced Leadership Course Camp at Visakapatanam Naval Base and won silver medal for the best communicator in the camp. In Dec '87, 15 cadets attended the All Kerala Combined Annual Training Camp at Ambalapuzha, Alleppy. 20 cadets attended the Pre—RD selection camp at Trichur during the same time and 10 of them were selected for RD (Delhi) 1988 parade. 9 cadets participated in the sailing and Boat Pulling Expeditions in the inter group level. C/C Sreekanth. V. N. participated in the Open Sea Sailing Expedition from Trivandrum to Kanyakumari, conducted by Kerala Directorate in the Indian Ocean during the month Oct. 1986. This year, four cadets appeared for the 'C' -certificate examination and 10 cadets for the 'B' - certificate and they all passed with distinction.

C/C Sreekanth. V. N.
II B. Com.

## ACTIVITIES
## OF
## FORESTRY CLUB

Forestry Club inaugurated on 5th Sept 1986 by our Principal Rev. Fr. George Kallarackal. Our Forestry club began to function with an "ATHAPPOOVIDAL" competition, in which twenty three teams participated. On October 2nd a few members participated in a Quiz competition conducted under the auspices of Dept. of Forestry, Govt. of Kerala, at Maharajas College, Ernakulam. On 22nd October Sri. M. N. Muraleedharan, Forest Range Officer of the Vigilance Dept. delivered an elegant talk and Sri. Babu Zacharia Forest Publicity Officer, Perumbavoor distributed the prizes to the Ist and IInd prize winners in the "ATHAPOOVIDAL COMPETITION". On the same day, also there was a informative as well as entertaining film on wild life. With the company of Sri. Muraleedharan and Mathew [Forest range officers, Palarivattom] from the forest department and Sri. V. J Dominic, John Francis, Joseph John from staff members, we led a thrilling trip to the woods at Vazhachal and Sholayar under the programme "VANA-DHARSAN". On the World Forestry Day, 20th March 1987, published posters stressing the importance of Forest and Wild life preservation.

Sreekumar R. Second BSc Botany

# ASSOCIATION REPORTS

### BOTANY

The Botany Association was inaugurated by Prof. M. Krishna Prasad, head of the dept: of Botany, Maharaja's College on 30th January 1987 under the Presidentship of Prof. Zacharia Mathew. Pro. Krishana Prasad gave an elegant talk on "Preservation of wild life". Students took active part in entertaintments. Sri. Sreekumar welcomed the gathering and the vote of thaks was delivered by the secretary.

Asso. Sec·
Sreeniwas R·
Second bsc.

### ZOOLOGY

The Zoology Association (1986-87) was inaugurated on the 8th of Dec.1986 by Sri. T. R. Menon, the Cheif instructor of CIFNET at 10.30 a.m.Prof. Appukuttan, chairman of the association Presided over the function. Shabu Paul chairman of the college union gave the felicitation. Mr. T. R. Menon explained the various methods of construction and operation of fishing nets.

Prof. P. V. Rappai was given a farewell on 11th of March by the association.

Asso. Sec.
Lalitha
Final bsc.

### CHEMISTRY

Mr. V. H. Chudamony General Manager, Hindustan Organic Chemicals Ltd. Ambalamukal inaugurated our association on 30th January 1987 Prof. K. N. Aravindakshan, presided over the function and college union chairman Shabu Paul give felicitations. The inaugural speech on "The Need of Awakening of Indian Youths to strengthen the country" was followed by various entertaintments presented by the members.

Asso. Sec.
C. B. Sureshkumar.
Final bsc.

# ASSOCIATION REPORTS

## PHYSICS

Our Association was inaugurated by Prof. Krishna Pillai of Cochin University. There was various entertainments from the part of the Members. Respected Principal Fr. George Kallarakal presided over the function to felicitate Fr. George Pittappilly, on securing Doctorate from Cochin University for CRYSTAL STUDIES, at a young age. All respected and loving teachers of Physics Department were kind enough to be present there and make function a great success.

Asso. Sec.
Balachandran
Final bsc.

## MATHEMATICS

The mathematics association was inaugurated by Dr. R. Krishnamoorthy, Head of the Department of statistics, Cochin University, on 2nd December 1986. In the short and simple welcome speech, the head of our Department' prof. Devassy emphasised on the importance of mathematics in day to day life. Dr. Krishnamoorthy took a class about the " Infinite Terms in Mathematics ". The College Union Chairman Mr. Shabu Paul felicilated. Gen: Secretary and Arts Club Secretary were also present in the Inaugural Function entertainments added depth of this function.

Asso.Sec.
Mathew Varghese C. F.
Second bsc.

## COMMERCE

The activity of the association for the academic year 1986-87 was formally inaugurated on 29th of January 1987 by Mr. N. P. Gopalakrishnan. He gave an enlightning talk on "Career Prospects In The Filed of Commerce" with special emphasis on professional degrees. The association conducted a two days college level Quiz competition. With very pragmatic and usefull speech of Rev. Father Dr. Dan Thottakkara, the "Commerce Day" was celeberated on 5th of March 1987.

Asso. Sec.
Pradeep
Final bcom.

# ASSOCIATION REPORTS

### SOCIOLOGY

The Sociology Association was formally inaugurated by Fr. Paul Njaliath Rajagiri College on Social Science Kalamassery on 5th December 1987. The Association conducted a symposium "Women's Freedom in India Today" on 5th Feb:'87 Smt. Annie Thayyil, Smt. Ratnakala S. Menon and Advo: Sarojini participated in this symposium. Annie Thayyil gave an enlightning speech on the subject and invited the members of the association to fight against all exploitations prevailing in the society. The function ended with the vote of thanks by the secretary.

Asso. Sec.
Saji mon
Second ba

### ECONOMICS

The Economies Association was inaugurated on 9 th Dec 1987 by Prof. Immanuel Johnson [Head of the Department of Economics, St. Pauls College, Kalamassery] On that occassion he gave a speech on 'Poverty and inequality in India'. Association Secretary gave a detailed policy of the association and its importance in the College.

Following competitions were conducted by the Association:- Essay, Elocution, Quiz, poetry [Malayalam & English]

KALATHILAKAM award was given to Sindhu Narendran for the performence in the college arts festival and E. V. Sreekumar [IIIrd B. A Eco] was presented a prize for winning III place in photography in Gandhiji University youth festival.

Asso. Sec.
Julian Benedict
Final ba

### AICUF

The activities of this academic year was inaugurated by Sri. V. N. Marangoli, a noted journalist. Speakers Forum tried to train talents in public speaking, as usual. A questionaire was distributed to every student on behalf of a survey on analysing the problems of the students in the college. On 17th February 1987 a seminar on "Personality Development" was conducted. Mr. Tonny Vellanikkaran talked on the basis of transactional analysis, a branch of personality development on 20th February 1987, the All Kerala Inter-Collegiate Debate for AICUF Trophy was organised on "Religion Blocks Freedom of expression" and in which Union Christian College, Alwaye won the AICUF Ever-rolling trophy and the Runners - up shield won by St. Teresa's College, Ernakulam. Students from the units participated in "Live In Campus" at Snehanilayam, Kakkanadu, St. Francis Home, Thoppumpady and Jyothis, Kaloor.

Secretary,
Lyson Ludvic



ഇനി ഈ പച്ച മനസ്സുകളിൽ ബാക്കി

അതുകൂടി എന്നാണാവോ നഷ്ടപ്പെടുക?

ഇപ്പോൾ മരങ്ങൾക്ക് പച്ചയില്ല.

ഏതൊരു കാര്യത്തിനും ഒരുകാരണം വേണം. അങ്ങനെ പ്രപഞ്ചം ഉൽഭവിച്ചതിനുള്ള കാരണമാണ് ദൈവം, മത വിശ്വാസികൾ നമ്മെ പഠിപ്പിക്കുന്നു.




സൃഷ്ടിയുടെ ശാസ്ത്രം ഡാർവിനിൽ തുടങ്ങി

ദൈവം എന്നൊന്നുണ്ടെങ്കിൽ അതു് ബുദ്ധിയുള്ള ഒരു ജീവിയായിരിക്കണം. ഈ ദൈവത്തിനു് ശക്തിയുണ്ടായിരിക്കണം, പക്ഷേ വസ്തുവില്ലാതെ ശക്തിയെങ്ങിനെയുണ്ടാകും? ഒരു വസ്തുവിനെപ്പററിയുള്ള അറിവിനു് ആധാരം ആ വസ്തുതന്നെയാണു്. അപ്പോൾ ദൈവം പദാർത്ഥമായിരിക്കണം. അദ്ദേഹം ശക്തിയെ വിചാരങ്ങളാക്കി മാററുമത്രെ. ചിന്തിക്കുമ്പോൾ അദ്ദേഹം ഊർജ്ജം ഉപയോഗിക്കണം. അങ്ങനെയെങ്കിൽ നഷ്ടപ്പെടുന്ന ഊർജ്ജത്തിനുപകരം ഊർജ്ജം നൽകണം. ചിന്താശക്തിയുണ്ടെങ്കിൽ അദ്ദേഹത്തിനു് എവിടെ നിന്നു് ഊർജ്ജം ലഭിക്കുന്നു. ?

ഈശ്വരൻ എങ്ങനെയാണു് പ്രപഞ്ചത്തെ സൃഷ്ടിച്ചതു്.? തന്നിൽ നിന്നും ബാഹ്യമായതിനെ സൃഷ്ടിക്കുന്ന സ്രഷ്ടാവ് സ്വയം ജാതനായാണോ, അതോ, അജാതനായാണോ, പ്രപഞ്ചത്തെ സൃഷ്ടിച്ചതു്. സ്വയം ജാതനാകാതെ അദ്ദേഹത്തിൽ നിന്നും ബാഹ്യമായ ഒന്നിനെ സൃഷ്ടിക്കാൻ സാധ്യമല്ല. സ്വയം ജനിച്ചതിനുശേഷം അദ്ദേഹം ബാഹ്യവസ്തുക്കളെ സൃഷ്ടിക്കുന്നു എന്നാണെങ്കിൽ എവിടെ നിന്നാണു് അദ്ദേഹം ജനിക്കുന്നതു്? ഒരാളുടെ കർമ്മങ്ങളിൽ അവനവനുതന്നെ ബാധകമാകാൻ വയ്യാത്തതുകൊണ്ടു്, അദ്ദേഹത്തിനു് തന്നിൽനിന്നുംതന്നെ ജനിക്കുവാൻ സാധ്യമല്ല. (സമർത്ഥനായ നർത്തകനായാൽ പോലും തൻെറ തന്നെ തോളത്തുനിന്നു് നൃത്തം വെക്കാൻ വയ്യ.)

ഈശ്വരൻ മറെറാന്നിൽ നിന്നു് ഉത്ഭവിക്കുന്നു എന്നുനമുക്കു സങ്കൽപിക്കാം. എന്നാൽ ഈശ്വരൻെറ അഭാവത്തിൽ എല്ലാം അസിദ്ധമായിരിക്കണം (അസ്തിത്വമില്ലാത്തതു്). അനേകം പാരമ്പര്യഘടകങ്ങളിൽ കൂടി അദ്ദേഹം ഉത്ഭവിച്ചു. എങ്കിൽ ഓരോന്നും മററുള്ളതിനെ ആശ്രയിക്കുന്ന തരത്തിൽ അനേകം ഘടകങ്ങൾ നമുക്കുണ്ടായിരിക്കണം. ഈശ്വരനേയോ സ്രഷ്ടാവിനെയോ രണ്ടുവിധത്തിൽ മാത്രമേ സങ്കല്പിക്കാൻ സാധ്യമാകൂ. ഒന്നുകിൽ അദ്ദേഹം സ്വയം ജനിച്ചതിനുശേഷം സൃഷ്ടി നടത്തുന്നു, അല്ലെങ്കിൽ സ്വയം ജനിക്കാതെ തന്നെ സൃഷ്ടി നടത്തുന്നു. ഈശ്വരവാദിയെ സംബന്ധിച്ചിടത്തോളം രണ്ടാമത്തെ പ്രസ്താവന അർത്ഥശൂന്യമാണു്. കാരണം ഈശ്വരൻ സ്വയം അജാതനാണെങ്കിൽ അഥവാ ഇനിയും ഉണ്ടാകണമെങ്കിൽ വന്ധ്യാ പുത്രനെ പോലെ അദ്ദേഹം അസത്യമായിരിക്കുന്നു. പൂർണ്ണമായും കാല്പനികമായ ആ വസ്തു ഏതെങ്കിലും കർമ്മം ചെയ്യുന്നതായി സങ്കല്പിക്കാൻ വയ്യ. ഈശ്വരൻ പൂർണ്ണമായും അസത്യമാണെങ്കിൽ അദ്ദേഹം പ്രപഞ്ചം സൃഷ്ടിക്കുന്നു എന്നു് സങ്കല്പിക്കുന്നതു് അർത്ഥശൂന്യമാണു്. അങ്ങനെ ഈശ്വരവാദിക്കു് മറേറപക്ഷാന്തരം മാത്രമേ ബാക്കിയുള്ളു. അതായതു് ജാതനായ ശേഷം ഈശ്വരൻ ലോകം സൃഷ്ടിച്ചു അപ്പോൾ ഈശ്വരൻ എവിടെ നിന്നു് ഉണ്ടായി?

ഒന്നിനെ സൃഷ്ടിച്ചാലേ ഒരാളെ അതിൻെറ സൃഷ്ടാവായി സങ്കല്പിക്കാനാവൂ- അതു കൊണ്ടു് ഈശ്വരനെ സ്രഷ്ടാവായി കരുതണമെങ്കിൽ അദ്ദേഹം

---

# പ്രപഞ്ചം ദൈവ സൃഷ്ടിയോ?

സതീശൻ പി. കെ.
ഒന്നാം വർഷ ഡിഗ്രി ധനതത്വശാസ്ത്രം

എന്തെങ്കിലും സൃഷ്ടിക്കുന്നത് [illegible]യി ഈശ്വരനായി അറിയപ്പെടുന്ന[illegible] യിക്കുന്നു. സ്വഭാവം എന്താവാം - ഒന്നാമതായി ഈശ്വര വാദികൾ മൂന്ന് പക്ഷാന്തരങ്ങളേ ഉള്ളൂ. ഒന്നാമതായി അത് സ ഹജമായി ഘടനയുള്ളതും നില നിൽക്കുന്നതുമാണ്. ഈശ്വരൻ സഹജമായി അസ്തിത്വമുള്ള തിനെ സൃഷ്ടിക്കുന്നു എന്നതിന് യാതൊരർത്ഥവുമില്ല. രണ്ടാമ തായി അത് സഹജമായി ഘട നയില്ലാത്തതാണ്. സഹജമാ യി അസ്തിത്വമല്ലാത്തത് ഒരി ക്കലും ഈശ്വര ആജ്ഞയാൽ പോലും ഉണ്ടാകുന്നതല്ല. മൂന്നാ മതായി മുമ്പ് അസിദ്ധവും എന്നാൽ പിന്നീട് സിദ്ധവു മാണ്. ഈ പക്ഷാന്തരവും യു ക്തിപരമായി അബദ്ധമാണ്. വെളിച്ചവും ഇരുട്ടും പോലെ സിദ്ധവും അസിദ്ധവും പരസ്പ രവിരുദ്ധങ്ങളാണ്.

ഒരാൾ എന്തെങ്കിലും സൃഷ്ടിക്കുന്നു എന്ന സങ്കല്പം തന്നെ അപരിഹാസ്യമായ വൈരുദ്ധ്യ ങ്ങളുള്ളതാണ്. എന്തെന്നാൽ ഉ ല്പന്നം എന്ന സങ്കൽപം തന്നെ നില നില്പില്ലാത്തതാണ്. യ ഥാർത്ഥത്തിൽ നില നിൽക്കു ന്നതും തുടക്കമില്ലാത്തതുമാണെ ങ്കിൽ അതിന് ഒരു തുടർച്ചയു ണ്ടെന്ന് സങ്കല്പിക്കാൻ സാധ്യ മല്ല. അതേ രീതിയിൽ ഈശ്വ രന് ഒരു ആരംഭമില്ലെങ്കിൽ അ തേറ്റം സ്വയം അസിദ്ധമാ കുന്നു.

[illegible]ർത്ഥം ? അ തിന്റെ [illegible] എന്ത് ? അതിന്റെ [illegible] അംശമായ അണുവിനെയോ, അതിന്റെ സാരാംശത്തെയോ നശിപ്പിക്കാ ൻ സാധിക്കുമോ? വസ്തുക്കൾ ഉണ്ടാവുകയോ, നശിക്കുകയോ ചെയ്യുന്നില്ലെന്നും അവയ്ക്ക് മാറ്റങ്ങൾ സംഭവിക്കുക മാത്ര മേ ചെയ്യുന്നുള്ളൂ എന്നുമാണ് ശാസ്ത്രമതം.

പദാർത്ഥത്തെ പൊടിയാക്കി നമുക്ക് മാറ്റാം—കട്ടിയുള്ള വസ്തു ക്കളെ ദ്രാവകരൂപത്തിലാക്കാം. ദ്രാവകത്തെ വാതകമാക്കാം. പക്ഷേ വസ്തു പിന്നെയും ശേഷി ക്കുന്നു. ഒന്നിനെയും ആർക്കും നശിപ്പിക്കാൻ സാധ്യമല്ല. രൂ പം മാററാൻ മാത്രമേ കഴിയൂ. ദൈവത്തിന്റെ അനന്തമായ ശ ക്തി ഉപയോഗിച്ചാലും ഒരു വസ്തു നശിക്കുകയില്ല. വസ്തുവി നെ നശിപ്പിക്കാനോ ഇല്ലാതാ ക്കാനോ സൃഷ്ടിക്കാനോ സാ ധ്യമല്ല. നശിപ്പിക്കാൻ സാധ്യ മല്ലാത്തത് സൃഷ്ടിക്കാനും സാ ധ്യമല്ല. എന്താണ് ഊർജ്ജം ? ഊർജ്ജത്തെ ഒരു രൂപത്തിൽ നിന്ന് മറെറാരു രൂപത്തിലേ ക്കു മാററാം. പക്ഷേ നശിപ്പി ക്കാനോ ഇല്ലാതാക്കുവാനോ സാധ്യമല്ല. ഊർജ്ജത്തിൽ നി ന്ന് വേർപെട്ട് വസ്തു സ്ഥി തി ചെയ്യുന്നി ല്ലെന്നുള്ളതാ ണ് മറെറാരു യാഥാർത്ഥ്യം. വസ്തുവിൽ നി ന്ന് വേർപ്പെട്ട് നില നില്ക്കാൻ ഊർജ്ജത്തിനും സാധ്യമല്ല. വ സ്തുവിന് മുമ്പ് ഊർജ്ജമോ ഊർജ്ജത്തിനു മുമ്പ് വസ്തു വോ നിലനിന്നിരുന്നില്ല. വ സ്തുവും ശക്തിയും എന്നും ഒന്നിച്ചു തന്നെ നിലനിൽക്കു ന്നു. ഈ വസ്തുത പല ശാസ്ത്ര ജ്ഞന്മാരും ചൂണ്ടിക്കാണിക്കു ന്നു. വിചാരം ഊർജ്ജത്തിന്റെ ഒരു രൂപമാണ്. പക്ഷേ അതി ന് വസ്തുവിനെ സൃഷ്ടി ക്കുവാൻ സാധ്യമല്ല. പദാർത്ഥ മില്ലാതെ മനസ്സോ, മനസ്സാക്ഷി യോ, വിചാരമോ ഉണ്ടാവുക യില്ല.

വസ്തുവും ഊർജ്ജവും ആരാ ലും സൃഷ്ടിക്കപ്പെട്ടതല്ല. അത് അനന്തമായി നിലനില്ക്കുന്നു. അ വയെ നശിപ്പിക്കാൻ സാധ്യമ ല്ല. അതുകൊണ്ട് എന്നെങ്കിലും ഒരു സൃഷ്ടാവുണ്ടായിരുന്നി ല്ല. അല്പം വിശദീകരിച്ചു പറ ഞ്ഞാൽ ഹൈഡ്രജൻ തൊട്ട് യു റേനിയം വരെ 92 മൂലകങ്ങൾ ഭൂമിയിലുണ്ട്. നെപ്റ്റ്യൂണി യം തൊട്ട ഹീലിയം വരെയുള്ള മൂലകങ്ങൾ വേറെയും. ഈ മൂല കങ്ങൾ സംയോജിച്ചു കൊണ്ടാ ണ് പ്രപഞ്ചത്തിലുള്ള സകല പദാർത്ഥങ്ങളും ഉണ്ടായിട്ടുള്ളത്. ഖര - വാതക - ദ്രാവക -പ്ലാസ്മ രൂപങ്ങളുള്ള പദാർത്ഥങ്ങളും, പലതരത്തിലുള്ള ഊർജ്ജങ്ങളും ദ്രവ്യത്തിന്റെ രൂപഭേദങ്ങളാ ണ്. ഈ ദ്രവ്യങ്ങളാൽ ഉണ്ടാ ക്കപ്പെട്ടതാണ് പ്രപഞ്ചം.



സൃഷ്ടി, മൈക്കലാഞ്ചലോയുടെ രചന

"സൂര്യൻ പോകും; ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും ; നക്ഷത്രങ്ങൾ ആകാശത്തു നി ന്നും വീഴും; ആകാശത്തിലെ ശക്തികൾ ഇളകിപോകും.

(മത്തായി 24 : 29)

ആകാശത്തിലെ സൈന്യമെല്ലാം അലിഞ്ഞുപോകും, ആകാശവും ഒരു ചുരുൾപോലെ ചുരുണ്ടുപോകും. അതിലെ സൈന്യമെല്ലാം മുന്തിരിയുടെ ഇല വാടിക്കൊഴിയുന്നതുപോലെയും അത്തിവൃക്ഷത്തിന്റെ കായ് വാടിപ്പൊഴിയുന്നതുപോലെയും പൊഴിഞ്ഞുപോകും. (യെശയ്യാവു 34,4)

സൗരയൂഥത്തിന്റെ കേന്ദ്രമായിട്ടുള്ള, ഒരു നക്ഷത്രമാകുന്ന, സൂര്യനിലേക്ക് ഭൂമിയിൽ നിന്ന് 15 കോടി കിലോമീറ്റർ ദൂരമാണുള്ളത്. ഭൂമിയിൽ നിന്ന്, നക്ഷത്രങ്ങളിലേക്കുള്ള ദൂരത്തെ "പ്രകാശവർഷം" എന്നമാത്രയിലാണ് അളക്കുന്നത്.

ഒരു സെക്കൻഡിൽ പ്രകാശം 1,86,000 മൈൽ സഞ്ചരിക്കും ആ വേഗത്തിൽ ഒരു വർഷം പ്രകാശം സഞ്ചരിക്കുന്ന ദൂരം (1, 86, 000x60x60x24x365). ഇത്തരത്തിൽപ്പെട്ട 100 കോടി താരാസമൂഹങ്ങൾ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഓരോന്നിലും 200 മുതൽ 500 ബില്യൻ വരെ നക്ഷത്രങ്ങൾ ഉണ്ട്.

ഏകദേശം 6000 നക്ഷത്രങ്ങളെ മാത്രമെ നമുക്ക് നഗ്ന നേത്രങ്ങൾകൊണ്ട് കാണാൻ കഴിയുകയുള്ളൂ. ഇതിൽ ഏററവും അകലത്തായി കിടക്കുന്ന ഒന്നാണ് 'ധ്രുവനക്ഷത്രം' ഈ നക്ഷത്രത്തിലേക്കുള്ള ദൂരം 1085 പ്രകാശ വർഷമാണ്. ഈ നക്ഷത്ര

കൂട്ടത്തെ 'ഗാലക്സി' എന്നു പറയുന്നു. 'ആകാശ ഗംഗ'യായി അനേകം ഗാലക്സികളുണ്ട്. ഈ ഗാലക്സികൾ എല്ലാം അകന്നുകൊണ്ടിരിക്കുന്നു.

"4004 ഒക്ടോബർ 23-ാം തീയതി വെള്ളിയാഴ്ച രാത്രി 9 മണിക്കാണ് പ്രപഞ്ചം, ദൈവത്താൽ സൃഷ്ടിക്കപ്പെട്ടത്". ഇതു മതപണ്ഡിതനായ ആർച്ച് ബിഷപ്പ് അഷർ പറഞ്ഞ വാക്കുകളാണ്, അദ്ദേഹം പ്രപഞ്ചം ഉണ്ടായ ദിവസവും സമയവും വളരെ കൃത്യമായി പറഞ്ഞു. എന്നാൽ പ്രപഞ്ചം ഉണ്ടാകുന്നതിന് മുമ്പ് രാത്രിയും, പകലും എങ്ങിനെയുണ്ടായി? ദ്രവ്യത്തിന്റെ ഒരു രൂപവും ഇല്ലാതിരുന്ന സമയം ഉണ്ടായി (?) എന്ന നിഗമനത്തിലാണ്



ദൈവം പ്രപഞ്ചം സൃഷ്ടിക്കുന്നു. മൈക്കലാഞ്ചലോയുടെ 'ഉല്പത്തി'



# തൃഷ്ണ

ദീപാ ജോർജ്ജ്
ഒന്നാം വർഷ പ്രീ-ഡിഗ്രി

സ്കൂളിൽ നിന്നും വീട്ടിലേക്ക് മടങ്ങുമ്പോഴാണ്, ആൺകുട്ടിക്ക് വഴിയിൽ കിടന്ന്, ഉണങ്ങി കരിഞ്ഞ് വിത്തായ ആ പൂവ് കിട്ടിയത്. പൂവുമായി വീട്ടിലെത്തിയ അവൻ പുസ്തകസഞ്ചി താഴെവച്ച്, വസ്ത്രം മാറാതെ, കാപ്പി കുടിക്കാതെ, തടം കോരി വിത്തുനട്ട്, വെള്ളം ഒഴിച്ചു...

ദിവസങ്ങൾ കഴിഞ്ഞപ്പോൾ വിത്ത് മുളച്ചു, ഒപ്പം അവന്റെ മനസ്സിലെ സ്വപ്നങ്ങളും.

ചെടിയുടെ വളർച്ചയോടു കൂടിത്തന്നെ അതിനെ കുറിച്ചുള്ള കുട്ടിയുടെ സങ്കല്പങ്ങളും വളർന്നു. ചെടിയിൽ ഇലകളുണ്ടാകുന്നതിനെക്കുറിച്ചും, പൂക്കളും കായ്കളും ഉണ്ടാകുന്നതിനെക്കുറിച്ചും അവൻ ഒട്ടേറെ കിനാക്കൾ നെയ്തു.

ഒരു ദിവസം............

ചെടിക്ക് വെള്ളം ഒഴിച്ചുകൊണ്ടിരുന്ന കുട്ടി, ഇറയത്ത് ഗീതാപാരായണം നടത്തിക്കൊണ്ടിരുന്ന മുത്തശ്ശിയുടെ അടുത്തെത്തി ചോദിച്ചു.

''മുത്തശ്ശീ, കണ്ണുതുടിക്കുന്നതിന്റെ കാരണമെന്താ?''

''കുട്ടീ......ആൺകുട്ടികൾക്ക് വലതുകണ്ണും, പെൺകുട്ടികൾക്ക് ഇടതുകണ്ണും തുടിച്ചാൽ നല്ലതാ......മറിച്ചായാൽ ദോഷവും......''

ഉത്തരം കേട്ട അവൻ കയ്യിലിരുന്ന പാത്രം വലിച്ചെറിഞ്ഞ്, വരാന്തയുടെ അറ്റത്തിരുന്ന് തേങ്ങാൻ തുടങ്ങി............അവന്റെ ഇടതുകണ്ണ് അപ്പോഴും തുടിക്കുന്നുണ്ടായിരുന്നു.........!!!



Remember Ever

# HINDUSTAN COMPUTER TECHNOLOGY

(The Computer Professionals)

Announce the following Courses at HINDUSTAN COMPUTER TECHNOLOGY

* **CAD (Computer Aided Design) for Civil/Mechanical/I T I engineers**
* **Post Graduate Diploma in Computer Science (6 Months)**
* **Basic/Cobol/dBASE 111Plus (3 Months)**
* **Console Operation/Data Entry/ Word Processing**

For details Contact :

## HINDUSTAN COMPUTER TECHNOLOGY

40/1375, Bank Road, Kaloor, **COCHIN-17**
Near St. Antony's Church.

Associates; Four Wings Traders (p) Ltd, Marketing Siva PC, AMKETTE DISKETES and other Computer Peripherals.



നിയമപരമായ മുന്നറിയിപ്പ്

# പുകവലി ആരോഗ്യത്തിന് ഹാനികരം



## ആ ദുഃസ്വഭാവം ഉപേക്ഷിക്കൂ

എളുപ്പത്തിൽ എന്നെന്നേക്കുമായി...

### എങ്ങനെ?

ഏതാനും ഏലക്കായ് എപ്പോഴും കീശയിൽ കരുതുക പുകവലിക്കാൻ ആഗ്രഹം തോന്നുമ്പോൾ ഒരു ഏലക്കായ് ചവയ്ക്കുക

### എന്തിന്?

പുകവലിയുടെ ആസക്തി മാറുന്നു. സുഖകരമായ എരിവും മണവും വായിൽ നിറയുന്നു. ശ്വാസോച്ഛ്വാസം സുഗന്ധമുള്ളതാകുന്നു - മനസ്സിലും ബുദ്ധിയിലും ഉൻമേഷം വഴിയുന്നു - വിശപ്പും രുചിയും വർദ്ധിക്കുന്നു ഹൃദയം, വൃക്ക, ശ്വാസകോശം എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുന്നു.

**ആരോഗ്യത്തിനും ഉൻമേഷത്തിനും ഏലം ഒരു ശീലമാക്കൂ**

ഏലത്തിന്റെ ഗുണങ്ങളെപ്പറ്റി
അറിയുവാൻ എഴുതുക
സ്പൈസസ് ബോർഡ്
വാണിജ്യമന്ത്രാലയം, ഭാരതസർക്കാർ
കൊച്ചി - 682 018

Akanhana 58-5-187

എം.ടി. വാസുദേവൻ നായർ

# രണ്ടാമൂഴം



## എന്റെ കുറിപ്പുകൾ

സണ്ണി ജോസഫ്
ഒന്നാം വർഷ പ്രീ-ഡിഗ്രി

'മഹാഭാരതത്തിലെ ചില മാനുഷിക പ്രതിസന്ധികളാണ് എന്റെ പ്രമേയം. ആ വഴിക്ക് ചിന്തിക്കാൻ അർത്ഥഗർഭമായ നിശബ്ദതകൾ കഥ പറയുന്നതിനിടക്ക് കരുതിവച്ച കൃഷ്ണദ്വൈപായനന് പ്രണാമങ്ങൾ!'

എം. ടി. യുടെ വാക്കുകൾ. രണ്ടാമൂഴത്തിന്റെ 'ഫലശ്രുതി' യിൽ ആത്മാർത്ഥതയോടെ കുറിച്ചിട്ട വാക്കുകൾ. കാലഘട്ടത്തിന്റെ അനിവാര്യതയിൽ തകർന്നടിഞ്ഞ നാലുകെട്ടുകളിലെ മാനുഷിക പ്രതിസന്ധികളെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ കടലാസ്സുകളിലേക്കു പകർന്ന, വർണ്ണാഭമായ കാലങ്ങളുടെ നഷ്ടസ്മൃതികളെക്കുറിച്ച് കഥയെഴുതിയ കൂടല്ലൂരിന്റെ കാഥികൻ ഇവിടെ വ്യാസന്റെ 'അർത്ഥഗർഭമായ നിശബ്ദതകളെ' തേടുന്നു. ആ കടം വാങ്ങിയ മുതലിനെ മാനുഷിക ഭാവങ്ങളുടെ പശ്ചാത്തലത്തിലുള്ള പച്ചയായ ആവിഷ്കരണവും, അർത്ഥഗർഭമായ നിശബ്ദതകളുടെ യുക്തിയുക്തമായ പൂരണവും ചേർത്ത പലിശ കൊണ്ടു നിറച്ച് അനുവാചക മനസ്സിലേക്ക് പകരുന്നു. എന്നും മാനുഷിക പ്രതിസന്ധികളെ പ്രമേയമാക്കിയ ആ കഥാകാരൻ മഹാഭാരതമാകുന്ന ആഴിയിൽ നിന്നും തേടിയെടുത്ത മുത്ത് ഭീമസേനനാണ്. അതെ എം. ടി. ഭീമന്റെ കഥ പറയുന്നു—ജീവിതത്തിൽ എന്നും രണ്ടാമൂഴക്കാരനായിരുന്ന ഭീമന്റെ, അർത്ഥഗർഭമായ പരിഹാസങ്ങളുടേയും 'മന്ദാ' എന്ന വിളിയുടേയും മുന്നിൽ മനം കെട്ടുനിന്ന ഭീമന്റെ ഇരമ്പുന്ന കാററിൽ പിതാവിന്റെ സന്ദേശത്തിനു കാതോർത്ത ഭീമന്റെ.

ഭീമന്റെ മാത്രം കഥയല്ല രണ്ടാമൂഴം. ഭീമൻ കണ്ട കുന്തിയുടെ, ഭീമൻ കണ്ട പാഞ്ചാലിയുടെ, ഭീമൻ കണ്ട യുധിഷ്ഠിരന്റെ ഇങ്ങനെ (ഇങ്ങനെ) ഭീമനിലൂടെ എം. ടി., വ്യാസൻ കരുതിവച്ച നിശബ്ദതകളെ ചേർത്തു് വായിക്കുകയാണ്. ആ കഥാപാത്രങ്ങളാകട്ടെ ഇന്നേവരെ നാം കൈകൂപ്പി നിന്ന് ആരാധിച്ച വിഗ്രഹങ്ങളല്ല. മാനുഷിക ഭാവങ്ങളുടെ മൂർത്തമായ ആവിഷ്ക്കാരമാണ്-ഭീമനുൾപ്പെട്ട. നായകനായതു കൊണ്ട് ഭീമനെ ദേവന്റെ സ്ഥാനത്തേക്ക് ഉയർത്തുകയല്ല എം. ടി. ചെയ്യുന്നത്. അയാളിലെ സ്നേഹദൗർബ്ബല്യങ്ങളെ തദനുസൃതമായ ഭാവത്തോടെ വിവരിക്കുകയാണ്. എന്നും രണ്ടാമൂഴക്കാരനായ ഭീമനു് എം. ടി. വാസുദേവൻ നായർ എന്ന കാഥികന്റെ നായകസങ്കല്പത്തിൽ മാത്രം ആദ്യത്തെ ഊഴം തന്നെ ലഭിച്ചു. അവിടെ, എം. ടി. യുടെ ഈ സങ്കല്പലോകത്തിൽ യുധിഷ്ഠിരനേക്കാളും ധർമ്മിഷ്ഠനായി, അർജ്ജുനനേക്കാളും വീരനായി, കർണ്ണനെക്കാളും സഹതാപമർഹിക്കുന്നവനായി, സാക്ഷാൽ ശ്രീകൃഷ്ണനെക്കാളും പരിശുദ്ധനായി എല്ലാ കഥാപാത്രങ്ങളിലും വെച്ച് മിഴിവോടെ,ശോഭിക്കുകയാണ് ഭീമൻ. എന്തു് കൊണ്ട് എം. ടി. യുടെ സങ്കൽപ്പലോകത്തിൽ ഭീമന് നായക സ്ഥാനം ലഭിച്ചു? എം. ടി. യുടെതോ, വെറുമൊരു സങ്കല്പലോകമല്ല. യാഥാർത്ഥ്യത്തിന്റെ വെളിച്ചത്തിലുള്ള, സംഭാവ്യതയുടെ പശ്ചാത്തലത്തിലുള്ള സങ്കല്പലോകമാണ്. എന്നിട്ടും അവിടെ തിളങ്ങി നിൽക്കുന്ന കഥാപാത്രം ഭീമനാണ്. എന്തുകൊണ്ട്? എന്തുകൊണ്ടു് ഇന്നേവരെ നാം പ്രാധാന്യം കല്പിച്ചുപോന്ന കഥാപാത്രങ്ങളെ വിട്ട് എം. ടി. ഭീമസേനന്റെ ആ വലിയ മനസ്സും വലിയ ശരീരവും തേടി? എം. ടി. യുടെ വാക്കുകൾ തന്നെ നോക്കുക 'ഭാരതയുദ്ധത്തിൽ കേന്ദ്രസ്ഥാനം വഹിച്ചതു് ഭീമനായിരുന്നു. വേറെ ആളുകളുണ്ടെങ്കിലും ശത്രുവിന്റെ മുഴുവൻ കരുത്തും ഏൽക്കുന്ന യോദ്ധാവിന്റെ സ്ഥാനത്തു വർത്തിക്കുന്ന യോദ്ധാവിന്റെ മിടുക്കിലാണ് വിജയാപജയങ്ങൾ. അതിനു് ഐക്യകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടതു് ഭീമനാണ്. മറുപക്ഷത്തു് ഭീമനുണ്ടായിരുന്നുവെന്ന ഒററക്കാരണത്താൽ ഉറക്കം നഷ്ടപ്പെട്ടിട്ടുണ്ട് ധൃതരാഷ്ട്രർക്കു്. യുദ്ധം ജയിച്ചെങ്കിലും ഒന്നും നേടാത്ത നായകൻ. അതുകൊണ്ടു തന്നെ ഭീമന്റെ കാഴ്ചപ്പാട് ഞാൻ സ്വീകരിച്ചിരിക്കുന്നു.

അതെ, യുദ്ധം ജയിച്ചെങ്കിലും ഒന്നും നേടാത്ത നായകൻ—അതാണ് വലിയ വയറും, ഊശാന്താടിയും, പെരിയ ഗദയുമായി, തന്റെ ശക്തിയെ ശാപവും ഭാരവുമായി കൊണ്ടു നടന്ന ഭീമൻ. ഘടോൽക്കചവധമറിഞ്ഞു് 'കാറെററ തരുവിനെപ്പോലെ ആടിത്തിമർക്കുന്ന കൃഷ്ണന്റെയടുത്തു് അടക്കിപ്പിടിച്ച അമർഷവുമായി നിന്ന ഭീമൻ. കയറുരി വിട്ട കാററിൽ അദൃശ്യനായ പിതാവിന്റെ സന്ദേശം തേടിയ ഭീമൻ; കുരുവംശത്തിന്റെ നീതി ബോധങ്ങൾ തനിക്കു് മനസ്സിലാകുന്നതിനപ്പുറം എവിടെയോ ആണെന്നു് വിലപിച്ച മനുഷ്യരിൽ മനുഷ്യനായ ഭീമൻ; ധൃഷ്ടദ്യുമ്നനേയും അഭിമന്യുവിനേയും ഒരു പരിധിവരെ അർജ്ജുനനേയും ഒഴിച്ചു നിർത്തിയാൽ, ചൂഷണത്തിന്റെ കയ്പ് മാത്രം മററുള്ളവരിൽ നിന്നനുഭവിച്ച ഭീമൻ, അജാതശത്രുവായ യുധിഷ്ഠിരനുപോലും കിടനിൽക്കുമെന്നായ

പ്പോൾ, സ്വന്തം മകന് രാജാധികാരം ലഭിക്കണമെന്നാഗ്രഹിച്ച ധർമ്മാത്മാവായ വിദുരരിൽ നിന്നുപോലും അധർമ്മം ഏററു വാങ്ങേണ്ടിവന്ന (പരോക്ഷമായിട്ടാണെങ്കിലും) പാവം ഭീമൻ; 'ചങ്ങലയഴിഞ്ഞ ചണ്ഡമാരുതനെപ്പോലെ' കൊടുംകാട്ടിൽ നിന്നിറങ്ങിവന്ന പേരറിയാത്ത ഒരു കാട്ടാളനാണ് തന്റെ അച്ഛനെന്ന് സ്വന്തം മാതാവിൽ നിന്നറിഞ്ഞപ്പോഴും, പരിഹസിച്ചുകൊണ്ട് പൊട്ടിച്ചിരിച്ച കാററിൽ പിതാവിന്റെ സന്ദേശത്തിന് വെമ്പലോടെ കാതോർത്ത ഭീമൻ; ഏററവും ഒടുവിൽ വീരസ്വർഗ്ഗത്തിൽ ഒഴിഞ്ഞു കിടക്കുന്ന രണ്ടാം പീഠമുപേക്ഷിച്ച് 'കാമത്തിന്റെ തീപ്പൊരികൾ കെടാതെ കാത്ത് അലയുന്ന കറുത്ത സുന്ദരിയേയും' വ്രണം പൊട്ടിയ ശിരസ്സുമായലയുന്ന ശത്രുവിനേയും' തേടി കാട്ടാളന്റെ കളിത്തട്ടായ കാട്ടിലേക്ക് ഇടറാത്ത കാലുകൾ അമർത്തിച്ചവിട്ടി കടന്നുപോകുന്ന ഭീമൻ - എം. ടി. വരച്ചു കാട്ടുന്ന ഭീമന്റെ വിവിധ മുഖങ്ങൾ.

എം. ടി. തന്റെ ഈ കൃതിയിൽ മാനുഷിക ഭാവങ്ങളുടെ അടിസ്ഥാനത്തിൽ സംഭവങ്ങളെ വിലയിരുത്തുകയാണ് ചെയ്യുന്നത്. ആ വിലയിരുത്തലുകളിൽ അസ്വാഭാവികത കടന്നുകൂടരുതെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ട്. അതുകൊണ്ടു തന്നെയാണ് ഒരു വിഗ്രഹഭഞ്ജകന്റെ മുഖം അദ്ദേഹത്തിന് അണിയേണ്ടതായി വരുന്നതും ഇതിഹാസത്തിന്റെ ചെളിപിടിച്ച ഏടുകളിൽ നിന്ന് ചെളികൾ കഴുകിക്കളഞ്ഞപ്പോൾ അദ്ദേഹം കണ്ടെത്തിയ രത്നമാണ് ഭീമൻ. ആ രത്നത്തെ അതിന് കരഗതമായ എല്ലാ ശോഭകളോടും കൂടി, ചെളികളെല്ലാം കഴുകിക്കളഞ്ഞ് എം. ടി. വരച്ചു കാട്ടുന്നു - നീതി തേടി നില്ക്കുന്ന ഭീമന്റെ രൂപം, ഡോ. കെ. രാമചന്ദ്രൻ നായർ രണ്ടാമൂഴത്തെക്കുറിച്ചു പറയുന്നു. "അദ്ദേഹം (എം. ടി.) ഭീമനെ പല പാപങ്ങളിൽ നിന്നും മോചിപ്പിച്ചിരിക്കുന്നു. ഒപ്പം പല അപവാദ



ങ്ങളിൽ നിന്നും." എം. ടി. അതു മാത്രമല്ല ചെയ്യുന്നത്. ധർമ്മത്തിന്റെ മുഖം മൂടിയണിഞ്ഞ യഥാർത്ഥ വില്ലൻമാരെ അദ്ദേഹം വേർതിരിച്ചു നിറുത്തി. വ്യാസനുപോലും ധർമ്മം കണ്ടെത്താൻ കഴിയാത്തിടത്ത്, എം. ടി. ധർമ്മം കണ്ടെത്തി. അത് മാനവിക ധർമ്മമായിരുന്നു-കുരുവംശത്തിന്റെ നീതി ബോധങ്ങളോ, ചിട്ടപ്പെടുത്തിയ അതിരുകളുള്ള ധർമ്മമായിരുന്നില്ല. എം. ടി. ആ ധർമ്മം കണ്ടെത്തിയത് 'മന്ദനായ' ഭീമസേനനിലായിരുന്നു. സ്വസഹോദരൻ കരബലത്താൽ നേടിയവളെ പങ്കിട്ടെടുത്ത, സ്വപത്നിയേയും സഹോദരനേയും പണയം വെച്ച് ചൂതുകളിച്ച ആൾ എം. ടി. യുടെ വീക്ഷണത്തിൽ 'ധർമ്മപുത്രർ' ആയില്ല. മഹാപ്രസ്ഥാനത്തിനുവേണ്ടിയുള്ള യാത്രയിലും ഊഴം തെററിച്ച്, സ്വപത്നിയെ മരണസമയത്ത് പരിചരിച്ച', കൊല്ലാൻ പ്രതിജ്ഞയെടുത്താൽ യുദ്ധമുറ തെററിച്ചും പ്രതിജ്ഞ നിറവേററുകയാണ് ക്ഷത്രിയ ധർമ്മമെന്ന് പറഞ്ഞ, തന്റെ വംശത്തിന്റെ അവസാനത്തെ കുരുന്നു മൊട്ടുകളെ കൊലചെയ്തവനോട് ദയ കാട്ടാൻ പറഞ്ഞത് അധർമ്മമായിക്കണ്ട ഭീമസേനനാണ് എം. ടി. യുടെ വീക്ഷണത്തിൽ ധർമ്മത്തിന്റെ മൂർത്തരൂപം.

എം. ടി. അവതരിപ്പിച്ചിരിക്കുന്ന 'കുന്തിയാണ്'' രണ്ടാമൂഴത്തിലെ മിഴിവുററ മറെറാരു കഥാപാത്രം. വരും വരായ്കകൾ അറിഞ്ഞ് പ്രവർത്തിക്കുന്ന അമ്മയായി, ദാസീവൃത്തികൾക്കിടയിൽ സൂതന് മാത്രം കാരുണ്യം നല്കിയവളായി, ധർമ്മിഷ്ഠനായ പുത്രനുവേണ്ടി ഭർത്തൃ സഹോദരനെ ഭർത്താവാക്കിയ, ശക്തനായ പുത്രനുവേണ്ടി കാട്ടാളനോട് ചേർന്ന കുന്തീദേവി. മഹാഭാരതത്തിൽ പുത്രലാഭത്തിന് പ്രേരിപ്പിക്കുന്ന പാണ്ഡുവിനോട്

'അന്യനെ ഞാൻ മനം കൊണ്ടും നിന്നെ വിട്ടുഗമിച്ചിടാ-
നിന്നിലും യോഗ്യനായാരുണ്ടിന്നീ മന്നിങ്കൽ മന്നവൻ'

എന്നു് പ്രതിഷേധിക്കുന്ന കുന്തിയുടെ കാര്യത്തിൽ എം. ടി. കയ്യാളിയ വീക്ഷണ സ്വാതന്ത്ര്യം അവരെ കുറെക്കൂടി ആദരവർഹിക്കുന്നവളായി മാററിയെന്നതാണ് സത്യം. മജ്ജയും മാംസവും വികാരങ്ങളുമുള്ള കുന്തിയുടെ ചടുല ഹൃദയമാണ് എം. ടി. വരച്ചു കാട്ടിയിരിക്കുന്നതു്. ഭീമന് കുന്തിയുടെ മുന്നിൽ മാത്രമേ പരാജയം എം. ടി. നൽകുന്നുള്ളു. ദ്രൗപദിയെ പങ്കുവെക്കാനാഗ്രഹിച്ച ജ്യേഷ്ഠനോട് തട്ടിക്കയറുന്ന ഭീമന് ഇക്കാര്യം അമ്മ പറയുമ്പോൾ മറുത്തു പറയാനാവുന്നില്ല. ഭീമന്റെ മാനസികാവസ്ഥ എം. ടി. എത്ര അനായാസം വരച്ചുകാട്ടിയിരിക്കുന്നു! ഭീമന് കുന്തി എന്നും ആരാധ്യയായിരുന്നു. ഈ ആരാധന ഭാവമേ, രണ്ടാമൂഴം വായിക്കുമ്പോൾ നമുക്കും തോന്നുകയുള്ളു.

ദ്രൗപദിയുടെ കാര്യത്തിൽ, സഹതാപമർഹിക്കുന്ന പരിഗണനയല്ല എം. ടി. ആസ്വാദകനിൽനിന്നും ഉദ്ദേശിച്ചിരുന്നതെന്നു വ്യക്തം. സ്വന്തം പ്രതീക്ഷകളിൽ മാത്രം ലോകത്തെ കാണുന്ന അതുപോലെ തന്നെ സംഭവങ്ങൾ നടക്കണമെന്നു് ശഠിക്കുന്ന, ദ്രൗപദിയുടെ മുന്നിൽ ഒരു തരം വിധേയത്വമാണ് ഭീമന്റേതു്. അതാകട്ടെ ഭീമനിലെ മാനുഷികഭാവത്തെ കൂടുതൽ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു. ഭീമന്, ദ്രൗപദിയുടെ ശരീരത്തിൽ നിന്നും മനുഷ്യ വിയർപ്പിന്റെ ഗന്ധം അനുഭവപ്പെട്ടതു് ഒരിക്കൽ മാത്രമാണ് - മഹാപ്രസ്ഥാനത്തിലേക്കുള്ള യാത്രയിൽ മരണാസന്നയായ ദ്രൗപദിയെ പരിചരിച്ചപ്പോൾ. അതായതു് ഭീമന് മാംസനിബന്ധമല്ലാത്ത കേവലമായ, പ്രതിഫലേച്ഛയില്ലാത്ത സ്നേഹം ദ്രൗപദിയോടു തോന്നിയതു് അപ്പോഴാണ്. മുമ്പൊക്കെയും ഭീമന് അനുഭവപ്പെട്ടതു് താമരപ്പൂവിന്റെ സുഗന്ധമായിരുന്നു. ഭീമന്റെ ജീവിതത്തെ സ്വാധീനിച്ച മറെറാരു സ്ത്രീ കഥാപാത്രം ഹിഡിംബിയായിരുന്നു. 'മഞ്ഞി'ലെ വിമലയേയും, 'നാലുകെട്ടി'ലെ മാളുവിനെയുമൊക്കെ പോലെ പുരുഷന്റെ സ്വാർത്ഥതയിൽ ജീവിതം ഹോമിച്ച ഹിഡിംബി. ഓർമ്മിക്കാൻ കുറെ നിമിഷങ്ങളും, കരുത്തനായ ഒരു പുത്രനേയും നൽകി കടന്നു പോയ കൂട്ടുകാരനെ കാത്തിരിക്കുന്ന ഹിഡിംബി ഒരു ദുഃഖപുത്രിയായി അനുവാചക മനസ്സിൽ അവശേഷിക്കുന്നു.

അതിരുകൾ മുറിച്ചു കടക്കാനുള്ള ചങ്കൂററത്തോടെ, മനുഷ്യമനസ്സിന്റെ ഗതിവിഗതികളന്വേഷിക്കുന്ന ഒരു സത്യാന്വേഷിയായിട്ടാണ് എം. ടി. നമുക്ക് ദൃശ്യനാകുന്നതു്. പശ്ചാത്തലത്തെ ശക്തമാക്കിക്കൊണ്ട്, നീതി തേടുന്ന ഭീമനെ നമ്മുടെ മനസ്സിന്റെ നൊമ്പരമാക്കാൻ എം. ടി. ക്കു കഴിഞ്ഞു. ഒരു കഥാകൃത്തിന്റെ ഏററവും വലിയ വിജയം. ഒരു ലിഖിത കാവ്യത്തിന്റെ കള്ളിക്കുള്ളിൽ ഒരു പരിധിവരെയെങ്കിലും ഒതുങ്ങി നിന്നുകൊണ്ടാണ് അദ്ദേഹം അതു ചെയ്തതെന്നോർക്കണം. അപ്പോൾ ഭഞ്ജിക്കപ്പെട്ട വിഗ്രഹങ്ങളുടെ പേരിൽ അദ്ദേഹത്തെ ക്രൂശിക്കാൻ, സമൂഹത്തിന്റെ മനസ്സിൽ കൂടുതൽ തിരുമുറിവുകൾ സൃഷ്ടിക്കാൻ വിശ്വാസ സംരക്ഷണത്തിന്റെ കസവണിഞ്ഞ ഇടുങ്ങിയ മനസ്സുകൾ രംഗത്തെത്താതെ നമുക്ക് കരുതിയിരിക്കാം. എങ്കിലേ ജീവനുള്ള കൃതികൾക്ക് നിലനില്പുള്ളൂ; കലാകാരന്റെ അന്വേഷണാത്മകമായ സൃഷ്ടികൾക്ക് നിലനില്പുള്ളൂ.



മനോജ്, അത്രക്കററി
ഒന്നാം വർഷ ബി. എ.

**പൊ**രിയുന്ന വെയിലേററ് വാടി കിടക്കുന്ന കറുകയും തിരുതാളിയും കൊയ്ത്തൊഴിഞ്ഞ പാടത്തിന്റെ വരമ്പിൽ കയറി നടക്കാൻ തുടങ്ങുമ്പോഴായിരുന്നു എതിരെ നടന്നടുക്കുന്ന മാരാരെ കണ്ടതു്. ഇടയ്ക്കയിൽ താളവൈഭവം കാട്ടുന്ന കൈകളിൽ ഞരമ്പ് എഴുന്നു നില്ക്കുന്നു. നര പടർന്ന കവിളുകളിൽ വിയർപ്പുചാലുകൾ. കാവിലെ മേളം കഴിഞ്ഞുള്ള വരവാണ്.

'മാരാരു് മേളം കലക്കീന്നു് തോന്നണു-?'

തെളിച്ചം കുറഞ്ഞ കണ്ണുകളിലേയ്ക്കു് കൈത്തലം ചേർത്തു പിടിച്ചുകൊണ്ടു് ഒരു നിമിഷം.

''ഓ വിഷ്ണോ ? തൃശ്ശൂർകാരുമായിട്ടുള്ള മത്സരമായിരുന്നു. അപ്പുറത്തു് ചെറുപ്പക്കാരു് ധാരാളം; ഓ കഴിഞ്ഞു. വിഷ്ണൂപ്പോ പട്ടണത്തീന്നാ?''

'ഒരിന്റർവ്യൂണ്ടായിരുന്നു മാരാരേ'

മേൽമുണ്ടിനെ നനച്ചൊഴുകുന്ന വിയർപ്പുതുള്ളികൾ.

ഇതേലും കിട്ട്വോ കുട്ട്യേ?''

ഉത്തരമായി ചുണ്ടിലെ വരണ്ടചിരി. അകലെ തെങ്ങിൻ തുഞ്ചത്തെവിടെയോ ചത്തുകിടക്കുന്ന കാററ്.



"കേശുവിൻെറ വിവരം വല്ലതും...?"

"എന്തു വിവരം വർഷോപ്പെത്രയായി? അവൻ വല്ലതും അറിയണുണ്ടോ? എനിയ്ക്കുശേഷം ഭഗവാനപ്പടി പാടാനാരാ ഉണ്ടാവ്വാ?"

ചോദിയ്ക്കുണ്ടായിരുന്നു. ഭൂതകാലത്തിൻെറ കരിഞ്ഞുണങ്ങിയ അവശിഷ്ടങ്ങൾ. മാരാരുടെ ഒററം കയറിയ മുണ്ടിൻെറ കസവുകരയും നോക്കി നിന്നു-ഉള്ളിൽ വച്ചു വററിപ്പോയ നിശ്വാസം പോലും ഒരു മറുപടിയാവില്ല. കോവിലിൻെറ തെക്കെ മൂലയിൽ വ്യാളീമുഖത്തിനു് താഴെ ഇടയ്ക്കു കൊട്ടിപ്പാടുന്ന മാരാർ - ഘനീഭവിച്ചദുഃഖം പോലെ; ധാവണിയുടുത്ത പെൺകുട്ടികളുടെ മർമ്മരം നിറഞ്ഞ പ്രഭാതങ്ങൾ. കാവിൻെറ മുററത്തു് ചേക്കേറുന്ന സന്ധ്യകൾ- നൂറും പാലും നിവേദിയ്ക്കുന്ന രാവുകൾ - പുള്ളുവപ്പാട്ടിൽ മറന്ന ബാല്യം.

പിറകിൽ പാദചലനം. തിരിഞ്ഞു നോക്കമ്പോൾ മേൽമുണ്ടു് കൊണ്ടു് മുഖമൊപ്പുന്നതു കണ്ടു.

ബാല്യങ്ങളിൽ ഓർമ്മകൾ പങ്കുവയ്ക്കുവാൻ കേശുവുമുണ്ടായിരുന്നു - വാറുപൊട്ടിയ ഇടയ്ക്കയിൽ താളം പിടിയ്ക്കുവാൻ കാത്തു നില്ലാതെ കേശു പോയി.

'ഇതിലേന്നു് കേറീട്ടു് പൊക്കോളൂ വിഷ്ണൂ'

വാര്യത്തെ പടിക്കൽ നിറഞ്ഞ ചിരിയുമായി നില്ക്കുന്ന നാണേട്ടൻ-ഈരെഴതോർത്തിൽ കുടവയറും തടവി—

ഗതകാലത്തെ പ്രൗഢിയും പേറി വാര്യത്തെ പടിപ്പുര. ചുററുവളപ്പിൽ വാടികിടക്കുന്ന ചെടികൾ. തെക്കേപ്പുറത്തെ പാലച്ചുവട്ടിൽ ഫണം വിടർത്തിയാടുന്ന വെയിൽ നാളങ്ങൾ. മായിക്കപ്പെട്ട മഞ്ഞൾക്കളങ്ങളിൽ ശീത്കാരമുതിർക്കുന്ന നാഗങ്ങൾ, മച്ചുറപ്പാളികളിൽ പല്ലിളിയ്ക്കുന്ന ഭീകര രൂപങ്ങൾ. കൂർത്ത പല്ലുകൾക്കിടയിലൂടെ വെളിയിൽ ചാടിയനാവു്.

'എത്ര നാളായെടോ താനിതുവഴിയ്ക്കു്?' മുറുക്കാൻ ചെല്ലത്തിലെ വെററിലയുടെ ഞരമ്പു് ഞരടികൊണ്ടു് നാണേട്ടൻെറ ശബ്ദം.

സമയം കിട്ടണ്ടേ നാണേട്ടാ - എന്നും ഇൻറർവ്യൂ-

എന്നിട്ടെന്താ?- കാശൊള്ളോരു് പോസ്റ്റു്"

തടഞ്ഞുവച്ച പ്രതിഷേധം അണപൊട്ടിയൊഴുകി, അതു് രോമകൂപങ്ങളിൽ വിയർപ്പായി അസ്വസ്ഥത ജനിപ്പിച്ചു. ആട്ടുകട്ടിലിൻെറ തുരുമ്പുപിടിച്ച ചങ്ങലക്കെട്ടുകൾ കാററത്തിളകി. അതിൻെറ അഴക്കുപുരണ്ട ചങ്ങലക്കണ്ണികളിൽ വെറുതെ തിരുപ്പിടപ്പിച്ചുകൊണ്ടിരുന്നു-

'ഇന്നലത്തേം......' അർദ്ധോക്തിയിൽ നിറുത്തിയ വാചകം.

'മുറപോലെ' തന്നെ നടന്നു.'

മച്ചുറപ്പാളിയിലെ വ്യാളീമുഖത്തിൻെറ നാവുകളിൽ രക്തത്തുള്ളികൾ പേടിപ്പെടുത്തുന്ന കണ്ണുകളിൽ ക്രൂരതയുടെ തിളക്കം. പാലച്ചുവ



ട്ടിത് ഉയരുന്ന ശീത്ക്കാരം, ചാരുകസാലയിൽ നിന്നുയരുന്ന ചാരായത്തിൻെറ ഗന്ധം.

'നാണേട്ടൻ ഉച്ചയ്ക്കേ കുടിച്ചോ?'

'ഓ ഒരിത്തിരി. പാടത്ത് പണീണ്ടായിരുന്നു. പണികഴിഞ്ഞപ്പോ ആ ചെറുമൻ ചെക്കൻ കൊണ്ടുവന്നതാ.'

കട്ടപ്പൻെറ റാക്കിന് ഓക്കാനിപ്പിയ്ക്കുന്ന മണം.

'പൂരോക്കെ കേമായീല്ലോ നാണേട്ടാ?'

'കേമായീന്നോ? ഇന്നലത്തെ തീയ്യാട്ട്–നീ ഇതുവരെ കണ്ടിട്ടുണ്ടാവില്ല – നിശ്ചം ! ആ തൃശ്ശൂരെ ഉണ്ണ്യാ! ഹോ ആ രൗദ്രഭാവം!, പറയാൻ പററില്ല. അച്ഛൻെറ കഴിവ് അപ്പാടെ-അച്ഛനേം കടത്തിയോന്നാ സംശയം. പോരെങ്കി അച്ഛമാരാരുടെ ചെണ്ടേം. വെളുക്കുവോളം ണ്ടായിരുന്നു.'

ഒററശ്വാസത്തിലുള്ള വിവരണം. കളിഭ്രാന്തൻ തന്നെ! ചെണ്ടപ്പുറത്ത് എവിടെ കോലു വച്ചാലും നാണേട്ടനുണ്ടാവാതിരിയ്ക്കില്ല.

'ഞാൻ മറന്നു! വെയിലത്തു വന്നതല്ലേ-ഇത്തിരി സംഭാരാവാല്ലേ-സുധേ ത്തിരി സംഭാരം എടുത്തോളൂ വിഷ്ണു എത്തീരിക്കണ്.'

അകത്തെവിടെയോ കട്ടിലുലയുന്ന ശബ്ദം. കണ്ണുകളിൽ കാണാനുള്ള ആർത്തി. അകന്നുപോകുന്ന പാദപതനം.

'ഇയ്യാള് ഇപ്പോ വന്നതു നന്നായി!' ചണ്ടത്ത് വിരലുകൾ ചേർത്തു വെച്ച നീട്ടിത്തുപ്പിക്കൊണ്ട് നാണേട്ടൻ പറഞ്ഞു.

'ന്നാപ്പോ നാണേട്ടാ ത്ര വിശേഷം?'

ഇടയ്ക്കിടെ അകത്തളത്തിലേയ്ക്കോടുന്ന കണ്ണുകൾ-നാണേട്ടനിലുറപ്പിച്ചു കൊണ്ട് ചോദിച്ചു.

'കാണാനിരിയ്ക്കയായിരുന്നു; സുധയ്ക്കൊരാലോചന ത്തിരി ദൂരെന്നാ. കാശുകാരനൊരു നമ്പൂര്യാ - വേളി നേരത്തെ മരിച്ചു. വാര്യത്തെ സ്ഥിതിയൊക്കെ വിഷ്ണൂനുടെ അറിവുള്ളതാണല്ലോ!'

നാണേട്ടൻെറ വാക്കുകളിൽ പതിവില്ലാത്ത ദുർഗ്രാഹ്യത. പിടി കിട്ടാത്ത കണ്ണുകളുമായി തുറിച്ചു നോക്കിയിരുന്നു. ഈറെഴ തോർത്തിൽ തുപ്പലിൻെറ ചുവപ്പുവൃത്തം. ആ ചോരത്തുള്ളികൾ വലുതാകുന്നതും നോക്കിയിരിയ്ക്കുമ്പോൾ നാണേട്ടൻെറ ശബ്ദം.

'വിഷ്ണൂന് വെഷമോണ്ടാവൂന്നറിയാം. എന്നാലും...എനിയ്ക്കും പ്രായായില്ലേ. ദാ തലേക്കെ വെളുത്തു തുടങ്ങി. പാടം തീറെഴുതേണ്ടി വന്നപ്പഴ് സഹായിച്ച നമ്പൂര്യാ-' നാണേട്ടൻെറ ശബ്ദത്തിൽ കടപ്പാടിൻെറ ഇടർച്ച.

'സുധ കരച്ചില് തന്ന്യാ - പഠിപ്പൊക്കെ ഉള്ളോളല്ലേ- വിഷ്ണു ഒന്നു പറയണം !'

ഉള്ളിലെവിടെയോ എരിച്ചിൽ!! മനസ്സിൽ തീയ്യാട്ടുകളും ! ഇഴഞ്ഞു മുറുകുന്ന ചെണ്ടയുടെ



താളം ! കോമ്പല്ല് കാട്ടി ചിരിയ്ക്കുന്ന തീയ്യാട്ട വേഷം ! മുനിഞ്ഞു കത്തുന്ന നിലവിളക്കിനു നേരെ തെള്ളിയെറിയുന്ന തീയ്യാട്ടുണ്ണി-കാവിൽ നിന്നൊഴുകുന്ന അഷ്ടപദിയുടെ റിക്കാർഡ്.

'ചന്ദന ചർച്ചിത നീലകളേബര'
പീത വസന വനമാലീ...'

അഷ്ടപദി ശീലുകളിലും ഇടച്ചിലുകൾ. അകത്തു നിന്നും കാല്പെരുമാററം., നനവുണങ്ങിയ കണ്ണുകളുമായി സുധ. സംഭാരം തിണ്ണയിൽ വെച്ചിട്ട് അകലുന്ന ധൃതപാദപതനം.

പെട്ടെന്ന് ഒററവലിയ്ക്ക് കുടിച്ചപ്പോൾ കുട്ടപ്പന്റെ റാക്കപോലെ ഉള്ളാകെ കത്തിയെരിഞ്ഞു. ഒന്നുമോർക്കാതെ അരമതിലിൽ നഖം പോറി കൊണ്ടിരുന്നപ്പോൾ നാലുകെട്ടിലുയരുന്ന വിതുമ്പലുകൾ.

നാണേട്ടൻ എന്തൊക്കെയോ ആലോചിച്ചു കൊണ്ടിരുന്നു. കാലുകളിൽ പിടി മുറുക്കിയ കുച്ചു വിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞ് നടക്കുമ്പോൾ പിന്നിൽ പൊട്ടിച്ചിരിക്കുന്ന വ്യാളീമുഖം. പാലച്ചോട്ടിൽ ഇണചേരുന്ന സർപ്പങ്ങൾ.

വേലി കടന്നു പാടത്തേയ്ക്കിറങ്ങുമ്പോൾ പിന്നിൽ തേങ്ങലുകൾ! കണ്ണുകൾ അനന്തത തേടി - വ്യർത്ഥമെന്ന് അറിയാമായിരുന്നിട്ടും അഷ്ടപദി അവസാന പദത്തിലേയ്ക്ക് കടന്നു.

'നമുക്കെവിടേലും പോകാം'-തേങ്ങലുകൾ പെറുക്കിയിട്ട വാക്കുകൾ.

'ശ്ശെ! ഇത്രയ്ക്ക് വിവരോല്ലാത്തവളായോ സുധ? ഒക്കെ ശര്യാവും! നാണേട്ടൻ പറഞ്ഞതാ ശരി!' ആശ്വസിപ്പിയ്ക്കുവാൻ എത്ര വിഷമമായി കഴിഞ്ഞിരിയ്ക്കുന്നു.!

നടന്നകലെ എത്തിയപ്പോഴും, വഴിക്കണ്ണുമായി സുധയുണ്ടായിരുന്നു.

വാരത്തിലെ മുറിയിൽ കടന്ന് ഷർട്ടഴിച്ചിട്ട് കിടക്കയിലേയ്ക്ക് മറിഞ്ഞപ്പോഴേയ്ക്കും അമ്മയെത്തി.

'ഇപ്പഴാ എത്ത്യേ? കൈകഴുകി വന്നോളൂ-ചോറുണ്ട്.'

'വേണ്ടാമ്മേ വാര്യത്തിന്ന് കഴിച്ചു....!'

'എന്നാ കിടന്നോളൂ-പരീക്ഷ കൊള്ളായിരുന്നോ'

'കൊള്ളായിരുന്നു'. ഉത്തരം അമ്മയ്ക്കറിയായിരുന്നു.— വർഷങ്ങൾ കൊണ്ട് അമ്മയ്ക്ക് മന:പ്പാഠമായിരിയ്ക്കുന്നു — കണ്ണുകളിൽ നിറയുന്ന സുധ

സ്കൂൾഫൈനലിൽ പെണ്ണ് തോററു തൊപ്പിയിട്ടു. ഒന്നാംക്ലാസ്സിൽ പാസ്സായി ദൂരെ കോളേജിലേയ്ക്ക് ഏകനായുള്ള യാത്ര.

മുട്ടത്തുവർക്കിക്കഥകളും കാവ്യം ഒക്കെ സ്വപ്നമാക്കിയ പെണ്ണ്. കാട്ടുതെററികൾക്കിടയിലെ സായാഹ്നത്തിൽ കാത്തുനില്ക്കാറുള്ള പെണ്ണ്.



കോളേജ് ലൈബ്രറിയിലെ പുസ്തകങ്ങൾക്കായുള്ള കാത്തുനില്പാണ്. 'ഈ ചുവന്ന കവറിട്ട പുസ്തകങ്ങളേ ഒള്ളോ അവിടെ? - നിക്കൊന്നും മനസ്സിലാവില്ല' - നിരാശയോടെ തിരിച്ച തന്നിട്ട് ഓടിമറയുന്ന പെണ്ണ്.

രാത്രി വൈകുമ്പോഴാണ് തിരിച്ചെത്താറ്. മനസ്സ നിറയെ മുദ്രാവാക്യങ്ങളും പ്രസ്ഥാനവും മാത്രമായി കഴിച്ചു കൂട്ടിയ ദിനങ്ങൾ, കൂട്ടിനായി പുസ്തകങ്ങളും. ഇരുണ്ട രാത്രികളിൽ മണ്ണെണ്ണ വിളക്കുമായി കാത്തിരിക്കാറുള്ള അമ്മ! അവഗണിയ്ക്കാനാവാത്ത മറ്റൊരു ദൗർബ്ബല്യം.

ഇടയ്ക്കിടെ നിശ്ശബ്ദതയെ ഭേദിച്ചെത്തുന്ന അച്ഛന്റെ ശബ്ദം. നാലുകെട്ടിന്റെ ഇരുളിൽ ചങ്ങലകളുടെ കിലുക്കം - ബാല്യത്തിന്റെ ഓർമ്മകളിൽ നടുക്കം വാരി വിതറിക്കൊണ്ട് അച്ഛൻ ഒരു ഓർമ്മത്തെറ്റുപോലെ - കാവിലെ പൂജാരിയായിരുന്നു- അതും ഭ്രാന്തനായി. അസ്ഥിക്കൂടുകൾക്കിടയിൽ കുരുങ്ങിക്കിടന്നു പിടയുന്ന ജീവൻ...!

മരഭിത്തികൾക്കിടയിൽ ജീവൻതേടുന്ന വേറെജീവികളും- അനിയത്തിമാർ-

ചിതറിവീണ ഓർമ്മകൾക്കിടയിൽ എപ്പോഴോ ഉറങ്ങിപ്പോയി. ഉണരുമ്പോൾ സന്ധ്യയായിരുന്നു. തണുത്തുറഞ്ഞ കാപ്പി എടുത്തു മൊത്തി. വിയർപ്പുമണക്കുന്ന ഷർട്ടെടുത്തിട്ടു.

ഗ്രന്ഥശാലായോഗം കഴിയുമ്പോൾ സമയമേറെ കഴിഞ്ഞിരുന്നു. പറവകൾ ചേക്കേറി കഴിഞ്ഞിരുന്നു. നടന്നു-വെറുതെ-ഇരുളിൽ ചെന്നെത്തിയത് കട്ടപ്പന്റെ ചാരായക്കടയിൽ

'നമ്പൂര്യെന്താ ഇവിടെ?'

നെററിച്ചുളിവുകൾക്കിടയിൽ വിരിയുന്ന അത്ഭുതം. 'ഇതുവേണ്ടായിരുന്നു വിഷ്ണു'

ഗ്ലാസ്സ് നിറഞ്ഞ് ഒഴിയുമ്പോൾ പ്രതിഷേധിച്ചുയരുന്ന ശബ്ദം ശ്രദ്ധിച്ചില്ല. വേണ്ടായിരുന്നു. ഒന്നും......ഒന്നും. പോക്കററിൽ തടഞ്ഞ തുട്ടുകൾ പെറുക്കി മേശപ്പുറത്തിട്ടിട്ട് നടന്നു- ഇടർച്ചബാധിച്ച കാലുകൾ- ചില്ലുകമിഴ്ത്തിയ കണ്ണുകൾ

'ഞാൻ പയ്യനെ വിടാം'

'വേണ്ട സാരോല്യ—'

ഇടനാഴിയിലെ വെളിച്ചം ദൂരെനിന്നേ കണ്ടു. 'എന്താത്രവൈക്യേ?...... വേഗം ഇരുന്നോളൂ- ചോറുതണുത്തുകാണും' — വിളക്കെടുത്തു മുഖത്തിനുനേരെ പിടിച്ചു കൊണ്ടമ്മ പറഞ്ഞു.

കുഴയുന്ന കൈകാലുകൾ, ഉത്തരപ്പടിയിൽ പിടി മുറുക്കി. 'വേണ്ടമ്മേ ... പുറത്തുന്ന് കഴിച്ചു ...' കുഴഞ്ഞനാക്ക് എന്തൊക്കെയോ പുലമ്പി.

വിഷ്ണു 'ഇതും കൂടിയായോ?' അമ്മ തളർന്നിന്നുപോയി. മച്ചിൻ പലകയിലിരുന്ന് കണ്ണുരുട്ടി കാണിക്കുന്ന ഭീകരരൂപി- ഇരുളിലെവിടേയോ ഉയരുന്ന ശീത്കാരം.

ഏറെ വൈകിയുണരുമ്പോൾ കട്ടിൽ തലയ്ക്കൽ തലമുട്ടിൽ താങ്ങി അമ്മ. ഒലിച്ചിറങ്ങിയ കണ്ണുനീർ- തലയിണയിലും നനവ്.

പുറത്തെ പൊട്ടുപാട് വീണ കണ്ണാടിയിൽ ചുവപ്പു വിട്ടുമാറാത്ത കണ്ണുകൾ-

'ആ കുട്ടി നന്നാവട്ടെ- അതിന് നീയിങ്ങനെ-'

അമ്മ എല്ലാം അറിഞ്ഞിരിയ്ക്കുന്നു- -ദുരന്തങ്ങൾക്കിടയ്ക്ക് കൂടുതൽ ദുഃഖങ്ങളേറ്റു വാങ്ങിക്കൊണ്ട് അമ്മ.

അമ്മയ്ക്കും വിഷമിപ്പിക്കുന്ന ഏകാന്തത.

കരഞ്ഞു കലങ്ങിയ കണ്ണുകളുമായി പടികടന്നു വന്ന സുധ പെട്ടെന്ന് മുന്നിൽ - എണ്ണ വററിയ തലമുടി പാറിപ്പറക്കുന്നു.

'നാളെ വിവാഹം ല്ലേ- നാണേട്ടൻ പറഞ്ഞു' വാക്കുകളെ നിർവ്വികാരമാക്കുവാൻ പണിപ്പെടേണ്ടിവന്നു. 'വിഷ്ണേട്ടാ ഞാനിന്നു മരിയ്ക്കും- നിയ്ക്ക് വേണ്ടായിരുന്നു'.

'ച്ഛേ-എന്തായിങ്ങനെ- നിനക്ക് നല്ലതേ വരൂ - കഴിഞ്ഞതൊക്കെ ഒരു രസം-നിയ്ക്ക് ജോലി കിട്ടുന്നവരെ കാത്തിരുന്നാൽ മുത്തശ്ശിയായിപ്പോകും പെണ്ണേ'

വരണ്ട ചുണ്ടുകളിൽ കണ്ണുനീരിന്റെ ഉപ്പുരസം.

എങ്കിലും പേടിയുണ്ടായിരുന്നു അവളെന്തെങ്കിലും അവിവേകം......?

ഒന്നും സംഭവിക്കാതിരിക്കട്ടെ! ദൂരേയ്ക്ക് നമ്പൂതിരിയുടെ വേളിയായി നടന്നു- കാവില് താലികെട്ട്-പിന്നെ ഒരു സദ്യം. അത്രമാത്രം.

'നാണേട്ടന്റെ നടുവ് നിവർന്നല്ലോ?'

'അതെ കുട്ട്യേ - ഒരു ഭാരംണ്ട് ഒഴിവായി.'

കടന്നുപോയ ദിനങ്ങളുടെ നശിച്ച ഓർമ്മകൾ ... താളഭംഗം നേരിട്ട തെയ്യവും തിറയും- ഓർമ്മകളുടെ ചാരവുമവശേഷിപ്പിച്ചിട്ട് അച്ഛൻ തെക്കേപുറത്തെ ചിതയിൽ ഒരു സത്യമായി മാറി. പാലമരച്ചുവട്ടിൽ ഇണനഷ്ടപ്പെട്ട നാഗങ്ങൾ പകയുടെ സ്ഫുലിംഗങ്ങൾ ഉതിർത്തു. മഞ്ഞൾക്കളങ്ങൾ ഉണങ്ങിവരണ്ടു.

'മാഷെന്താ ത്രനേരായിട്ട് ഈ ജനൽപ്പടിയ്ക്കൽ?'

'ഓ വെറുതെ, ഇവിടെ നിന്നാൽ അമ്പലവും കാണാലോ'

പടിഞ്ഞാറെ മാനത്ത് അഴിച്ചിട്ടതെയ്യക്കോലങ്ങൾ!

'മാഷെന്താ ദൂരെ ഈ കാട്ടുമുക്കിലേക്ക് മാററം വാങ്ങിയെത്ത്യേ'? നിഷ്കളങ്കതയുടെ മറെറാരാവർത്തനം

'ഒരു രസം കുട്ടാ- ചുമടിറക്കിക്കഴിയുമ്പോ ഒരു വിശ്രമം- അത്രന്നെ-'

നരപടർന്ന താടിരോമങ്ങൾക്കിടയിൽ ഒലിച്ചിറങ്ങിയ വിയർപ്പുതുള്ളികൾ-

അകലെയേതോ കാവിൽ ഉണരുന്ന നന്തുണികൾ-എല്ലാം മറന്നു പാടുന്ന പാണൻ-

---

Phone } Office : 352390
Res : 366499

# AYODHYA JEWELLERS

BROADWAY ERNAKULAM COCHIN - 682 031



# കഥകളി

## അഭിനയവും മുദ്രകളും

അഭിനയത്തിന്റെ വകഭേദങ്ങളായ നൃത്തം, നൃത്യം, നാട്യം എന്നിവയും; ആംഗികം, സാത്വികം, ആഹാര്യം എന്നിവയും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്ന; വാചികാഭിനയത്തിനു പകരം സംഗീതം ഉപയോഗിക്കുന്ന; അഭിനയത്തിന്റെ ഹൃദ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കർണ്ണാനന്ദകരമായ വാദ്യം, ചിത്രകലയും ശില്പകലയും ചേർന്നു പരിലസിക്കുന്ന വേഷവിധാനം എന്നിവ പ്രയോഗിക്കുന്ന ഒരു ഉത്തമ സംയുക്ത ദൃശ്യകലയാണ് കഥകളി.

ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിൽ മററു പല നൂതന കലാരൂപങ്ങളുടെയും ആവിർഭാവം മൂലം കഥകളിക്ക് സംഭവിച്ച അധഃപതനം ഈ നൂററാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേക്കും അവസാനിച്ചുവെന്നു പറയാം. ഇന്ന് കഥകളിയുടെ പേരും പെരുമയും വർദ്ധിച്ചിട്ടുണ്ട്. ലോകമെങ്ങും അറിയപ്പെടുന്ന ഏക കേരളീയ ദൃശ്യകല എന്ന ബഹുമതി കഥകളിക്ക് കൈവന്നിട്ടുണ്ട്. ഡൽഹിയിൽ അന്തരാഷ്ട്ര കഥകളി കേന്ദ്രം സ്ഥാപിച്ചുകഴിഞ്ഞു.

യൂറോപ്പ്, അമേരിക്ക, റഷ്യ, ആസ്ത്രേലിയ മുതലായ വിദേശങ്ങളിൽ കഥകളി ആസ്വാദകരുടെ എണ്ണം സാരമായി വർദ്ധിച്ചിരിക്കുന്നു. കഥകളിക്ക് സിദ്ധിച്ച വിപുലമായ ഈ പ്രചാരത്തിനും പ്രസിദ്ധിക്കും മുഖ്യകാരണക്കാരൻ മഹാകവി വള്ളത്തോൾ നാരായണമേനോൻ ആണ്. അദ്ദേഹം ചെറുതുരുത്തിയിൽ സ്ഥാപിച്ച കേരള കലാമണ്ഡലമാണ് കഥകളിയെ നാശഗർത്തത്തിൽ നിന്നും കരകയററിയത്. വിദേശീയരായ അനേകം കലാപ്രേമികൾ കലാമണ്ഡലത്തിൽ വന്ന് കഥകളി കണ്ടും പഠിച്ചും ആസ്വദിച്ചും അതിന്റെ ആരാധകരായിത്തീർന്നിട്ടുണ്ട്.

കഥകളി എന്ന ഉന്നത കലാരൂപം സാധാരണക്കാരന് അപ്രാപ്യമായിത്തീരാൻ മുഖ്യകാരണം അതിന്റെ അഭിനയക്രമത്തിലും മുദ്രകളിലും ഉള്ള സങ്കീർണ്ണതയാണ്.

ഇവിടെ പ്രസ്തുത ഭാഗങ്ങളെക്കുറിച്ചുമാത്രം ഒരു കുറിപ്പ് നൽകാൻ ശ്രമിക്കയാണ്, കഥകളി എന്ന കലാരൂപത്തെക്കുറിച്ച് പൂർണ്ണതയുൾക്കൊള്ളുന്ന ഒരു പഠനം ഈ സന്ദർഭത്തിൽ അസാധ്യമാണ്.

രസങ്ങളും ഭാവങ്ങളും രംഗസ്ഥിതരുടെയും, തന്റെയും ആഭിമുഖ്യത്തിലേക്ക് നയിച്ച്, കലയുടെ അനുഭൂതി സ്പഷ്ടവും സ്ഫുടവുമാക്കുന്നതും; നാട്യാംശങ്ങളിൽ അതിപ്രധാന്യവും; നാട്യകൃതികളിൽ രസാത്മകമായ ജീവന് രൂപഭദ്രത നൽകുന്നതും; ഗീതവാദ്യങ്ങളേക്കാൾ രസസ്ഫുരണത്തിന് ശക്തി നൽകുക വഴി അവ കൂടുതൽ പ്രകാശിതങ്ങളാക്കുകയും; കലാകാരൻ തന്നിലേക്ക് സ്വാംശീകരിച്ച്, അവഗാഹമായ പാത്രബോധംകൊണ്ട് ഭാവം അഭിവ്യഞ്ജിപ്പിക്കുകയും ചെയ്യുക; അതാണ് യഥാർത്ഥ അഭിനയം.

അഭിനയത്തെ നാലുവിധമായി തിരിക്കാം. അംഗപ്രത്യംഗോപാംഗ കർമ്മങ്ങൾക്ക് 'ആംഗീകം' എന്നും വാക്കുകൾ ഉപയോഗിക്കുന്നതിനെ 'വാചികം' എന്നും വേഷാലങ്കാരങ്ങൾക്ക് 'ആഹാര്യം' എന്നും മനസിന്റെ അനുഭവാത്മകത്വത്തിന് 'സാത്വികം' എന്നും പറയുന്നു.

അഭിനയത്തിന് അവശ്യം വേണ്ട ഒന്നാണ് പാത്രബോധം, പുരാണങ്ങളിലെ വൈവിധ്യമുള്ള, വിരുദ്ധസ്വഭാവഗുണങ്ങളുള്ള കഥാപാത്രങ്ങളെ കഥകളിയിൽ അവതരിപ്പിക്കേണ്ടതുണ്ട്. ഈ അവസരത്തിൽ തൽകഥാപാത്രങ്ങളുടെ യഥാതഥമായ ആത്മാവിഷ്ക്കാരം സാധിക്കണമെങ്കിൽ അഗാധമായ നില കൈവരിച്ചുകൊണ്ടുള്ള സ്ഥായിയായ അഭിനയം കൂടിയേ കഴിയൂ.

അഭിനയത്തിൽ നാട്യത്തിനുള്ള സ്ഥാനം അപരിമേയമാണ്. കാരണം, കഥകളിയിൽ പാത്രങ്ങളുടെ സംഭാഷണവും ആത്മഗതവും മനോധർമ്മപ്രകടനവും നിർവ്വഹിക്കുന്നത് കൈമുദ്രകളുടെയും മുഖത്ത് സ്ഫുരിക്കുന്ന ഭാവരസങ്ങളുടെയും സഹായത്താലാണ്. സ്ഥായീഭാവങ്ങളവലംബിച്ച് രസസ്ഫുരണം ചെയ്ത് കഥ നടിക്കുന്നതിനാൽ രസാശ്രയമായ നാട്യത്തിനും കഥകളിയിൽ നല്ലൊരു സ്ഥാനമുണ്ട്.

പഞ്ചേന്ദ്രിയ വിഷയകമായ ഏതൊരു പദാർത്ഥത്തെയാണോ ഒരു നടൻ അഭിനയിക്കുവാനാരംഭിക്കുന്നത് ആ പദാർത്ഥഗുണത്തെ ആദ്യമായി സ്വമനസ്സാൽ ആസ്വദിക്കുകയും, അംഗപ്രത്യംഗാദികൾ കൊണ്ട് പുറമെ വ്യഞ്ജിപ്പിക്കുകയും, അനന്തരം മുദ്രയോടുകൂടി അത് അഭിനയിക്കുകയും വേണം. ഈ പ്രയോഗനിയമത്തെ അഭിനയധർമ്മമെന്നുപറയുന്നു.

---

1. അസംയുതം

1. പതാക 2. മുദ്ര 3. കടകം 4. മുഷ്ടി 5. കർത്തരീമുഖം 6. ശുകതുണ്ഡം 7. കപിത്ഥകം 8. ഹംസപക്ഷം 9. ശിഖരം 10. ഹംസാസ്യം 11. അഞ്ജലി 12. അർദ്ധചന്ദ്രം 13. മുകുരം 14. ഭ്രമരം 15. സൂചിമുഖം 16. പല്ലവം 17. ത്രിപതാക 18. മൃഗശീർഷം 19. സർപ്പശിരസ്സ് 20. വർദ്ധമാനകം 21. അരാളം 22. ഊർണ്ണനാഭം 23. മുകുളം 24. കടകാമുഖം.



ഔചിത്യാ നൗചിത്യങ്ങളോർക്കാതെ മനോധർമ്മമെന്നപേരിൽ കഥാപാത്രങ്ങളെ ആഭാസതരമാക്കിത്തീർക്കുന്ന അമിതാഭിനയവും; കവികല്പിതമായ അർത്ഥം യാതൊന്നാണോ അതിനെ അഭിനയിക്കാതെ, കവിയുടെ ആശയം തിരുത്തിക്കൊണ്ടുള്ള അനൗചിത്യം ഒരു നടനും സ്വീകരിച്ചുകൂടാ.

അതാതു് സന്ദർഭങ്ങൾക്കനുസരിച്ച് കഥാപാത്രത്തിന്റെ നിലയും വിലയും കൈവിടാതെ; അമിതാഭിനയത്തിലൂന്നിയ മനോധർമ്മ പ്രകടനങ്ങളിലധിഷ്ഠിതമല്ലാത്ത, കഥാപാത്രത്തിന്റെ ആത്മാർത്ഥമായ ആത്മാവിഷ്കാരമാണു് പരമമായ കഥകളി അഭിനയം.

അഭിനയത്തിന്റെ രസികത ആസ്വദിക്കുന്നതിനായി വേഷവിഭജനം കൂടി അറിഞ്ഞിരിക്കുന്നതു് നല്ലതാണു്. സാമാന്യമായി അഞ്ചുതരത്തിലാണു് വേഷങ്ങളെ വിഭജിച്ചിരിക്കുന്നതു്; പച്ച, കത്തി, കരി, താടി, മിനുക്കു്.

പച്ചവേഷങ്ങൾ സത്വഗുണപ്രധാനവും സൽസ്വഭാവികളും ധീരോദാത്തരുമായ കഥാപാത്രങ്ങളെ പ്രതിനിധീകരിക്കുന്നു.

നന്മയോടൊപ്പം തിന്മയും ഇടകലർന്ന രജോഗുണ പ്രധാനങ്ങളാണു് കത്തിവേഷങ്ങൾ. കത്തിവേഷങ്ങളെ നെടുംകത്തി, കുറുംകത്തി എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നതിൽ നടപ്പുള്ളതു് കുറുംകത്തിയാണു്. മൂക്കിന്നിരുവശവുമായി കത്തിയുടെ ആകൃതിയിൽ-വാൾത്തലപ്പുപോലെ കൺതടങ്ങൾക്കുതാഴെ അഗ്രഭാഗം വളച്ചു വരക്കുന്നതാണു് കത്തിവേഷത്തിന്റെ പ്രത്യേകത. കൺപോളകളുടെ അഗ്രങ്ങൾവരെ എത്തിച്ചുവരക്കുന്നതാണു് നെടുംകത്തി.

കരിവിഭാഗത്തിൽ പെടുന്ന കഥാപാത്രങ്ങൾക്കു് മുഖത്തെ തേപ്പും ആടകളും കറുപ്പുനിറത്തിലുള്ളതായിരിക്കും. പറപോലുള്ള കരിമുടി ധരിച്ചിരിക്കുന്ന കരിവേഷക്കാർ ക്രൂരസ്വഭാവക്കാരെന്ന നിലയിൽ തമോഗുണ പ്രധാനികളാണു്.

താടി വേഷങ്ങൾക്കു് ചുവന്നതാടി, വെള്ളത്താടി, കറുത്തതാടി എന്നിങ്ങനെ അവാന്തര വിഭാഗങ്ങളുണ്ടു്. ചുവന്നതാടി, ദുഷ്ടകഥാപാത്രങ്ങൾ അഥവാ തമോഗുണ പ്രധാനികളും, വെള്ളത്താടി സത്വഗുണ പ്രധാനികളുമായിരിക്കും. തലയിൽ അണിയുന്ന കിരീടം വരെ കറുപ്പായ നളചരിതത്തിലെ കലിമാത്രമെ കഥകളിയിൽ കറുത്തതാടി വിഭാഗത്തിലുള്ളു.

സ്ത്രീവേഷത്തെയും മഹർഷിമാരെയും ഉൾക്കൊള്ളുന്ന വേഷങ്ങളെ മിനുക്കു് എന്നു് പറയുന്നു.

കഥകളിയുടെ ആസ്വാദനത്തിനു് സഹായകമാണു് മുദ്രകളെക്കുറിച്ചുള്ള സാമാന്യജ്ഞാ

---

2. ചിത്രം

1. ബ്രഹ്മാവു് 2. പാർവ്വതി, സുന്ദരി 3. ദേവേന്ദ്രൻ 4. നിശ്ചയം 5. രഥം, വിഷ്ണു, ബലഭദ്രൻ, ബാണം, സ്വർണ്ണം, രാക്ഷസി, മാല, വീണ, നക്ഷത്രങ്ങൾ 6. ചക്രം, രാജാവു്, സൂര്യൻ, ഗജം, ഭൂമി 7. ശ്രീരാമൻ, സ്ത്രീദാനം 8. നമസ്കാരം, അഗ്നി, പ്രകാശം, നദി 9. പാണ്ഡവന്മാർ 10. വധം 11. ആകാശം, (സ്വർഗ്ഗം), ധന്യൻ, ദൈവം, 12. പ്രണയം 13. സത്യം, 14. കാരണം, കടിക്കുക, തൊടുക, ഇറങ്ങുക 15. ദുര്യോധനൻ, നരസിംഹം 16. പുത്രി, ശരത്കാലം, അവാം 17. നീലം, കരുണ, മാർദ്ദവം 18. താമര, 19. മാൻ, മൃഗം, പരമാത്മാവു്, ജയന്തൻ 20. കാര്യം (ബന്ധം), സമുദ്രം, സർവ്വം, പൂർണ്ണതൽ ധ്യാനം, ധരിപ്പിക്കുക 21. പാപം, ബ്രാഹ്മണൻ, യശസ്സു്, വിശപ്പു്, വംശം (കലം), ഗർഭം, വേനം 22. കയിൽ, കോഴി 23. വിവാഹം, ചെയ്യുക 24. പതി 25. വിഷം 26. കാണുക, അന്വേഷിക്കുക, കണ്ണുകൾ 27. യുദ്ധം 28. ഭർത്താവു് 29. പാതാളം, ഗോപുരം, വാതിൽ 30. സിംഹം



ഔചിത്യാനൗചിത്യങ്ങളോർക്കാതെ മനോധർമ്മമെന്നപേരിൽ കഥാപാത്രങ്ങളെ ആഭാസന്മാരാക്കിത്തീർക്കുന്ന അമിതാഭിനയവും; കവികല്പിതമായ അർത്ഥം യാതൊന്നാണോ അതിനെ അഭിനയിക്കാതെ, കവിയുടെ ആശയം തിരുത്തിക്കൊണ്ടുള്ള അനൗചിത്യം ഒരു നടനും സ്വീകരിച്ചുകൂടാ.

അതായത് സന്ദർഭങ്ങൾക്കനുസരിച്ച് കഥാപാത്രത്തിന്റെ നിലയും വിലയും കൈവിടാതെ; അമിതാഭിനയത്തിലൂന്നിയ മനോധർമ്മ പ്രകടനങ്ങളിലധിഷ്ഠിതമല്ലാത്ത, കഥാപാത്രത്തിന്റെ ആത്മാർത്ഥമായ ആത്മാവിഷ്കാരമാണ് പരമമായ കഥകളി അഭിനയം.

അഭിനയത്തിന്റെ രസികത ആസ്വദിക്കുന്നതിനായി വേഷവിഭജനം കൂടി അറിഞ്ഞിരിക്കുന്നത് നല്ലതാണ്. സാമാന്യമായി അഞ്ചുതരത്തിലാണ് വേഷങ്ങളെ വിഭജിച്ചിരിക്കുന്നത്; പച്ച, കത്തി, കരി, താടി, മിനുക്ക്.

പച്ചവേഷങ്ങൾ സത്വഗുണപ്രധാനവും സൽസ്വഭാവികളും ധീരോദാത്തരുമായ കഥാപാത്രങ്ങളെ പ്രതിനിധീകരിക്കുന്നു.

നന്മയോടൊപ്പം തിന്മയും ഇടകലർന്ന രജോഗുണ പ്രധാനങ്ങളാണ് കത്തിവേഷങ്ങൾ. കത്തിവേഷങ്ങളെ നെടുംകത്തി, കുറുംകത്തി എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നതിൽ നടപ്പുള്ളത് കുറുംകത്തിയാണ്. മൂക്കിന്നിരുവശവുമായി കത്തിയുടെ ആകൃതിയിൽ-വാൾത്തലപ്പുപോലെ കൺതടങ്ങൾക്കുതാഴെ അഗ്രഭാഗം വളച്ചു വരക്കുന്നതാണ് കത്തിവേഷത്തിന്റെ പ്രത്യേകത. കൺപോളകളുടെ അഗ്രങ്ങൾവരെ എത്തിച്ചുവരക്കുന്നതാണ് നെടുംകത്തി.

കരിവിഭാഗത്തിൽ പെടുന്ന കഥാപാത്രങ്ങൾക്ക് മുഖത്തെ തേപ്പും ആടകളും കറുപ്പുനിറത്തിലുള്ളതായിരിക്കും. പറപോലുള്ള കരിമുടി ധരിച്ചിരിക്കുന്ന കരിവേഷക്കാർ ക്രൂരസ്വഭാവക്കാരെന്ന നിലയിൽ തമോഗുണ പ്രധാനികളാണ്.

താടി വേഷങ്ങൾക്ക് ചുവന്നതാടി, വെള്ളത്താടി, കറുത്തതാടി എന്നിങ്ങനെ അവാന്തര വിഭാഗങ്ങളുണ്ട്. ചുവന്നതാടി, ദുഷ്ടകഥാപാത്രങ്ങൾ അഥവാ തമോഗുണ പ്രധാനികളും, വെള്ളത്താടി സത്വഗുണ പ്രധാനികളുമായിരിക്കും. തലയിൽ അണിയുന്ന കിരീടം വരെ കറുപ്പായ നളചരിതത്തിലെ കലിമാത്രമെ കഥകളിയിൽ കറുത്തതാടി വിഭാഗത്തിലുള്ളു.

സ്ത്രീവേഷത്തെയും മഹർഷിമാരെയും ഉൾക്കൊള്ളുന്ന വേഷങ്ങളെ മിനുക്ക് എന്ന് പറയുന്നു.

കഥകളിയുടെ ആസ്വാദനത്തിന് സഹായകമാണ് മുദ്രകളെക്കുറിച്ചുള്ള സാമാന്യജ്ഞാ

---

2. ചിത്രം

1. ബ്രഹ്മാവ് 2. പാർവ്വതി, സുന്ദരി 3. ദേവേന്ദ്രൻ 4. നിശ്ചയം 5. രഥം, വിഷ്ണു, ബലഭദ്രൻ, ബാണം, സ്വർണ്ണം, രാക്ഷസി, മാല, വീണ, നക്ഷത്രങ്ങൾ 6. ചക്രം, രാജാവ്, സൂര്യൻ, ഗജം, ഭൂമി 7. ശ്രീരാമൻ, സ്ത്രീഭാനം 8. നമസ്കാരം, അഗ്നി, പ്രകാശം, നദി 9. പാണ്ഡവന്മാർ 10. വധം 11. ആകാശം, (സ്വർഗ്ഗം), ധന്യൻ, ദൈവം, 12. പ്രണയം 13. സത്യം, 14. കാരണം, കടിക്കുക, തൊടുക, ഇറങ്ങുക 15. ദുര്യോധനൻ, നരസിംഹം 16. പുത്രി, ശരത്കാലം, അവൾ 17. നീലം, കരുണ, മാർദ്ദവം 18. താമര, 19. മാൻ, മൃഗം, പരമാത്മാവ്, ജയന്തൻ 20. കാര്യം (ബന്ധം), സമുദ്രം, സർവ്വം, പൂണനൂൽ ധ്യാനം, ധരിപ്പിക്കുക 21. പാപം, ബ്രാഹ്മണൻ, യശസ്സ്, വിശപ്പ്, വംശം (കുലം), ഗർഭം, ഭവനം 22. കയിൽ, കോഴി 23. വിവാഹം, പെയ്യുക 24. പത്നി 25. വിഷം 26. കാണുക, അന്വേഷിക്കുക, കണ്ണുകൾ 27. യുദ്ധം 28. ഭർത്താവ് 29. പാതാളം, ഗോപുരം, വാതിൽ 30. സിംഹം





നം. ദേവതാരാധനാർത്ഥം ഉപയോഗിച്ചുവരുന്ന തന്ത്രമുദ്രകളിൽ നിന്നുമാണ് ഹസ്തമുദ്രകളുടെ ഉല്പത്തി എന്നാണ് ഐതിഹ്യം. 'ഹസ്തലക്ഷണദീപിക' എന്ന കരമുദ്രികാശാസ്ത്രമാണ് കഥകളിയിലെ ഹസ്തമുദ്രകൾക്ക് അടിസ്ഥാനഗ്രന്ഥമായി അംഗീകരിച്ചിട്ടുള്ളത്. മുദ്രകളെക്കൊണ്ടുള്ള അഭിനയരീതികൾ നാലുവിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് കഥകളിയിൽ പ്രയോഗിക്കപ്പെടുന്നത്. ഇവ സംയുതം, അസംയുതം, സമാനം, മിശ്രം എന്നിവയാണ്.

രണ്ടുകൈകളിലും ഒരേ മുദ്രപിടിക്കുന്നതിനെ 'സംയുതം' എന്നും ഒരു കൈകൊണ്ടുമാത്രം കാണിക്കുന്നവയെ 'അസംയുതം' എന്നും ഒരു മുദ്രകൊണ്ടു പലതിനെ കാണിക്കുന്നതിനെ 'സമാനം' എന്നും ഓരോ കയ്യിലും വ്യത്യസ്തമായ മുദ്ര കാണിക്കുന്നതിനെ 'മിശ്രം' എന്നും പറയുന്നു.

(കഥകളിയുടെ 'മുദ്രകളും ചിത്രങ്ങളും ഇതൊടൊപ്പം ചേർത്തിരിക്കുന്നതു നോക്കുക.)

ഒട്ടുമിക്ക വിദേശ രാഷ്ട്രങ്ങളിലും 'കഥകളിയുടെ നാട്'' എന്ന് ഭാരതം അറിയപ്പെടുന്ന ഈ സാഹചര്യത്തിൽ, ഈയിടെ റഷ്യയിൽ ആരംഭിച്ച ഇന്ത്യൻ ഫെസ്റ്റിവലിൽ ഭാരതകലാരൂപങ്ങളിൽ അഗ്രസ്ഥാനം വഹിക്കുന്ന കഥകളിയെ പുറന്തള്ളിയിരിക്കയാണ്, നമ്മുടെ സാംസ്കാരിക പൈതൃകമായ കഥകളി എന്ന പൗരാണിക കലാരൂപത്തിന്റെ ഭാവി, യന്ത്രങ്ങളുടെ ലോകമായ ഇരുപത്തൊന്നാം നൂററാണ്ടിലേക്ക് കുതിക്കുന്ന ഈ കാലഘട്ടത്തിൽ സുരക്ഷിതമാക്കേണ്ടതു് തികച്ചും അവശ്യമാണ്, നമുക്ക നഷ്ടപ്പെട്ട തനിമകളുടെ കൂട്ടത്തിലൊന്നാകരുതേ, ഈ വിശ്വകലാരൂപം എന്ന പ്രാർത്ഥനയോടൊപ്പം, യുവതലമുറയുടെ ശ്രദ്ധ ഈ അതുല്യകലാരൂപത്തിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു.

—ഗീവർഗ്ഗീസ്, ഇ. സി,
രണ്ടാം വർഷം, സോഷ്യോളജി

*With best compliments from :*

**SPORTSHIVE**

THE SPORTS MERCHANTS
Opp. Bharatiya Vidya Bhavan
T. D. ROAD, ERNAKULAM

# സർവകലാശാലാ വിദ്യാഭ്യാസം

□

ഓരോ കോളേജു വിദ്യാർത്ഥിയും
ഓർക്കേണ്ട ഒരു സുപ്രധാന കാര്യമുണ്ട്:

□

— അയാളുടെ പഠനത്തിനായി
സമൂഹം ഭാരിച്ച തുകയാണ് ചെലവിടുന്നത് —
— താൻ ഉപയോഗിക്കുന്ന ബെഞ്ചും ഡസ്കും മുറിയും എല്ലാം
നിരക്ഷരരുമുൾപ്പെടെയുള്ള സാധാരണ ജനങ്ങൾ നൽകുന്ന
നികുതി കൊണ്ടുണ്ടാക്കിയതാണെന്ന കാര്യം
അയാൾ ഒരിക്കലും മറക്കരുത് ...

□

ക്ലാസിൽ കയറാതെ നടക്കുന്ന വിദ്യാർത്ഥി
തന്നോടും തന്റെ കുടുംബത്തോടും സമൂഹത്തോടും
അക്ഷന്തവ്യമായ ദ്രോഹമാണ് ചെയ്യുന്നത് —

□

എല്ലാ ക്ലാസുകളും മുറയ്ക്ക് നടക്കുന്നുവെന്ന് ഉറപ്പുവരുത്തുക
എല്ലാ ക്ലാസുകളിലും കയറി കിട്ടാവുന്നിടത്തോളം അറിവ് നേടുക.

□

ക്ലാസിൽ കയറാതെ നടക്കുന്നത് ധൈര്യമൊന്നുമല്ല —
അതുകൊണ്ടു മാത്രം ആരുടേയും 'മഹത്വം' വർദ്ധിക്കുകയുമില്ല.

□

LITTLE DROPS OF WATER....

Every single rupee you save takes you one step closer towards turning your dreams into concrete reality. The S. I. B. has a number of Schemes that will help you to realise your dreams.

Kalpakanidhi Scheme.
Golden Jubilee Cash Certificate.
Recurring Deposit Scheme.
Non - resident (External) Account.

**The South Indian Bank Ltd**
Regd. Office: Trichur, Kerala

(GROWING TO SERVE YOU EVERYWHERE)


---


പള്ളുരുത്തി മണ്ഡലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
നമ്പ്ര് 65, പള്ളുരുത്തി, കൊച്ചിൻ - 6 ( സ്ഥാപിതം 1094 M. E. )

ബ്രാഞ്ചുകൾ

| | | | |
|---|---|---|---|
| കമ്പളങ്ങിവഴി<br>കൊച്ചിൻ - 6<br>ഫോൺ: 25904 | പള്ളുരുത്തിവെളി,<br>കൊച്ചിൻ - 6<br>ഫോൺ: 28545 | പള്ളുരുത്തിനട,<br>കൊച്ചിൻ - 6<br>ഫോൺ: 25341 | തോപ്പുംപടി,<br>കൊച്ചിൻ - 5<br>ഫോൺ: 27441 |

| | |
|---|---|
| അംഗങ്ങൾ | : 19575 |
| പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം | : 24 ലക്ഷം |
| നിക്ഷേപങ്ങൾ | : 170 ലക്ഷം |
| വായ്പ പിരിഞ്ഞു കിട്ടാനുള്ളത് | : 180 ലക്ഷം |
| ക്ലാസിഫിക്കേഷൻ | : ഒന്നാം ഗ്രേഡ് |

പി. എ. സത്യവാഹൻ
(പ്രസിഡന്റ്)

പി. എസ്. നടരാജൻ
(അസി. രജിസ്ട്രാർ/സെക്രട്ടറി)


---


Greater Were the gone days, still greater are the coming ones.

Greatness is the natural outcome of sincerity. G. C. D. A. very sincere in its efforts towards development richly deserves it.

The prestigious Cochin Marine Drive, Massive commercial complex, Beautiful residential flats. HIG—MIG—LIG—EWS—Housing schemes, Pleasing plots for blooming business, Amusement areas, etc, etc., all hold great testimony to it. Come, share the growth, G C D A - dedicated to greater development.

GREATER
**COCHIN DEVELOPMENT AUTHORITY**
COCHIN - 682020





Cryptims
ECLAIRS ,TOFFEES & SWEETS

Cryptims



## നിത്യയൗവ്വന പരിലാളനത്തിന് പ്രകൃതിദത്തമായ പരിചരണം....

ഏതു കാലാവസ്ഥയ്ക്കും
നിങ്ങളുടെ മൃദുല ചർമ്മത്തിനു
അനുപമമായതാണ് പ്യാരി രക്തചന്ദനസോപ്പ്.
പ്രകൃതിദേവി നിങ്ങൾക്കുമാത്രമായി നൽകിയ
വരദാനം സൗന്ദര്യ സംരക്ഷണത്തിനു
ഏററവും ശ്രേഷ്ഠമായ രക്തചന്ദനം,
മരോട്ടിഎണ്ണ, മററു പ്രകൃതിദത്തമായ
സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ ശാസ്ത്രീയ
സംഗമമാണ് പ്യാരി രക്തചന്ദനസോപ്പ്.
ത്വക്കിനു തിളക്കവും ശോഭയും
നൽകുന്നതോടൊപ്പം ദിവസം മുഴുവനും
നിങ്ങളുടെ ശരീരത്തിൽ പ്യാരിയുടെ
സുഗന്ധം തങ്ങിനിൽക്കുകയും ചെയ്യുന്നു



പ്രകൃതിയുടെ വരദാനം




# പ്യാരി
# രക്തചന്ദനസോപ്പ്

Pyary
Soapmakers since 1930

പ്യാരി പ്രൊഡക്റ്റ്സ്
പൂണിത്തുറ, കേരള

*Compliments from:*

**WIND TECH**
**MATTAMMAL - THEVARA**

---

*Compliments from:-*

**A. S. JEWELLERY**
THEVARA, JOLLY MANAYATH.

---

*Compliments from:*

**PALAMATTOM CHIT FUNDS**
THEVARA.

---

ആശംസകൾ.

പാദരക്ഷകൾക്കും യാത്രാ സാമഗ്രികൾക്കും

നീലാഗ്രൂപ്പ്സ്

**പൗർണ്ണമി**
മൃഗാശുപത്രിക്കു എതിർവശം
പി. ഒ. ജംഗ്ഷൻ മൂവാറ്റുപുഴ.

ബാറ്റ, കൊറോണ, വി. ഐ. പി, അരിസ്റ്റോക്രാറ്റ് എന്നീ കമ്പനികളുടെ ഷൂസ്, ചെരിപ്പുകൾ, പെട്ടികൾ, ബാഗുകൾ, സോക്സുകൾ, സ്കൂൾ ബാഗുകൾ, വാനിറ്റി ബാഗുകൾ, ബെൽറ്റ് മുതലായവ മിതമായ നിരക്കിൽ ലഭിക്കുവാൻ

---

IF YOU REQUIRE

Black Pepper, Dry Ginger, Cardamom, Copra, Cloves and other agricultural Produces of Kerala.
We are here to serve you as experienced Traders and Exporters.
We offer you prompt and saticfactory service as a co-operative institution.
We stand for quality and integrity in business.
Leading marketers of agricultural inputs and produces:

**THE KERALA STATE CO-OPERATIVE MARKETING FEDERATION LIMITED,**
GANDHI NAGAR
ERNAKULAM, COCHIN - 682 020
PHONE NO : 366879, 366880 TELEX : 885-553
GRAMS : MARKETFED KFEDIN

BRANCHES :
CALCUTTA COCHIN- 6086 BOMBAY: 345627 NEW DELHI: 232631

REGIONAL OFFICES :
CALICUT : 60489 PALGHAT : 3042 ALLEPPEY : 2319 KOTTAYAM : 8679

CHAIRMAN
ARYADAN MOHAMMED

MANAGING DIRECTOR
C. T. ANTONY . IPS.

*WITH*
*BEST*
*COMPLIMENTS*
*FROM*

**ROHINI TEXTILES**
PULLEPADY JUNCTION
CHITTOOR ROAD
ERNAKULAM, COCHIN - 682 036

Best Quality Textiles in all varieties
Customers Satisfaction is our motto

---

**TOSHIBA ANAND**
**FIRST TIME IN INDIA**
**TO INTRODUCE**

THE LARGEST SELLING METAL JACKET DRY BATTERY WITH FACTORY SEAL
TO ENSURE FRESHNESS & LONGER LIFE
MANUFACTURED
IN TECHNICAL COLLABORATION
WITH
WORLD FAMED
'TOSHIBA', JAPAN
THE FIRST DRY BATTERY TO GET I. S. I. MARK

**TOSHIBA ANAND BATTERIES LIMITED**
XXXVI/1544, MAHATMA GANDHI ROAD
P. O. BOX 1002, ERNAKULAM
COCHIN 682011, KERALA

CABLE: BATTERIES ERNAKULAM
TELEX: 0885-546
PHONE: 353904

BRANCHES: Ahmedabad, Ambala, Bangalore, Baroti, Bombay, Calcutta, Chandigarh, Cochin, Cuttack, Gauhati, Indore, Jaipur, Jammu, Jullundur, Kanpur, Madras, New Delhi, Patna, Secunderabad.

*With Best Compliments from:-*

**SEEMATTI**
M. G. ROAD
ERNAKULAM

---

*With best compliments from:-*

**EQUIPMENT AGENCIES**
(MARKETING)
M. G. ROAD
ERNAKULAM
COCHIN

---

*With best compliments from:-*

**BRITE PLASTIC MOULDERS**
D. H. ROAD
ERNAKULAM
COCHIN - 16

---

*With best compliments from:-*

**SABIRA PEN PALACE**
AMBADY BUILDING
OPP: SHENOY'S THEATRE
M. G. ROAD
COCHIN - 682035

*WITH*
*BEST*
*COMPLIMENTS*
*FROM*

**SAREE KENDRA**
NEAR KAVITHA THEATRE
M. G. ROAD
**COCHIN**

*WITH*
*BEST*
*COMPLIMENTS*
*FROM*

**M/s ALAPPAT**
**FASHION JEWELLERY**
BROADWAY & M. G. ROAD
**COCHIN**

*With best compliments from:-*

Phone 367552
Grams: 'AJANTHA'

**AJANTHA**
REXINE & PLASTICS CO.

Kokkers Complex
(Mymoon Cinema)
CHITTOOR ROAD, ERNAKULAM
COCHIN - 18

*Distributors for :* FEATHERTOUCH & HYFOAM (POLYURETHANE FOAM)

*With best compliments from :-*

BSC
MANUFACTURED BY BATA INDIA LIMITED

**B S C (BATA INDIA LTD) FOOT WEARS**
PRAKASH FOOT WEARS
SOUTH RAILWAY STATION ROAD
ERNAKULAM, COCHIN - 16

*With best compliments from:-*

**PRASANTH TOURIST HOME**
BOARDING AND LODGING
MUVATTUPUZHA

*With best compliments from:-*

Telegram : 'CHETAK'
Telephone : 8-4778

**JAINA AUTOMOBILES**
PALARIVATTOM
COCHIN - 682025

AUTHORISED DEALERS FOR 'BAJAJ' SCOOTERS, MOTOR CYCLES,
AUTORIKSHAWS AND 'PRIYA' SCOOTERS

# सूर्यकान्त त्रिपाठी 'निराला', कुछ विचार

सूर्यकान्त त्रिपाठी "निराला" पंडित जवाहर लाल नेहरू के सामने डट कर खड़े हो गए ।

"अगर आप भारत के प्रधान मंत्री हैं, तो मैं भी हिन्दी कविता का प्रधान मंत्री हूँ । अब बात करिए ।"

नेहरू जी मुस्करा दिए ।

निराला जी चलते बने ।

पंडित सूर्यकान्त त्रिपाठी "निराला" हिन्दी-साहित्य में "निराला" के नाम से प्रसिद्ध हैं । वे छायावाद के प्रमुख कवि और समर्थक, प्रगतिवाद के प्रवर्तक, गीति काव्य को नया रूप, संगीत और माधुर्य प्रदान करने वाले, निर्भीक पत्रकार और अपने युग के सब से अधिक विद्रोही साहित्यकार थे ।

निराला हिन्दी भाषा और साहित्य के अनन्य उपासक, कर्मठ रचनाकार और एक अत्यन्त तेजस्वी व्यक्ति थे । वे हिन्दी और उस के कलाकारों का अपमान नहीं सह सकते थे । "छायावाद" पर उस के विरोधियों द्वारा किए गए आक्रमणों का उन्होंने अकेले ही जवाब दिया था । इसलिए छायावाद के विरोधियों ने निराला का ही सब से अधिक विरोध किया था ।

निराला का काव्य अपने ओज गुण के लिए प्रसिद्ध है । उस में ओज, कल्याण, जिज्ञासा, दार्शनिकता आदि के मनोरम रूप मिलते हैं । काव्य में प्रगतिवाद को लाने का श्रेय भी उन्हें ही दिया जाता है । उन्होंने उपन्यास, कहानी, निबन्ध, रेखाचित्र आदि भी लिखे हैं । परन्तु, उन की प्रसिद्धि, उन की कविता तथा निबन्धों के कारण ही अधिक है । उन की दृढ़ता, ओज, कर्मठता तथा अद्वितीय रचना शक्ति के कारण हिन्दी साहित्य ने उन्हें "महाप्राण निराला" कह कर पुकारा है ।

महादेव सेठ ने पूछा "आपने अपना नाम निराला क्यों रखा ?"

"मैं सब से निराला हूँ ।" वे बोले ।

"किस बात में ?"

और निराला जी ने अपने को 36 बातों में सब से निराला बतलाया ।

जीवन - परिचय

निराला के पूर्वज उत्तर प्रदेश के उन्नाव जिले के गढ़ाकोला नामक गाँव के रहनेवाले कान्यकुब्ज ब्राह्मण थे । निराला के पिता रामसहाय त्रिपाठी अपना गाँव छोड़ कर बंगाल के मेदिनीपुर नामक एक छोटे से राज्य के राजा के यहाँ नौकरी करने लगे थे । वहीं सन 1896 में निराला का जन्म हुआ था । पिता सैनिक थे इसलिए स्वभाव से थोड़े से कठोर थे । निराला उनके इकलौते पुत्र थे । माता का बचपन में ही देहान्त हो गया था ।

निराला की शिक्षा स्थानीय स्कूल में प्रारंभ हुई । वहाँ उन्हें बँगला और अंग्रेज़ी पढ़ाई जाती थी । परन्तु निराला अपने देश के अन्य सिपाहियों के पास बैठ कर हिन्दी की धार्मिक पुस्तकें भी पढ़ते और सुनते रहते थे । वे बचपन से ही उद्दण्ड और स्वच्छन्द स्वभाव के थे ।

एक बार एक दरोगा ने एक गरीब की पिटायी कर दी ।

निराला ने उस को पकड़ लिया और बोले " दारागंज तेरे बाप का नहीं है । निराला का

है । गरीबों को सताएगा तो मैं बिना दक्षिणा लिए तेरा श्राद्ध कर दूँगा ।"

स्कूली पढ़ाई में उन का मन नहीं लगता था । शैतानी करने पर पिता बुरी तरह से उन्हें दण्ड देते थे । स्वास्थ्य अच्छा था । कुश्ती लड़ने, कसरत करने तथा घुड़सवारी का शौक था ।

एक बार निराला जी दंड - बैठक कर रहे थे । कसरत में लगे थे ।

"क्या बात है, निराला जी ? कसरत कर रहे हैं ?"

" हाँ ! शहर में कई आलोचक आए हैं । " निराला ने कहा ।

संगीत के भी निराला जी शौकीन थे । स्कूल के पुस्तकालय से लेकर उपन्यास, कहानी दर्शन आदि की किताबें पढ़ा करते थे । इन्हीं शौकों के कारण इन की स्कूली पढ़ाई पूरी नहीं हो सकी और इन्होंने स्कूल छोड़ दिया ।

मेदिनीपुर के राजा के छोटे भाई इन्हें बहुत प्यार करते थे और उन का इरादा इन्हें अपना दत्तक - पुत्र बनाने का था । परन्तु शीघ्र ही उन की मृत्यु हो जाने से निराला उस राज-परिवार के सदस्य बनने से बच गए । निराला साधु - सन्यासिनियों के साथ भी उठते - बैठते रहते थे । इसी सत्संग ने उन के हृदय में दर्शन का अध्ययन करने की रुचि उत्पन्न कर दी और उन्होंने संस्कृत का अध्ययन करना प्रारंभ कर दिया । अध्ययन - शील होने के कारण वह शीघ्र ही संस्कृत, बंगला आदि के विद्वान बन गए ।

तेरह वर्ष की अवस्था में ही मनोहरा देवी नामक एक अत्यन्त सुन्दर लड़की के साथ इन का विवाह कर दिया गया था । मनोहरा देवी हिन्दी में बहुत रुचि रखती थीं । निराला ने उन्हीं से प्रेरणा प्राप्त कर हिन्दी का अध्ययन करना प्रारंभ किया था । वे अपनी पत्नी से बहुत प्यार करते थे । परन्तु उनका वैवाहिक जीवन बहुत थोड़ा सा ही रहा । एक पुत्र रामकृष्ण तथा एक पुत्री सरोज को जन्म देने के बाद ही मनोहरा देवी की मृत्यु हो गई । निराला इस आघात से पागल से उठे । उस समय इन की अवस्था बीस वर्ष की थी । परंतु उन्होंने अपना दूसरा विवाह नहीं किया । इसी समय इन के पिता की मृत्यु हो गई । इन्होंने वहीं राजा के यहाँ नौकरी कर ली परन्तु स्वच्छन्द स्वभाव के होने के कारण शीघ्र ही त्यागपत्र दे दिया और अपने गाँव लौट आए । अब इन पर सारे परिवार का भार आ गया था । धन की कमी थी ।

इस समय तक निराला साहित्यिक-क्षेत्र में उत्तर चुके थे । उनकी बंगला तथा हिन्दी की रचनाएँ पत्रों में प्रकाशित होती रहती थीं । आचार्य महावीरप्रसाद द्विवेदी निराला पर कृपालु थे । द्विवेदी जी की सिफारिश पर उन्हें "समन्वय" नामक एक आध्यात्मिक पत्र का सम्पादक बना दिया गया । इस के बाद उन्होंने "मतवाला" नामक पत्र का सम्पादन किया । यह पत्र शीघ्र ही बहुत लोक प्रिय बन गया । परन्तु कुछ समय बाद निराला कलकत्ता छोड़ कर अपने देश लौट आए और "लखनऊ" में रह कर "सुधा" नामक मासिक - पत्रिका का सम्पादन तथा अन्य प्रकार का लिखने - पढ़ने का काम करने लगे ।

इस समय तक निराला हिन्दी-साहित्य में खूब प्रसिद्ध हो चुके थे ।

एक प्रकाशक निराला जी के पैसे दबा गया ।

निराला बोले, " मेरे पास कलम भी है, डंक भी है और मेरा इलाका दारागंज है । मैं वहाँ का गुंडा भी हूँ । कल पैसे आ जायें । "

फिर भी पैसे न आए ।
निराला ठेका लेकर गए ।
वह न मिला तो उस के घर ठेका रख आए ।
काले दिन पैसे मिल गए ।

वह स्वभाव के कवि और उदार थे, इसलिए उन्हें सदैव आर्थिक तंगी रहती थी । इसी आर्थिक तंगी में उनकी विवाहिता पुत्री सरोज का स्वर्गवास हो गया । वह उसे बहुत प्यार करते थे । इस आघात ने उन्हें पागल बना दिया ।

महापुरुष दानी निराला एक दिन सारे कपड़े दान कर आए ।

तन पर रह गयी केवल लंगोटी ।

" महाराज अब यह किस को दोगे ? "

" किसी को नहीं, क्योंकि जिंदगी भर मेरी गणना भागते भूत में नहीं हो सकती है । "

अब निराला लखनऊ में रहते थे । वे छायावाद का विरोध करने वालों के आक्षेपों का बराबर उत्तर देते रहते थे, नए नए ग्रन्थ लिखते रहते थे । उनके खिलाफ हिन्दी में कुछ लोगों द्वारा एक संगठित आन्दोलन चलाया जा रहा था । आर्थिक संकट सरोज की मृत्यु, विरोधियों तथा सुमित्रानन्दन पंत जैसे सहयोगियों द्वारा बराबर किए जानेवाले आक्रमणों ने निराला को तोड़ सा डाला । उनके मस्तिष्क में विकृति आ गई । वे आधे पागल से हो गए ।

निराला बोले " मंच पर मैं सब से अलग दिखलायी पड़ता हूँ । "

" वह कैसे ? "

" पंत और महादेवी में तो मुश्किल है, कौन पंत है, कौन महादेवी ? पर निराला का पाँच फुटा शरीर सब से अलग मीलों दूर से लोग देख सकते हैं । "

महादेवी वर्मा ने उन की बराबर गिरती स्थिति को देख उन्हें इलाहाबाद बुला लिया । सरकार ने उनके इलाज के लिए धन की सहायता दी । परन्तु उन की दशा बराबर गिरती चली गई और सन 1961 में उन का स्वर्गवास हो गया ।

निराला ने जीवन भर संघर्ष किया था । उनकी मृत्यु के बाद सारे हिन्दी - संसार ने उन के लिए आँसू बहाए, उनकी जयन्तियाँ मनायीं । परन्तु जब उन्हें इतना सम्मान मिलना चाहिए था, तब सबने उन का विरोध किया था, उन के साहित्य का मजाक उड़ाया था, उन की उपेक्षा की थी ।

—TOM VARGHEESE—

---

## मिट्टी

मैं मिट्टी हूँ, मैं मिट्टी हूँ ।
कुछ धूल कणों की समष्टि हूँ ।

जन पद-प्रहार नित सह कर
शान्ति का पाठ पढ़ाती हूँ ।
मैं धैर्य और सहनशीलता का
नित उदाहरण प्रस्तुत करती हूँ ।

किन्तु जो ठोकर मुझे मारते हैं ।
सिर पर चढ़ कर के तनके मैं ।
स्वाभिमान का पाठ पढ़ाती हूँ ।
जग का इतिहास समेटे मैं, शान्त विवृत से रहती हूँ
मैं मिट्टी हूँ.........

REKHA SHARMA
II, ECONOMICS

## व्यग्र यात्रा

मिट्टी से आते है, हम लोग,
फिर मिट्टी से मिलते है ।
हम धरती में आता है अकेले
अन्त में जाना भी साथ नहीं
इस ठहराव में कितनी इच्छा ?
सागर की ज्वारभाटा के समान,
बाल्य में खिलौने केलिए,
कौमार में प्रियतमा केलिए
और वृद्धावस्था इस यात्रा का श्याम तक ।

SREE KUMAR. R

### अलसाई भोर

बीता फागुन, चैता आई,
नाच-रहा है मोर,
आम्र कुंज में कोमल बोली
अलसाई है भोर,
विहाग भरे नैना कजरारे
प्रतीक्षा है द्वारे - द्वारे
निष्ठुर बलम रूठ गए
ज्यों हृदय ले गया चोर ।
आम्र कुंज में कोयल बोली
अलसाई है भोरा ।।

स्वच्छ धवल उज्वल निर्मल जल
प्रतिबिम्बित जमुना को पीछे,
झलक रहे नैनन सरिता में
अँखियों में ज्यों लोर ।।

आम्र कुंज में कोयल-बोली
अलसाई है भोर ।।

ROOTH
I B.Com

### आहों के तार ...

नीलमणि - सी देह में
गहने रक्ताभ
पहना दे गोरी
बाहों के हार ।

महकी आस लिए
सुखमय पदचाप किए
क्षितिज से दूर नये
राहों के पार ।

मन-आंगन तेरा
मिलन-तीर्थ मेरा
टूटें ना जब तक
साँसों के तार ।

मधुमय सुवास
होठों की प्यास
पुलकित हो आन खड़ी
बाहों के द्वारा ।।

सरसराती पुरवईया
मादक बहार
समझोगी क्या मै
आहों के तार ।

SASIKUMAR . R
IInd ECONOMICS.

### नींद की आगमन

लंबी नींद में निमग्न हूँ मैं,
उठाओ मत मुझे इससे,
तुम्हें बाधा नहीं देता,
अपनी दुनिया में सोता हूँ मैं ।

झरनों की आवाज़ नहीं सुनता,
झगड़ों में भाग नहीं लेता,
झोंपड़ों में अकेले रहता,
झंझट तुम्हें मैं क्या देता ?

आस्मान के तारे नहीं देखता,
आशा मन में महल नहीं बनती,
आराम लेकर आनन्द के साथ,
आँख मूँदकर सोता हूँ मैं ।

भूख-प्यास न लगती मुझे,
भर-पेट रोटी न लेता रोज़,
भरोसा होता मुझे अपने पर,
भलाई होगी भविष्य में मेरी ।

इस दुनिया से विमुख होकर
लंबी नींद में निमग्न हूँ मैं ।

SIVA SUBRAMANIAN. C.G.
III rd D.C. (Chemistry)



# പ്രലോഭനങ്ങൾ മുറിവിലേക്ക്

ചരിത്രത്തിലെ ഏററവും മഹത്തായ ആത്മബലിയാണ് ക്രിസ്തുവിൻേറത്
പീഢനത്തിൻെറ കാല്പനികസുഖവും ആത്മത്യാഗത്തിൻെറ വിശ്രമലഹരിയും
ഒത്തു ചേരുന്ന ആത്മബലി. ബൈബിളിലെ
സുവിശേഷങ്ങളുടെ താളുകളിൽനിന്ന്
ക്രിസ്ത്യാനികളുടെ അചഞ്ചലവിശ്വാസങ്ങളിൽ നിന്ന്
വ്യതിരിക്തമായ മാനസികാവസ്ഥകളുള്ള ക്രിസ്തുവിനെ
നിക്കോസ് കസാൻ ദ് സാക്കീസ് രചിച്ചു. The Last Temptation of Christ
— 'ക്രിസ്തുവിൻെറ അന്ത്യപ്രലോഭനം' —
മനുഷ്യനു വേണ്ടി ആത്മീയരക്തസാക്ഷിത്വം വരിച്ച ക്രിസ്തുവിൻെറ ആത്മസംഘർഷങ്ങളെ
ചരിത്രത്തിലെ വിമോചനപോരാട്ടവുമായി സംയോജിപ്പിച്ച ഈ കൃതി അദ്ദേഹത്തിൻെറ
ദീർഘകാലാന്വേഷണഫലമാണ്. ക്രിസ്തുവിനെ കൂടുതൽ സ്നേഹിക്കാൻ
പ്രേരകമാകുന്ന കൃതി. യഥാർത്ഥ ക്രിസ്ത്യാനികളുടെ
പ്രശംസയും 'അന്ത്യപ്രലോഭനം' നേടിയെടുത്തു.
'അന്ത്യപ്രലോഭന'ത്തെ അധികരിച്ചെഴുതിയ ആസ്വാദനം പി. എ. വാരിയരുടെ
'അന്വേഷണം' കാലിക്കററ് യൂണിവേഴ്സിററിയിൽ പഠനഭാഗമായിരുന്നു.
ഇതിനെതിരെ കേരളത്തിലെ ക്രിസ്ത്യാനികൾ രംഗത്തിറങ്ങി.
അന്ത്യപ്രലോഭനത്തോട് വിദൂരവിധേയത്വം മാത്രം അവകാശപ്പെട്ടുകൊണ്ട്
പി. എം. ആൻറണി എഴുതിയ 'ക്രിസ്തുവിൻെറ ആറാം തിരുമുറിവ്' എന്നനാടകം
അരങ്ങിലെത്തും മുമ്പേ വിവാദമായി.
ഈ വിവാദത്തിൽ എഴുത്തുകാരൻെറ ആവിഷ്കാരസ്വാതന്ത്ര്യവും മതവിശ്വാസവും
കേരളത്തിലെ രാഷ്ട്രീയവുമായി ബന്ധപ്പെട്ടു.
കസാൻ ദ് സാക്കീസെഴുതിയതു് ക്രിസ്തുവിരുദ്ധമായിരുന്നോ? എന്തായിരുന്നു
പി. എം. ആൻറണിയുടെ ലക്ഷ്യം? ആവിഷ്കാര സ്വാതന്ത്ര്യം ചോദ്യം ചെയ്യപ്പെടുന്നുവോ?
ഇതിനെക്കുറിച്ച് വസ്തുനിഷ്ഠമായ, നിഷ്പക്ഷമായൊരന്വേഷണമാണ്
ഫീച്ചർ. ഈ വിവാദവുമായി ബന്ധപ്പെട്ടവരുമായി ഞങ്ങൾ അഭിപ്രായമാരാഞ്ഞു.
ഈ വിവാദവുമായി ഏറെ ബന്ധപ്പെട്ട ബിഷപ്പ് കത്തുകളും ചോദ്യങ്ങൾക്ക്
പ്രതികരണമറിയിക്കാമെന്ന് ഒന്നിലധികം തവണ പറഞ്ഞവെങ്കിലും അയച്ചുതന്നില്ല.
'അന്ത്യപ്രലോഭന'ത്തിന് കസാൻ ദ് സാക്കീസെഴുതിയ മുഖവുര,
പി. എം. ആൻറണിയുമായി കലാകൗമുദി നടത്തിയ ഇൻറർവ്യൂ,
പ്രശസ്തഎഴുത്തുകാരനായ ശ്രീ. കാക്കനാടൻ, ഹൈക്കോടതി നിയോഗിച്ച
പാനലിലുണ്ടായിരുന്ന അഡ്വ: ജി. ജനാർദ്ദനക്കുറുപ്പ്, ഡോ. എൻ വി. കൃഷ്ണവാരിയർ
എന്നിവരുമായി ഞങ്ങൾ നടത്തിയ ഇൻറർവ്യൂ എന്നിവ പ്രസിദ്ധീകരിക്കുന്നു.

മാഗസിൻ ഫീച്ചർ യൂണിററ്



തൻെറ കൃതിയെപ്പററി കസാൻദ സാക്കിസ് തന്നെ പറഞ്ഞു: "സ്നേഹം നിറഞ്ഞ ഈ കൃതി വായിക്കുന്ന സ്വതന്ത്രനായ ഓരോ മനുഷ്യനും എന്നേക്കാളുമേറെ നന്നായി ക്രിസ്തുവിനെ സ്നേഹിക്കാൻ തുടങ്ങുമെന്ന് എനിക്കറിയാം". ക്രിസ്തുവിൻെറ അന്ത്യപ്രലോഭനത്തിന് അദ്ദേഹമെഴുതിയ മുഖവുര.

**ക്രി**സ്തുവിൻെറ ഇരട്ട സ്വത്വം - ദൈവത്തെ പ്രാപിക്കാനുള്ള അത്രയും മാനുഷികവും അതിമാനുഷികവുമായ മോഹം. അല്ലെങ്കിൽ കണിശമായിപ്പറഞ്ഞാൽ, ദൈവത്തിലേക്ക് മടങ്ങാനും അവനുമായി പൂർണതാദാത്മ്യം പ്രാപിക്കാനുമുള്ള തൃഷ്ണ-എനിക്കെന്നും ആഴമുള്ള സമസ്യയായിരുന്നു. ദൈവത്തെക്കുറിച്ചുള്ള, ഒരേ സമയം യഥാർത്ഥവും നിഗൂഢവുമായ ഗൃഹാതുരത്വം എന്നിൽ വലിയ മുറിവുകളും ഏൽപിച്ചിട്ടുണ്ട്. ഒഴുക്കുള്ള വലിയ ഉറവകളും തുറന്നിട്ടുണ്ട്.

ആത്മാവും ശരീരവും തമ്മിലുള്ള ദയാശൂന്യവും അവിരാമവുമായ പോരാട്ടമാണ് ചെറുപ്പം മുതലേ എൻെറ എല്ലാ സുഖദുഃഖങ്ങളുടേയും പ്രഭവകേന്ദ്രം; എൻെറ മുഖ്യവ്യഥയും ഇതുതന്നെയായിരുന്നു.

മാനുഷികവും മനുഷ്യപൂർവ്വവുമായ സാത്താൻെറ കറുത്ത അവിസ്മരണീയ ശക്തികൾ എന്നിലുണ്ട്. മാനുഷികവും മനുഷ്യപൂർവ്വവുമായ വെളിച്ചത്തിൻെറ ദൈവിക ശക്തികളും-ഈ രണ്ട് ശക്തികളും ഏററുമുട്ടുന്ന രംഗഭൂമിയായിരുന്നു എൻെറ ആത്മാവ്.

വ്യഥ എന്നും തീക്ഷ്ണമായിരുന്നു. ഞാൻ എൻെറ ശരീരത്തെ സ്നേഹിച്ചിരുന്നു, അത് നശിക്കരുതെന്നു മോഹിച്ചിരുന്നു. ഞാൻ എൻെറ ആത്മാവിനെ സ്നേഹിച്ചു. അത് ജീർണ്ണിക്കരുതെന്ന് മോഹിച്ചു. പരസ്പരവിരുദ്ധമായ ഈ രണ്ട് ആദിശക്തികളെത്തമ്മിൽ രഞ്ജിപ്പിക്കാൻ ഞാൻ സ്വയം പൊരുതിയിട്ടുണ്ട്; അവർ ശത്രുക്കളല്ലെന്നും സഹപ്രവർത്തകരാണെന്നും അവരെ ബോദ്ധ്യപ്പെടുത്താൻ; അവരുടെ ലയത്തിൽ അവരെ ആനന്ദിപ്പിക്കാൻ അവരോടൊപ്പം അങ്ങനെ എനിക്കും ആനന്ദിക്കാൻ.

ഓരോ മനുഷ്യനും അവൻെറ ആത്മാവിലും ശരീരത്തിലുമുള്ള ദൈവികപ്രകൃതിയിൽ പങ്കെടുക്കുന്നുണ്ട്. അതുകൊണ്ടാണ് ക്രിസ്തു എന്ന നിഗൂഢത ഒരു പ്രത്യേക വിഭാഗത്തിൻേറതു മാത്രമല്ലാതാകുന്നത്; അത് മനുഷ്യരാശിയുടേതു മുഴുവനുമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള സംഘർഷം ഓരോ മനുഷ്യനിലും പൊട്ടിപ്പുറപ്പെടുന്നു. അതോടൊപ്പം രഞ്ജിപ്പിനുള്ള അഭിലാഷവും. പലപ്പോഴും ഈ സംഘർഷം അബോധതലത്തിലാണ്, ശുഷ്കായുസ്സുള്ളതുമാണ്. ദുർബലമായ ഒരു മനസ്സിനു വളരെക്കാലം ശരീരത്തെ ചെറുത്തു നിൽക്കാനുള്ള ശേഷിയില്ല. അതു് വീഴുന്നു. ശരീരം മാത്രമാകുന്നു. മത്സരം അവസാനിക്കുന്നു. പക്ഷെ, ഉത്തരവാദിത്വമുള്ള മനുഷ്യരിൽ, പരമമായ ആ കടമയിൽ രാപ്പകൽ കണ്ണും നട്ടിരിക്കുന്ന മനുഷ്യരിൽ, ശരീരവും ആത്മാവും തമ്മിലുള്ള സംഘർഷം പൊട്ടിപ്പുറപ്പെടുന്നത് കാരുണ്യരഹിതമായിട്ടാണ്, മരണംവരെയുമാണ്.

ശരീരവും മനസ്സും എത്രമാത്രം ശക്തമാണോ അത്രമാത്രം ഫലപ്രദമാണ് ഈ സംഘർഷം; അവസാനലയം അത്രമാത്രം ധന്യവും. ദുർബലമനസ്സുകളെയും കൊഴുത്ത ശരീരങ്ങളെയും ദൈവം സ്നേഹിക്കുന്നില്ല. ശക്തവും പ്രതിരോധധന്യവുമായ ശരീരവുമായി ഏററുമുട്ടാനാണ് ആത്മാവിനിഷ്ടം. വിശപ്പാറാത്ത ഒരു മാംസം തീനിപക്ഷിയാണത്, ശരീരത്തെ അതു ഭക്ഷിക്കുന്നു; സ്വാംശീകരിച്ച് അപ്രത്യക്ഷമാക്കുന്നു.

ശരീരവും ആത്മാവും തമ്മിലുള്ള കലാപവും ചെറുത്തു നില്പും തമ്മിലുള്ള, അനുരഞ്ജനവും കീഴടക്കലും തമ്മിലുള്ള സംഘർഷം; ഒടുവിൽ ഈ സംഘർഷത്തിൻെറ പരമ ലക്ഷ്യപ്രാപ്തി-ദൈവത്തോടു് ഒന്നായിത്തീരൽ: ക്രിസ്തു ഏറെറടുത്ത ആരോഹണത്തിൻെറ വഴി ഇതാണ്. ചോര ചിന്തിയ ആ പാതകളിലൂടെ ഏറെറടുക്കാൻ നമ്മെ അവൻ ക്ഷണിക്കുന്ന വഴിയും ഇതു തന്നെ, പൊരുതുന്ന ഓരോ മനുഷ്യൻെറയും പരമമായ കടമ ഇതാണ്- പാപമോചനത്തിൻെറ ആദിപുത്രനായ ക്രിസ്തു എത്തിച്ചേർന്ന ആ ഉന്നതങ്ങളിലേക്ക് പുറപ്പെടുക. നാം എവിടെ നിന്നു തുടങ്ങും ?

അവനെ പിന്തുടരണമെങ്കിൽ അവൻെറ സംഘർഷങ്ങളേക്കുറിച്ചുള്ള അഗാധജ്ഞാനം നമുക്ക് വേണം. അവൻെറ വ്യഥയിൽ നിന്നവനെ നാം മോചിപ്പിക്കണം; ഭൂമിയിൽ വിടരുന്ന ദുഷ്പ്രലോഭനങ്ങൾക്കു മേലുള്ള അവൻെറ വിജയം, മനുഷ്യൻെറ ചെറുതും വലുതുമായ ആനന്ദങ്ങളുടെ പരിത്യാഗം, ത്യാഗത്തിൽ നിന്നു ത്യാഗത്തിലേക്കുള്ള, വീരകൃത്യങ്ങളിൽനിന്നു വീരകൃത്യങ്ങളിലേക്കുള്ള അവൻെറ ആരോഹണം - രക്തസാക്ഷിത്വത്തിൻെറ ആ ഉന്നത ശിഖരത്തിലേക്ക്, കുരിശിലേക്ക്.

'ക്രിസ്തുവിൻെറ അന്ത്യപ്രലോഭനം' എഴുതുമ്പോഴും രാപകലെന്യെ സംഭവിച്ചതുപോലെ അത്ര ഭയത്തോടെ ഞാൻ ഒരിക്കലും ഗോൽഗോഥയിലേക്കുള്ള ക്രിസ്തുവിൻെറ രക്തരൂഷിതമായ യാത്രയെ പിന്തുടർന്നിട്ടില്ല; അത്ര തീവ്രമായി അവൻെറ ജീവിതവും പീഡാനുഭവവും ഞാനൊരിക്കലും പുനർജീവിപ്പിച്ചിട്ടില്ല.

മനുഷ്യരാശിയുടെ മഹത്തായ പ്രതീക്ഷയുടേയും വ്യഥയുടേയും ഈ കുററസമ്മതം തയ്യാറാക്കുമ്പോഴും ഞാൻ വികാരാധീനനാവുന്നു. എൻെറ കണ്ണുനിറയുന്നു. ഇത്ര മധുരമായി, ഇത്രമാത്രം വേദനയോടെ, ക്രിസ്തുവിൻെറ രക്തം ഹൃദയത്തിലേക്കിററിററു വീഴുന്ന ഒരനുഭവം മുമ്പൊരിക്കലും എനിക്കുണ്ടായിട്ടില്ല.

ത്യാഗത്തിൻെറ ശിഖരമായ കുരിശിലേറാൻ, അഭൗതികതയുടെ ശിഖരമായ ദൈവത്തിലെത്താൻ, ക്രിസ്തു കടന്നുപോയ വഴികളെല്ലാം പൊ

ത്തുന്ന ഓരോ മനുഷ്യനും കടന്നുപോകുന്ന വഴികൾ തന്നെയാണ്. അതുകൊണ്ടാണ് അവന്റെ പീഢനങ്ങൾ നമുക്കിത്രമാത്രം സുപരിചിതമായിരിക്കുന്നതു്. അതുകൊണ്ടാണ് അതിൽ നാം പങ്കാളികളാവുന്നതു്. അവന്റെ അന്ത്യവിജയം നമ്മുടെ തന്നെ ഭാവിവിജയമാണെന്ന് നമുക്ക് തോന്നുന്നതും അതുകൊണ്ടുതന്നെ.

ക്രിസ്തുവിന്റെ അഗാധമനുഷ്യതയുള്ള ഈ പ്രകൃതമാണ് അവനെ മനസ്സിലാക്കാനും സ്നേഹിക്കാനും സ്വന്തം വഴിയെന്ന പോലെ അവന്റെ പീഢനപാതകളെ പിന്തുടരാനും നമ്മെ സഹായിക്കുന്നത്. അവനിൽ ഊഷ്മളമായ മാനുഷികാംശമില്ലായിരുന്നുവെങ്കിൽ ഇത്രമാത്രം സുനിശ്ചിതവും ദൃഢവുമായി അവൻ നമ്മുടെ ഹൃദയങ്ങളെ സ്പർശിക്കില്ലായിരുന്നു. നമ്മുടെ ജീവിതത്തിന് അവൻ ഒരിക്കലും ഒരു മാതൃകയാവുകയില്ലായിരുന്നു. നാം പൊരുതുമ്പോൾ അവൻ പൊരുതുന്നതും നാം കാണുന്നു. ഇതു നമുക്ക് ശക്തിയേകുന്നു. ഈ ലോകത്തിൽ ഏകരല്ലെന്ന് നാമറിയുന്നു; നമ്മോടൊപ്പം അവനും പൊരുതുന്നു.

ക്രിസ്തുവിന്റെ ജീവിതത്തിലെ ഓരോ നിമിഷവും ഓരോ പോരാട്ടവും ഒരു വിജയവുമാണ്. ലളിത മാനുഷിക സുഖങ്ങളുടെ അദൃശ്യവശീകരണങ്ങളെ അവൻ കീഴടക്കി; പ്രലോഭനങ്ങളെ അവൻ തോല്പിച്ചു. ശരീരത്തെ നിരന്തരം ആത്മാവായി സ്വാംശീകരിച്ചു കൊണ്ട് അവൻ ഉയർന്നുപൊങ്ങി. ഗോൽഗോഥയുടെ ഉന്നതങ്ങളിലെത്തി കുരിശിലേറി.

പക്ഷേ, അവിടെയും അവന്റെ പോരാട്ടം അവസാനിച്ചില്ല. പ്രലോഭനം- അവസാന പ്രലോഭനം- കുരിശിൽ അവനെ കാത്തിരുന്നു. കുരിശിലേറിയവന്റെ തളർന്ന കണ്ണുകൾക്കു മുന്നിൽ പെട്ടെന്നൊരു മിന്നൽ പോലെ സന്തുഷ്ട ശാന്തമായ ജീവിതത്തിന്റെ വർണ്ണചിത്രം സാത്താൻ നിവർത്തി. മനുഷ്യന്റെ സുഗമമായ എളുപ്പവഴിയിലേയ്ക്ക് താൻ കടന്നതായി ക്രിസ്തുവിനു തോന്നി. താൻ വിവാഹം കഴിച്ചതായും കുട്ടികൾ ഉണ്ടായതായും അവനു തോന്നി, ജനങ്ങൾ തന്നെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തതായും. ഇപ്പോൾ ആ വൃദ്ധൻ സ്വന്തം വീടിന്റെ ഉമ്മറത്തിരുന്ന് കഴിഞ്ഞുപോയ യൗവന മോഹങ്ങളെയോർത്ത് സംതൃപ്തിയോടെ പുഞ്ചിരിക്കുകയാണ്. മനുഷ്യന്റെ വഴി തെരഞ്ഞെടുത്തതു് എത്ര ഉജ്ജ്വലമായി, എത്ര ബുദ്ധിയായി. ലോകത്തെ രക്ഷിക്കാമെന്ന് വ്യാമോഹിച്ചു പോയതു് എന്തൊരു ഭ്രാന്തായി. സുഖനിഷേധങ്ങളിൽ നിന്നും പീഢനങ്ങളിൽ നിന്നും ആ കുരിശിൽനിന്നും രക്ഷപ്പെട്ടതു് എത്ര ആനന്ദകരമായി.

രക്ഷകന്റെ അന്ത്യനിമിഷങ്ങളെ പ്രക്ഷുബ്ധമാക്കാൻ ഒരു മിന്നൽ പോലെ കടന്നുവന്ന അവസാനപ്രലോഭനമാണ് ഇതു്.

പക്ഷെ, പെട്ടെന്ന് ക്രിസ്തു ഉഗ്രതയോടെ തലകുലുക്കിയുണർന്നു; കണ്ണു തുറന്നു; കണ്ടു, അല്ല, അവനൊരു വഞ്ചകനല്ല, ദൈവം ജയിക്കട്ടെ! അവനൊരു ഒളിച്ചോട്ടക്കാരനായിരുന്നില്ല. ദൈവം അവനിലേല്പിച്ച ദൗത്യം അവൻ നിറവേററിക്കഴിഞ്ഞിരുന്നു. അവൻ വിവാഹം കഴിച്ചിട്ടില്ല; സന്തുഷ്ടജീവിതം നയിച്ചിട്ടില്ല. ത്യാഗത്തിന്റെ ഉന്നതതയിൽ അവനെത്തിക്കഴിഞ്ഞിരുന്നു; കുരിശിലേറിക്കഴിഞ്ഞിരുന്നു.

തൃപ്തിയോടെ അവൻ കണ്ണുകളടച്ചു. പിന്നീട് വിജയാഹ്ലാദത്തിന്റെ ഒരു നിലവിളിയായിരുന്നു; ഇതു് നിറവേററപ്പെട്ടിരിക്കുന്നു.

മറിച്ചുപറഞ്ഞാൽ; ഞാൻ എന്റെ ദൗത്യം നിറവേററിയിരിക്കുന്നു. ഞാൻ ക്രൂശിതനായിരിക്കുന്നു: പ്രലോഭനങ്ങളിലേക്കൊന്നും ഞാൻ വീണുപോയില്ല....

പൊരുതുന്ന മനുഷ്യന് ഒരുന്നത മാതൃകകാണിച്ചു കൊടുക്കണം എന്ന മോഹം കൊണ്ടാണ് ഞാൻ ഈ പുസ്തകം എഴുതിയതു്. വേദനയെ, പ്രലോഭനത്തെ ഭയപ്പെടേണ്ടതില്ല എന്നവനെ കാണിച്ചു കൊടുക്കാൻ-കാരണം ഇവയെ കീഴടക്കാൻ കഴിയും. ഇവ കീഴടങ്ങിക്കഴിഞ്ഞിരിക്കുന്നു. ക്രിസ്തു വേദനയെ സഹിച്ചു, അതോടെ വേദന പവിത്രമായിരിക്കുന്നു. അവനെ വഴിതെററിക്കാൻ പ്രലോഭനം അന്ത്യനിമിഷംവരെ പൊരുതി നോക്കി. പ്രലോഭനം തോല്പിക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു കുരിശിലേറി മരിച്ച ആ നിമിഷത്തിൽ മരണം എന്നെന്നേയ്ക്കുമായി പരാജയപ്പെട്ടു.

അവന്റെ വഴിയിലെ ഓരോ തടസവും ഒരു നാഴികക്കല്ലായി. അടുത്ത വിജയത്തിനുള്ള ഒരവസരം. നമ്മുടെ വഴികളെ തെളിയിക്കുകയും നമുക്ക് ശക്തിനല്കുകയും ചെയ്യുന്ന ഒരുമാതൃകയിന്ന് നമുക്ക് മുന്നിലുണ്ട്.

ഈ പുസ്തകം ഒരു ജീവിത കഥയല്ല, പൊരുതുന്ന ഓരോ മനുഷ്യന്റെയും കുററസമ്മതമാണ്. ഇതു് പ്രസിദ്ധീകരിക്കുക വഴി ഞാൻ എന്റെ ദൗത്യം നിറവേററുകയാണ്. അനേകം പ്രതീക്ഷകൾ ഉണ്ടായിരുന്ന ജീവിതത്തിൽ ഏറെ കല്മഷതകൾ അനുഭവിച്ച, പൊരുതുന്ന ഒരാളുടെ ദൗത്യം. സ്നേഹം നിറഞ്ഞ ഈ കൃതിവായിക്കുന്ന സ്വതന്ത്രനായ ഓരോ മനുഷ്യനും എന്നത്തേക്കാളുമേറെ, എന്നെക്കാളും നന്നായി ക്രിസ്തുവിനെ സ്നേഹിക്കാൻ തുടങ്ങുമെന്ന് എനിക്കുറപ്പുണ്ട്.

---



നിക്കോസ് കസാൻദ് സാക്കീസ്, നിർഭാഗ്യമെന്നു പറയാം ഈ വിശ്വസാഹിത്യകാരൻ മലയാളത്തിൽ ഏറെ തെററിദ്ധരിക്കപ്പെട്ടിരിക്കുന്നു.

ഗ്രീസിലെ ക്രൂത്തെയിൽ 1883-ൽ ജനനം. ആതൻസിൽ നിയമം പഠിച്ചു. പിന്നീട് പാരീസിൽ ഹെൻറി ബെർഗ്സൺ എന്ന പ്രസിദ്ധ തത്വചിന്തകന്റെ ശിഷ്യനായി. രണ്ടാം ലോകയുദ്ധത്തിനു മുമ്പായി ഗ്രീസിൽ ഏജിന ദ്വീപിൽ താമസം തുടങ്ങി. 1945-ൽ ഗ്രീക്ക് ഗവൺമെൻറിൽ മന്ത്രിയായി. യുനെസ്കോവിൽ പ്രതിനിധിയായി പ്രവർത്തിച്ചു.

Spain, England, Soviet Union Egypt, Palastain, Japan, തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ച ക്രിസ്തുവിന്റെയും ബുദ്ധന്റെയും മാർക്സിന്റെയും ദർശനങ്ങളെ സമന്വയിപ്പിക്കാൻ ആഗ്രഹിച്ച തത്വചിന്തകൻ. എഴുത്തുകാരനെന്ന നിലയിലറിയപ്പെടും മുമ്പേ തത്വചിന്തകനെന്ന ഖ്യാതി നേടി.

അമ്പത്തഞ്ചാംവയസ്സിൽ ഇതിഹാസ കാവ്യം രചിക്കുന്നു, ഹോമർ നിർത്തിയിടത്തുനിന്നും കസാൻദ് സാക്കീസ് തുടങ്ങി. 33333 വരികളുള്ള 'ദി ഒഡീസ്സി : എമോഡേൺ സീക്വൽ ' കസാൻദ് സാക്കീസിലെ കവിയെയും ദാർശനികനെയും ഈ കൃതി പുറത്തുകാട്ടി.

അറുപതാം വയസ്സിൽ ആദ്യനോവൽ 'സോർബ ദ ഗ്രീക്ക്' ആറുവർഷത്തിനുശേഷം ഇംഗ്ലീഷ് പരിഭാഷ. 'സോർബ ദ ഗ്രീക്ക്' 1965-ൽ ചലച്ചിത്രമായി. വിശ്വപ്രശസ്തി നേടിയ ആ ചിത്രത്തിലൂടെ കസാൻദ് സാക്കീസിനെ ലോകം അറിഞ്ഞു.

Freedom and Death, The Greek Passion, The Last Temptation of Christ, Report to Greko, St. Francis എന്നീ നോവലുകൾ പുറത്തുവന്നു. 65-ാം വയസ്സിൽ Christ Recrucified എന്ന കൃതിയും. 1957 Oct. 26-ന് കസാൻദ് സാക്കീസ് അന്തരിച്ചു, ചൈനാ സന്ദർശന യാത്രക്കിടെ.

പി. എം. ആൻറണി



**ചോദ്യം, ഒന്ന്: ക്രിസ്തു, ലോകമെമ്പാടുമുള്ള വലിയൊരു വിഭാഗം ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസത്തിന് അടിത്തറയാണ്. കസാൻദ്സാക്കീസാകട്ടെ, വ്യത്യസ്തമായൊരു വ്യാഖ്യാനമാണ് ക്രിസ്തുവിന് നല്കുന്നത്. നോവലിലെ ഈ വ്യാഖ്യാനത്തിൽ നിന്നും ക്രിസ്തുവിൻെറ കഥയ്ക്ക് നാടകീയാവിഷ്കാരം നൽകാൻ താങ്കൾ പ്രേരിതനായതെന്തുകൊണ്ട്?**

ഉത്തരം: എൻെറ മനസ്സിൽ, ക്രിസ്തു എക്കാലവുമൊരു വിപ്ളവകാരിയായിരുന്നു. ബോധപൂർവ്വം ബൈബിൾ പഠിക്കാനാരംഭിച്ചതോടെ, ബൈബിൾ ഓരോ പ്രാവശ്യം വായിക്കുമ്പോഴും അതിലൊരു ജനതയുടെ പോരാട്ടം ഞാൻ കാണുകയായിരുന്നു. പഴയ നിയമത്തിലുടനീളം വിവരിക്കപ്പെടുന്ന ഈ പോരാട്ടം പുതിയ നിയമത്തിൽ അവ്യക്തവും അപ്രധാനവുമായാണ് കാണാൻ കഴിയുന്നത്. വാസ്തവത്തിൽ ഇസ്രായേൽ ജനത പുതിയ നിയമ കാലത്തും പോരാട്ടം ഇടരുകയായിരുന്നില്ലേ? എന്തുകൊണ്ടത് അപ്രധാനമായി? ഈ ചോദ്യങ്ങൾക്കുത്തരമാണ് ഞാൻ കസൻദ്സാക്കീസിൽ കണ്ടെത്തിയത്.

**ചോദ്യം, രണ്ട്: ക്രിസ്തുവിന് നല്കുന്ന ഈ വ്യാഖ്യാനം കസൻദ്സക്കിൽ നിന്നും സ്വീകരിച്ചതാണോ?**

ഉത്തരം: എന്നെ സംബന്ധിച്ചിടത്തോളം ഇസ്രയേൽ ജനതയാണ് പ്രധാനം. ഈ നാടകത്തിൻെറ ആവിഷ്കാരത്തിൽ ക്രിസ്തു ഒരു സംശയങ്ങളുയർത്തി. എന്തുകൊണ്ട് ക്രിസ്തുവിൻെറ സന്ദേശം ഇസ്രയേലിൽ പരാജയപ്പെട്ടു? അതിന്നെപ്പോലെ • പരാജയപ്പെടുന്നു? അടിച്ചമർത്തപ്പെടുന്ന ഒരു ജനതയ്ക്ക് സാർവ്വലൗകികമായ സ്നേഹത്തിലൂടെ വിമോചനം സാദ്ധ്യമാണോ? ഈ ചോദ്യങ്ങളിലാണ് ഞാൻ ക്രിസ്തുവിനെ തിരയുന്നത്. ഇത് കസൻദ്സാക്കീസിൻെറ വ്യാഖ്യാനത്തിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ടാണ് '' വിശ്വാവിധേയത്വം '' എന്ന് ഞാൻ പറഞ്ഞിരിക്കുന്നത്. മലയാള പരിഭാഷയില്ല. ഇംഗ്ലീഷിലുള്ള ഈ കൃതിയുടെ ആധ്യം ചുരുങ്ങിയ ഒരു വിഭാഗത്തിലാണ് നിലകൊള്ളുന്നത്.

**ചോദ്യം, മൂന്ന്: ബൈബിളിലെ ആശയങ്ങളാകട്ടെ, അടിയുറച്ച വിശ്വാസ പ്രമാണങ്ങളുമായി മാറിയിട്ടുണ്ട്. ക്രിസ്തുവിനെക്കുറിച്ച് വളരെ വ്യത്യസ്തമായ ഒരു വീക്ഷണം അവതരിപ്പിക്കുമ്പോൾ ഈ വൈരുദ്ധ്യം താങ്കൾ കണക്കിലെടുത്തിട്ടുണ്ടോ?**

ഉത്തരം: തീർച്ചയായും, മതാത്മകമായ ഈ വിശ്വാസത്തോടെ ഒരു കലാകാരനെന്ന നിലയിലുള്ള എൻെറ പ്രതികരണമാണ് നാടകം. ഇന്ന് ആശയങ്ങൾ മാത്രമല്ല, സാമൂഹ്യ മാറ്റത്തെ മുന്നോട്ട് വക്കുന്ന പ്രസ്ഥാനങ്ങൾ പോലും സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കയാണ്. ഇതിനെതിരെ ഒരു കലാകാരനെന്ന നിലയിൽ ഞാൻ കണ്ടെത്തുന്ന യഥാർത്ഥ്യങ്ങളുമായി ജനങ്ങൾക്കിടയിലേക്ക് പോകാൻ ഞാൻ ബാദ്ധ്യസ്ഥനാണ്.

**ചോദ്യം, നാല്: ആദ്യാവതരണത്തിൽ ആസ്വാദകരിലെ സാധാരണക്കാരുടെ പ്രതികരണമെന്തായിരുന്നു?**

ഉത്തരം: സാങ്കേതികമായി ഒട്ടേറെ പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ആദ്യാവസാനം ആധിററിയംനിറഞ്ഞു കവിഞ്ഞിരുന്നു. ജനങ്ങൾ നിശ്ശബ്ദരായിരുന്നു. ഒരു മുൻ വിധിയോടെ നാടകം കാണാനെത്തിയ അവർക്ക് പോലീസും മതമേധാവികളും പ്രചരിപ്പിച്ചിരുന്ന പോലെ യാതൊരു അവിശ്വാസവും കാണാൻ കഴിഞ്ഞില്ല. ക്രിസ്ത്യൻ സമുദായത്തിലെ മത്സ്യതൊഴിലാളികളടക്കം സാധാരണക്കാരിൽ നിന്നും ഞങ്ങൾക്ക ലഭിച്ച പ്രതികരണങ്ങൾ ആവേശകരമായിരുന്നു.

**ചൊദ്യം, അഞ്ച്: ക്രിസ്തുവിനെ ആഭാസകരമായി ചിത്രീകരിച്ചിട്ടുണ്ടോ?**

ഉത്തരം: പ്രലോഭനങ്ങളെ നിരന്തരം അതിജീവിച്ച് ആത്മധൈര്യം നേടുന്ന വ്യക്തിയാണ് ക്രിസ്തു. ഈ പ്രലോഭനങ്ങളുടെ സമൂർത്തമായ രൂപമെന്ന നിലയിലാണ് അമ്മ, മഗ്ദലനമേരി, നസ്രേത്ത്, യൂദാസ്, ബറാബാസ് എന്നിവർ ആവിഷ്ക്കരിക്കപ്പെടുന്നത്. വാസ്തവത്തിൽ ഇവരെല്ലാം ക്രിസ്തുവെന്ന കഥാപാത്ര ചിത്രീകരണത്തിലെ കരുക്കൾ മാത്രമാണ്. ഇവിടെ സംവിധായകൻെറ സ്റ്റേജ് ടെക്നിക് ആഭാസമാണെന്ന് ഒരു വിശ്വാസിക്ക് തോന്നിയേക്കാം. എന്നാൽ ക്രിസ്തു ദൈവ പുത്രനല്ലാതാവുമ്പോഴും, യൂദാസ് ഒററുകാരനല്ലാതാവുമ്പോഴും, ബറാബാസ് കൊള്ളക്കാരനല്ലാതാവുമ്പോഴും, മഗ്ദലനമേരി പാപിയല്ലാതാവുമ്പോഴും ക്രിസ്തുവെന്ന കഥാപാത്രത്തിൻെറ വ്യക്തിസത്തക്ക് എന്തെങ്കിലും കോട്ടം തട്ടുന്നതേയില്ല.





**ചോദ്യം, ഒന്ന്:** കസാൻ ദ് സാക്കീസിന്റെ "Last Temptation of Christ"നെക്കുറിച്ചെന്തു പറയുന്നു? — സത്യം കണ്ടെത്താനുള്ള പ്രയാണത്തിനിടയിൽ കൂടുതൽ സ്നേഹിക്കപ്പെടുന്ന ക്രിസ്തുവിനെ കണ്ടെത്തിയ കസാൻ ദ് സാക്കീസിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ 'Last Temptation'-നെക്കുറിച്ച് ഒരു വിചാരം നടത്താമോ?

ഉത്തരം: വളരെ വർഷങ്ങൾക്കു മുമ്പ്, ഏതാണ്ട് അറുപതുകളുടെ ആരംഭത്തിൽ ഡൽഹിയിൽ വെച്ചാണ് ഞാൻ ആദ്യമായി കസൻ ദ് സാക്കീസിന്റെ ലാസ്റ്റ് ടെംപ്റ്റേഷൻ വായിക്കുന്നത്. ആ കൃതിയിലൂടെയാണ് ഞാൻ കസാൻ ദ് സാക്കീസിനെ ആദ്യമായി പരിചയപ്പെടുന്നതും. വളരെ യാദൃശ്ചികമായിരുന്നു ആ സംഭവം. വൈകുന്നേരം ആഫീസ് വിട്ടിറങ്ങി കൊണാട്ട് പ്ലെയ്സിലെ പുസ്തക കടകളുടെ മുന്നിലൂടെ അലഞ്ഞു നടക്കവെ ഈ പുസ്തകം എന്റെ കണ്ണിൽ പെട്ടു. താല്പര്യം തോന്നി; വാങ്ങി, വായിച്ചു. പിന്നീടും പലകുറി വായിച്ചു. കസാൻ ദ് സാക്കീസിന്റെ കിട്ടാവുന്ന കൃതികളൊക്കെ സംഘടിപ്പിച്ച് വായിക്കുവാൻ ശ്രമിച്ചു. 'ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ എഴുത്തുകാരിൽ പ്രമുഖൻ' എന്നാണ് അദ്ദേഹത്തെക്കുറിച്ച് എനിക്കു തോന്നിയത്. പിന്നീട് അദ്ദേഹത്തിന്റെ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കിയപ്പോഴാണ് ലാസ്റ്റ് ടെംപ്റ്റേഷന്റെ പ്രാധാന്യം കൂടുതൽ അറിയാൻ കഴിഞ്ഞത്. ഈ നോവൽ ഒരു യാദൃശ്ചിക സംഭവമല്ല. ക്രീറ്റിലെ ഒരു ഓർത്തഡോക്സ് സഭയിൽ ജനിച്ച കസൻദ് സാക്കീസ്; ബൈബിളും ക്രിസ്തുമതവും പഠിച്ചു വളർന്ന കസൻ ദ് സാക്കീസ്; ബൈബിളിലും ക്രിസ്തുവിലും പൂർണ്ണത കണ്ടെത്താൻ കഴിയാതെ വന്നപ്പോഴും മറ്റു മതദർശനങ്ങളും രാഷ്ട്രീയ ദർശനങ്ങളും ശാസ്ത്രീയ ദർശനങ്ങളും പഠിക്കാൻ ശ്രമിച്ചു. ഒരു മനുഷ്യന് പഠിക്കാൻ കഴിയുന്നിടത്തോളം പഠിച്ചു. ആ ദർശനങ്ങളൊന്നിനും തന്റെ മനസ്സിനെ പൂർണ്ണമായി സംതൃപ്തിപ്പെടുത്തുവാൻ കഴിഞ്ഞില്ല. എന്നറിഞ്ഞപ്പോഴും ക്രിസ്തുവിലേക്ക് തന്നെ മടങ്ങി വന്നു. മജ്ജയും, മാംസവും, മനുഷ്യവികാരവുമുള്ള ഒരു പച്ച മനുഷ്യനായി ക്രിസ്തുവിനെ വീണ്ടും കണ്ടെത്താൻ നടത്തിയ ശ്രമത്തിന്റെ ഫലമാണ്, ഈ നോവൽ. എന്നുവച്ചാൽ ഒരു മനുഷ്യന്റെ ജീവിതം മുഴുവൻ നീണ്ടു നിന്ന അന്വേഷണ ത്വരയുടെ സാഫല്യമാണ് ഈ കൃതി. അതുകൊണ്ട് ആർക്കും അതിനെ പെട്ടെന്ന് വിലയിരുത്തുവാനോ ഒറ്റവാക്കിൽ തള്ളി പറയുവാനോ സാധിക്കുകയില്ല.

**ചോദ്യം, രണ്ട്:** 'ക്രിസ്തുവിന്റെ ആറാം തിരുമുറിവ്' എന്ന നാടകം കണ്ടുവെങ്കിൽ, അത് കസൻ ദ് സാക്കീസിനോട് നീതി പുലർത്തിയിട്ടുണ്ടോ? മുൻകൂട്ടി പറയാനാവില്ലെങ്കിലും, Last Temptation-നോട് പൂർണ്ണവിധേയത്വമുള്ള ഒരു മലയാള നാടകം സൃഷ്ടിച്ചാൽ കേരളത്തിലെ ശരാശരി ആസ്വാദകന്റെ പ്രതികരണമെന്തായിരിക്കും?.

മറുപടി: കണ്ടിട്ടില്ല; വായിച്ചിട്ടുമില്ല. പക്ഷെ, ലാസ്റ്റ് ടെംപ്റ്റേഷൻ നാടകം ആക്കുന്നത് അത്ര എളുപ്പമുള്ള പണിയല്ല. വിശ്വപ്രശസ്തരായ നാടകകൃത്തുക്കൾ ശ്രമിച്ചാൽ പോലും അതിനോട് നീതി പുലർത്താൻ കഴിയില്ലെന്നാണ് എന്റെ പക്ഷം. അതുകൊണ്ട് അടുത്ത ചോദ്യമപ്രസക്തമാണല്ലോ.





ചോദ്യം മൂന്ന്: നാടകത്തിന്റെ സ്വീകാര്യതക്കടിസ്ഥാനം ആസ്വാദകരിൽ സൃഷ്ടിക്കുന്ന പ്രതികരണമാവേണ്ടതല്ലേ? പകരം, മതമേധാവികൾ മുൻധാരണയോടെ പ്രകോപിതരാകുന്നതിനടിസ്ഥാനം, വിശ്വാസികളായ കുഞ്ഞാടുകളുമായുള്ള കണ്ണി മുറ്റുപോകുമെന്നതു കൊണ്ടല്ലേ?

മറുപടി : നാടകത്തിന്റെ സ്വീകാര്യതക്കടിസ്ഥാനം ആസ്വാദകരിൽ സൃഷ്ടിക്കുന്ന പ്രതികരണം തന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. മതമേധാവികൾ പ്രകോപിതരാകുന്നതിന്റെ കാരണം അവർക്ക് അവരുടെ എസ്റ്റാബ്ലിഷ്മെന്റ് നില നിർത്തികൊണ്ട് പോകണമെന്നുള്ള അതിരു കടന്ന ആഗ്രഹമാണ്. അത് അവരുടെ നിലനിൽപ്പിനും ആവശ്യമാണല്ലോ.

ചോദ്യം നാല്: ക്രിസ്തു ലോകമെമ്പാടുമുള്ള ഒരു വിഭാഗത്തിന്റെ നൂറ്റാണ്ടുകളായുള്ള വിശ്വാസത്തിന്റെ അടിത്തറയാണ്. അങ്ങനെയുള്ള ക്രിസ്തുവിന്റെ ദൈവീകാസ്തിത്വം ചോദ്യം ചെയ്യപ്പെടുമ്പോൾ പ്രകോപനം സ്വാഭാവികമല്ലെ?

മറുപടി : ലോകമെമ്പാടുമുള്ള ഒരു വിശ്വാസത്തിന്റെ അടിത്തറയായ ഒരു മഹത്‌വ്യക്തിയുടെ ദൈവീകത്വം ചോദ്യം ചെയ്യപ്പെടുമ്പോൾ വിശ്വാസികൾ പ്രകോപിതരാകുന്നത് തികച്ചും സ്വാഭാവികമാണ്. പക്ഷെ, അവർ കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. അവരെ കൂടുതൽ മനസ്സിലാക്കിക്കേണ്ട ചുമതല മതമേധാവികൾ ഉൾപ്പെടെ ഈ വിഷയം കൂടുതൽ പഠിച്ച ആൾക്കാർക്കുള്ളതാണ്.

ചോദ്യം, അഞ്ച് : എഴുത്തുകാരന്റെ ആവിഷ്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ "തിരുമുറിവിന്റെ" മേലുള്ള നിരോധനത്തെക്കുറിച്ചെന്തു പറയുന്നു?

മറുപടി : യാതൊന്നും നിരോധനം കൊണ്ട് ഇല്ലാതാക്കാൻ കഴിയില്ല. പ്രത്യേകിച്ച്, ഒരു കലാസൃഷ്ടിയെ.

ചോദ്യം, ആറ് : ഒരു ജനതയുടെ വിശ്വാസത്തിനിളക്കം തട്ടിച്ചേക്കാവുന്ന, ക്രമസമാധാനം തകർത്തേക്കാവുന്ന സൃഷ്ടികളിൽ നിന്നും എഴുത്തുകാരനെ സ്വയമേയും പെതുവിലുമായും എങ്ങനെ നിയന്ത്രിക്കാനാവും?

മറുപടി : ക്രമസമാധാനം നിലനിർത്തുക എന്നത് ഒരു എഴുത്തുകാരന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ക്രമസമാധാനത്തിന്റെ പ്രശ്നം അതാതുകാലങ്ങളിൽ നിലവിലിരിക്കുന്ന ഭരണ കൂടത്തിന്റെ പ്രശ്നമാണ്. ജീവിതം കണ്ട് വളരുന്ന ഒരു എഴുത്തുകാരന് അയാളുടെ സൃഷ്ടിയുടെ നിമിഷങ്ങളിൽ ഭരണകൂടത്തെക്കുറിച്ചോ ക്രമസമാധാനത്തെക്കുറിച്ചോ ഓർക്കാൻ കഴിഞ്ഞു എന്നു വരില്ല. ഭരണകൂടമോ മറേറതെങ്കിലും ശക്തികളോ ഒരു കലാകാരന്റെ മേൽ നിയന്ത്രണം ചെലുത്തുന്നത് ഒട്ടും ശരിയല്ലെന്ന വിശ്വാസക്കാരനാണ് ഞാൻ.



## CRUCIFIXION OF THE WORD

Come, let us mourn
The bloodied Corpse of that Jesus
Whom we crucified,
And weep,
We have done our duty well;
It is time to settle accounts,
Let him take the slippers
Who made the cross,
The shroud belongs to he
Who nailed him;
And he desolves the crown of thorns
Whose eyes had tears.
Come, let us claim now
We are all Christ
Let us also show them
We can wake the dead!
But the word was everything;
Where is the word?



—Ahmad Feraz

[illegible] : ജി. ജനാർദ്ദനക്കുറുപ്പ്



**ചോദ്യം, ഒന്ന് : കസാൻ ദ്സാക്കീസിന്റെ LAST TEMPTATION OF CHRIST-നെക്കുറിച്ചെന്താണഭിപ്രായം?**

ഉത്തരം : അത് കസാൻ ദ്സാക്കീസിന്റെ മനോഹരമായ ഒരു നോവലാണ്. ഒരു ആശാരിപുത്രനായി ജനിച്ച്, ആത്മീയഭൗതിക സംഘട്ടനങ്ങളിൽ കൂടി വളർന്നു വന്ന്, ദൈവത്തിലേക്കെത്തുന്ന ഒരു മഹാനായിട്ടാണ് ക്രിസ്തുവിനെ കസൻ ദ്സാക്കീസ് അവതരിപ്പിച്ചിട്ടുള്ളത്. കുരിശിലേറുന്ന ഒരു രക്തസാക്ഷിയെ; മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനുവേണ്ടി ആത്മത്യാഗം ചെയ്യുന്ന ഒരു മനുഷ്യസ്നേഹിയെ അദ്ദേഹം അവതരിപ്പിക്കുന്നു. അദ്ദേഹം അവകാശപ്പെടുന്നത് തന്റെ നോവൽ വായിച്ചാൽ ക്രിസ്തുവിനെ ആളുകൾ കൂടുതൽ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെന്നാണ്. ബൈബിളിലെ ക്രിസ്തുവിനെത്തന്നെ ഒരു കലാകാരൻ അവതരിപ്പിക്കണമെന്ന് നിർബന്ധമില്ല. കലാകാരന് മതിയായ ആവിഷ്കാര സ്വാതന്ത്ര്യമുണ്ട്. മതപുരോഹിതന്മാരുടെയും മതമേലധികാരികളുടെയും പിടിയിൽ നിന്ന് കലാകാരൻ അവന്റെ കൃതികളെ രക്ഷിക്കണം എന്നു നിർബന്ധിക്കുന്നത് ശ്രദ്ധേയമാണ്. എന്നാൽ കസൻ ദ്സാക്കീസ് യേശുക്രിസ്തുവിനെ കുരിശുപണിയുന്ന ഒരു കരികാലി തൊഴിലാളിയായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇസ്രായേലിനു വേണ്ടി പടവെട്ടിയ ഒരു ദേശാഭിമാനിയെ കുരിശിലേറ്റുന്നതിനുവേണ്ടി, റോമാക്കാർ പറഞ്ഞതനുസരിച്ച് യേശു കുരിശ് പണിയുകയാണ്. ഇസ്രായേലിലെ മറ്റെല്ലാആശാരിമാരും ഇത് വിസമ്മതിച്ചു. ഇത് വേണ്ടിയിരുന്നില്ല എന്നാണ് എനിക്കുതോന്നുന്നത്. ഒരു പക്ഷെ യേശുവിന്റെ ആത്മനൈരാശ്യത്തിന്റെ പ്രതിഫലനം എന്ന നിലയിലായിരിക്കാം മഹാനായ എഴുത്തുകാരൻ ക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നത്.



**ചോദ്യം, രണ്ട് : 'ആറാം തിരുമുറിവും' 'അന്ത്യപ്രലോഭനവും' തമ്മിലുള്ള വിധേയത്വമെങ്ങിനെ?**

ഉത്തരം : ''ആറാം തിരുമുറിവ്'' കസൻ ദ്സാക്കീസിന്റെ നോവലിന്റെ ഒരു ജഢം മാത്രമാണ്. അത് കഥാകാരൻ കടമെടുത്തിട്ടുണ്ട്. നിസ്സാരങ്ങളായ ഘട്ടങ്ങളിൽ വ്യതിചലിച്ചിട്ടുണ്ട്. നോവലിന്റെ ആത്മാവ് നഷ്ടപ്പെട്ടിട്ടുണ്ട്. ആറാം തിരുമുറിവിൽ ആദ്യമൊക്കെ ക്രിസ്തുവിനെ സ്നേഹത്തിന്റെ സന്ദേശകനായി ചിത്രീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന് കഴിഞ്ഞില്ല. ഒടുവിലായപ്പോഴേക്കും യേശു ഒരു നിരാശാവാദിയായിത്തീർന്നു. ജനങ്ങൾ അദ്ദേഹത്തെ തിരസ്കരിക്കുന്നു, കൂകിവിളിക്കുന്നു, കൊല്ലാൻ ശ്രമിക്കുന്നു. ഈശ്വരനും ആ ''സാധു''വിനെ കൈവെടിയുന്നു. അങ്ങനെ, അദ്ദേഹം മരണത്തെ മാടിവിളിക്കുന്നു. മറ്റൊരു പോംവഴിയുമില്ലാത്തതുകൊണ്ട് ആ പാവപ്പെട്ട മനുഷ്യൻ കാൽവരിയിലേക്ക് നടക്കുന്നു.

**ചോദ്യം, മൂന്ന്, എന്തുകൊണ്ടാണ് ഈ നാടകം പ്രദർശിപ്പിക്കരുത് എന്ന് അങ്ങ് ആവശ്യപ്പെടുന്നത്?**

ഉത്തരം : ഈ നാടകം കാണുന്നതിനും അതിന്റെ സ്ക്രിപ്റ്റ് വായിക്കുന്നതിനു മുമ്പും, മതപുരോഹിതന്മാരുടെ എതിർപ്പിന്റെ പശ്ചാത്തലത്തിൽ ഈ നാടകം നിരോധിക്കാൻ പാടില്ല എന്നായിരുന്നു എന്റെ ചിന്താഗതി. എന്നാൽ നാടകം വായിച്ചപ്പോഴും, കണ്ടപ്പോഴും, എനിക്ക് കലശലായ അഭിപ്രായവ്യത്യാസമുണ്ടായി. സാഹിത്യമൂല്യമില്ലാത്ത ഈ കൃതി എന്ത് സാമൂഹ്യലക്ഷ്യമാണ് കൈവരിക്കുന്നത് എന്ന് എനിക്ക് നിശ്ചയമില്ല. സഹിഷ്ണുതയുള്ള ഒരു സാധാരണ ക്രിസ്ത്യാനി ഈ നാടകം വെറുതെ കണ്ടുകൊണ്ടിരിക്കും എന്ന് എനിക്കു തോന്നുന്നില്ല. അതുകൊണ്ടാണ് ഈ നാടകം പ്രദർശനയോഗ്യമല്ല എന്ന് ഞാൻ പറയുന്നത്.

**ചോദ്യം, നാല് : കെ. പി. എ. സി.യുടെ 'നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'യുടെ മേലുള്ള നിരോധനത്തിനെതിരെ അങ്ങ് പ്രക്ഷോഭമുയർത്തിയിട്ടുണ്ടല്ലോ? ഇപ്പോൾ 'തിരുമുറിവി'നെതിരെയുള്ള നിരോധനവും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മേലുള്ള കയ്യേറ്റമല്ലേ?**

ഉത്തരം : കെ. പി. എ. സി. യുടെ ''നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി'' എന്ന നാടകവും ഈ നാടകവും തമ്മിൽ ആനയും കഴുതയും തമ്മിലുള്ള വ്യത്യാസമുണ്ട്. ആ നാടകം നാടുവാഴി മേധാവിത്തത്തിനെതിരെ കർഷകരും കർഷകത്തൊഴിലാളികളും ഒരുമിച്ചുനിന്ന് പോരാടി ജയിക്കുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ശൈലിയിലും രചനയിലും, ഭാവാവിഷ്കരണത്തിലും ഒക്കെ അതിവിപ്ലവകരമായ മാർഗ്ഗമാണ് ആ നാടകം വെട്ടിത്തുറന്നത്. വിപ്ലവകരമായ അന്നത്തെ ഒരു രാഷ്ട്രീയ സാമൂഹ്യനാടകത്തെ വച്ചു പൊറുപ്പിക്കുവാൻ അന്നത്തെ ഗവൺമെന്റിന് കഴിഞ്ഞില്ല. നാടകത്തിന് ഉദ്യോഗസ്ഥരായ പോലീസിലൂടെ വച്ച്, നിരോധനം

ലംഘിച്ചു് ഞങ്ങൾ നാടകം കളിച്ചു. പള്ളിയിലെ അച്ചന്മാർ, ഹിന്ദുസന്യാസിമാർ; മുസ്ലീം മതമേധാവികൾ; ഇവരൊക്കെ ഒടുവിൽ ഞങ്ങളുടെ നാടകം കണ്ടു. നല്ലവരായവരൊക്കെ ഞങ്ങളെ സ്നേഹിച്ചു. ബഹുമാനിച്ചു.

**ചോദ്യം, അഞ്ചു്: അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ഈ രണ്ടു നാടകങ്ങളുടെയും സാഹചര്യങ്ങളെ വിലയിരുത്താമോ?**

ഉത്തരം: ഒരു നല്ല നാടകം കളിച്ചാൽ, അതു് നല്ല നാടകമാണെങ്കിൽ, നല്ല കലാസൃഷ്ടിയാണെങ്കിൽ സാധാരണ ഗതിയിൽ സമാധാന ലംഘനമുണ്ടാകില്ല. പിന്തിരിപ്പന്മാരും മതമൗലികവാദികളും അനാവശ്യമായി ജനങ്ങളെ ഇളക്കിവിട്ടാൽ അതിനെ ഭയന്നു് കലാകാരന്റെ ആവിഷ്കരണ സ്വാതന്ത്ര്യത്തെ തടയാൻ ഒരു ജനാധിപത്യ ഗവണ്മെന്റിനും അവകാശമില്ല. ആ കൃതികൾ ആവിഷ്കരിക്കുവാൻ ഗവണ്മെന്റു് സംരക്ഷണം നല്കുകയാണു് വേണ്ടതു്. സ്ഥാപിത താല്പര്യക്കാർ ക്രമസമാധാന നില അരക്ഷിതമാക്കിയാൽ ഗവണ്മെന്റു് അവരെ അടിച്ചമർത്തണം. അത്തരം ഒരു നടപടിയെടുക്കാനുള്ള സർഗ്ഗപ്രതിഭയോ, കലാമൂല്യമോ, സാമൂഹ്യ ആവശ്യമോ "ആറാം തിരുമുറിവി"നു് അവകാശപ്പെടാൻ സാധ്യമല്ല.

**ചോദ്യം, ആറു്: ഒരു ജനതയുടെ വിശ്വാസം തകർക്കാവുന്ന, ക്രമസമാധാന നില അപകടപ്പെടുത്താവുന്ന ഇത്തരം സൃഷ്ടികളിൽ നിന്നും എഴുത്തുകാരനെ എങ്ങനെ നിയന്ത്രിക്കും?**

ഉത്തരം: ഈ നാടകം മതപുരോഹിതന്മാരെ മാത്രമല്ല, സാധാരണ മതവിശ്വാസികളെപ്പോലും പ്രകോപിപ്പിക്കും. ഒരു മതവിശ്വാസവുമില്ലാത്ത എനിക്കുപോലും വിഷമമുണ്ടാക്കിയിട്ടുണ്ടു്. തന്നെ കുരിശിലേറ്റുന്ന രാക്ഷസന്മാർക്കു് മാപ്പുകൊടുക്കണമെന്നു് അന്ത്യനിമിഷത്തിലും ദൈവത്തോടപേക്ഷിക്കുന്ന യേശുക്രി



## ON THE BANNING OF A BOOK OF POEMS

In my hand I hold a pen,
In my heart the light of consciousness.
How can your forces of oppression ever win?
I, concerned in the peace for all mankind
And you just out to save your precious skin.
Into the world I dawn, the rising sun;
Into the ocean of oblivion you shall sink!

—Habib Jalib

സ്തു എന്റെ കണ്ണുകളെ ഈറനണിയിക്കുന്നു. അദ്ദേഹത്തെയെന്തിനു് ഒരു അപസ്മാര രോഗബാധിതനായും, ഭീരുവായും, ദുർബ്ബലനായും അവതരിപ്പിക്കണം? ആർക്കാണു് അതിന്റെ നേട്ടം?



ഡോ: എൻ. വി. കൃഷ്ണവാര്യർ



സത്യം കണ്ടെത്താനുള്ള പ്രയാണത്തിനിടയിൽ കൂടുതൽ സ്നേഹിക്കപ്പെടുന്ന ക്രിസ്തുവിനെ കണ്ടെത്തിയ കസൻദ് സാക്കീസിന്റെ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ "Last Temptation of Christ"നെ കുറിച്ച് ഒരു വിചാരം നടത്താമോ? "ക്രിസ്തുവിന്റെ ആറാം തിരുമുറിവ്" കസൻദ് സാക്കീസിനോട് നീതി പുലർത്തിയിട്ടുണ്ടോ? "ആറാം തിരുമുറിവ്" നമ്മുടെ ശരാശരി ആസ്വാദകരിൽ എത്തുതരം പ്രതികരണം സൃഷ്ടിക്കും?

ഈ ചോദ്യങ്ങൾക്ക് എൻ വി പ്രതികരിച്ചില്ല.

ചോദ്യം, മൂന്ന് : നാടകത്തിന്റെ സ്വീകാര്യതക്കടിസ്ഥാനം ആസ്വാദകരിൽ സൃഷ്ടിക്കുന്ന പ്രതികരണമാവേണ്ടതല്ലേ ?



പകരം മതമേധാവികൾ മുൻധാരണയോടെ പ്രകോപിതരാകുന്നതിനടിസ്ഥാനം വിശ്വാസികളായ കുഞ്ഞാടുകളുമായുള്ള ബന്ധം അററുപോകുമെന്നുള്ളതുകൊണ്ടല്ലേ?

ഉത്തരം : നാടകാഭിനയം ഒരു പൊതുപ്രദർശനം (Public Performance) ആണ്. അതിനാൽ, കാഴ്ചക്കാരുടെ പ്രതികരണത്തോടൊപ്പം, പൊതുസദാചാരം, ആരോഗ്യ പ്രശ്നങ്ങൾ എന്നിങ്ങനെ ചിലതുംകൂടി നാടകാഭിനയത്തെ നിയന്ത്രിക്കുന്നുണ്ട്.

മതം പലരിലും ഒരു ആവേശമായി, യുക്തിക്കപ്പുറത്തുള്ള ഒരു വികാരമായി മാറാറുണ്ട്. അത്തരക്കാരോട് തർക്കിച്ചിട്ട് കാര്യമില്ല.

ചോദ്യം, നാല്: മാനുഷീകവൽക്കരണം മൂലം ക്രിസ്തുവിന്റെ ദൈവീകത്വം ചോർന്നുപോയേക്കാമെന്നും ഒരു വിഭാഗത്തിന്റെ വിശ്വാസത്തിനിളക്കം സംഭവിച്ചേക്കാമെന്നുംഉള്ള വാദങ്ങൾ എത്രത്തോളം ശരിയാണ്?

ഉത്തരം : യേശുക്രിസ്തുവിനെ മനുഷ്യനായിപിറന്ന ദൈവം ആയാണ് ക്രിസ്ത്യാനികൾ കാണുന്നത്. ദൈവത്തോളം ഉയർന്ന മനുഷ്യൻ ആയി ക്രിസ്തുവിനെ കാണാനാണ് എനിക്കിഷ്ടം.

ചോദ്യം, അഞ്ച് : "ആറാം തിരുമുറിവ്" കസാൻദ് സാക്കീസിനോട് വിദൂര വിധേയത്വം മാത്രമേ പുലർത്തുന്നുള്ളു. ഇതു് ഒരു മതത്തിനെതിരായ കടന്നാക്രമണമായി വ്യാഖ്യാനിക്കപ്പെട്ടിരിക്കയാണല്ലോ, കസാൻദ് സാക്കീസിനോട് പൂർണ്ണ വിധേയത്വമുള്ള ഒരു കൃതിയായിരുന്നുരചിക്കപ്പെട്ടതെങ്കിൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ ഉണ്ടാകുമായിരുന്നോ ?

ഉത്തരം : കസൻദ് സാക്കീസിന്റെ നോവലിനെതിരായി ഒരു പ്രക്ഷോഭണവും ഇന്ത്യയിൽ ഇന്നോളം ഉണ്ടായതായി അറിവില്ല.

ചോദ്യം, ആറ്: ഒരു ജനതയുടെ വിശ്വാസത്തിനിളക്കം സംഭവിപ്പിച്ചേക്കാവുന്ന, ക്രമസമാധാനം തകർത്തേക്കാവുന്ന സൃഷ്ടികളിൽ നിന്ന് എഴുത്തുകാരനെ സ്വയമായും പൊതുവില്യമായും എങ്ങനെ നിയന്ത്രിക്കാനാകും ?

ഉത്തരം : മതകലഹങ്ങൾ ധാരാളം നടക്കുന്ന ഇന്ത്യയിൽ, വ്യത്യസ്തമതവിഭാഗങ്ങൾ തമ്മിൽ കലഹത്തിന് ഇടവരുത്താവുന്ന ഒന്നും പ്രവർത്തിക്കാതിരിക്കുകയാണ്, പൗരനെന്ന നിലയിൽ എഴുത്തുകാരന്റെ കർത്തവ്യം.



ചോദ്യം, ഏഴ് : 'തിരുമുറിവ്' നാടകം നിരോധിക്കണമെന്ന് അങ്ങ് അഭിപ്രായപ്പെടുന്നുണ്ടോ?, എങ്കിലെന്തു കൊണ്ട് ? നിരോധനം ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്മേലുള്ള വിലക്കാവുകയല്ലേ, യഥാർത്ഥത്തിൽ?

ഉത്തരം : 'തിരുമുറിവ്' നിരോധിക്കണമെന്ന അഭിപ്രായം എനിക്കില്ല. പൊലീസ് സംരക്ഷണത്തിൽ അതിന്റെ അഭിനയം നടത്തിയാലേ ആവിഷ്കാര സ്വാതന്ത്ര്യം രക്ഷിക്കപ്പെട്ടു എന്ന വാശിയും എനിക്കില്ല.

## ........AND NOW FOR THE RELIANCE CUP



Now all is set right for the cricket extra- vaganza, 'Reliance Cup'. Curtain will raise when the Prime Minister, Rajiv Gandhi inaugurates the ay-night match between India and Pakistan on Sept 30. This is the first time that this royal game have descended to the rule continent. Earlier the play was restricted to selected pitches of England. The new dominance and supremacy of India and Pakistan more recently might have prompted the organisers to set the things right.

Ever since the emergence of the limited over cricket, in the sixties, the world of cricket changed its forms and structure, the tactics to pounce over the rival team varied, new talents emerged and old ones got adapted, changing the atmosphere of the play, thrill of the game being retained to last ball of the game. Kapil Dev and Duleep Mendis were the only captains who retain their position as in the Prudential Cup. Other prudential skippers like David Gover, Zahir Abbas, Clive Lyoid, Kim Hughes are not even playing in the coming Reliance Cup.

It is a battle to be fought over. Right from the start to the finish. For all teams from the mighty West Indies to the Zimbabwe, captaincy has become a real problem upsetting to topple the apple cart. This is on the background of the fact that captains approach to team management is vital to the team. Clive Lyoid, possessed this skill is evident from his dominant strature in the world cricket. It is doubtful where there is anyone who rates up to Clive in this regard. Yes, of course there is Richards, Imran, Kapil.

Border...but Clive stands like a colossus when it comes to leading a team.

The wide appreciation of the limited over cricket is its definiteness of arriving at a result. Winning of the toss, decides the match to a considerable extent, though not without exceptions. It is better to share than to set a target. Chasing of the runs enables the team to set forth a design, with overs remaining, wickets in hand, and the target.

In the limited over cricket 'all rounders' do occupy a prominent place in the team. He saves the game, when it can swing to either side, to the result reserved to the last ball. This make the position of the all rounders unique. Consider Botham, Imran, Kpil and Richard Hadlee-everybody will love to own them.

Critics consider these players only to be a real all rounders. Others are rated a 'bits and pieces' men. But this does not undermine the importance of these players. In fact any captain would try to possess at least one 'bits and pieces' man in the team. For instance, consider Madan lal and Roger Binny. Their contribution, in crucial hours with both the bat and ball, is commendable.

Everyone will be pleased to watch Azarudin with the bat. All will love to see him fielding. Accurate and sudden reflex with which he combats with ball, shows us a model worth to be followed. With hardly a bad throw, frequent throwing down the stumps, sliding stop and throw in one action are the common, yet capable of changing the result of the game. Superb fielding in the Prudential Cup gave India the envious prudential cup.

All the major teams suffer the weakness of the bowling attack. With Malcolm Marshall expressing his non-availability, West Indian attack lack its full fledged onslaught. It is a problem with England and Australia to Srilanka. A second pace is still a problem to Pakistan. Newzealand is grim camp without Richard Hadlee. It is to be seen how far India can force its attack with the medium pace and the spin.

India, with all its apparent weakness, is under heavy pressure to defend the world championship. West Indies are at it with their defeat at the prudential still afresh. Kapil Dev, selected to lead India, with his aggressive approach, easily gets adapted to the one-day scheme of the play. The tearing apart of Zimbabwe attack in that 175 still lingering, the way in which he lead the team match after match in prudential, were the key factors forging the selectors to find resort in him. It is now all set for this extravaganza. Spirit and strength, talent and touch, class and calibre, all that is worth the game cricket is set now. Cricket fans all over the world is at it. The Reliance Cup 1987.

Mini
II PDC III Group



Hand Ball Team
(II in Inter-Collegeiate)

# ജോൺസന്റെ മിന്നലോട്ടവും ആഫ്രിക്കയുടെ രണ്ടാം ഉദയവും...




മെക്സിക്കൊ ഒളിമ്പിക്സിൽ ബോബ്ബീമോണിന്റെ ഞെട്ടിക്കുന്ന ലോങ്ങ് ജമ്പ് ചാട്ടത്തെ പോലെ, ഒളിമ്പിക് സ്റ്റേഡിയത്തിൽ കാനഡയുടെ ബെൻജോൺസൺ 9.83 സെക്കൻഡു മാത്രമെടുത്ത് പറന്ന് 100മീററിൽ വിരിയിച്ച നിസ്തുലമായ ലോകറെക്കോഡ് റോം ലോക ട്രാക്ക് ആൻറ് ഫീൽഡ് മീററിനെ അവിസ്മരണീയമാക്കുന്നു. നൂററിയെഴുപത് രാഷ്ട്രങ്ങളിൽ നിന്നുള്ള അത്ലററുകൾ അണിനിരന്ന ലോകമീററിൽ ജോൺസനൊപ്പം വനിതകളുടെ ഹൈജമ്പിൽ ബൾഗേറിയക്കാരി സ്റെറഫ്ക കൊസ്ടനിക്കോവ മാത്രമാണ് മറെറാരു ലോക റെക്കോഡു കൂടി വെട്ടിപിടിച്ചതെങ്കിലും 37 തവണ പുതിയ സമയങ്ങളും ദൂരങ്ങളും എഴുതി ചേർക്കപ്പെട്ടു.

ഈ ദശകത്തിലെ ഏററവും പ്രാമാണികരായ രണ്ട് അത്ലററുകൾ പങ്കെടുത്ത 400 മീററർ ഹർഡിൽസിൽഅമേരിക്കയുടെ എഡ്വിൻ മോസസ് തലനാരിഴക്ക രക്ഷപ്പെട്ടപ്പോൾ ഡെക്കത്ത്ലണിൽ ബ്രിട്ടീഷുകാരനായ ഡാലി തോംസൺ ഒൻപതാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടത് റോം മീററിന്റെ ദുരന്തഏടുകളിലൊന്നാണ്. ഒളിമ്പിക് സ്റ്റേഡിയത്തിൽ മിന്നൽപിണർ പോലെ ഹർഡിലുകൾ ചാടിക്കടന്ന് കുതിച്ചെത്തിയ മോസസ് (47.46സെക്കൻഡ്) അമേരിക്കയുടെ തന്നെ ഡാനിഹാരീസിനേയും പശ്ചിമ ജർമനിയുടെ ഹാരാൾഡ്ഷ്മിഡിനെയും ഫോട്ടോഫിനിഷിങ്ങിലായിരുന്നു പിന്തള്ളിയത്.

ഡെക്കത്ത്ലൺ ഡാലിയുടെ പിൻമുററമായിരുന്നു. എന്നാൽ ലോകമീററിലെ ഏററവും വലിയ അട്ടിമറി വിജയത്തിലൂടെ ഡാലിയുടെ സിംഹാസനത്തിലേറിയതാകട്ടെ ജി ഡി ആറിന്റെ അപ്രശസ്തനായ ടോസ്റ്റൻ വോസ്സാണെന്നോർക്കണം. ഈ തോൽവിയിൽ താൻ ഉറഞ്ഞു പോകില്ലെന്നു തെളിയിക്കാനുള്ള ദൃഢനിശ്ചയത്തോടെ സോൾ ഒളിമ്പിക്സിനെ മുന്നിൽ കണ്ടു കൊണ്ട് തീവ്രമായ പരിശീലനത്തിലേക്ക് മടങ്ങി വന്നിരിക്കയാണ് ഡാലി. ഒരു വർഷം കഴിഞ്ഞ് സോളിലും ഒരു ഡാലി - ട്രോസ്റ്റൻ പോരാട്ടത്തിനായി കാത്തിരിക്കാം.

ലോക അത്ലററിക്സിൽ ആഫ്രിക്കയുടെ രണ്ടാം ഉദയത്തിനും ഒളിമ്പിക്സ്റ്റേഡിയം സാക്ഷ്യം വഹിച്ച വെന്നു പറയാം. 1960-ലെ ഒളിമ്പിക്സിൽ എത്യോപ്യൻ രാജാവിന്റെ അംഗരക്ഷകനായ അബീബിബികിലിയയെ മാരത്തൺ ജേതാവായി വാഴിച്ച അതേ സ്റ്റേഡിയത്തിൽ കെനിയക്കാരുടെ മൂന്നു സ്വർണ്ണമുൾപ്പെടെ മീററിൽ ആഫ്രിക്ക വൻകരയുടെ പേരിൽ ആറ് തങ്കപതക്കങ്ങളാണ് എഴുതി ചേർത്തത്. ഇരുണ്ട ഭൂഖണ്ഡത്തിലെ അറിയപ്പെടാത്ത താരങ്ങളാണ് അരങ്ങുതകർത്തത്. 800 മീററർ തുടങ്ങി മാരത്തൺവരെയുള്ള, സ്റ്റാമിനയുടെ ഉരകല്ലെന്നു വിശേഷിപ്പിക്കാവുന്ന പോരാട്ടങ്ങളിലെല്ലാം ആഫ്രിക്കയിലെ കറുത്ത മുത്തുകളാണ് വിജയക്കൊടി നാട്ടിയത്. 800 മീററിൽ കെനിയയുടെ ബില്ലി കൊഞ്ചെല്ലയും 1500മീററിൽ സോമാലിയായുടെ അബ്ദിബില്ലും 5000 മീററിൽ മൊറോക്കൊവിന്റെ സെയ്ദ് ഓയിററയും 10000 മീററിലും മാരത്തണിലും കെനിയക്കാരായ പോൾ കിപ്പ് കോച്ചും ഡഗ്ളസ് വാക്കിഹുരുവുമാണ് സ്വർണ്ണക്കൊയ്ത്ത് നടത്തിയത്. റോമിൽ പ്രോജ്വലനേട്ടങ്ങളിലെത്തിപ്പിടിച്ച ഈ താരനിരയിൽ മുമ്പേ പേരും പെരുമയും ആർജിച്ച് ലോകറെക്കോഡുമായി വന്നത് ലോസ് ആഞ്ചലസ് ഒളിമ്പിക് ചാമ്പ്യനായ സെയ്ദ് ഓയിററമാത്രമാണ്. അതേസമയം മുൻകാലങ്ങളിൽ ദീർഘദൂര ഓട്ടങ്ങളിൽ അജയ്യനായി വിലസിയ കീപ്ചോങ്ങ് കീയ്നോവിന്റെ പിൻമുറക്കാരായി ഒട്ടനവധി ചെറുപ്പക്കാർ കെനിയയിൽ നിന്നു വളർന്നു വന്നിരിക്കുന്നതായി മീററ് സാക്ഷ്യപ്പെടുത്തുന്നു.

ഹെൽസിങ്കിയിലെ പ്രഥമ മീററിലെന്നപോലെ വനിതാ അത്ലററിക്സിൽ ജർമൻ ജനാധിപത്യ റിപ്പബ്ലിക്കിന്റെ കൊടി റോമിലും ഉയരെ പറന്നു. 100, 200 മീററർ ഓട്ടത്തിൽ ഇരട്ട സ്വർണ്ണം നേടിയ സിൽക്ക്ഗ്ലാഡിഷ്, 100 മീററിൽ വെള്ളിയും ലോങ്ങ്ജമ്പിലെ ഓട്ടമെഡലുംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്ന ഹെയ്ക്ക്ഡ്രെഷ്ലർ സബീൻബുഷ് എന്നിവരിലൂടെ അനേകമനേകം രോമാഞ്ചങ്ങളുടെ വരാനിരിക്കുന്ന പ്രകടനങ്ങൾക്കായി ജി. ഡി. ആർ ഒരുങ്ങുന്നതായി മുന്നറിയിപ്പുനല്കുന്നു. സിൽക്ക്ഗ്ലാഡിഷിന്റെ ഇരട്ടവിജയം ഏറെക്കാലം

സ്മരിക്കപ്പെടും. തങ്ങളുടെ സൂപ്പർ താരങ്ങളായിരുന്ന മരിതാ കോച്ചിന്റെയും മാർലിസ് ഗോറിന്റെയും തിരോധാനത്തിനുശേഷം ജി. ഡി. ആർ. അഭിമാനപൂർവ്വം അവതരിപ്പിക്കുന്ന മിന്നലോട്ടക്കാരികളാണ് ഗ്ലാഡിഷും ഡ്രെഷ്ലറും.

ഒൻപതു് സ്വർണപതക്കങ്ങളോടെ ജി. ഡി. ആറിനുപിന്നിൽ രണ്ടാം സ്ഥാനത്തെത്തിയ അമേരിക്കയുടെ നീഗ്രോ അത്ലറ്റുകളുടെ തലമുറ റോമിനെ പിടിച്ചുകുലുക്കുകയായിരുന്നു. അമേരിക്കക്കു് ശരിക്കൊരു കൊയ്ത്തു് നടത്താൻ സോവിയറ്റ് യൂണിയനും ജി. ഡി. ആറും ആണു് തടസ്സമായി നിന്നതു്. ലോങ്ങ്ജമ്പിൽ കാൾ ലൂയീസ്, 200 മീറ്ററിൽ കാൽവിൻ സ്മിത്ത്, 400 മീറ്റർ ഹർഡിൽസിൽ എഡ്വിൻ മോസസ്, ഡാനിഹാരിസ്, വനിതകളുടെ ഹെപ്റ്റാത്ലണിൽ ജാക്കിജോയ്നർ, റിലെയിൽ ഫ്ളോറൻസ് ഗ്രിഫിത്ത് തുടങ്ങിയവരെല്ലാം ലോകമീറ്റിൽ അമേരിക്കയുടെ അഭിമാനമായി മാറി. എന്നാൽ അമേരിക്കയിൽ ഇന്നും രണ്ടാം തരം പൗരൻമാരായി കണക്കാക്കപ്പെടുന്ന കറുത്തവരുടെ കരുത്തിലാണു് ആ നാടിന്റെ അത്ലറ്റിക് സാമ്രാജ്യം കെട്ടിപ്പൊക്കിയിരിക്കുന്നതെന്ന കാര്യം അധികമാരും ഓർമ്മിക്കാറില്ല. 'ഡബിൾ' നേടിയ വനിതകളിൽ അമേരിക്കയുടെ ജാക്കി ജോയ്നറുടെ പ്രകടനം തന്നെയാണു് ഏറെ വാഴ്ത്തപ്പെടേണ്ടതു്. റോമിൽ ഹെപ്റ്റാത്ലൺ റെക്കോഡ് വീണ്ടും ഉയർത്താനുള്ള ശ്രമത്തിൽ ജാവലിൻ ആണു് ജാക്കിയെ ചതിച്ചതു്. എന്നിട്ടും 7000 പോയിന്റിന്റെ പരിധി വെട്ടിച്ചു പുറത്തുകടക്കാൻ കഴിഞ്ഞു. ഹെപ്റ്റാത്ലണിൽ 7000 പോയിന്റ് മറികടക്കാൻ കഴിഞ്ഞ ഏക വനിതയാണു് ജാക്കി.

സോവിയറ്റ് യൂണിയനുവേണ്ടി ഏറ്റവും ഉജ്ജ്വലമായ പ്രകടനം കാഴ്ചവെച്ചതു് അവരുടെ ദീർഘദൂരഓട്ടക്കാരിയായ തത്യാന സാമൊലിങ്കോയും 'ഹാമർത്രോയിലെ സെർജി ലിറ്റ്വിനോവുമാണു്. തത്യാന1500 മീറ്ററിലും 3000മീറ്ററിലും ഇരട്ട വിജയം കൊയ്തപ്പോൾ ലിറ്റ്വിനോവ് 83.06 മീറ്റർ ദൂരത്തിലെത്തി ഹെൽസിങ്കിയിൽ താൻ തന്നെ സ്ഥാപിച്ച റെക്കോഡിനു മോചനമേകി.

ലോകറെക്കോഡിന്റെ സൂക്ഷിപ്പുകാരായ സ്വീഡന്റെ പാട്രിക് ജോബർഗ് ഹൈജമ്പിലും സോവിയറ്റ് യൂണിയന്റെ സെർജിബുബ്ക പോൾവോൾട്ടിലും വിജയിച്ചുവെങ്കിലും തങ്ങളുടെ റെക്കോഡുകൾ മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല. ഡാലിയുടെ പരിക്കും സെബാസ്റ്റ്യൻ കോവിന്റെ പിൻമാറ്റവും ഏല്പിച്ച ആഘാതത്തിൽ ഉറഞ്ഞുപോയ ബ്രിട്ടനു് ഏക ആശ്വാസമായതു് ജാവലിൻഏറുകാരി ഫാത്തിമ വൈറ്റ്ബ്രെഡ് നേടിയ ഏകസ്വർണപതക്കമാണു്. മീറ്റിലെ മറ്റു വമ്പൻ പ്രകടനങ്ങളുടെ കൂട്ടത്തിൽ ജാവലിനിൽ ഫിന്നിഷ് താരമായ സെപ്പൊറാററിയുടേയും ട്രിപ്പിൾജമ്പിൽ ബൾഗേറിയക്കാരൻ ക്രിസ്റ്റോവാർക്കോവിന്റെയും വനിതകളുടെ 10000 മീറ്ററിലും മാരത്തണിലും നോർവ്വെക്കാരി ഇൻഗ്രീഡ് ക്രിസ്ത്യാൻസന്റെയും പോർത്തുഗീസുകാരി റോസാമോട്ടയുടേയും വിജയം എടുത്തുപറയത്തക്കതാണു്.

ലോകമീറ്റിലെ ഏറ്റവും വലിയ സംഭവം എന്തായിരുന്നെന്നു ചോദിച്ചാൽ യാതൊരുസംശയവുമില്ലാതെ തന്നെപറയാം- 100 മീറ്ററിൽ ബെൻജോൺസന്റേയും വനിതകളുടെ ഹൈജമ്പിൽ സ്റ്റെഫ്ക കൊസ്ടനിക്കോവയുടെയും ലോകറെക്കോഡുകൾ തന്നെ. ജോൺസൺ അമേരിക്കക്കാരൻ കാൽവിൻ സ്മിത്തിന്റെ റെക്കോഡുതിരുത്തി പത്തു് മിനിറ്റുകൾക്കകമാണു് സ്റ്റെഫ്ക സ്വന്തം പേരിലുള്ള റെക്കോഡ് (2.08മീറ്റർ) ഷീറ്റു ചീന്തിയെറിഞ്ഞു കൊണ്ടു് 2.09മീറ്റർ ഉയരത്തേക്കു കുതിച്ചു ചാടിയതു്.

ഇന്നു് ഓരോകാൽവെപ്പിലും രാഷ്ട്രീയം, ലോകത്തിലെ ഏറ്റവും വലിയ സംഭവമായ ഒളിമ്പിക് ഗെയിംസിന്റെ മുഖത്തു കരിപുരട്ടുകയാണു്. പുരാതന ഗ്രീസിന്റെ ഹൃദയഹാരിയായ എല്ലാ സൗന്ദര്യവും ഉൾക്കൊള്ളുന്ന ആ മുഖം ഇന്നു് ശോഭയറ്റതായിത്തീർന്നിരിക്കുന്നു. ആ നിലയിൽ അത്ലറ്റിക്സിനു വേണ്ടി മാത്രമായി നടത്തപ്പെട്ട റോം മീറ്റ് വലിയൊരളവോളം ആശ്വാസവും പ്രതീക്ഷയുമേകുന്നു.

വൽസരാജ്
രണ്ടാംവർഷം, സോഷ്യോളജി



സർവകലാശാലയിൽ മൂന്നാം സ്ഥാനം നേടിയ റെസ്ലിംഗ് ടീം

## ഞങ്ങൾക്ക് പറയാനുള്ളത്

☐ മാഗസിനിലേക്ക് ലഭിച്ച സൃഷ്ടികൾ വിലയിരുത്തിയപ്പോൾ വ്യക്തമായ കാര്യങ്ങളിലൊന്ന് നമ്മുടെ എഴുത്തുകാർക്ക് വായനയില്ല. ജീവിതാവബോധവും ഉൾക്കാഴ്ചയും സാഹിത്യമൂല്യവുമില്ലാത്ത രചനകൾ, വ്യത്യസ്തതയാർന്ന വിഷയം സ്വീകരിക്കാനുള്ള വിമുഖത, മൗലിക സ്വഭാവമുള്ള കൃതികളുടെ അഭാവം എന്നിവ സൂചിപ്പിക്കുന്നത് അതാണ്. പുറമെയുള്ള സംഭവങ്ങളോട് പ്രതികരിക്കുന്ന സൃഷ്ടികളുടെ ഇല്ലായ്മ. നമ്മുടെ എഴുത്തുകാർ ഈ 'ഇട്ടാവട്ട'ത്തിനപ്പുറം കടന്നുചെല്ലാൻ തയ്യാറാവുന്നില്ല. എഴുതാൻ കഴിവുള്ള കുറച്ചുപേരെക്കൊണ്ട് പ്രത്യേക വിഷയം നൽകി വീണ്ടുമെഴുതിക്കുകയാണ് ഞങ്ങൾ ചെയ്തത്. പതിവ് ജാടകൾ പരമാവധി ഒഴിവാക്കാൻ ശ്രമിച്ചിട്ടുണ്ട്.

പുറമേ നിന്ന് കടം കൊണ്ടിട്ടുണ്ട്. പുറത്തുനിന്നുള്ള രചനകളെ പരിചയപ്പെടാൻ ഇതുമൂലം കഴിയുമെന്ന് ഞങ്ങൾ കരുതുന്നു. പുറമേ എന്തു നടക്കുന്നു എന്നെങ്കിലും ചുരുങ്ങിയ പക്ഷം നാമറിയണം എന്ന വിചാരം ഞങ്ങൾക്കുണ്ട്. കലാലയത്തിനുള്ളിൽ മാത്രം ഒതുങ്ങിക്കൂടാ എന്ന നിർബ്ബന്ധം. നമുക്ക് മാത്രമായി സമൂഹത്തിൽ നിന്ന് ഒരു വേറിട്ട നില്പ് ഇല്ലല്ലൊ.

## ഞങ്ങൾ കടം കൊണ്ടവ

☐ 'രണ്ടാമൂഴം - എൻെറ കുറിപ്പുകളി'ലെ ചിത്രങ്ങൾക്ക് നമ്പൂതിരിയോട് കടപ്പാട്.

'പ്രലോഭനങ്ങൾ മുറിവിലേക്ക്' ഫീച്ചറിലെ ക്രിസ്തുവിൻെറ രചന ഗീയോർ ഗിയോണിൻേറതാണ്.

'ക്രിസ്തുവിൻെറ ആറാംതിരുമുറിവ്' നാടകത്തിലെ രംഗങ്ങളും ഉപയോഗിച്ചിരിക്കുന്നു.

'ക്രിസ്തുവിൻെറ അന്ത്യപ്രലോഭനത്തിന് കസാൻദ് സാക്കീസെഴുതിയ മുഖവുര പരിഭാഷപ്പെടുത്തിയിരിക്കുന്നതു് നീലനാണ്.

ഫോട്ടോ ഫീച്ചറിൻെറ കുറിപ്പുകൾ.

എങ്ങനെ മർത്ത്യാ നീ വന്നെത്തി......
എങ്ങനെ മർത്ത്യാ നീയില്ലാതെ,യില്ലാതെ......

അയ്യപ്പപ്പണിക്കരുടെ 'ഇരുപത്തിയൊന്ന്' എന്ന കവിത

മടങ്ങി വരാനിനി കാലമെന്താവും പഞ്ചാബ്
തുറന്നു കിടക്കമീ വാതിലിന്നാരേ തുണ......

സുഗതകുമാരിയുടെ 'പഞ്ചാബ്' എന്ന കവിത.

മൃതികൾ മുഷ്ടി ചുരുട്ടിയാൽ...... ബാലചന്ദ്രൻചുള്ളിക്കാടിൻെറ കവിത 'പിറക്കാത്ത മകന്'

ഒ. വി. വിജയൻെറയും രവിശങ്കറിൻെറയും കാർട്ടൂണുകൾ

## ഞങ്ങളെ സഹായിച്ചവർ

☐ ഇലസ്ട്രേഷൻസ് : ടി. ജി. സുരേഷ്, ബാബുരാജ് മേപ്പള്ളൂർ, റിച്ചാർഡ് സ്പെൻസർ (യൂണിവേഴ്സിററി ഓഫ് മിസ്സിസ്സിപ്പി

മുദ്രണം : ലാൽ ആൻറ് ലാൽ ഇൻഡസ്ട്രീസ്, പള്ളുരുത്തി

കവർ മുദ്രണം : എസ്. എം. പ്രോസസ് , എറണാകുളം

ബ്ലോക്ക്സ് : സൂര്യ ബ്ലോക്ക്സ്, എറണാകുളം

## ഞങ്ങളുടെ നന്ദി

☐ എഡിററിംഗിലും ലേ ഔട്ടിങ്ങിലും ഞങ്ങളെ സഹായിച്ച അമരാവതിയിലെ എം. അനിൽരാജ്, കെ. എസ്. ആർ. ടി. സിയിലെ എം. എം. ഹംസക്കോയ, കേരള ഹൈക്കോടതിയിലെ എം. വ[illegible] എം. എ. അബൂബക്കർ, ദേശാഭിമാനിയിലെ എം. എൻ. രവീന്ദ്രദാസ്

ലാൽ ആൻറ് ലാൽ ഇൻഡസ്ട്രീസിലെ ഹരിച്ചേട്ടൻ, പുരുഷോത്തമൻ, ശിവനങ്കിൾ, രവി, അബ്ദുറഹ്മ[illegible] ജോയി, ലക്ഷ്മണൻ, അച്ചുകൾ നിരത്തിയ സൂര്യകുമാരി, സാറ, യമുന, സുനിത, വത്സല, [illegible] ജമ്മ, റെജിഷ. എന്നിവരോട്.

PRINTED at: LAL & LAL INDUSTRIES, COCHIN - 6 PHONE 28787




Weston® COLOR TV

India's largest selling TV

CENTREPOINT

RAJAJI ROAD, COCHIN - 682 035

PHONE : 353413